## IX **നിയമനിർമ്മാണകാര്യം**

**(1)** താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും:

i) 2025 - കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ ബാലഗോപാൽ: സർ, 2025-ലെ കേരള ധനകാര്യ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും ഭൂനികുതി, ദേവസ്വം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. എൻ ബാലഗോപാൽ:</u> സർ, നമ്മുടെ ബജറ്റിന്റെ ഭാഗമായി അവതരിപ്പിച്ച നികുതി നിർദേശങ്ങളാണ് ബില്ലിന്റെ രൂപത്തിൽ അവതരിപ്പിക്കുന്നത്. തുടർന്ന് ഇക്കാര്യം വിശദമായി സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യണമെന്നുള്ള ഉപക്ഷേപവും ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞു. നികുതി നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണെന്ന് നമുക്കറിയാം. നമ്മുടെ സംസ്ഥാനത്തെ പല നിയമങ്ങളിലും നികുതിയുമായി ബന്ധപ്പെട്ടിട്ടുള്ളതിന് ചില ഭേദഗതികൾ നിർദേശിക്കുന്നതിനാണ് പ്രസ്തുത ബില്ലുകൾ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ കാര്യമായ നികുതി നിർദേശങ്ങളൊന്നും ഇക്കഴിഞ്ഞ ബജറ്റിൽ അവതരിപ്പിച്ചിട്ടില്ല. ചിലത് കാലോചിതമായി അപ്ഡേറ്റ് ചെയ്യണം. സാങ്കേതികമായി ചില കാര്യങ്ങൾ കറക്ട് ചെയ്യണമെന്ന തരത്തിലല്ലാതെ മേജറായിട്ടുള്ള നികുതി നിർദേശങ്ങളില്ല.

ആദ്യത്തേത് കോടതി ഫീസിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ്. കോടതി ഫീസ് ഇനത്തിൽ പൊതുവിൽ മുപ്പതിലധികം വർഷമായി പരിഷ്കരിച്ചിട്ടില്ലാത്ത ഫീസുകളുണ്ട്. കോടതിയുടെ ഫീസ് പരിഷ്കരിക്കുന്നത് സംബന്ധിച്ച് വേണ്ടത്ര പഠനം നടത്തി അതിന് പറ്റുന്ന ഒരു കമ്മിറ്റിയെ വച്ച്

പഠിക്കുക എന്ന സമീപനമാണ് എടുത്തത്. ഇതിന്റെ ഭാഗമായി റിട്ട. ഹൈക്കോടതി ജഡ്ജിയായ ശ്രീ. വി. കെ. മോഹനന്റെ അധ്യക്ഷതയിൽ ഇതുമായി ബന്ധപ്പെട്ട എക്സ്പെർട്ട് കമ്മിറ്റിയെയാണ് നിയോഗിച്ചത്. അവർ പ്രാഥമികമായി സൂചിപ്പിച്ച കാര്യങ്ങൾ കഴിഞ്ഞ വർഷത്തെ ബജറ്റിൽ അവതരിപ്പിക്കുകയും അതിന്റെ ചില ഭാഗങ്ങൾ പാസ്സാക്കുകയും ചെയ്തിരുന്നു. എന്നാൽ വിശദമായ പഠനം നടത്തുന്നതിന് ടി കമ്മിറ്റി കേരളത്തിലെ എല്ലാ ജില്ലകളിലെയും ബാർ അസോസിയേഷനുമായും കോടതികളുമായും ബന്ധപ്പെട്ട് പഠനം നടത്തി തെളിവെടുപ്പ് നടത്തി. അതിനകത്ത് ബന്ധപ്പെട്ട എല്ലാ പാർട്ടികളുമായും അതായത് വക്കീലന്മാരും വക്കീൽ ഗുമസ്തൻമാരുടെ സംഘടനകളുമായും ചർച്ച നടത്തിയിട്ട് ഈ ബില്ലിന്റെ ഭാഗമായി അതുപോലെ ഇൻകോർപ്പറേറ്റ് ചെയ്യുകയാണുണ്ടായത്. സ്റ്റേക്ക് ഹോൾഡർമാരുടെ ചർച്ചകൾക്ക് ഇതിൽ പ്രഥമ സ്ഥാനമാണുള്ളത്. അവർ അഭിഭാഷക ക്ഷേമനിധിയും വെൽഫെയർ ക്ഷേമനിധിയും അഡ്വക്കേറ്റ് ക്ലർക്സിന്റെ ക്ഷേമനിധി ഉൾപ്പെടെയുള്ള കാര്യങ്ങളിലും ചില പരിഷ്കരണങ്ങൾ

വരുത്തണമെന്നുള്ള നിർദേശം വച്ചിട്ടുണ്ട്. പിന്നീട് അക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

ടൂറിസം പ്രൊമോഷൻ സംബന്ധിച്ചതാണ് അടുത്ത വിഷയം. ടൂറിസം പ്രൊമോഷന്റെ ഭാഗമായി പബ്ലിക് ട്രാൻസ്പോർട്ട് സ്ട്രെങ്ങ്തെൻ ചെയ്യാമെന്ന ഒരു തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി പബ്ലിക് ട്രാൻസ്പോർട്ട്, പ്രൈവറ്റ് ബസ്സുകൾ എന്നു പറയുന്ന റൂട്ട് സ്റ്റേറ്റ് ക്യാരിയേജ്സിനുള്ള നികുതി കഴിഞ്ഞ രണ്ടുഘട്ടങ്ങളിലും കുറച്ചിട്ടുണ്ടായിരുന്നു. റോഡിൽ ഓടുന്ന സാധാരണ റൂട്ട് ബസ്സുകളുടെ ടാക്സ് പത്ത് ശതമാനം കുറയ്ക്കുന്നതിന് ബജറ്റ് നിർദേശമുണ്ടായിരുന്നു. അത് സ്വകാര്യ ബസ്സുകളുടെ മേഖലയ്ക്ക് വലിയൊരു സഹായമാകും. പൊല്യൂഷൻ കുറയണമെങ്കിൽ പൊതുവാഹനങ്ങൾ കൂടുതലുണ്ടാകണം. അതിന് സഹായിക്കുന്ന തരത്തിലുള്ള നിലപാടുകൾ ട്രാൻസ്പോർട്ട് വകുപ്പ് സ്വീകരിക്കുന്നതായിരിക്കും. അതോടൊപ്പം കോൺട്രാക്ട് കാര്യേയേജുകളുടെ നികുതി ബസുകളുടെ കാര്യത്തിൽ രണ്ട് തരത്തിലാണ് വരുന്നത്. പുഷ്ബാക്കുള്ള ബസ്സിന് പ്രത്യേകം ഹയർ റേറ്റുകളും സാധാരണ സീറ്റുകൾക്ക് വ്യത്യസ്തവുമാണ്. ഇതിൽ ഹയർ റേറ്റുള്ളത് കുറയ്ക്കുന്നതിനുള്ള

സമീപനമെടുത്തിട്ടുണ്ട്. ഓൺലൈനായി വാഹൻ സോഫ്റ്റ്വെയർ വഴി തമിഴ്നാട്ടിൽനിന്നായാലും ഇവിടെനിന്നാണെങ്കിലും വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ വാഹനം പുഷ്ബാക്കല്ലെന്ന് പറഞ്ഞ് രജിസ്റ്റർ ചെയ്യുകയും പിന്നീട് അതിൽ മാറ്റം വരുത്തുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന ഓരോ വാഹനങ്ങളും പരിശോധിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. അതിനാൽ അത്തരം കാര്യങ്ങൾ സിസ്റ്റമാറ്റിക് ആക്കുന്നതിനും ടാക്സ് അടയ്ക്കുന്നവർക്കും നാട്ടിലെ ടൂറിസ്റ്റുകൾക്കും സഹായകരമാകുന്ന തരത്തിൽ പ്രസ്തുത മേഖലയിൽ  ചെറിയൊരു പരിഷ്കാരം കൊണ്ടുവന്നിട്ടുണ്ട്. അതാണ് ബസ്സുകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ. അന്യസംസ്ഥാനത്തുനിന്നും ഇവിടേയ്ക്ക് പ്രവേശിക്കുന്ന ബസ്സുകൾക്ക് ഉൾപ്പെടെ ഓൺലൈനായി ഒറ്റപ്രാവശ്യം രജിസ്റ്റർ ചെയ്ത റസീപ്റ്റ് കാണിച്ചാൽ....... കുറച്ചുകൂടി എളുപ്പമാകുന്നതരത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരുന്നുണ്ട്. സ്വകാര്യ ബസ്സുകളുടെ മേഖലയിൽ പ്രൈവറ്റ് individual വാഹനങ്ങൾ എന്നുള്ളത് മാറി കൂടുതൽ പബ്ലിക് ട്രാൻസ്പോർട്ട് വരുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ടൂറിസത്തെ സഹായിക്കുന്നതിനുമുള്ള നടപടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പുതുതായി റൂട്ട് ഫോർമുലേഷൻ നടപ്പാക്കിയിട്ടുണ്ട്, ഇതുവരെ ബസ്സുകൾ ഓടാത്ത റൂട്ടുകളിൽ ചെറിയ ബസ്സുകൾക്ക് ലൈസൻസ് നൽകുന്ന സംവിധാനമാണിത്. കാലഹരണപ്പെട്ട (15 വർഷം കഴിഞ്ഞ) വാഹനങ്ങൾക്ക് ടാക്സിന്റെ കാര്യത്തിൽ ചെറിയ വ്യത്യാസം വരുത്തുന്ന ഒരു നിർദേശം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. 15 വർഷം കഴിഞ്ഞ സർക്കാർ വാഹനങ്ങൾ മുഴുവൻ നമ്മൾ condemn ചെയ്യുകയാണ്. എന്നാൽ സ്വകാര്യവാഹനങ്ങളിൽ ആ പ്രശ്നം വന്നിട്ടില്ല. അതിൽ ടാക്സിന്റെ കാര്യത്തിൽ ചെറിയൊരു വ്യത്യാസം വന്നിട്ടുണ്ട്. ജി.എസ്.ടി., വാറ്റ് എന്നിവയുമായി ബന്ധപ്പെട്ട് വരുന്നതാണ് അടുത്തത്. വലിയ തോതിൽ ചില ഉൽപന്നങ്ങൾ നമ്മുടെ നാട്ടിലേക്ക് കള്ളക്കടത്തായി കൊണ്ടുവന്ന് വിൽക്കാറുണ്ട്. കഴിഞ്ഞ ദിവസം ഡീസൽ കടത്തുമായി ബന്ധപ്പെട്ട വിഷയം സഭയിൽ ചർച്ച ചെയ്തിരുന്നു. അത്തരം വസ്തുക്കൾ കൊണ്ടുവരുന്ന വാഹനങ്ങൾ പിടിച്ചെടുക്കാൻ കഴിയുന്ന തരത്തിൽ നിയമത്തിനുള്ളിൽ ഒരു അമെന്റ്മെന്റ് ഉണ്ടാകേണ്ടതാണ്. അത്തരം വാഹനങ്ങൾ ഇവിടേയ്ക്ക് വന്നുകഴിഞ്ഞാൽ അപ്പോൾതന്നെ ടാക്സ് അടച്ചുപോകുക എന്നുള്ളതാണ് നിയമവശം. വലിയ തോതിൽ നമ്മുടെ സംസ്ഥാന

ഖജനാവിനെ ബാധിക്കുന്നതരത്തിലേക്കുള്ള കള്ളക്കടത്ത് ഒഴിവാക്കാൻവേണ്ടി ആ തരത്തിലുള്ള വാഹനങ്ങൾ പിടിച്ചെടുക്കാവുന്ന ചില നിയമഭേദഗതി ഇതിനകത്ത് വരുന്നുണ്ട്. ഡീസൽ പോലുള്ള വസ്തുക്കൾ അങ്ങനെ കള്ളക്കടത്ത് രൂപത്തിൽ കൊണ്ടുവന്ന് യഥേഷ്ടം ബ്ലാക്ക് മാർക്കറ്റിൽ വിൽക്കുന്നത് തടയുന്നതിനാണ് ആ നിയമം കൊണ്ടുവരുന്നത്. 2025-ലെ യൂണിയൻ ഫിനാൻസ് ബില്ലിന്റെ ഭാഗമായി 2017-ലെ കേന്ദ്ര ചരക്കുസേവന നികുതി, ജി.എസ്.ടി. നിയമത്തിൽ വന്നിട്ടുള്ള ഭേദഗതി എന്നിവ സ്വാഭാവികമായി ഇവിടെ അംഗീകരിക്കുന്നതാണ്. അത് നിയമത്തിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകളുടെ ഗഹാൻ സംബന്ധിച്ചുള്ള ഫീസിൽ പരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നിർദേശം വന്നിട്ടുണ്ട്. ഭൂമി നികുതി സംബന്ധിച്ച് കാലോചിതമായ ചെറിയ പരിഷ്കാരങ്ങൾ വന്നിട്ടുണ്ട്. ഇതെല്ലാം ഉൾപ്പെടുത്തി ഏറ്റവും കുറച്ച് നികുതി നിർദേശങ്ങളുള്ള ഒരു ബജറ്റാണ് ഇത്തവണ അവതരിപ്പിച്ചത്. അത് സിസ്റ്റമാറ്റിക് ആക്കുന്നതിന്റെ ഭാഗമാണ്. സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിച്ച് ഈ സെഷനിൽത്തന്നെ ഈ ബിൽ പാസ്സാക്കേണ്ടതുണ്ട്. ഏപ്രിൽ 1 മുതൽ നടപ്പാക്കേണ്ട കാര്യങ്ങളാണ്. ഇത്

സഭയുടെ പരിഗണനയിൽ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന അഭ്യർഥനയോടുകൂടി ഞാനിത് അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ഡീസൽ കടത്തിനെക്കുറിച്ചാണ് അങ്ങ് ഇവിടെ സംസാരിച്ചത്. നമ്മുടെ കോൺസ്റ്റിറ്റ്യുവൻസിയെ ഷെയർ ചെയ്യുന്നതാണ് മാഹി. മാഹിയിലെ സർവീസ് റോഡിലേക്ക് വലിയ വാഹനങ്ങൾ പ്രവേശിക്കാൻ പാടില്ലെന്നാണ് നിയമം. പക്ഷേ മറ്റ് പല സംസ്ഥാനങ്ങളിലെയും വാഹനങ്ങൾ മാഹിയിലെ സർവീസ് റോഡിലിറങ്ങി മാഹിയിൽനിന്ന് ഡീസൽ നിറച്ച് പോവുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്തിനും നഷ്ടം വരുത്തിവയ്ക്കുന്നുണ്ട്.

മി. സ്പീക്കർ: ശ്രീ. എം. എസ്. അരുൺ കുമാർ, 2025-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, 2025-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ താങ്കൾക്ക് 2025-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2025-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ചർച്ച**

ശ്രീമതി യു. പ്രതിഭ: സർ, 2025 - കേരള ധനകാര്യ ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനക്കയയ്ക്കുമെന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. കേന്ദ്ര സർക്കാർ സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കത്തിലും നമ്മുടെ സർക്കാർ നടപ്പാക്കിയ വികസനപരിപാടികളുടെ ഗുണഫലമായി സാമ്പത്തിക വളർച്ചയിൽ വലിയ പുരോഗതി നേടാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളം ഇന്ന് ഉയർന്ന മൊത്ത ആഭ്യന്തര ഉൽപാദനവും പ്രതിശീർഷ വരുമാനവുമുള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. നീതി ആയോഗിന്റെ 2023-ലെ മൾട്ടി ഡൈമെൻഷൻ പോവെർട്ടി ഇൻഡക്സിൽ

ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി തുടർച്ചയായി രണ്ടാമതും കേരളം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിൽ ഒന്നാമത് കേരളമാണ്. എന്നാൽ ഇവിടെയാണ് കേന്ദ്രത്തിന്റെ സഹായം എന്തെങ്കിലും കിട്ടുന്നുണ്ടോയെന്ന ചോദ്യം ഫലപ്രദമായി ഉയർത്തേണ്ടത്. കേരളത്തിൽ നിരവധി സമരങ്ങളും മറ്റും നടക്കുമ്പോൾ ആ സമരത്തെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലേക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പ്, അസംബ്ലി തെരഞ്ഞെടുപ്പ്, തെരഞ്ഞെടുപ്പ് രാഷ്ട്രീയം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ചില രാഷ്ട്രീയ തൽപ്പരകക്ഷികൾ കേരളത്തിലുണ്ട്. അല്ലാത്ത സമയത്തൊന്നും ജനങ്ങളുടെ യാതൊരു പ്രശ്നത്തിലും ഇവർ സജീവമായി ഇടപെടില്ലെന്നുള്ളത് സാമാന്യം രാഷ്ട്രീയം നിരീക്ഷിക്കുന്നവർക്കും പഠിക്കുന്നവർക്കുമെല്ലാം മനസ്സിലാകും. എന്തുകൊണ്ടാണെന്നറിയില്ല, കേന്ദ്രത്തിന്റെ അവഗണനയെക്കുറിച്ച് ഇത്തരം ആളുകൾ പറയാറേയില്ല. പക്ഷെ, വസ്തുതാപരമായ കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തേണ്ട ധാർമ്മിക ഉത്തരവാദിത്തം ഉത്തരവാദിത്വപ്പെട്ട രാഷ്ട്രീയപാർട്ടിയിൽ പ്രവർത്തിക്കുന്ന ഞങ്ങൾക്കെല്ലാവർക്കും ഉള്ളതുകൊണ്ട് അത് ജനങ്ങളോട് പറയേണ്ടതാണ്.

അത് കേരളത്തിന്റെ പ്രശ്നമെന്ന് പറയുമ്പോൾ കേരളം നശിച്ചുപോകട്ടെയെന്ന് കരുതി എന്തു ചെയ്താലും........ പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ അവിടെയും നല്ല അറിവും കഴിവുമുള്ള ധാരാളം ആളുകൾ ഉണ്ടല്ലോ എന്ന് ഞാൻ പലപ്പോഴും ഓർക്കും. പക്ഷെ, രാഷ്ട്രീയ താൽപര്യത്തിനുവേണ്ടി അല്ലെങ്കിൽ സ്വാർഥതാൽപര്യത്തിനുവേണ്ടി കേരളം ചെയ്യുന്ന നല്ല കാര്യങ്ങളിൽ ഒന്നിനുപോലും പലപ്പോഴും പ്രതിപക്ഷത്തുനിന്ന് ഒരു പ്രശംസപോലും ലഭിക്കാറില്ല. വളരെ നല്ല കാര്യങ്ങളാണ് ഭരണപക്ഷം ചെയ്യുന്നത്. അതിന് ധാരാളം ഉദാഹരണങ്ങൾ നിങ്ങളുടെ മുന്നിലുണ്ട്. ഒരിക്കലും അതുപറയാതെ എല്ലാം തെറ്റിദ്ധരിപ്പിച്ചുകൊണ്ട് അതിനെ മാധ്യമസഹായത്തോടുകൂടി കുറച്ചുകൂടി ആക്കംകൂട്ടി പ്രചരിപ്പിക്കുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കേന്ദ്രസഹായം ഉണ്ടോയെന്ന് ചോദിക്കുമ്പോഴും ഫിനാൻസ് കമ്മിഷനാണ് അതിന് അധികാരമെങ്കിലും ഫിനാൻസ് കമ്മീഷൻ തീർപ്പുപ്രകാരമുള്ള നികുതി വിഹിതത്തിൽ നമുക്ക് വർധനവുണ്ടായിട്ടില്ല. കേന്ദ്രം നൽകുന്ന ഗ്രാന്റിൽ വർധനവ് ഉണ്ടോയെന്നു ചോദിച്ചാൽ ഉള്ളതുപോലും ഇല്ലാത്ത അവസ്ഥയിലേക്ക് വന്നിരിക്കുകയാണ്. അത് വളരെ കുറവാണ്. ഭീമമായ

ഇടിവാണ് കേന്ദ്രം നൽകുന്ന വായ്പയിൽ വരുന്നത്. അപ്പോൾ സ്വാഭാവികമായും സംസ്ഥാനത്തിന്റെ വരുമാനമാർഗങ്ങൾ ഒരു ഫെഡറൽ സംവിധാനത്തിൽ കിട്ടേണ്ടത് നഷ്ടപ്പെട്ടിരിക്കുകയാണ്. കേന്ദ്രം നൽകുന്ന വായ്പയിലെ ഇടിവുമൂലം പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും വലിയ തോതിലുള്ള കുറവ് വന്നിരിക്കുകയാണ്. വായ്പ പകുതിയായി വെട്ടിക്കുറച്ചിരിക്കുന്നു. കേരളത്തിൽനിന്നും 1 രൂപ പിരിച്ചാൽ 25 പൈസ മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പരാമർശിച്ചു. അതായത് കേന്ദ്രം പിരിക്കുന്ന നികുതിയിൽ 25 ശതമാനം മാത്രമേ നമുക്ക് ലഭിക്കുന്നുള്ളൂ. എന്നാൽ യു.പി. പോലുള്ള സംസ്ഥാനങ്ങളിൽ അതായത് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പിരിക്കുന്ന നികുതിയിൽ 150 ശതമാനവും അവർക്കുതന്നെ കൊടുക്കുകയാണ്. ഇത്തരത്തിലുള്ള വ്യത്യസ്തമായ സമീപനമാണ് കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്. മുൻകാലങ്ങളിൽ വ്യക്തമായ പ്ലാനും പ്ലാനിങ്ങുമുണ്ടായിരുന്നു. ഇന്ന് പ്ലാനിങ് കമ്മീഷനും പ്ലാനുമില്ലാതെയാണ് കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ

സ്പെഷ്യൽ പാക്കേജുകളുടെ പ്രളയമാണ്. ഏറ്റവും ദുരന്തബാധിതമായിട്ടുള്ള വയനാട് ജില്ലയിൽ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനായി നിരന്തരം ഇടപെട്ടിട്ടുപോലും അവരിൽനിന്നും ലഭിക്കുന്നില്ല. അതിനെപ്പറ്റി പലപ്പോഴും പ്രതിപക്ഷത്തുനിന്ന് യാതൊരു ആശങ്കയോ ആക്ഷേപമോ വിഷമമോ പ്രകടിപ്പിച്ച് കണ്ടിട്ടില്ല. കേരളത്തിൽ നിന്നും കേന്ദ്രത്തിലേക്ക് പോകുന്ന ബഹുഭൂരിപക്ഷം എം.പി.-മാരും കോൺഗ്രസിൽ നിന്നുള്ളവരാണ്. അവർ ചില ഷോ ഓഫ് പ്രവർത്തനങ്ങൾ മാത്രമാണ് ചെയ്യുന്നത്. പാർലമെന്റ് പ്രവർത്തനമെന്നത് വെറും ഷോ ഓഫ് പ്രവർത്തനമല്ല. അർഹതപ്പെട്ട ആനുകൂല്യങ്ങൾ കൃത്യമായി അവരവരുടെ സംസ്ഥാനങ്ങൾക്ക് നേടിത്തരാൻവേണ്ടിയുള്ള ആത്മാർഥമായ പ്രവർത്തനമാണ്. പക്ഷെ അവരത് ചെയ്യുന്നില്ല. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേകമായി ആനുകൂല്യങ്ങൾ കൊടുക്കുമ്പോൾപോലും കേരളത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാത്തതിൽ ഇവിടെ നിന്ന് കേന്ദ്രത്തിലേക്ക് പോയിട്ടുള്ള എം.പി. -മാർക്ക് വേദനയോ വേവലാതിയോ ഇല്ല. അവരുടെ നിയോജകമണ്ഡലത്തിൽ ഒരു പ്രവർത്തനവും നടത്തിയില്ലെങ്കിലും അവരെയാരും മോണിറ്ററിങ്

ചെയ്യുന്നില്ലെന്നുള്ളത് വളരെ ആശങ്കപ്പെടുത്തുന്നതും അതിശയപ്പെടുത്തുന്നതുമായ കാര്യമാണ്. രാഷ്ട്രീയപരമായി കൃത്യമായും സത്യസന്ധമായും പ്രവർത്തിക്കുന്നവർക്കെതിരെയാണ് ജനശ്രദ്ധ തിരിച്ചുവിടുന്നതരത്തിലേക്ക് പലപ്പോഴും വാർത്തകൾ മാധ്യമങ്ങളിലൊക്കെ കൊടുക്കുന്നതെന്നുള്ള ചില ദൗർഭാഗ്യകരമായ അവസ്ഥ കൂടി നമ്മുടെ നാട്ടിൽ വരുന്നുണ്ട്.

റബ്ബർ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി പ്രത്യേക പാക്കേജ് എത്രയോ കാലങ്ങളായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടും നൽകുന്നില്ല. അതുപോലെ, വലിയ തീരപ്രദേശമുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിലെ കടലാക്രമണം തടയുന്നതിന് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിട്ടും ഒരു പൈസയും അനുവദിച്ചില്ല. എന്നിട്ട് കേരളത്തിനെതിരെ ഓരോ സ്റ്റേറ്റ്മെന്റ് നടത്തുകയാണ്. കേരളത്തിൽ നിന്ന് പോയ എം.പി.-മാർ കേന്ദ്രത്തോട് നമുക്കായി ഒന്നും ആവശ്യപ്പെടുന്നില്ലെന്നതാണ് നമ്മെ അതിശയിപ്പിക്കുന്നത്.

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. ആർ. അനിൽ കഴിഞ്ഞ ദിവസം നെൽകർഷകരെക്കുറിച്ച് പറഞ്ഞ ശ്രദ്ധേയമായ ഒരു മറുപടിയുണ്ട്. നെല്ല്

സംഭരിച്ച വകയിൽ 1232 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകാനുള്ളത്. സ്പെഷ്യൽ പാക്കേജില്ലെന്നു മാത്രമല്ല, അർഹതപ്പെട്ടത് തരുന്നില്ലെന്നുള്ളതാണ് ഈ ബില്ലിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാനുള്ളത്. എന്നാൽ, അഭിമാനത്തോടെ പറയട്ടെ, കിഫ്ബി കൊണ്ടുവന്നപ്പോൾ വലിയ തരത്തിലുള്ള അപമാനകരമായ സ്റ്റേറ്റ്മെന്റാണ് പലപ്പോഴും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉന്നയിച്ചത്. ആ സമയത്ത് ഞാൻ ഈ സഭയിലുണ്ടായിരുന്നു. എന്തെല്ലാം മോശപ്പെട്ട സ്റ്റേറ്റ്മെന്റുകളാണ് വന്നത്. കിഫ്ബിയിലൂടെ പത്തുപതിനായിരം കോടിയിൽപ്പരം രൂപ മുടക്കി നമ്മുടെ നാടിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, ടൂറിസം സെക്ടർ, എഡ്യൂക്കേഷൻ സെക്ടർ, ഉന്നത വിദ്യാഭ്യാസ മേഖല, ആരോഗ്യമേഖല തുടങ്ങിയ മേഖലകളിൽ നമുക്ക് മാറ്റങ്ങൾ വരുത്താൻ സാധിച്ചു. കേരളത്തിന്റെ തനത് നികുതി വരുമാനം വർധിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ ദയാദാക്ഷിണ്യം കാത്തിരിക്കാതെ സ്വതന്ത്രമായി തങ്ങളുടെ നാട്ടിലെ ജനങ്ങൾക്ക് വികസന ക്ഷേമ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്ന തരത്തിലേക്ക് നമ്മുടെ ഗവൺമെന്റ് ഉയിർത്തെഴുന്നേറ്റിട്ടുണ്ട്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കേന്ദ്രവിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. എങ്കിലും സ്കൂളിൽ ഉച്ചഭക്ഷണം നൽകുന്നതിൽ മുടക്കം വരുത്തിയിട്ടുണ്ടോ? അമ്പലപ്പുഴ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. എച്ച്. സലാം പരാമർശിച്ചതുപോലെ ഓണപ്പരീക്ഷ വൈകിയതല്ല ഓണം നേരത്തെ എത്തിയതാണ്..... പാഠപുസ്തകങ്ങൾ വരാതിരുന്നത് ഇത്തരത്തിലുള്ള സ്റ്റേറ്റ്മെന്റുകളൊന്നും കേൾക്കാനില്ല. അത്തരത്തിലുള്ള മണ്ടൻ സ്റ്റേറ്റ്മെന്റുകളല്ല; ഏതു പദ്ധതി വിഹിതം കേന്ദ്രം തന്നില്ലെങ്കിലും ഞങ്ങൾ അത് എങ്ങനെയെങ്കിലും കൃത്യമായി നടപ്പാക്കാൻ ശ്രമിക്കുകയല്ലേ? നെല്ല് സംഭരണത്തെക്കുറിച്ച് നേരത്തെ ഞാൻ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്രം ഫണ്ട് അനുവദിച്ചില്ലെങ്കിലും സംസ്ഥാനം അഡ്വാൻസായിത്തന്നെ പണം നൽകുന്നുണ്ട്. പക്ഷെ, സംസ്ഥാനം ഫണ്ട് നൽകുന്നില്ലെന്ന് പറഞ്ഞുകൊണ്ടാണ് സമരം നടത്തുന്നത്. അവിടെപ്പോലും കേന്ദ്രം തരുന്നില്ലെന്ന ഒരു വാക്ക് പറയുന്നില്ല. ദേശീയ ആരോഗ്യ മിഷന്റെ ബ്രാൻഡിംഗ് പൂർത്തീകരിച്ചില്ലെന്ന് പറഞ്ഞുകൊണ്ട് ആരോഗ്യ മേഖലയ്ക്ക് ലഭിക്കേണ്ട ഗ്രാന്റുകൾ നിഷേധിക്കുകയാണ്. ഇപ്പോഴത്തെ ആരോഗ്യ മേഖലയ്ക്ക് പഴയകാലത്തെ

ആരോഗ്യ മേഖലയുടെ സ്ഥിതിയല്ല. ബഹുമാന്യയായ മുൻ ആരോഗ്യ വകുപ്പുമന്ത്രിയും ഇപ്പോഴത്തെ ആരോഗ്യ വകുപ്പുമന്ത്രിയും കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് തുടർച്ചയായി ധാരാളം കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. ഏറ്റവും ശ്രദ്ധേയമായ ക്ഷേമപ്രവർത്തനങ്ങൾ ആരോഗ്യ മേഖലയിൽ നടക്കുന്നുണ്ട്. എന്നാൽ ബ്രാൻഡിംഗ് ഇല്ലെന്നുപറഞ്ഞുകൊണ്ട് എൻ.എച്ച്.എം.-ൽനിന്നും ലഭിക്കേണ്ട പണം കേന്ദ്രം പിടിച്ചുവച്ചിരിക്കുകയാണ്. തരാനുള്ള പണം തരുന്നുമില്ല, അനാവശ്യമായ കാര്യങ്ങൾ പറഞ്ഞ് അർഹതപ്പെട്ട വിഹിതംപോലും പിടിച്ചുവയ്ക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിലും കേന്ദ്രത്തിൽനിന്നും അർഹമായ വിഹിതം ചോദിച്ചുവാങ്ങാനായി ഒരുതരത്തിലുള്ള സമീപനവും സംസ്ഥാനത്തെ എം.പി.-മാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഇത്തരത്തിലുള്ള സാമ്പത്തിക ബാധ്യതകൾക്കിടയിലും ഏകദേശം 431488 വീടുകൾ സർക്കാർ നിർമ്മിച്ചുനൽകി, ഇതൊരു ചെറിയ കാര്യമാണോ? അത്രയും വീടുകൾ നമ്മൾ നിർമ്മിച്ചുകൊടുത്തിരിക്കുന്നു, 18000 കോടി രൂപ ഈ മേഖലയ്ക്കായി സംസ്ഥാനസർക്കാർ മാറ്റിവച്ചുവെന്ന് അക്കാര്യങ്ങൾ പരിശോധിച്ചാൽ

മനസ്സിലാകും. എന്നാൽ ഈയിനത്തിൽ കേന്ദ്രം നൽകിയത് വളരെ ചുരുങ്ങിയ വിഹിതമാണ്, കേവലം 559 കോടി രൂപയാണ് ലഭിച്ചിരിക്കുന്നത്. കേന്ദ്രനയത്തെ സൂചിപ്പിക്കാൻ ഞാൻ ഒരു ഉദാഹരണം പറഞ്ഞതാണ്. നെല്ലുസംഭരണത്തിന്റെ കാര്യത്തിൽ കോടിക്കണക്കിന് രൂപയുടെ വ്യത്യാസമാണ് വന്നുകൊണ്ടിരിക്കുന്നത്. എന്നിരുന്നാലും കേരളം തളരില്ല. തനത് നികുതി വരുമാനം വർധിപ്പിക്കുന്നതിനായി ധാരാളം കാര്യങ്ങൾ നടപ്പാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ നികുതി വരുമാനം 2020-21 സാമ്പത്തിക വർഷത്തിൽ 47,660 കോടി രൂപ ആയിരുന്നത് 2021-22-ൽ 71,968 കോടി രൂപയായി വർധിപ്പിക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ Judicial Court fee, gallonage fee, സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കുള്ള വൈദ്യുതി തീരുവ എന്നിവയുടെ പരിഷ്കരണത്തിലൂടെ തനത് വരുമാനം വർധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ധാരാളം ആഡംബര വിവാഹങ്ങൾ നടക്കുന്നുണ്ട്, അവർ പണമുള്ളവരല്ലേ; അതുകൊണ്ടുതന്നെ അവരിൽനിന്നും നികുതി ഈടാക്കാമല്ലോ? ആഡംബര വിവാഹങ്ങൾക്ക്

നികുതി ഏർപ്പെടുത്തണം. അതുപോലെയുള്ള ആഡംബര വിഷയങ്ങളിൽ നികുതി ഏർപ്പെടുത്തുന്ന സമീപനം സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. "ധാരാളമായി വിതച്ചാൽ ധാരാളമായി കൊയ്യാം" (കൊരിന്ത്യർ 2 9:6-8) എന്ന ബൈബിൾ വാചകം സൂചിപ്പിക്കുന്നതുപോലെ നമ്മുടെ ഗവൺമെന്റ് സാധാരണ ജനങ്ങൾക്കുവേണ്ടി ധാരാളം പണം ചെലവഴിക്കുകയാണ്. മറ്റൊരു ബൈബിൾ വാചകമാണ് "അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടേ, സങ്കടത്തോടെ അരുത്" (2 കൊരിന്ത്യർ 9:7), കേന്ദ്രം തരാതിരിക്കുന്നതുപോലെയല്ല, ഏത് പ്രതിസന്ധിയിലും സന്തോഷത്തോടെയാണ് നമ്മൾ ജനങ്ങൾക്ക് കൊടുക്കുന്നത്, ഒരു നിർബന്ധത്തിലുമല്ല, അവർക്ക് എത്രത്തോളം അർഹതപ്പെട്ടതാണോ, അതാണ് നൽകുന്നത്. അതായത് 600 രൂപയായിരുന്ന പെൻഷൻ 1600 രൂപയായി ഉയർത്തി വീട്ടിൽ എത്തിച്ചുനൽകുകയാണ്. ഇങ്ങനെ ചെയ്യുന്നത് സങ്കടത്തിലുമല്ല, നിർബന്ധത്തിലുമല്ല, സന്തോഷത്തോടെയാണ് കൊടുക്കുന്നത്. " നിങ്ങൾ സകലതിലും എപ്പോഴും പൂർണ്ണതൃപ്തിയുള്ളവരായി സകല സത്പ്രവൃത്തിയിലും പെരുകിവരുമാറ് നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ

ദൈവം ശക്തൻ ആകുന്നു" എന്നുപറയുന്നതുപോലെ സാധാരണ ജനങ്ങളോടൊപ്പം അവരുടെ വികസന ക്ഷേമ പ്രവർത്തനങ്ങളിലും ദൈനംദിന ജീവിതത്തിലും ഈ ഗവൺമെന്റ് കൂടെയുണ്ട്. അങ്ങനെയുള്ളവരെയാണ് ദൈവമെന്ന് പറയുന്നത്. നമ്മുടെ മുമ്പിൽ കാണുന്ന ശരിയാണ് ദൈവമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, ഈ ബില്ലിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാന്യയായ കായംകുളം അംഗം പാർലമെന്റ് അംഗങ്ങളെ മോണിറ്റർ ചെയ്യണമെന്ന് പറഞ്ഞല്ലോ, അക്കാര്യം ചെയ്യാം, പാർലമെന്റ് അംഗങ്ങളെ ഞങ്ങൾ മോണിറ്റർ ചെയ്തോളാം. കേരള ഗവൺമെന്റിന്റെ ഡൽഹി പ്രതിനിധി ശ്രീ. കെ. വി. തോമസിനെ നിങ്ങൾ മോണിറ്റർ ചെയ്തിരുന്നെങ്കിൽ, ഈ പ്രസംഗംതന്നെ നിങ്ങൾക്ക് ഒഴിവാക്കാമായിരുന്നു. ഇന്നുരാവിലെ മലയാള മനോരമ പത്രത്തിൽ നിങ്ങളുടെ പാർട്ടി ഓഫീസിന്റെ പുതിയ മന്ദിരം കണ്ടു, നിങ്ങൾക്കെല്ലാവർക്കും അതിൽ വലിയ സന്തോഷവുമുണ്ടാകും. പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ രണ്ട് വർഷംപോലും വേണ്ടിവന്നില്ല. പാർട്ടി ഓഫീസ് നിർമ്മിക്കുന്നതിലുള്ള ശുഷ്കാന്തി കേരളത്തിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ നിങ്ങൾ

കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വിഴിഞ്ഞം പദ്ധതിയിൽ തുറമുഖ നിർമ്മാണം നടത്തുന്നത് അദാനിയാണ്. ഗവൺമെന്റ് ചെയ്യേണ്ട രണ്ട് കാര്യങ്ങൾ റെയിൽ കണക്റ്റിവിറ്റിയും റോഡ് കണക്റ്റിവിറ്റിയുമാണ്. 9 വർഷമായിട്ടും റെയിൽ കണക്റ്റിവിറ്റിക്കാവശ്യമായ നിർമ്മാണപ്രവർത്തനം തുടങ്ങിയിട്ടുപോലുമില്ല. പാർട്ടി ഓഫീസ് ഉണ്ടാക്കാൻ നിങ്ങൾക്ക് വളരെ ശുഷ്കാന്തിയാണല്ലോ? റോഡിന്റെ കണക്റ്റിവിറ്റിക്കായി ഹൈവേയിലേക്കുള്ള ഒരു കിലോമീറ്റർ ദൂരം കണക്റ്റ് ചെയ്യാനായി 9 വർഷമെടുത്തിട്ടും സാധിച്ചിട്ടില്ല, എന്നുമാത്രമല്ല ഒരു താൽക്കാലിക സംവിധാനത്തെക്കുറിച്ചാണ് ഇപ്പോഴും ആലോചിക്കുന്നത്. ഡോ. ടി. എം. തോമസ് ഐസകിന്റെ ഡ്രീം ബഡ്ജറ്റായിരുന്നു ആ ഭരണത്തിലെ ആദ്യ ബജറ്റ്. അതിലെ ഒരു ഡ്രീം പ്രോജക്ടാണ് അഴീക്കൽ പോർട്ട്, അതിനായി 500 കോടി രൂപ വകയിരുത്തുകയുംചെയ്തു. എന്നാൽ 9 വർഷമായിട്ടും ഒരു ഐ.എ.എസ്. ഓഫീസറെ അവിടെ ഇരുത്തി ശമ്പളം കൊടുക്കുന്നതല്ലാതെ ഇന്നുവരെ അത് പൂർത്തീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം മെട്രോ പദ്ധതി സംബന്ധിച്ചാണെങ്കിൽ അവിടെ ഒരു ഓഫീസും അതിൽ ഉദ്യോഗസ്ഥരും

ഇരിക്കുന്നതല്ലാതെ പദ്ധതിയുടെ ഡി.പി.ആർ. പോലും ഇന്നുവരെ തയ്യാറാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ തൊട്ടപ്പുറത്തെ സംസ്ഥാനമായ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. സ്റ്റാലിൻ ചെയ്യുന്നത് കാണണം. അവിടെ ചെയ്യാൻ പോകുന്ന മധുര മെട്രോ പദ്ധതി 11,360 കോടി രൂപയും കോയമ്പത്തൂർ മെട്രോ പദ്ധതി 10,740 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ടുകളാണ്. ഈ രണ്ട് പ്രോജക്ടുകളുടെയും എല്ലാ നടപടികളും പൂർത്തീകരിച്ച് രണ്ട് പദ്ധതിയായി സമർപ്പിച്ചാൽ അംഗീകാരം ലഭിക്കില്ലെന്ന് മനസ്സിലാക്കിയതുകൊണ്ട്, രണ്ട് പദ്ധതിയും കൂട്ടിച്ചേർത്ത് അവർ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു, രണ്ടോമൂന്നോ മാസങ്ങൾക്കുള്ളിൽ അതിന്റെ അനുമതി ലഭിക്കും. മൂന്ന് വർഷംകൊണ്ട് തമിഴ്നാട്ടിൽ വന്നിരിക്കുന്നത് 9,75,000 കോടി രൂപയുടെ മൂലധനനിക്ഷേപമാണ്. പുതിയ 27 വൻകിട ഫാക്ടറികൾ, 31 ലക്ഷം പേർക്ക് ജോലി തുടങ്ങിയവയെല്ലാം വളരെ ചുരുങ്ങിയ കാലംകൊണ്ട് അവിടെ സാധ്യമായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിനെതിരെ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. സ്റ്റാലിൻ നടത്തുന്ന സമരത്തിൽ പങ്കെടുക്കാനായി മാർച്ച് 22-ാം തീയതി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അങ്ങോട്ട് പോകുകയാണ്. അങ്ങ്

സ്റ്റാലിനുമായി അനൗദ്യോഗികമായെങ്കിലും ഒരു ചർച്ച നടത്തണം. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമനോട് ചർച്ച നടത്തിയതുപോലെ അനൗദ്യോഗികമായി ചർച്ച നടത്തണം. ഗവർണ്ണറുടെ സാന്നിധ്യമില്ലെന്ന് പറഞ്ഞാലും ചർച്ചയ്ക്ക് ഒരു കുറവും ഉണ്ടാകില്ല. സ്റ്റാലിനുമായുള്ള ചർച്ചയിൽ 'ഉന്നാൽ എപ്പടി മുടിയിത് തമ്പി' എന്ന് അങ്ങ് ചോദിക്കണം. കേന്ദ്രത്തിനെതിരെ ഏറ്റവും ശക്തമായ പോർമുഖം തുറക്കുമ്പോൾത്തന്നെ തമിഴ്നാടിന് അവകാശപ്പെട്ട എല്ലാ ആനുകൂല്യങ്ങളും പ്രോജക്റ്റുകളും നേടിയെടുക്കുന്നത് എങ്ങനെയാണെന്ന് അദ്ദേഹത്തെ കണ്ടുപഠിക്കാൻ കേരള മുഖ്യമന്ത്രി ഈ യാത്ര ഉപയോഗിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീമതി നിർമ്മലാ സീതാരാമനുമായുള്ള ചർച്ചയ്ക്കുശേഷം അദ്ദേഹം ഇവിടെ പറഞ്ഞത്, 'വ്യത്യസ്ത രാഷ്ട്രീയ സ്വഭാവമുള്ളവർ കണ്ടാൽ ഉരുകിപ്പോകുന്നതല്ല രാഷ്ട്രീയം' എന്നാണ്. എൻ. കെ. പ്രേമചന്ദ്രന് ഇത് ബാധകമല്ലേ? അദ്ദേഹം ലഞ്ച് കഴിച്ചതിന്റെ പേരിൽ എത്രമാത്രം അധിക്ഷേപങ്ങളാണ് ഇവിടെ കേട്ടത്. സംഘിയെന്നും ആർ.എസ്.എസ്.-ന്റെ ഏജന്റെന്നുമെല്ലാം നിങ്ങൾ അദ്ദേഹത്തെ വിളിച്ചില്ലേ? അങ്ങനെയാണെങ്കിൽ

മുഖ്യമന്ത്രിയെ എന്തുവിളിക്കണമെന്ന് നിങ്ങൾ ആലോചിക്കണം. നിങ്ങൾ ചിന്തിക്കണം, അങ്ങനെയൊന്നും വിളിക്കാൻ ഞങ്ങളില്ല. ബ്രെയ്ക്ഫാസ്റ്റ് ആകാം ലഞ്ച് ആകാൻ പാടില്ലെന്നതാണോ നിങ്ങളുടെ ഈ നിലപാട് മാറ്റത്തിന് കാരണമെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. തുടർഭരണം സി.പി.ഐ.(എം)-ന് പണമുണ്ടാക്കാനുള്ള ഒരു വഴിയാക്കി ഇവർ മാറ്റിയിരിക്കുകയാണ്. നിങ്ങൾ ബഹളംവയ്ക്കണ്ട, ഞാൻ ആക്ഷേപിക്കുന്നതല്ല, ഇങ്ങനെ കുറ്റപ്പെടുത്തിയിരിക്കുന്നത് സി.പി.ഐ.(എം)-ന്റെ സംസ്ഥാന സമ്മേളനത്തിലെ സംഘടനാ പ്രമേയത്തിലാണ്. സി.പി.ഐ.(എം)-കാരുടെ തെറ്റായ വഴിയിലുള്ള പോക്കിനെതിരെ ആത്മവിമർശനം നടത്തുമെന്ന് നിങ്ങൾ പറയും. എന്നാൽ എല്ലായ്പ്പോഴും ആത്മവിമർശനം നടത്തിക്കൊണ്ടിരുന്നാൽ മതിയോ? പാർട്ടിയുടെ കൽക്കട്ടാ പ്ലീനത്തിൽ നിങ്ങൾ ഇതുപോലുള്ള വിമർശനം ഉന്നയിച്ചു. പാലക്കാട് നടന്ന സംഘടനാ പ്ലീനത്തിലും ഈ വിമർശനങ്ങൾ ഉന്നയിച്ചിരുന്നു, ഇപ്പോൾ കൊല്ലത്തും ഉന്നയിക്കുന്നു. നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾ രോഗം കണ്ടുപിടിക്കാൻ മിടുക്കരാണ്, പക്ഷേ ചികിത്സിക്കില്ല. നിങ്ങളുടെ പാർട്ടിയെ ഗ്രസിച്ചിരിക്കുന്ന അഴിമതിയും

കൊള്ളയുമെല്ലാം കണ്ടെത്താൻ നിങ്ങൾക്ക് കഴിയും പക്ഷേ ചികിത്സിക്കാൻ കഴിയില്ല. സ്വകാര്യ മൂലധനത്തിനുവേണ്ടിയുള്ള തീരുമാനം കൈക്കൊണ്ടത് പാർട്ടിയുടെ കൊല്ലം സമ്മേളനത്തിലാണ്. ' ദാസ് ക്യാപ്പിറ്റൽ ' വായിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റുകാർ ഇപ്പോൾ ക്യാപ്പിറ്റലിസത്തിന്റെ ദാസന്മാരായി മാറിയിരിക്കുകയാണ്. വികസനത്തിനായി കടമെടുക്കുന്നതിൽ തെറ്റില്ല. എന്നാൽ കടമെടുത്ത് മാത്രമേ വികസനം നടത്തുവെന്ന് ഗവൺമെന്റ് നിർബന്ധം പിടിക്കരുത്. നമുക്ക് ഇവിടെ എഫ്.ആർ.ബി.എം. ആക്റ്റുണ്ട് (Fiscal Responsibility and Budget Management Act); അതനുസരിച്ച് GSDP-യുടെ 29 ശതമാനത്തിൽ താഴെ പൊതുകടം നിർത്തണം. ദക്ഷിണേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഇത് 29 ശതമാനത്തിൽ താഴെ നിലനിർത്തിയിട്ടും ഇവിടെ ഈ വർഷത്തെ പൊതുകടത്തിന്റെ റേഷ്യോ 33.77 ശതമാനമായിരുന്നു. കോവിഡ് സമയത്ത് റേഷ്യോ 38 ശതമാനമായി വർധിച്ചു. ആ കണക്കിലാണ് മന്ത്രി പിടിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾ ഇതാ കുറച്ചുകൊണ്ടുവരുന്നുവെന്നാണ് പറയുന്നത്. കോവിഡ് മഹാമാരിക്കാലത്ത് സ്വാഭാവികമായും ഇത് വർധിക്കില്ലേ? എന്നാൽ ഇപ്പോഴും നമ്മുടെ പൊതുകടത്തിന്റെ റേഷ്യോ 33.77

ശതമാനത്തിൽ നിൽക്കുകയാണ്. എഫ്.ആർ.ബി.എം. ആക്റ്റ് പറയുന്നതനുസരിച്ച് ഇത് നിലനിർത്തണ്ടേ? ധനപ്രതിസന്ധി മറികടക്കാനായി ധനസമാഹരണത്തിനുള്ള മാർഗങ്ങൾ നമ്മുടെ മുമ്പിലുണ്ട്. കേരളത്തിലെ പ്രതിപക്ഷനേതാവ് സ്വർണ്ണത്തെക്കുറിച്ച് എത്രയോതവണ ഈ സഭയിൽ പറഞ്ഞുകഴിഞ്ഞു. ഇന്ത്യയിൽ വിപണനം ചെയ്യുന്ന സ്വർണ്ണത്തിന്റെ ഇരുപത് ശതമാനവും കേരളത്തിലാണ്. വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്കാണിത്. ഈ വിഷയത്തിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം പറയുന്നത് മുപ്പതിനായിരം കോടി രൂപ പ്രതിവർഷം ഗോൾഡിൽനിന്നും ടാക്സായി മാത്രം നമുക്ക് ലഭിക്കുമെന്നാണ്. എന്നാൽ ഈയിനത്തിൽ ഇപ്പോൾ ലഭിക്കുന്നത് ആകെ 1000 കോടി രൂപയിൽ താഴെ മാത്രമാണ്. 'Torre del Oro' എന്ന ഓപ്പറേഷന്റെ പേരിൽ ഒരു റെയ്ഡ് നടത്തി, അതിൽ ഒരു സ്വർണ്ണക്കടയിൽനിന്നുമാത്രം 104 കിലോ സ്വർണ്ണം പിടിച്ചു. എന്നാൽ ഒറ്റ റെയ്ഡോടെ ആ പരിപാടി നിന്നു. ഒരു കടയിൽമാത്രം റെയ്ഡ് നടത്തിയപ്പോൾ 104 കിലോ! പക്ഷേ മറ്റൊരിടത്തും പിന്നെ റെയ്ഡ് ഇല്ല, അത് നിർത്തി. 2020-ൽ 21 ശതമാനമായിരുന്ന ഫോറസ്റ്റ് റവന്യൂ ഇപ്പോൾ 2.23 ശതമാനമായി

കുറഞ്ഞിരിക്കുന്നു. ക്വാറിക്ക് ഇ-പാസ് സംവിധാനം ഏർപ്പെടുത്തിയാൽ ഒരു പാസുപയോഗിച്ച് പലതവണ ലോഡ് കൊണ്ടുപോകുന്നതൊഴിവാക്കാനും നമ്മുടെ വരുമാനം വർധിപ്പിക്കാനും സാധിക്കും. ഇതെല്ലാം പറയുമ്പോഴും ധൂർത്തിന്റെ കാര്യം പറയാതിരിക്കാൻ സാധിക്കില്ല. മുഖ്യമന്ത്രിക്കും സർക്കാരിനും എത്ര പി.ആർ. ഏജൻസികളാണുള്ളത്; പി.ആർ.ഡി.-യുണ്ടായിട്ടും ഇത്രയും പി.ആർ. ഏജൻസികളെന്തിനാണ്? ഡൽഹിയിലെ പ്രതിനിധിക്കും പി.എസ്.സി. മെമ്പർമാർക്കും കോടികൾ, ഗവൺമെന്റ് പ്ലീഡർമാർക്ക് ശമ്പളവർധനവ്, കേരളസഭ, കേരളീയം, നവകേരള സദസ്സ് തുടങ്ങിയ പരിപാടികൾക്ക് കോടിക്കണക്കിന് രൂപ ചെലവിട്ട് മാമാങ്കങ്ങൾ നടത്താൻ പണമുണ്ട്. പാവപ്പെട്ട ആശാ വർക്കർമാർക്ക് വേതനം വർധിപ്പിക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. സമരം ചെയ്യുന്ന അങ്കണവാടി ജീവനക്കാരുടെ പ്രശ്നം പരിഹരിക്കാൻ നിങ്ങൾ തയ്യാറാകണം. പിടിവാശി ഒഴിവാക്കി മുഖ്യമന്ത്രി അവരുമായി ചർച്ച നടത്തണം. ശ്രീമതി നിർമ്മല സീതാരാമനുമായി ചർച്ച നടത്തിയ മുഖ്യമന്ത്രിക്ക് അങ്ങയുടെ മൂക്കിനുതാഴെ ആഴ്ചകളായി സമരം

നടത്തുന്ന ആശാ വർക്കർമാരുമായി ചർച്ച നടത്താൻ കഴിയണം. അമിതനികുതി ഏർപ്പെടുത്തുന്ന കാര്യത്തിൽ, നിയമസഭയ്ക്കകത്തായാലും പാർട്ടി സമ്മേളനത്തിലായാലും ടാക്സ്, സെസ്സ്, ഫീസ്, ഡിജിറ്റൽ കോസ്റ്റ് എന്നിങ്ങനെ എവിടെപോയാലും നികുതിയും ഫീസും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നതൊരു ശീലമായി ഏറ്റെടുത്തിരിക്കുന്നത് എന്തുകൊണ്ടാണ്? ഇതുമൂലം ജനങ്ങളിൽനിന്ന് സർക്കാരിലേക്കാണ് പണമൊഴുക്കിയത്. യഥാർഥത്തിൽ സർക്കാരിൽനിന്നും ജനങ്ങളിലേക്കാണ് വരേണ്ടത്. കഴിഞ്ഞ ബജറ്റിൽ 4500 കോടി രൂപ അനുവദിച്ചതിന് പുറമേയാണ് വെള്ളക്കരവും ഇലക്ട്രിസിറ്റി ചാർജ്ജും ബസ് ചാർജ്ജും വർധിപ്പിച്ചത്. ജനങ്ങളിൽനിന്നും പണം അങ്ങോട്ടുപോകുന്നതല്ലാതെ സർക്കാരിൽനിന്ന് അവശ ജനവിഭാഗങ്ങളിലേക്ക് പണം വരുന്നില്ല. ജനങ്ങൾക്ക് ആനുകൂല്യം നൽകാതെ എന്തിനാണ് ടാക്സ് കൊടുക്കുന്നത്; ബ്രിട്ടീഷുകാരും ഈ നയമല്ലേ സ്വീകരിച്ചിരുന്നത്? ജനങ്ങളിൽനിന്നും കരം പിരിച്ചിട്ടും അവർക്ക് പുതിയ ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. പഴയൊരു സിനിമയുണ്ട്, വീരപാണ്ഡ്യ കട്ടബൊമ്മൻ. ജനങ്ങൾക്കൊരു ആനുകൂല്യവും കൊടുക്കാത്ത ബ്രിട്ടീഷുകാർ നികുതി

പിരിക്കാൻ വരുമ്പോൾ വീരപാണ്ഡ്യ കട്ടബൊമ്മൻ ബ്രിട്ടീഷ് ഭരണാധികാരിയോട് ചോദിക്കുകയാണ്, സിനിമയിൽ ആ റോൾ അഭിനയിച്ചത് ശിവാജി ഗണേശനാണ്, എന്തിനാണ് നിങ്ങൾ നികുതി പിരിക്കുന്നത്?

'എങ്കലോട് വയലുക്ക് വന്തായാ?

നാട്ടു നട്ടായാ? കലൈ പരിത്തായാ?

അല്ലത് അങ്കേ കൊഞ്ചു വിളയാട്ടും എൻകുല

തമിഴ് പെൺകളുക്ക് മഞ്ചൾ അരൈരെത്ത് കൊടുത്തായാ?

മാമനാ മച്ചാനാ, മാനം കെട്ടവനെ

യാരിടം കെട്ട്കിരായ് വട്ടി

എതിർക്ക് കെട്ട്കിരായ് കിസ്തി'

കേരളത്തിലെ ജനങ്ങൾ ഇതാണ് നിങ്ങളോട് പറയാൻ പോകുന്നത്, ഞങ്ങൾക്കൊരു ആനുകൂല്യവും നൽകാത്ത നിങ്ങൾ എന്തിന് ടാക്സുകൊണ്ട് ഞങ്ങളെ പീഡിപ്പിക്കുന്നുവെന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, 2025-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന തീരുമാനത്തെ പിന്തുണയ്ക്കുകയാണ്. ഇന്ന് പ്രഭാതം വിടർന്നപ്പോൾ ആഹ്ലാദകരമായ ഒരു വാർത്ത കേട്ടുകൊണ്ടാണ് ഉണരാൻ കഴിഞ്ഞത്. അൽപ്പം ടെലിവിഷൻ ചിത്രങ്ങളും കണ്ടു. ശ്രീമതി സുനിതാ വില്യംസും ശ്രീ. ബുച്ച് വിൽമോറും സുരക്ഷിതമായി ഫ്ലോറിഡ തീരത്ത് സ്പ്ലാഷ് ലാൻഡ് ചെയ്തു. ലോകമൊട്ടാകെ സന്തോഷിച്ചതോടൊപ്പം നമ്മുടെ സഭയും അഭിനന്ദനം രേഖപ്പെടുത്തി. നേരത്തെ സംസാരിച്ച ബഹുമാന്യനായ സുഹൃത്ത് ശ്രീ. എം. വിൻസെന്റിന് മറുപടി നൽകുന്നില്ല. കാരണം 'വക്കുപൊട്ടിയാൽ ചരിച്ച് വയ്ക്കാം; മൂട്പൊട്ടിയാൽ വലിച്ചെറിയാനേ സാധിക്കൂ' . അതുകൊണ്ട് സംസാരിച്ചിട്ട് കാര്യമില്ല. യഥാർത്ഥത്തിലുള്ള സ്ഥിതിയെന്താണ്? ഡിവിസിബിൾ പൂളിൽനിന്ന് ഓരോ വർഷവും കേന്ദ്ര വിഹിതത്തിൽനിന്നും ലഭിക്കാനുള്ള പണം വെട്ടിക്കുറയ്ക്കുമ്പോൾ അതിനെതിരെ സത്യസന്ധമായി പ്രതികരിച്ചുകൊണ്ട് മലയാളിയുടെ ആത്മാഭിമാനം ഉയർത്തിപ്പിടിച്ചുകൊണ്ട് കേരളത്തിനുള്ള വിഹിതം പിടിച്ചുവാങ്ങാൻ ശ്രമിക്കുന്നതിനുപകരം കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്ക് അടിവരയിടുന്ന സമീപനമാണ്

പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. ഭരണഘടനയുടെ 270-ാം ആർട്ടിക്കിളനുസരിച്ച് ഡിവിസിബിൾ പൂളിൽനിന്ന് ഓരോ അഞ്ചുവർഷവും സർചാർജ്ജും സെസ്സും ഒഴിച്ചുള്ള വിഹിതത്തിൽനിന്നും ലഭിക്കേണ്ട കേന്ദ്ര വിഹിതം ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ആ മാനദണ്ഡങ്ങളിൽ ഏത് പരിശോധിച്ചാലും ആർക്കും നിഷേധിക്കാനാകാത്തവിധം കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ മുന്നിൽ നിൽക്കുകയാണ്. തുല്യതാധിഷ്ഠിതവും ആവശ്യാധിഷ്ഠിതവും കൂടാതെ വരുമാന മാനദണ്ഡങ്ങളുടെയും ജനസംഖ്യയുടെയും കാര്യക്ഷമതയുടെയും അടിസ്ഥാനത്തിലാണ് ഡിവിസിബിൾ പൂളിൽനിന്ന് നമുക്ക് പണം ലഭിക്കേണ്ടത്. ഇക്കാര്യത്തിലൊക്കെ ഒന്നാം സ്ഥാനത്തുനിൽക്കുന്ന കേരളം എങ്ങനെയാണ് അവഗണിക്കപ്പെടുന്നത്? അതിൽ കോർപ്പറേറ്റ് ഫെഡറലിസത്തിന്റെ തകർച്ചയുണ്ട്. കേന്ദ്രത്തിന്റെ രാഷ്ട്രീയ വൈര്യനിര്യാതന ബുദ്ധി പ്രവർത്തിക്കുന്നുണ്ടെന്ന് കാണാതെ തിമിരം ബാധിച്ച കണ്ണുകളോടെ ഡൽഹിയിലും പാർലമെന്റിലും കേരളത്തിനെതിരെ കേന്ദ്രമന്ത്രിമാർ നടത്തുന്ന തികച്ചും തെറ്റായ പരാമർശങ്ങളോട് പ്രതികരിക്കാനുള്ള സന്നദ്ധതപോലും

കാണിക്കാതെ കേരള നിയമസഭയ്ക്കകത്ത് പ്രസംഗിക്കുന്ന പ്രതിപക്ഷാംഗങ്ങൾക്ക്, ധനകാര്യ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനുള്ള ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനെ എതിർക്കാനുള്ള എന്ത് ധാർമ്മികതയാണുള്ളത്? ആശാ വർക്കർമാരുടെ സമരത്തിന് നിത്യവും പിന്തുണ നൽകിക്കൊണ്ടിരിക്കുകയാണ്, കൊടുത്തോട്ടെ. അവരുടെ ന്യായമായ ആവശ്യങ്ങളോട് സർക്കാർ പ്രതികരിക്കണമെന്നുള്ള ഉദ്ദേശ്യംതന്നെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുമുള്ളത്. എന്നാൽ ഇതിനെക്കാളും വലിയ സമരം കേരള നിയമസഭയുടെ മുന്നിൽ, കേരള സെക്രട്ടേറിയറ്റിന്റെ മുന്നിൽ കണ്ടിട്ടില്ലേ? കേരളത്തിലെ ആദിവാസി സമൂഹം ഒരുതുണ്ട് ഭൂമിക്കുവേണ്ടി സമരം നടത്തിയപ്പോൾ ആ സമരം ഒത്തുതീർപ്പ് ചർച്ചയിലൂടെ അവസാനിപ്പിച്ചിരിക്കുന്നുവെന്നുപറഞ്ഞ് ശ്രീമതി സി. കെ. ജാനുവുമൊത്ത് സെക്രട്ടേറിയറ്റിന്റെ മുന്നിൽവച്ച് കോൽക്കളി നടത്തിയ ശ്രീ. എ. കെ. ആന്റണിയുടെ സമീപനമെന്തായിരുന്നു? കേരള ചരിത്രത്തിലാദ്യമായി ജോഗിയെന്ന ഒരു ആദിവാസി യുവാവിനെ വെടിവച്ചുകൊന്ന് നൂറുകണക്കിന് ആദിവാസികളെ വനാന്തരങ്ങളിൽ മൃതപ്രായരായി കടന്നാക്രമിച്ച പോലീസ്

സംവിധാനത്തെ നിയന്ത്രിച്ചിരുന്നത് ആരാണ്? ഇവരുടെ അടിസ്ഥാനവിഭാഗങ്ങളോടുള്ള സ്നേഹം എവിടെയായിരുന്നു, അന്ന് കണ്ടില്ലല്ലോ. ഇപ്പോൾ പെമ്പിളൈ ഒരുമൈയുടെ സമരം കൊണ്ടുവന്ന് മാധ്യമങ്ങൾ കാണിക്കുന്നു. ഈ രാജ്യത്ത് സുസ്ഥിരവികസനത്തിന്റെ പാതയിലൂടെ നൈപുണ്യകേരളം കെട്ടിപ്പടുക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളിലൂടെയും കടന്നുപോകുന്ന ഒരു ഗവൺമെന്റാണുള്ളത്. ആ ഗവൺമെന്റിന്റെ ധനകാര്യ ഉത്തരവാദിത്വങ്ങൾ നിർവഹിക്കണമെന്ന ബജറ്റ് അലോക്കേഷന്റെ ഭാഗമായ ഫണ്ട് വിനിയോഗിക്കുന്നതിന്റെ നിയമസഭാ/ഭരണഘടനാ ആനുപാതികമായ ഒരു നിയമസംവിധാനത്തിന്റെ ഭാഗമാണ് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയെന്നുള്ളത്. ഇവർ ഏതുമേഖലയിലാണ് കേരളം പുറകിലാണെന്ന് ചൂണ്ടിക്കാണിക്കുന്നത്? നഗരവികസനത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനമാണ് കേരളത്തിനുള്ളത്. പട്ടിണി മരണം ഏറ്റവും കുറഞ്ഞ രണ്ടാമത്തെ സംസ്ഥാനമായി കേരളം അടയാളപ്പെടുത്തപ്പെടുന്നു. അതിദരിദ്രരില്ലാത്ത കേരളമെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നിർണ്ണായകമായ

നിശ്ചയലക്ഷ്യംകൂടി സാക്ഷാത്കരിക്കുന്നതിലൂടെ കേരളം ഒന്നുകൂടി മുന്നേറാൻ പോകുകയാണ്. വിദ്യാഭ്യാസ, തൊഴിൽ മേഖലകളും സ്ത്രീകളുടെയും കുട്ടികളുടെയും കാര്യങ്ങളും പരിശോധിച്ചാൽ, മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായ ഒരന്തരീക്ഷം എല്ലാ മേഖലകളിലും കാണാൻ കഴിയും. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നേരത്തെ ഇവിടെ ഉണ്ടായിരുന്നു, ഇപ്പോൾ ഇവിടെയില്ല. സംരംഭകത്വത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം ഇരുപത്തിയെട്ടിൽനിന്ന് ഒന്നിലേയ്ക്ക് എത്തുകയാണ്. കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ഭീതിയായ ലഹരി മാഫിയയ്ക്കെതിരായി ഉണർന്ന് പോരടിച്ചുകൊണ്ടിരിക്കുന്നു. ഗ്രന്ഥശാലാ പ്രസ്ഥാനമടക്കമുള്ള കേരളത്തിന്റെ സാംസ്കാരിക പ്രസ്ഥാനങ്ങളെല്ലാം ഒരുമിച്ച് കൈകോർത്ത് നവനൈപുണ്യ-വൈജ്ഞാനിക കേരളം സൃഷ്ടിക്കാനുള്ള എല്ലാതരത്തിലുള്ള തയ്യാറെടുപ്പുകളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ നിയമസഭയിൽ ഇത്തവണ അവതരിപ്പിച്ച ബജറ്റിൽ എന്താണ് കാണാൻ കഴിയുന്നത്? സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് പറയുന്ന ഈ ധനകാര്യ ബില്ലിൽ ശ്രീ. കെ. എൻ. ബാലഗോപാൽ മുന്നോട്ടുവച്ച നികുതി

നിർദേശങ്ങൾ കേരളത്തിലെ ഏത് വിഭാഗം ജനങ്ങളെയാണ് സാരമായി ബാധിക്കുന്നത്? നെഞ്ചുടക്കിപ്പിടിച്ച് മുന്നോട്ടുപോയ ചരിത്രമുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങളെ ഏത് ഘട്ടത്തിലും സംരക്ഷിക്കാൻ സാധിക്കും. ചില മലയാള പത്രങ്ങളെ ഇപ്പോൾ മലയാളി ആശ്രയിക്കുന്നത് ചരമകോളം നോക്കുന്നതിനുവേണ്ടി മാത്രമാണ്. ആ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന ബാക്കിയെല്ലാവാർത്തകളും പച്ചക്കള്ളമാണ്. ചരമകോളത്തിൽത്തന്നെ ഈയടുത്തിടെ ശ്രദ്ധേയമായ ഒരു കാര്യം കണ്ടു. 'പരേതൻ നിര്യാതനായിട്ടില്ല' എന്ന് പിറ്റേദിവസത്തെ പത്രത്തിൽ തിരുത്ത് വന്നത് കാണാനിടയായി. സാധാരണഗതിയിൽ ചരമകോളത്തിൽ അങ്ങനെ സംഭവിക്കാറില്ല. മരിക്കുന്നതിന് മുമ്പ് ഫോട്ടോ പ്രസിദ്ധീകരിച്ചതിനുശേഷം 'പരേതൻ നിര്യതനായിട്ടില്ല' എന്ന് പിറ്റേദിവസത്തെ പത്രത്തിൽ തിരുത്ത് നൽകുന്ന ചില പത്രങ്ങൾ ഈ മുന്നണിക്കും രാഷ്ട്രീയ നിലപാടുകൾക്കുമെതിരെ നടത്തിക്കൊണ്ടിരിക്കുന്ന ഏറ്റവും നിഷ്ഠൂരമായ നടപടികളുടെ ഭാഗമാണ് കേരളത്തിൽ പുതിയ സമീപനങ്ങളൊന്നും കടന്നുവരരുത് എന്ന് നിഷ്കർഷിച്ചുകൊണ്ട് പ്രതിപക്ഷത്തിന്റെ പിന്തുണയോടെ ഇപ്പോൾ

നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ. ശ്രീമതി സുനിത വില്യംസും ശ്രീ. ബുച്ച് വിൽമോറും തിരികെ ഭൂമിയിലെത്തിയതിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ഞാൻ പ്രസംഗം ആരംഭിച്ചത്. അവരെ ഭൂമിയിലേക്ക് തിരികെ കൊണ്ടുവരാൻ പുതിയ സ്പേസ് റിസർച്ച് നടത്തുന്ന ശ്രീ. ഇലോൺ മസ്കിന്റെ ഇന്റർനെറ്റ് സംവിധാനം പുതിയപേരിൽ ഇന്ത്യയിലേക്ക് വരുന്നുവെന്നാണ് കേൾക്കുന്നത്. അങ്ങനെ വന്നാൽ, ഇന്ന് 1200 രൂപയും 500 രൂപയുമൊക്കെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇന്റർനെറ്റിന് ആഗോളാടിസ്ഥാനത്തിൽ പതിനായിരത്തിലേറെ രൂപ ചെലവാക്കേണ്ടിവരുമെന്നാണ് ശ്രീ. ഇലോൺ മസ്കിന്റെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ വ്യക്തമാക്കുന്നത്. അതിനെ പ്രതിരോധിക്കുന്നതിനായി കേരളം സ്മാർട്ട് ഫോണിന്റെ ഉൽപാദനത്തിലും ഉപയോഗത്തിലും സാർവജനികമായ പശ്ചാത്തലമൊരുക്കുകയും പാവപ്പെട്ടവരിലേയ്ക്കുകൂടി അത് എത്തിക്കുന്നതിന് കെ-ഫോൺ സംവിധാനം കൊണ്ടുവരികയും ചെയ്തു. സ്റ്റാർലിങ്ക് വരുന്നതിന് മുമ്പുതന്നെ കേരളത്തിലെ പാവപ്പെട്ടവർക്ക് എല്ലാ തലത്തിലുമുള്ള സംരക്ഷണം നൽകുന്നതിനായുള്ള നവസംരംഭങ്ങൾ കൊണ്ടുവരാനാവശ്യമായ എല്ലാ

പശ്ചാത്തലവുമൊരുക്കുന്ന കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ധനാഭ്യർഥനകളെയും 2025-ലെ കേരള ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന തീരുമാനത്തെയും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഇന്ന് ശ്രീമതി സുനിത വില്യംസ് ഭൂമിയിൽ തിരിച്ചെത്തിയതിലെ സന്തോഷം സഭ രേഖപ്പെടുത്തുകയുണ്ടായി. അതോടൊപ്പം ഇന്ന് നമുക്ക് വേദനയുടെ ദിവസം കൂടിയാണ്. അമേരിക്കയുടെ ഹുങ്ക് ഉപയോഗപ്പെടുത്തി നിരപരാധികളായ പലസ്തീൻകാർക്കുനേരെ വ്യാപകമായി ബോംബ് വർഷിച്ചതിന്റെഫലമായി ചില പത്ര റിപ്പോർട്ടുകളനുസരിച്ച് ഏകദേശം ആയിരം ആളുകൾ മരണപ്പെട്ട ദിവസംകൂടിയാണിന്ന്. അതിൽ നമ്മുടെ വേദനയും ഞാൻ ഇതോടൊപ്പം പങ്കുവയ്ക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനകാര്യ ബില്ലിനോടനുബന്ധിച്ച് ഭരണപക്ഷത്തുനിന്നും സാധാരണഗതിയിലുണ്ടാകുന്നതുപോലെ വിമർശനങ്ങൾ ഇന്നും

ഉയർന്നുവരികയുണ്ടായി. കേന്ദ്രത്തിനെതിരായി പാർലമെന്റ് അംഗങ്ങൾ ശബ്ദിക്കുന്നില്ല എന്നതാണ് പ്രധാനപ്പെട്ട അപവാദം. കേരളത്തോടുള്ള അവഗണനയെന്നത് എൽ.ഡി.എഫ്. ഗവൺമെന്റിനോടുള്ള അവഗണനയല്ല; കേരളത്തിലെ ജനങ്ങളോടുള്ള അവഗണനയാണത്. അതുസംബന്ധിച്ച ബോധ്യം യു.ഡി.എഫ്. എം.പി.-മാർക്കുണ്ട്. വയനാട് ദുരന്തം സംബന്ധിച്ച് ആദ്യം പ്രസംഗിച്ച അംഗം സൂചിപ്പിക്കുകയുണ്ടായി. നാം മനസ്സിലാക്കേണ്ട ഒരു കാര്യം, വയനാട് ദുരന്തത്തിനുശേഷം അതുമായി ബന്ധപ്പെട്ട വിഷയത്തിൽ പാർലമെന്റിൽ വയനാട് എം.പി.-യുടെ നേതൃത്വത്തിൽ ഭരണകക്ഷി എം.പി.-മാരും യു.ഡി.എഫ്. എം.പി.-മാരും ഉൾപ്പെടെയുള്ള എല്ലാ കക്ഷികളും ഒരുമിച്ചാണ് പ്രതിഷേധമുയർത്തിയത്. എല്ലാവരും ഒരുമിച്ച് പാർലമെന്റിന് പുറത്ത് സത്യാഗ്രഹം നടത്തുകയുമുണ്ടായി. അക്കാര്യങ്ങളൊന്നും മറച്ചുവയ്ക്കരുത്. പാർലമെന്റ് നടപടികൾ സംബന്ധിച്ച് പ്രാഥമിക വിവരമുണ്ടായിരുന്നെങ്കിൽ അവർ ഇത്തരത്തിൽ സംസാരിക്കില്ലായിരുന്നു. ഇങ്ങനെ പല സംഭവങ്ങളുമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുസംബന്ധിച്ച് ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞല്ലോ. ഞങ്ങളുടെ

അംഗം അഡ്വ. ഹാരിസ് ബീരാൻ രാജ്യസഭയിലുണ്ട്. കേരളത്തോട് കാണിക്കുന്ന അവഗണയ്ക്കും ഭരണസംവിധാനത്തെ തകർക്കുന്നതിനുമെതിരായി അദ്ദേഹം അതിശക്തമായ നിലപാട് സ്വീകരിച്ച് സംസാരിച്ചിട്ടുണ്ട്. പാർലമെന്റിനകത്ത് നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. കാരണം എൽ.ഡി.എഫ്. ഗവൺമെന്റിനോടുള്ള വിരോധമല്ല; കേരളത്തോടുള്ള അവഗണനയാണ് എന്ന രീതിയിലാണ് ഞങ്ങൾ ഇതിനെ കാണുന്നത്. അതുകൊണ്ട് ഇത്തരത്തിലുള്ള പരാമർശങ്ങൾ കഴിവതും ഒഴിവാക്കേണ്ടതാണ്. ജി.എസ്.ടി. സംവിധാനം നിലവിൽ വന്നതോടുകൂടിയാണ് സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിച്ചതെന്ന് നമുക്കറിയാം. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളോ ബുദ്ധിമുട്ടുകളോ നാം മുൻകൂട്ടി കണ്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അന്നതിനെ സഹർഷം സ്വാഗതം ചെയ്യുന്ന സ്ഥിതിവിശേഷമാണുണ്ടായിരുന്നത്. ഇപ്പോൾ അഞ്ച് വർഷത്തേയ്ക്കുള്ള കോമ്പൻസേഷൻ ലഭിച്ചു. എല്ലാ രീതിയിലും വളരെ പ്രയാസത്തിലേയ്ക്കുപോകുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഈ സാമ്പത്തിക വർഷം നല്ലൊരു

സേഫ് ലാൻഡിങ് ഉണ്ടാകുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. അത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. എല്ലാ മേഖലകളിലും വ്യാപകമായി കുടിശ്ശികയുണ്ട്. ആ കാര്യം സംബന്ധിച്ച് പറയുന്നേയില്ല. സർക്കാർ ജീവനക്കാർക്ക് നൽകാനുള്ള ഭീമമായ സംഖ്യ കുടിശ്ശികയാണ്. കാരുണ്യ ആരോഗ്യ പദ്ധതി, വിവിധ ക്ഷേമ പദ്ധതികൾ, വയോമിത്രം പോലുള്ള സ്കീമുകൾ, ഉച്ചഭക്ഷണത്തിന്റെ കുടിശ്ശിക, കുടുംബശ്രീ നടത്തുന്ന ഹോട്ടലുകൾക്ക് നൽകുന്ന സബ്സിഡി, കാർഷിക മേഖലയിലെ വിവിധ പദ്ധതികളിലെ കുടിശ്ശിക, നെല്ല് സംഭരണത്തിന്റെ കുടിശ്ശിക, മരുന്ന് കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക, സപ്ലൈകോ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക, പി.ഡബ്ല്യൂ.ഡി. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക, ജൽജീവൻ പദ്ധതിയുടെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എന്നിങ്ങനെ വിവിധ മേഖലകളിൽ കുടിശ്ശിക നിലനിൽക്കെയാണ് ഒരു സേഫ് ലാൻഡിങ് ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. അദ്ദേഹത്തിന്റെ വിശ്വാസം അദ്ദേഹത്തെ രക്ഷിക്കട്ടെയെന്നേ ഞാൻ പറയുന്നുള്ളൂ. ബജറ്റിൽ നാം പാസാക്കിയ തുക അൻപത് ശതമാനം

വെട്ടിക്കുറച്ചിരിക്കുകയല്ലേ. നിയമസഭ ബജറ്റ് തയ്യാറാക്കി, അത് ചർച്ച ചെയ്ത് പാസാക്കി അവസാന ഘട്ടത്തിലെത്തുമ്പോൾ തുക വെട്ടിക്കുറയ്ക്കുകയാണ്. അതിന്റെ ഫലമായി എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ നിശ്ചലമാകുകയും വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇതെല്ലാം നാം കാണുന്ന കാര്യമാണ്. അടുത്ത സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഇത്തരത്തിൽ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഈ സഭയിൽ ഉറപ്പ് നൽകാൻ കഴിയുമോ? അതിന് കഴിഞ്ഞില്ലെങ്കിൽ നമുക്ക് അതിന്റേതായിട്ടുള്ള ബുദ്ധിമുട്ട് നേരിടും. നമ്മുടെ കേരളം വലിയൊരു വിപത്തിലേക്ക് പോകുന്ന ഘട്ടത്തിലാണ്. ഇവിടെയുള്ളവർ പഠനത്തിനും തൊഴിലിനുംവേണ്ടി യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് പോകുന്നുണ്ട്. ഇവരെല്ലാം അടുത്ത ഏതാനും വർഷങ്ങൾകൊണ്ട് തിരിച്ചുവരുന്ന ഘട്ടത്തിലാണ്. എ.ഐ. (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) വന്നതോടുകൂടി അനേകം കമ്പനികൾ തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഇനിയും തൊഴിലാളികളെ പിരിച്ചുവിടാൻ കമ്പനികൾ തീരുമാനമെടുത്തുകൊണ്ടിരിക്കുകയാണ്. ഗൾഫ് മേഖലയിലുണ്ടായിട്ടുള്ള

തൊഴിലില്ലായ്മയുടെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട എത്രയോ വ്യക്തികൾ തിരിച്ചുവരുന്നു. ഇതിലൂടെ കേരളത്തിന് പ്രയാസകരമായ സ്ഥിതിവിശേഷമുണ്ടാകും. ഇക്കാര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കേരളം വലിയ അപകടത്തിലേയ്ക്കെത്താനുള്ള സാധ്യതയുണ്ട്. അങ്ങനെ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നവരുടെ ഉത്തരവാദിത്വം നാം ഏൽക്കേണ്ടിവരും. ഇത്തരത്തിൽ ചെറുപ്പക്കാർക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമായാൽ അവർക്കിടയിൽ ലഹരി ഉപയോഗവും മറ്റും വർധിച്ച് കേരളം പ്രയാസകരമായ സ്ഥിതിവിശേഷത്തിലേയ്ക്കെത്തും. അതുപോലെതന്നെ നമുക്കറിയാം, ജനസംഖ്യാനുപാതികമായാണ് കേരളത്തിന് പദ്ധതി വിഹിതമെല്ലാം ലഭിച്ചുകൊണ്ടിരിക്കുന്നത്. ശിശുനിരക്ക് കുറയുകയും വൃദ്ധന്മാർ വർധിക്കുകയും ചെയ്യുന്ന ഒരു പ്രത്യേക പ്രതിഭാസമാണ് കേരളത്തിൽ ഇപ്പോഴുള്ളത്. ധനകാര്യ കമ്മീഷന്റെ ഈ സ്ഥിതിവിശേഷത്തിൽ നമുക്ക് ലഭ്യമാകാൻപോകുന്ന പ്രയാസങ്ങളെ നാം എങ്ങനെ നേരിടുമെന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. ഗവൺമെന്റ് പ്രഖ്യാപിച്ച ചില കാര്യങ്ങളിൽ കാര്യമായ നടപടി

എടുത്തതുകൊണ്ടാണ് ജനസംഖ്യ ഇവിടെ കുറവുവന്നത്. പക്ഷെ അത് പരിഹരിക്കാതെ ജനസംഖ്യാനുപാതികമായ സംവിധാനം വരുമ്പോൾ നമുക്ക് ബുദ്ധിമുട്ട് വരാം. ഇപ്പോൾ നിയോജകമണ്ഡലങ്ങൾ പുനർവിഭജിക്കാൻ പോകുകയാണ്. അത് നടക്കുമ്പോഴും ജനസംഖ്യയാണ് പ്രധാനപ്പെട്ട മാനദണ്ഡം. അങ്ങനെവരുമ്പോൾ ഹിന്ദി ബെൽറ്റിലെ സ്റ്റേറ്റുകൾക്ക് കാര്യമായ ഗുണമുണ്ടാകുകയും നമുക്ക് വളരെയധികം പ്രയാസകരമായ സ്ഥിതിയുണ്ടാകുകയും ചെയ്യും. അതുപോലെ വയോജനങ്ങളെ ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ടാകുകയാണ്. അതൊരു സാമൂഹികപ്രശ്നമായി നമ്മൾ ഏറ്റെടുക്കേണ്ടിവരും. അതിനുവേണ്ടി പ്രത്യേക പല പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അതൊന്നും ശരിയായ രീതിയിൽ നടന്നുവരുന്നില്ലെന്നാണ് എന്റെ വാദം. 'വയോമിത്രം' പദ്ധതിയുണ്ട്, അതിൽ പണം കൊടുക്കാത്തതുകൊണ്ട് ഡോക്ടർമാരും നഴ്സുമാരും പിന്മാറുകയാണ്. അവിടെ അവർക്കുള്ള മരുന്നുകൾ നൽകുന്നില്ല. അതുകൊണ്ട് വയോജനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം വളരെ ഗൗരവകരമായി ബാധിക്കുന്ന സാഹചര്യത്തിലേക്കാണ് പോകുന്നത്. ജനസംഖ്യയെ സംബന്ധിച്ച്

പറയുമ്പോൾ, ഇന്ന് മലയാള മനോരമയിൽവന്ന വാർത്തയാണ് ചൈനയിലെ സ്വയംഭരണ പ്രദേശമായ ഇന്നർ മംഗോളിയയുടെ തലസ്ഥാന നഗരമായ ഹോഹോട്ട് എന്ന സ്ഥലത്ത് ആദ്യ സന്താനത്തിന് പതിനായിരം യുവാൻ, രണ്ടാമത്തെ കുട്ടിക്ക് വർഷംതോറും പതിനായിരം യുവാൻ എന്നിങ്ങനെ ആനുകൂല്യങ്ങൾ നൽകുമെന്നത്. ചൈനയിലെ യുവജനങ്ങളിൽ അഞ്ചിൽ ഒരാൾ മാത്രമേ വിവാഹത്തിന് തയ്യാറാകുന്നുള്ളൂ. രാജ്യത്തിന്റെ ജനസംഖ്യ തുടർച്ചയായി മൂന്നാം വർഷവും താഴേക്കാണ്. ഇതെല്ലാം കണ്ടുകൊണ്ട് പുതിയ പാക്കേജ് നടത്തുകയാണ്. ഇന്ത്യയിൽ കേരളത്തിലും ഇതേസ്ഥിതി വരാൻപോകുകയാണ്. ഇപ്പോൾ എല്ലാ വീടുകളിലും വൃദ്ധന്മാരായി ഒരു പുരുഷനും സ്ത്രീയുമുണ്ടാകും. കുട്ടികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ചൈനയിലുണ്ടായ സ്ഥിതി നമ്മുടെ കേരളത്തിൽ വരാനിരിക്കുകയാണ്. കേരളത്തിൽ പത്തിരുപത് വർഷം കഴിയുമ്പോൾ നമ്മെ ബാധിക്കുന്ന ഗൗരവകരമായ പ്രശ്നമായിരിക്കും ഈ ജനസംഖ്യാ നിയന്ത്രണത്തിന്റെ ഫലമായുണ്ടാകുന്നത്. ഇതിനെയൊക്കെ നേരിട്ടില്ലെങ്കിൽ അത് പ്രയാസകരമാണെന്നാണ് എനിക്ക് പറയാനുള്ളത്.

ഒരു കാര്യംകൂടി ഞാൻ പറയട്ടെ, എന്റെ മണ്ഡലത്തിൽ ഏതാനും ദിവസങ്ങൾക്കുമുമ്പ് രണ്ട് ചെറുപ്പക്കാരെ പോലീസ് പിടിച്ചുകൊണ്ടുപോയി. അവരുടെ പേരിൽ എന്ത് കേസാണുള്ളതെന്ന് അറിയില്ല. രാഷ്ട്രീയമായി സമരത്തിൽ പങ്കെടുത്ത കേസുണ്ട്. പക്ഷെ അർധരാത്രി തിരൂരങ്ങാടി സ്റ്റേഷൻ പരിധിക്ക് പുറത്തുള്ള താനൂർ ഡിവൈ.എസ്.പി. അടക്കമുള്ള പോലീസുകാർവന്ന് അവരെ പിടിച്ചുകൊണ്ടുപോകുകയാണ് ചെയ്തത്. ഞങ്ങളുടെ പ്രധാനപ്പെട്ട പ്രവർത്തകരായ സി. എച്ച്. അബൂബക്കർ സിദ്ദിഖ്, മുനിസിപ്പൽ വൈസ് ചെയർമാൻ കൂടിയായിരുന്ന എം. അബ്ദുറഹമാൻ കുട്ടി എന്നിവരെയാണ് പിടിച്ചുകൊണ്ടുപോയത്. സാധാരണനിലയിൽ അവർ പോലീസുമായി ബന്ധപ്പെടുന്ന ആളുകളാണ്. എന്നിട്ടും രാത്രി വീട്ടിൽ കയറി ഭീകരാന്തരീക്ഷമുണ്ടാക്കി അറസ്റ്റ് ചെയ്യാനുള്ള നീക്കം നടത്തി. ഇതിനെതിരായി എസ്.പി.-യെ കണ്ടെങ്കിലും അവർക്കൊന്നും മറുപടി നൽകാൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ സബ്മിഷൻ അവതരിപ്പിക്കാൻ അവസരം ലഭിക്കാത്തതുകൊണ്ടാണ് ഞാൻ ഈ സഭയിൽ ഇക്കാര്യം പറയുന്നത്.

ഇക്കാര്യത്തിൽ നടപടി എടുക്കാനുള്ള തീരുമാനമുണ്ടാകണം എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കഥകളിയുടെ ഉപജ്ഞാതാവ് കൊട്ടാരക്കര തമ്പുരാനാണ്. അതിന്റെ പിന്നിലൊരു കാരണമുള്ളത്, കോഴിക്കോട് സാമൂതിരിയോട് അന്നത്തെ തിരുവിതാംകൂർ ഭാഗത്തേക്ക് കൃഷ്ണനാട്ടം അയയ്ക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ തിരുവിതാംകൂർകാർക്ക് അത് മനസ്സിലാകില്ലെന്ന് പറഞ്ഞുകൊണ്ട് അയച്ചില്ല എന്നും അതിന്റെ പ്രതികാരമെന്ന നിലയിലാണ് പിന്നീട് കൊട്ടാരക്കര തമ്പുരാൻ കഥകളി എന്ന കേരളത്തിന്റെ തനതായ കലാരൂപത്തെ ആവിഷ്കരിച്ചതെന്നുമുള്ള ഒരു ഐതിഹ്യമുണ്ട്. ഞാനിത് പറയാൻ കാരണം, കൊട്ടാരക്കരയുടെ പ്രതിനിധികൂടിയായ ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രം നമുക്ക് ഒന്നും തരുന്നില്ലെങ്കിൽപ്പോലും അതിൽ പഴിപറഞ്ഞിരിക്കുന്നതിനപ്പുറത്തേക്ക് തന്റേതായ ഒരു വഴി വെട്ടിത്തുറന്നുകൊണ്ട് കേരളത്തിന്റെ സമഗ്രമായ വികസനത്തിന് പന്ഥാവ് ഒരുക്കുകയും ഒരുപക്ഷെ ഒരു കേരള മോഡലിന്റെ

ഭാഗമെന്നനിലയിൽ രൂപപ്പെടുത്തി ഒരു മികച്ച ധനകാര്യ മാനേജ്മെന്റാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതെന്ന് പറയാൻ വളരെയേറെ സന്തോഷമുണ്ട്. നമ്മൾ കേന്ദ്ര ഗവൺമെന്റിനെ കുറ്റം പറയുമ്പോഴും തന്നില്ലെങ്കിൽ വേണ്ട, പക്ഷെ നമുക്ക് നമ്മുടേതായ ഒരു നിലപാടിൽ നിന്നുകൊണ്ട് ആത്മവിശ്വാസത്തോടെ മുമ്പോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. വളരെ പരിമിതമായ സാഹചര്യത്തിലാണ് നാമിപ്പോഴുള്ളത്. ജി.എസ്.ടി. വന്നതിനുശേഷമുള്ള ഗവൺമെന്റിന്റെ ടാക്സ് പ്രൊപ്പോസലിന് പരിമിതികളുണ്ട്. ഏതായാലും വളരെ ലിമിറ്റഡായ ഒരു അന്തരീക്ഷത്തിൽ മാത്രമേ ചെയ്യാൻ കഴിയൂ. പക്ഷെ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരുകാര്യം, ഈ സാമ്പത്തിക ഉപരോധമൊക്കെ നടക്കുമ്പോഴും ജനങ്ങൾക്ക് അധികം നികുതിഭാരം അടിച്ചേൽപ്പിക്കാതെയുള്ളൊരു ബില്ലാണ് സത്യത്തിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കാരണം വികസന ക്ഷേമപ്രവർത്തനങ്ങൾ നമുക്ക് തുടരാതിരിക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 73 ശതമാനത്തോളം നമ്മുടെ തനത് വരുമാനമാണ്. തനത്

നികുതിയാകട്ടെ മൊത്തം റവന്യൂ വരുമാനത്തിന്റെ 60 ശതമാനവും. 2015-16-ൽ 39,004 കോടി രൂപ മാത്രമായിരുന്ന കേരളത്തിന്റെ തനത് നികുതി വരുമാനമെങ്കിൽ 2025-26 ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഇത് 91,515 കോടി രൂപയായി ഉയരുകയാണ്. അതായത് ഈ പ്രതിസന്ധികൾക്കിടയിലും ഒൻപത് വർഷംകൊണ്ട് തനത് നികുതി വരുമാനത്തിൽ ഏകദേശം 120 ശതമാനത്തോളം വർധനയുണ്ടായെന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ധനകാര്യ മാനേജ്മെന്റിന് ഏറ്റവും മികച്ച ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. സമയപരിമിതിമൂലം ആ കണക്കുകളിലേക്ക് പോകുന്നില്ല. മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കേന്ദ്ര നികുതിവിഹിതത്തിന്റെ കാര്യത്തിൽ ഗണ്യമായ കുറവാണ് നമുക്കുണ്ടായത്. ഏറ്റവും ദുഃഖകരമായ കാര്യമാണത്. ഞാനിതുമായി ബന്ധപ്പെട്ട ഒരു ലഘുലേഖ നേരത്തെ ഇറക്കിയിട്ടുണ്ട്. നമുക്ക് കിട്ടുന്ന ഷെയർ എപ്പോഴും കുറവാണ്. മാത്രമല്ല, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കി, വായ്പാ നിയന്ത്രണമേർപ്പെടുത്തി. അങ്ങനെ ഒരുവിധത്തിലും പിടിച്ചുനിൽക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ടായിട്ടും തനത് വരുമാനത്തിലുണ്ടായ

വർധനയാണ് സംസ്ഥാനത്തെ പിടിച്ചുനിർത്തിയതിൽ ഏറ്റവും പ്രധാനപ്പെട്ടൊരുകാര്യമെന്ന് പറയാതിരിക്കാൻ കഴിയില്ല.

മാത്രമല്ല, എപ്പോൾ ബജറ്റ് വന്നാലും എന്തെങ്കിലും പരാതികളുമായി വ്യാപാരികൾ ബഹളമുണ്ടാക്കുന്ന കാലമുണ്ടായിരുന്നു. വ്യാപാരി സമൂഹത്തെ സംബന്ധിച്ചിടത്തോളം അവർ വളരെയധികം സംതൃപ്തരാണ്. അവർക്ക് ആകെയുള്ള പരാതി രണ്ട് കാര്യങ്ങളിലാണ്. അത് ബഹുമാനപ്പെട്ട മന്ത്രി ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കേണ്ട പ്രധാനപ്പെട്ട ഒരു വിഷയമാണ്. വാടകയുടെ ജി.എസ്.ടി. വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. Composition Scheme-കാരെ ഒഴിവാക്കിയിട്ടുണ്ട്. പക്ഷെ Regular Scheme-ലുള്ളവരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ഹോട്ടൽ വ്യവസായികളാണ്. അവർക്ക് ഇൻപുട്ട് ഇല്ല, ഇൻപുട്ട് ഇല്ലാത്തിടത്തോളം അവർ കൊടുക്കുന്ന ജി.എസ്.ടി. യാതൊരുവിധത്തിലും തിരിച്ചുകിട്ടാനുള്ള സാധ്യതയില്ല, അതുകൊണ്ട് അവർക്ക് ക്ലെയിം ചെയ്യാൻ കഴിയില്ല എന്നതും പ്രധാനപ്പെട്ട വിഷയമാണ്. എന്റെ അച്ഛൻ എനിക്ക് വാടകയ്ക്ക് സ്വന്തം കെട്ടിടം തന്നാൽപോലും അതിന് താരിഫ്

വിലയനുസരിച്ച് കൊടുക്കണമെന്ന നിലപാടാണ്. സത്യത്തിൽ അത് വളരെ ദുഃഖകരമാണ്.

അതുപോലെ ട്രാൻസ്പോർട്ട് മേഖലയിലെ നികുതിയുമായി ബന്ധപ്പെട്ട കാര്യം, നേരത്തെ പുഷ് ബാക്ക് സീറ്റ് വച്ചിട്ട് നോൺ പുഷ് ബാക്ക് സീറ്റിന്റെ ടാക്സ് കൊടുക്കുക എന്നുള്ള തന്ത്രമായിരുന്നു ടാക്സ് ഒഴിവാക്കാനായി നടത്തിയിരുന്നത്. ഇപ്പോഴത് ഏകീകരിച്ചതോടുകൂടി അതിന് സെലക്ഷനില്ലാതായി. അതുകൊണ്ട് ഒരേ ശതമാനത്തിൽതന്നെ അടയ്ക്കുക എന്നതുകൊണ്ട് ഗവൺമെന്റിന്റെ നികുതി നഷ്ടം കുറഞ്ഞു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഇലക്ട്രോണിക് കാറിന്റെ കാര്യത്തിൽ, ബാറ്ററി റെന്റൽ സംവിധാനത്തിൽ ബാറ്ററിയുടെ വിലയിൽ മാറ്റംവരുത്തിക്കൊണ്ട് ഗവൺമെന്റിന് കിട്ടാവുന്ന വരുമാനം ഇല്ലാതാക്കുക എന്നതാണ് ബോധപൂർവം അവർ കാണിച്ച ഏറ്റവും വലിയ തന്ത്രം. ഇപ്പോൾ ഏത് രീതിയിലാണെങ്കിലും അത് പത്ത് ശതമാനമായി ഏകീകരിച്ചു. ഇത് ഗവൺമെന്റ് ചെയ്ത നല്ലൊരു നിലപാടാണിതെന്ന് പറയാതിരിക്കാൻ കഴിയില്ല. ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ ഗവൺമെന്റിന്റെ വരുമാനം വർധിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള മികച്ച

മാനേജ്മെന്റിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നതെന്നാണ് ഞാൻ സൂചിപ്പിച്ചത്. ഈ നികുതി നിർദ്ദേശങ്ങൾ ജനങ്ങൾക്ക് വലിയ ഭാരം ഏൽപ്പിക്കുന്നില്ലെന്ന് പറയാതിരിക്കാൻ കഴിയില്ല. പൂവിൽനിന്ന് തേനെടുക്കുന്ന വണ്ടിന്റെ അതേ സ്വഭാവത്തിൽ വലിയ വേദനയില്ലാതെ അതെടുക്കാൻ കാണിച്ച വലിയൊരു ഫിനാൻഷ്യൽ മാനേജ്മെന്റിനെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. യു.ഡി.എഫ്. എം.എൽ.എ.-യായ ശ്രീ. എം. വിൻസെന്റ് പ്രസംഗിക്കുന്നത് കേട്ടപ്പോൾ പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലെ വരികളാണ് ഓർമ്മവന്നത്. ജ്ഞാനപ്പാനയിലെ വരികളിതാണ്.

"വിത്തത്തിലാശപറ്റുക ഹേതുവായ്
സത്യത്തെ ത്യജിക്കുന്നു ചിലരഹോ!"

എന്നാണ് നൂറ്റാണ്ടുകൾക്കുമുമ്പ് പൂന്താനം ജ്ഞാനപ്പാനയിൽ പറയുന്നത്. ശ്രീ. എം. വിൻസെന്റിന് അത് തമിഴിൽ പറയാൻ അറിയാമോയെന്ന് അറിയില്ല. ഞങ്ങൾക്കത് അറിയാത്തതുകൊണ്ടാണ് തമിഴിൽ പറയാത്തത്. തമിഴിൽ

പറയുകയാണെങ്കിൽ കേൾക്കാൻ സുഖമുള്ള കാര്യമാണ്. മനസ്സിലെ ആഗ്രഹംവച്ച് സത്യത്തെ ത്യജിക്കുന്ന നിലയിലുള്ള നിലപാട് യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ് ആ പ്രസംഗത്തിലുടനീളം കാണുന്നത്. അദ്ദേഹം പറഞ്ഞിട്ടുള്ളതിനെല്ലാം മറുപടി പറയാനല്ല ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതികളോരോന്നിനെക്കുറിച്ചും നിരവധി ഘട്ടങ്ങളിൽ സഭയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്. അതിന്റെ ഗുണഭോക്താക്കളാണ് യു.ഡി.എഫ്. എം.എൽ.എ.-മാർ. സി.പി.ഐ.(എം.)-ന്റെ പാർട്ടി ഓഫീസ് എടുക്കുന്നതിന്റെ ശുഷ്കാന്തി നാടിന്റെ വികസനത്തിൽ പ്രകടിപ്പിച്ചിരുന്നെങ്കിൽ കേരളം എത്രമാത്രം മുന്നോട്ടുപോകുമായിരുന്നുവെന്നാണ് പ്രതിപക്ഷം ഇവിടെ സൂചിപ്പിച്ചത്. അസൂയപ്പെട്ടിട്ട് കാര്യമില്ല. മലബാറിൽനിന്ന് കേരളത്തിന്റെ രാഷ്ട്രീയരംഗത്ത് സൂര്യതേജസ്സോടെ വന്നിട്ടുള്ളയാളാണ് കെ.പി.സി.സി. പ്രസിഡന്റായിരുന്ന സി. കെ. ഗോവിന്ദൻ നായർ. അദ്ദേഹത്തിന്റെ പേരിൽ ഫണ്ട് പിരിച്ച് ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി ശ്രമം നടത്തിയ കോൺഗ്രസ്സിന്റെ ഗതി

നിലവിൽ എന്താണ്; സി.കെ.ജി.-യുടെ ഓഫീസ് എവിടെയുണ്ടെന്ന് പറയാൻ നിങ്ങൾക്ക് സാധിക്കുമോ; കേന്ദ്ര മന്ത്രിയായിരുന്ന സി. എം. സ്റ്റീഫന്റെ പേരിൽ കെട്ടിടനിർമ്മാണത്തിനായി പിരിച്ചിട്ടുള്ള ഫണ്ട് ഇപ്പോൾ എവിടെയാണുള്ളതെന്ന് ബഹുമാന്യരായ കോൺഗ്രസ് അംഗങ്ങൾക്ക് പറയാൻ സാധിക്കുമോ? നിങ്ങളുടെ തലവരയെഴുത്താണത്. എന്ത് ലക്ഷ്യം വച്ചാണോ നിങ്ങൾ ഫണ്ട് പിരിക്കുന്നത് ആ പ്രവൃത്തി ചെയ്യാതെ ഫണ്ട് ഒഴുക്കി കളയുകയും അവനവന്റെ കൈയിലേക്കെത്തുകയും ചെയ്യുന്നതിനെക്കുറിച്ച് നമുക്കറിയാവുന്നതാണ്. ഞങ്ങളുടെ നിലപാടിനെക്കുറിച്ച് നിങ്ങൾ അസൂയപ്പെട്ടിട്ട് ഒരു കാര്യവുമില്ല.

ശ്രീ. എൻ. കെ. അക്ബർ: സർ, കരുണാകരൻ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പേരിൽ............ (മൈക്ക് ഓഫ്)..........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം വഴങ്ങുന്നുണ്ടോ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ വഴങ്ങുന്നില്ല. കരുണാകരന്റെ പേരിലുള്ള സപ്തതി മന്ദിരം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ദുരുപയോഗം ചെയ്തതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചത് അതിനോട് ചേർത്ത് വായിക്കേണ്ട

കാര്യമാണ്. കോൺഗ്രസ്സിന്റെ ആളുകൾ അതുകൂടി പറയുന്നത് നല്ലതാണ്. അസൂയപ്പെട്ടിട്ട് കാര്യമില്ല. എ.കെ.ജി. പഠനഗവേഷണ കേന്ദ്രം ഇന്ന് എ.കെ.ജി. സെന്ററായി പ്രവർത്തിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഏകദേശം ആറ് ലക്ഷത്തോളം വരുന്ന അംഗങ്ങൾ പണം മുടക്കിയുണ്ടാക്കിയിട്ടുള്ളതാണ് തിരുവനന്തപുരത്തെ സി.പി.ഐ.(എം.)-ന്റെ സംസ്ഥാന കമ്മിറ്റി ഓഫീസ്. കേരളീയ സമൂഹത്തിന് മുമ്പിൽ അഭിമാനത്തോടുകൂടി ഞങ്ങൾ അത് സമർപ്പിക്കുവാൻ പോകുകയാണ്. അതുപോലെ സി.പി.ഐ.യുടെ ഓഫീസ്, ഈ നാടിന്റെയും ചരിത്രത്തിന്റെയും ഭാഗമാണ് എം.എൻ. സ്മാരകം. കോൺഗ്രസ് സുഹൃത്തുക്കൾ ആ സ്മാരകം പോയി കാണണം. ഞങ്ങൾക്ക് തിരുവനന്തപുരത്ത് മാത്രമല്ല ഡൽഹിയിലും എ.കെ.ജി. ഭവനുണ്ട്. എന്നാൽ അവിടെ സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്ന് പറയാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങൾ ഇപ്പോൾ പലസ്ഥലത്തും ഓഫീസുകൾ മാറിമാറി പോകുന്നുണ്ട്. തിരുവനന്തപുരത്ത് ഞങ്ങൾക്ക് എ.കെ.ജി. സെന്ററുണ്ട്. ഇത്തരത്തിൽ കമ്മ്യൂണിസ്റ്റുകാർ നാടിനുവേണ്ടി എല്ലാ സ്ഥലങ്ങളിലും പൊതുകേന്ദ്രമായി ഓഫീസുകൾ നിർമ്മിച്ചിട്ടുണ്ട്. അതിനെ ജനങ്ങളുടെ

സ്വത്തായിട്ടും ഈ നാടിന്റെ അഭിമാനകരമായ നിലയിലുള്ള ജനാധിപത്യപരമായ രാഷ്ട്രീയ പ്രവർത്തനത്തിന്റെ കേന്ദ്രവുമായാണ് ഞങ്ങൾ കാണുന്നത്. അതിന് നിങ്ങൾ അസൂയപ്പെട്ടിട്ട് എന്താണ് കാര്യം? നിങ്ങൾ തമിഴ്നാട്ടിൽ പോയി അവിടെ മെട്രോ ഉണ്ടായതും റോഡുകൾ വരുന്നതും എങ്ങനെയാണെന്ന് ചോദിക്കാതെ കേരളത്തിൽ നിന്നുകൊണ്ട് ദേശീയപാതയുണ്ടായത് എങ്ങനെയാണെന്ന് ചോദിക്കൂ. നിങ്ങളുടെ ഭരണകാലത്ത് പൂട്ടിക്കെട്ടിയതല്ലേ ദേശീയപാത 66. ഇന്ന് അതിന്റെ നിർമ്മാണം ഏറെക്കുറെ പൂർത്തിയാകുന്നു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റ് സമ്മേളനത്തിൽ പറഞ്ഞത് കാസർഗോഡുനിന്നും തിരുവനന്തപുരത്തേക്ക് അതിസുന്ദരമായ പ്രകൃതിയെ ആസ്വദിച്ചുകൊണ്ട് ദേശീയപാതയിലൂടെ കടന്നുവരാനുള്ള വഴി അടുത്ത ബജറ്റ് വരുന്നതിനുമുമ്പ് ഒരുങ്ങുകയാണെന്നാണ്. ദേശീയപാതയുടെ പ്രോഗ്രസ് റിപ്പോർട്ട് സഭയുടെ രേഖകളിൽ കാണാൻ കഴിയും. അതിനായി 5,800 കോടി രൂപ കേരളം ചെലവഴിക്കുകയും 79,000 കോടി രൂപ കേന്ദ്രത്തിൽനിന്നും വാങ്ങിക്കുകയും ചെയ്തു. അങ്ങനെയാണ് ദേശീയപാത പദ്ധതിയും വികസനകാര്യങ്ങളും

മുന്നോട്ടുപോകുന്നത്. അതുസംബന്ധിച്ച വിശദമായ പട്ടിക അവതരിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഒരുകാലത്തും കേരളത്തിൽ ഒരു ഗവൺമെന്റുണ്ടാക്കാൻ നിങ്ങൾക്കിനി കഴിയില്ലെന്ന വേവലാതിയോടുകൂടി ഇങ്ങനെ സത്യത്തെ ത്യജിച്ച്, കള്ളവും അസത്യങ്ങളും അർധസത്യങ്ങളും പറഞ്ഞ് മുന്നോട്ടുപോകുന്ന രീതി നിങ്ങൾ അവസാനിപ്പിക്കുന്നത് കേരളത്തിന്റെ നന്മയ്ക്ക് ഗുണംചെയ്യുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്നലെ മാധ്യമങ്ങളിൽ ഒരു വാർത്ത വന്നിരുന്നു; അക്കാര്യം ഈ സഭയിലും ഉന്നയിച്ചു. അതായത്, ശമ്പളം ലഭിക്കാൻ താമസിക്കും, ജീവനക്കാർ സഹകരിക്കണം എന്ന് നിയമസഭയിൽ തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി പറഞ്ഞു. അദ്ദേഹം ഏത് പാർട്ടിയുടെ ആളാണ്; അദ്ദേഹം പഴയകാലത്ത് ടി.ഡി.പി.-യിലാണെന്ന് പറയുന്നുണ്ടെങ്കിലും നിലവിൽ കോൺഗ്രസ്സിന്റെ യഥാർഥ നേതാവാണ്. അദ്ദേഹത്തെ ഏറ്റവും വലിയ ആളായി കേരളത്തിലെ പലസ്ഥലങ്ങളിലും പ്രതിപക്ഷം കൊണ്ടുനടന്നിട്ടുള്ളതാണ്. തെലങ്കാനയുടെ മുഖ്യമന്ത്രിയായ രേവന്ത് റെഡ്ഡി പറഞ്ഞ അതേ കാര്യം മുമ്പ് ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടുള്ളത് ഞങ്ങൾ മറക്കുകയില്ല. കേരളത്തിലെ ജീവനക്കാർക്ക് ശമ്പളം

നൽകുന്നത് എന്തിനാണെന്ന് ജീവനക്കാരോട് ചോദിച്ചിട്ടുണ്ട്. അധ്യാപകർ 150 ദിവസം ജോലി ചെയ്ത് 365 ദിവസത്തെ ശമ്പളം വാങ്ങിക്കുന്നുവെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടുണ്ട്. ഉമ്മൻ ചാണ്ടി അന്ന് യു.ഡി.എഫ്.-ന്റെ കൺവീനറായിരുന്നു. ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് കോവളത്ത് വച്ചുചേർന്ന ഒരു യോഗത്തിൽ എൺപതിനായിരം ജീവനക്കാരെയും അവരുടെ ശമ്പളവും വെട്ടിക്കുറയ്ക്കണമെന്നും അവർക്ക് ശമ്പളം നൽകേണ്ടതില്ലയെന്നും പറഞ്ഞ കാര്യം ഇന്ന് ഇന്ത്യയിലെ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമായ തെലങ്കാനയിലെ മുഖ്യമന്ത്രി രേവന്ത് റെഡ്ഡിക്കും പറയേണ്ടിവരുന്നു. കേന്ദ്രം ഞങ്ങളെ ഞെരുക്കുകയാണെന്നും ബുദ്ധിമുട്ടിക്കുകയാണെന്നും വികസന കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഒരു വഴിയുമില്ലാത്ത നിലയിൽ കാര്യങ്ങൾ പ്രയാസത്തിലാണ് നിൽക്കുന്നതെന്നുമാണ് അദ്ദേഹം പറയുന്നത്. ഇതുതന്നെയാണ് ഞങ്ങൾക്കും പറയാനുള്ളത്. കേന്ദ്രം കേരളത്തെ ഞെരുക്കിക്കൊണ്ടിരിക്കുന്നു. അതിനെതിരായി രേവന്ത് റെഡ്ഡി എടുക്കുന്ന നിലപാടിന്റെ വശത്ത് കേന്ദ്ര വിരുദ്ധസമരത്തിന്റെ വഴിയിൽ ഏതെങ്കിലും നിലയിൽ നിൽക്കുന്നതിന് കേരളത്തിലെ യു.ഡി.എഫ്.

സന്നദ്ധമാകുമോ/തയ്യാറാകുമോ? ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നിങ്ങൾ ഈ സഭയിൽ പറയേണ്ട ഒരു കാര്യമാണത്. തെലങ്കാനയിലേതുപോലെ നിങ്ങൾക്ക് പറയാൻ കഴിയില്ലെങ്കിലും നിങ്ങളുടെ സ്വപ്നങ്ങൾ സഫലമാകാത്തതിന്റെ വേവലാതികളോടെ പോകുമ്പോഴും കേരളത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റവും ഫലപ്രദമായി നടപ്പിലാക്കി മുന്നോട്ടുപോകുന്ന അനുഭവങ്ങളാണ് കണ്ടുകൊണ്ടിരിക്കുന്നത്.

ലാഭകരമല്ലെന്ന് പറഞ്ഞ് സ്കൂളുകൾ പൂട്ടുന്ന നിലപാട് കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. കേരളത്തിന്റെ വികസന കാര്യങ്ങളെയും നാടിന് ഗുണകരമാകുന്ന കാര്യങ്ങളെയും സംബന്ധിച്ച ഒരു പുസ്തകം യു.ഡി.എഫ്. സുഹൃത്തുക്കളെ കാണിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. നിങ്ങൾ ഈ പുസ്തകം വാങ്ങി വായിക്കണം (പുസ്തകം ഉയർത്തിക്കാണിച്ചു). ശ്രീ. പിണറായി വിജയൻ എഴുതിയ 'മുഖാമുഖം' എന്ന പുസ്തകം 2025 മാർച്ച് മാസം പ്രസിദ്ധീകരിച്ചതാണ്. കേരളത്തിന്റെ വികസന പ്രശ്നങ്ങളെ സംബന്ധിച്ച് വിവിധ ജനവിഭാഗങ്ങളുടെ അഭിപ്രായങ്ങൾ ആരാഞ്ഞ്, അവരോട് ജനാധിപത്യപരമായി ചർച്ച ചെയ്ത് കേരളം വികസനത്തിൽ എങ്ങനെ

മുന്നോട്ടുപോകണമെന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ടി പുസ്തകം. നിങ്ങൾ ആ പുസ്തകം വാങ്ങിച്ച് വായിക്കുന്നത് നല്ലതാണ്.

സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സമ്മേളനത്തെ സംബന്ധിച്ച് കേരളത്തിന്റെ മുന്നേറ്റങ്ങൾക്കുവേണ്ടിയുള്ള രേഖ അവതരിപ്പിച്ചുവെന്ന് നിങ്ങൾ പറയുകയാണ്. അത് ഞങ്ങളുടെ ചുമതലയും രാഷ്ട്രീയ ഉത്തരവാദിത്വവുമാണ്. കേരളം എങ്ങനെ മുന്നോട്ടുപോകണമെന്നും എങ്ങനെ വികസന ലക്ഷ്യം നേടിയെടുക്കാൻ കഴിയുമെന്നും അവ നേടിയെടുക്കുന്നതിനുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരെയും സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളുമായാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. കേരളത്തിലെ ഗവൺമെന്റ് വളരെ പരിമിതികൾക്കിടയിൽനിന്ന് ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ഉത്തരം നൽകിയിട്ടുണ്ട്. കഴിഞ്ഞ കുറച്ചുകാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചുവരുന്നുണ്ടെന്നത് വസ്തുതയാണ്. നോട്ട് നിരോധനം, പ്രകൃതിദുരന്തങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര ധനകാര്യ

കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ, സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ എന്നിവയെല്ലാം കേരളത്തിന്റെ സാമ്പത്തിക രംഗത്തെ ഞെരിച്ചുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് സാധാരണക്കാരെ ബാധിക്കാതെ ചെറിയ നികുതി പരിഷ്കരണം വരുത്തിക്കൂടാ എന്നതാണ് ഈ ധനകാര്യ ബിൽ മുഖ്യമായും മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിന്റെ ആവശ്യത്തിനും മുന്നേറ്റത്തിനും സാമ്പത്തിക സമാഹരണത്തിനുംവേണ്ടി നികുതി സമാഹരിക്കുകയെന്നത് കേരളത്തിലെ ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. കേരളത്തിന്റെ നികുതി വരുമാനത്തിൽ 15.85 ശതമാനത്തിന്റെ വർധനവ് ഈ കാലയളവിൽ നമുക്ക് നേടാൻ സാധിച്ചുവെന്നും നികുതിയേതര വരുമാനത്തിൽ 17.4 ശതമാനത്തിന്റെ വർധനവ് നേടിയെടുക്കാൻ സാധിച്ചുവെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞു. ഉയർന്ന പ്രതിശീർഷക വരുമാനമുള്ള ഇന്ത്യയിലെ സംസ്ഥാനമായി കേരളം

അഭിമാനത്തോടുകൂടി തലയുയർത്തി നിൽക്കുന്നു. ഈ പ്രയാസങ്ങൾക്കും ബുദ്ധിമുട്ടുകൾക്കുമിടയിൽ കേരളം എങ്ങനെയാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നതെന്ന കാര്യങ്ങളാണ് ധനകാര്യ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ട് കേരളത്തിന്റെ വികസനത്തിനും മുന്നേറ്റത്തിനും കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഗുണകരമായ നിലയിൽ കാര്യങ്ങൾ നിർവഹിച്ചുപോരുന്നതിന് ചെറിയ നികുതി വർധനവും അതുപോലെയുള്ള വരുമാന സ്രോതസ്സുകളും കണ്ടെത്തുന്നത് അത്യാവശ്യമാണ്. അക്കാര്യത്തിൽ എല്ലാവരുടെയും പിന്തുണയുണ്ടാകണം. അതുകൊണ്ട് ഈ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തോട് യോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, 2025-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. ആധുനിക കേരളത്തിന്റെ ശില്പിയായ ഇം.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഓർമ്മ ദിനമാണ് ഇന്ന്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ പ്രണാമം അർപ്പിക്കുന്നു. ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ കേരള മോഡലിന്റെ അടിത്തറയിൽനിന്നുകൊണ്ട്

നവകേരളത്തിലേയ്ക്കുള്ള ഉജ്ജ്വല പ്രയാണത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി നേതൃത്വം നൽകുന്ന പിണറായി വിജയൻ സർക്കാരെന്ന് ഈ അവസരത്തിൽ പ്രത്യേകമായി സൂചിപ്പിക്കാനാഗ്രഹിക്കുന്നു. മഹാനായ കവി വയലാർ രാമവർമ്മയുടെ കവിതയിൽ സൂചിപ്പിക്കുന്ന ചില വരികളാണിവ.

"ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ?
ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ!"

ഇടതുപക്ഷ ഭരണം കേരളത്തിന്റെ വിജയത്തിനായി സമസ്തമേഖലകളെയും ഒന്നാമതെത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. ഇവിടെ പ്രതിപക്ഷം വല്ലാത്തനിലയിൽ നിങ്ങൾ എന്ത് ചെയ്യുന്നു എന്നാവർത്തിച്ച് ചോദിക്കുന്നുണ്ട്. ഞങ്ങൾ നല്ലരീതിയിൽ ഇടപെട്ടുകൊണ്ടും എല്ലാവിഭാഗം ജനങ്ങളെയും ചേർത്തുപിടിക്കാൻ ശ്രമിച്ചുകൊണ്ടും അത് കൃത്യമായി ജനങ്ങൾക്ക് ബോധ്യപ്പെട്ടുകൊണ്ടുമാണ് കേരളത്തിൽ നിങ്ങൾക്ക് ഭരണം നൽകാതെ വീണ്ടും ഇടതുപക്ഷത്തിന് ഭരണം നൽകുന്ന നിലയിലേയ്ക്കുമാറിയത്. പ്രതിപക്ഷത്തിന് ഭരണം കൊടുത്താൽ സ്വാഭാവികമായും പാലാരിവട്ടം പാലം തകർന്നതുപോലെ അഴിമതിനിറഞ്ഞ

ഭരണമായി കേരളം മാറുമെന്നുള്ളത് ജനങ്ങൾക്കറിയാം. അങ്ങനെയുള്ള ഭരണമുണ്ടാകാതിരിക്കുന്നതിനും കേരളത്തെ മുന്നോട്ടുനയിക്കാനുംവേണ്ടിയാണ് ഇടതുപക്ഷത്തെ വീണ്ടും ഭരണമേൽപ്പിക്കുന്ന സാഹചര്യമുണ്ടായത്. ഒരു നവകേരള നിർമ്മിതിയിലേയ്ക്ക് സർക്കാർ കുതിക്കുകയാണ്. അതുമായി മുന്നോട്ടുപോകുമ്പോൾ കേന്ദ്ര ഗവൺമെന്റ് സാമ്പത്തികമായി വലിയ ഉപരോധം തീർക്കുന്ന വർത്തമാനകാല സാഹചര്യങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനും സാധിക്കുന്ന നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണ്. കേരളത്തെക്കുറിച്ച് പ്രതിപക്ഷം നേരത്തെ പാടിയതെന്താണ്? കേരളം ഒരു ശ്രീലങ്കയാകുമെന്ന് പ്രഖ്യാപിച്ചു. ഇങ്ങനെ പറഞ്ഞവരുടെ മോഹങ്ങൾക്ക് തീയിടുകയായിരുന്നു ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെന്നുള്ളത് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ശ്രീലങ്കയുടെ അവസ്ഥയെന്താണ്? ശ്രീലങ്കയാകുമെന്ന് പറഞ്ഞിടത്ത്, ശ്രീലങ്കയിൽ ഇടതുപക്ഷ മനോഭാവമുള്ള കമ്മ്യൂണിസ്റ്റ് അധികാരത്തിലേയ്ക്കുവരുന്ന സാഹചര്യമുണ്ടായി. നമ്മുടെ പ്രധാനമന്ത്രി കേരളത്തെക്കുറിച്ച് സൊമാലിയ എന്ന പരാമർശം നടത്തുകയുണ്ടായി. എന്താണ് പിന്നീട് കണ്ടത്? ആ

പ്രധാനമന്ത്രിതന്നെ കേരളം സന്ദർശിച്ചതിനുശേഷം, കേരളത്തിലെ ഭരണം രാജ്യത്തിന് മാതൃകയാണെന്ന് തിരുത്തിപറയേണ്ട അവസ്ഥയിലേയ്ക്കെത്തി. ഈ നിലയിലുള്ള മാറ്റങ്ങളാണ് കേരളത്തിൽ ഇടതുപക്ഷം സൃഷ്ടിച്ചത്. ഉയർന്ന പ്രതിശീർഷ വരുമാനമുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറി. 2023-24-ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജി.എസ്.ടി. സ്ഥിരവിലയിൽ 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി മാറുന്നു. ഇത് ദേശീയ ശരാശരിയെക്കാൾ ഏതാണ്ട് 1,26,000 രൂപ അധികമാണ്. കേരളം ഈ നേട്ടം കൈവരിക്കുന്ന സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനമെന്നുള്ളത്, ദേശീയ ശരാശരിയെക്കാൾ ഏതാണ്ട് 1.4 മടങ്ങായി വർധിക്കുന്ന സാഹചര്യമുണ്ടായി. സാക്ഷരത, ആയുർദൈർഘ്യം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, താഴ്ന്ന ജനനനിരക്ക്, കുറഞ്ഞ ശിശുമരണ നിരക്ക്, അതിദാരിദ്ര്യം തടയുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം പരിശോധിക്കുമ്പോൾ മാനവിക സൂചികയിൽ രാജ്യത്തിൽ ഒന്നാമതായി കേരളം മാറുന്ന സാഹചര്യമാണുണ്ടായത്. ഈ കാലഘട്ടത്തിലെല്ലാം പ്രകൃതിദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ

കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങൾ, അതുമൂലമുണ്ടായ നികുതി വരുമാനത്തിലെ കുറവ് എന്നിവയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നേരത്തെ നൂറുശതമാനം പണം ചെലവാക്കിയതിൽനിന്നും വ്യത്യസ്തമായി 40 ശതമാനവും അതിലധികവും സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ട സാഹചര്യം സൃഷ്ടിക്കപ്പെട്ടതും സർക്കാരിന്റെ വായ്പകളുമായി ബന്ധപ്പെട്ട് കടമെടുക്കുന്ന രീതിയിലേയ്ക്ക് കൊണ്ടുവന്നതും, വെട്ടിക്കുറവ് വരുത്തിയതും തുടങ്ങിയ സാമ്പത്തിക ഞെരുക്കങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴും അതിൽനിന്നെല്ലാം വ്യത്യസ്തമായി കേരളത്തെ ഏറ്റവും മികച്ച നിലയിലേയ്ക്ക് ഒന്നാമതെത്തിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഈ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ കാലഘട്ടത്തിൽ 3.88 ശതമാനമായിരുന്ന കേന്ദ്രവിഹിതം. അത് പതിനഞ്ചാം ധനകാര്യ കമ്മീഷനാകുമ്പോൾ ഏതാണ്ട് 1.92 എന്ന ഏറ്റവും കുറഞ്ഞ ശതമാനത്തിലെത്തുകയും അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം കുറയുന്ന സാഹചര്യവുമുണ്ടായി. 2021-22

കാലഘട്ടത്തിൽ 41 ശതമാനം കേന്ദ്രത്തിന്റെ ധനകാര്യ കൈമാറ്റമുണ്ടായിരുന്നത് 2025-ലേയ്ക്കെത്തുമ്പോൾ ഏതാണ്ട് 25 ശതമാനത്തിലേയ്ക്ക് ചുരുങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ആ നിലയിൽ ഏതാണ്ട് 28848 കോടി രൂപയുടെ കുറവാണ് കേരളത്തിനുണ്ടായത്. ഇത്തരത്തിലുള്ള കുറവുവരുമ്പോഴും സാമ്പത്തിക അച്ചടക്കം പാലിച്ച് സുസ്ഥിരമായ വികസനം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഏറ്റവും ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. അതിന്റെ ഭാഗമായി 2021 മുതൽ 2025 വരെയുള്ള കണക്കെടുത്ത് പരിശോധിക്കുമ്പോൾ നികുതി വളർച്ച 15.8 ശതമാനമായും നികുതിയേതര വളർച്ച 17.4 ശതമാനമായും ഉയർന്നു. ഇത്തരത്തിലുള്ള നമ്മുടെ റവന്യൂ സമാഹരണത്തെ പ്രശംസിക്കാനും പ്രകീർത്തിക്കാനും നീതി ആയോഗ് പ്രത്യേകമായി തയ്യാറാകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചതനുസരിച്ച് 2023-24-ൽ 3.5 ശതമാനമെന്നുള്ളത് 2.9 എന്ന നിലയിലേയ്ക്ക് ധന ദൃഢീകരണപ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തിന് മാറ്റാൻ സാധിച്ചു. ദേശീയപാതയുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തുനിന്നും ബഹുമാനപ്പെട്ട അംഗം

എനിക്കുമുമ്പ് സൂചിപ്പിക്കുകയുണ്ടായി. ഇവിടെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടന്നു? ദേശീയപാതകൾ, ഗ്രാമീണപാതകൾ, ഗെയിൽ പൈപ്പ്ലൈൻ പദ്ധതി, അന്തർസംസ്ഥാന വൈദ്യുതി പ്രസരണം, കെ-ഫോൺ, വിവരസാങ്കേതിക രംഗത്തെ പശ്ചാത്തല വികസനങ്ങൾ, വാട്ടർ മെട്രോ, ദേശീയ ജലപാത, വിഴിഞ്ഞം തുറമുഖം, വിമാനത്താവളങ്ങളുടെ വികസനം, കൊച്ചി കപ്പൽശാലയുടെ തുറമുഖ പുരോഗതി എന്നീ മേഖലകളിൽ അത്ഭുതപൂർവമായ നേട്ടങ്ങൾ കൈവരിച്ചത് യു.ഡി.എഫ്. ഭരിക്കുമ്പോഴല്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുമ്പോഴാണെന്ന് പ്രത്യേകമായി സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. നിക്ഷേപ സൗഹൃദ റാങ്കിങ്ങിൽ കേരളം ഒന്നാമതെത്തിയതിനെ അഭിമാനത്തോടെ കാണേണ്ടതിനുപകരം അതിനെതിരായ വാദങ്ങളാണ് ഉയർത്തിക്കൊണ്ടുവരുന്നത്. തമിഴ്നാട്ടിൽനിന്നുള്ള എം.പി.-മാർ പാർലമെന്റിലേയ്ക്ക് പോകുമ്പോൾ അവർ തമിഴ്നാടിനുവേണ്ടി സംസാരിക്കും. എന്നാൽ കേരളത്തിൽനിന്നുമുള്ള 19 എം.പി.-മാർ കേരളത്തിനുവേണ്ടി

സംസാരിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. കേരളത്തെ തകർക്കുന്നതിനും മോശപ്പെടുത്തുന്നതിനുംവേണ്ടിയുള്ള ചർച്ചകളല്ലേ ആ 19 എം.പി.-മാർ പാർലമെന്റിനകത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തെ ഉയർത്തിക്കൊണ്ടുവരുന്നതിന് 19 എം.പി.-മാർക്കും സംസാരിക്കേണ്ട ഉത്തരവാദിത്വമുണ്ടെന്ന് പ്രത്യേകമായി സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. നൈപുണ്യ വികസനത്തിലൂടെ വിദ്യാർഥികൾക്ക് അഭിരുചികൾക്കനുസരിച്ച് പഠിക്കാനും തൊഴിൽ ചെയ്യാനുമായുള്ള സംവിധാനങ്ങൾ കേരളത്തിലുണ്ടാകണം. 62 ലക്ഷത്തിലധികംവരുന്ന ക്ഷേമനിധി അംഗങ്ങൾക്കായി ഏകദേശം 50,000 കോടി രൂപയിലധികം ചെലവഴിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ്, കേന്ദ്ര നികുതി വിഹിതം എന്നിവയിൽക്കൂടിയും വിഭവസമാഹരണം നടത്തി സാമൂഹികക്ഷേമ വികസന ചെലവുകളിൽ പരമാവധി വർധനവ് വരുത്തി, സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവും വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയാണ് ഈ ഗവൺമെന്റ്

ചെയ്തുകൊണ്ടിരിക്കുന്നത്. നിരവധിയായ പ്രവർത്തനങ്ങൾ ബജറ്റിന്റെ ഭാഗമായി വരുന്നുണ്ട്. ജനറൽ ആംനസ്റ്റിപോലെയുള്ള പ്രവർത്തനങ്ങൾ എടുത്തുപരിശോധിക്കുമ്പോൾ ചരിത്രത്തിലെ ഏറ്റവും വിജയകരമായ ആംനസ്റ്റിയായിരുന്നു 2024-ന്റേത്. അതിന്റെ തുടർച്ചയായി 2025-ലും മൂന്നുമാസത്തേയ്ക്കുകൂടി പ്രസ്തുത പദ്ധതി നീട്ടി നൽകുന്നത് ചെറുകിട വ്യാപാരികൾക്ക് വലിയ ആശ്വാസമാണ്. വലിയ സ്ലാബിലെ ആംനസ്റ്റി നിരക്കുകൾ മുൻകാല ആംനസ്റ്റികളുടെ നിരക്കിലേയ്ക്ക് ഇത്തവണ എത്തിക്കുന്നതോടുകൂടി ദീർഘകാലമായി കെട്ടിക്കിടക്കുന്ന വലിയ തുകകളുടെ വ്യവഹാരം കുറയുമെന്ന് മാത്രമല്ല, ഖജനാവിലേയ്ക്ക് വരുമാനവും ലഭിക്കുന്നനിലയിൽ ആ പ്രവർത്തനത്തെ കാണുന്നു. ഇത്തരം പ്രായോഗിക സമീപനം സംസ്ഥാന വരുമാനം വർധിപ്പിക്കുന്നതോടൊപ്പം, ജി.എസ്.ടി. വകുപ്പിന് വിലപ്പെട്ട സമയം പഴയകേസുകളിൽ പാഴാക്കാതെ നിലവിലെ നികുതിപിരിവിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഉപകരിക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ആധുനിക വിഭവസമാഹരണത്തിനുവേണ്ടി സർക്കാർ ഏർപ്പെടുത്തിയ ഫ്ലഡ് സെസ്സിന് പിഴയും പലിശയും വേണ്ട എന്നതരത്തിലുള്ള

ആംനസ്റ്റിയാണ് നൽകുന്നത്. ഇനിയും അത്തരത്തിലുള്ള സെസ്സ് അടയ്ക്കാൻ ആരെങ്കിലുമുണ്ടെങ്കിൽ മുന്നോട്ടുവരുന്നതിന് പ്രചോദനമാകും. ജി.എസ്.ടി. കൗൺസിൽ തുടക്കകാലഘട്ടത്തിലുള്ള ജി.എസ്.ടി. പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആംനസ്റ്റി നൽകിയപ്പോൾ അതോടൊപ്പമുള്ള സെസ്സിന് ആംനസ്റ്റി നൽകാനുള്ള തീരുമാനം ചെറുകിട വ്യാപാരമേഖലയ്ക്ക് വലിയ ഉണർവ് വരുമെന്നുള്ളത് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. സാധാരണക്കാരിൽ സാധാരണക്കാരായ ലോട്ടറി തൊഴിലാളികളുടെ ഭാഗ്യക്കുറി കോമൺ പൂൾ സംവിധാനം നടപ്പിലാക്കുമെന്നതുകൊണ്ട് ലോട്ടറി ടിക്കറ്റിന് ക്ഷാമം നേരിടുന്ന പ്രശ്നം പരിഹരിക്കാനും ചെറുകിട ഭാഗ്യക്കുറി ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റ് ലഭിക്കുകയും ചെയ്യുന്ന സാഹചര്യവുമുണ്ടാകും. അങ്ങനെ നവകേരളത്തിലേയ്ക്ക് നയിക്കുന്ന ഈ വലിയ ബജറ്റ്, അതോടൊപ്പംതന്നെ എല്ലാവരും പ്രായോഗികമായികണ്ട ഈ ബജറ്റ് ഈ നാടിന്റെ വികസനത്തിന് ഉപകരിക്കുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇന്ന് പറയേണ്ടതും ഈ ആഴ്ച പറയേണ്ടതുമായ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ രാഷ്ട്രീയത്തിനതീതമായി

ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യൻ വംശജയായ ബഹിരാകാശ യാത്രിക ശ്രീമതി സുനിത വില്യംസ് ഒമ്പത് മാസത്തിനുശേഷം ഭൂമിയിൽ തിരിച്ചെത്തിയ സന്തോഷത്തിലാണ് നമ്മളെല്ലാവരും. ബഹുമാനപ്പെട്ട സ്പീക്കർ അത് നിയമസഭയിൽ കൊണ്ടുവന്നത് എന്തുകൊണ്ടും നന്നായി. ഞാൻ അതിന് ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കുകയാണ്. ഇവിടെ ശ്രീമതി സുനിത വില്യംസിനൊപ്പം ബുച്ച് വിൽമോറും തിരിച്ചെത്തിയെന്നുള്ളതും സന്തോഷകരമാണ്. അവർ തിരിച്ചെത്തണമെന്ന് ദൈവത്തോടുള്ള എന്റെ നിരന്തരമായ പ്രാർത്ഥന ഫലം കണ്ടുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇനി എന്റെ പ്രാർത്ഥന, ഗാസയിലെ കൂട്ടക്കൊല: ഇസ്രായേൽ ഭരണകൂടത്തോട് 'മാ നിഷാദ' എന്ന് പറയാനുള്ള ചങ്കൂറ്റം നമുക്ക് കാണിക്കാം. ലോകം ദുഃഖിക്കുമ്പോൾ നമുക്കാർക്കും സന്തോഷിക്കാൻ കഴിയില്ല. ലോകം ദുഃഖിക്കുന്ന ഈ സാഹചര്യത്തിൽ ഈ നോമ്പുകാലത്ത് ഇതുപോലെയുള്ള കൂട്ടക്കൊലകൾ ഉണ്ടാകല്ലേയെന്നുള്ള വലിയ പ്രാർത്ഥനയാണ് ഞാൻ ഇന്ന് ഇവിടെ പറയുക. മറ്റൊരു കാര്യം മലങ്കരയിലെ യാക്കോബ് ബുർദാന എന്നറിയപ്പെടുന്ന യാക്കോബായ സുറിയാനി സഭയുടെ കാതോലിക്ക ബാവ അഭിവന്ദ്യ ശ്രേഷ്ഠ

പിതാവ് ആബൂൻ മാർ ബസേലിയോസ് തോമസ് പ്രഥമൻ കാലംചെയ്തതിനെത്തുടർന്ന് നിലവിലെ മലങ്കരയിലെ മെത്രാപ്പൊലീത്ത കൊച്ചി മദ്രാസ് അധിപൻ അഭിവന്ദ്യ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത ഈ വരുന്ന മാർച്ച് 25-ാം തീയതി ലബനനിൽ വച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ സഭയുടെ കാതോലിക്കയായി വാഴിക്കപ്പെടുകയാണ്. ഈ സന്ദർഭത്തിൽ ഏറെ വേദന അനുഭവിക്കുന്നൊരു സഭയെന്ന രീതിയിൽ ഈ സഭയ്ക്ക് വേണ്ടിയും നിയുക്ത കാതോലിക്ക ബാവയ്ക്ക് എല്ലാവിധ ആശംസകളും ആ സഭയിലെ ഒരംഗമെന്ന രീതിയിൽ ഈ സഭയിൽ നേരുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ എത്തിയതിൽ എനിക്കേറെ സന്തോഷമുണ്ട്. ഞാൻ കഴിഞ്ഞ സഭയിലെപോലെ രൂക്ഷമായ ഭാഷയിൽ ഈ സർക്കാരിനെ കടന്നാക്രമിക്കുന്നില്ല. കാരണം എന്തിനാണ് അമ്മാവാ എന്നെ തല്ലുന്നത്; ഞാൻ നന്നാവാൻ പോകുന്നില്ലെന്ന വാചകമാണ് എന്റെ മനസ്സിലേക്ക് കടന്നുവരുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു പ്രത്യേക കഴിവുണ്ട്. നമ്മൾ എന്തെങ്കിലും സഭയിൽ ഉന്നയിച്ചുകഴിഞ്ഞാൽ

അതെല്ലാം ശ്രദ്ധിച്ച് മനസ്സിലാക്കി ട്വിസ്റ്റ് ചെയ്ത് വേറെ രീതിയിലാക്കി മാറ്റും. എന്റെ മണ്ഡലത്തിൽ ഗ്രാമയാത്ര നടത്തി വീടുവീടാന്തരം കയറിയിറങ്ങി ഒരു വീട്ടിലെത്തി അവിടത്തെ കുടുംബനാഥനെ പരിചയപ്പെട്ടു. എന്താണ് ജോലിയെന്ന് അന്വേഷിച്ചപ്പോൾ. എ.സി. മെക്കാനിക്കാണെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ ഞാൻ വീണ്ടും ചോദിച്ചു നിങ്ങൾക്ക് റഫ്രിജറേറ്റർ കൂടി മെക്കാനിക്ക് ചെയ്യാൻ കഴിയില്ലേ? അപ്പോൾ അദ്ദേഹം നൽകിയ മറുപടി പണിക്കാരെ കിട്ടാനില്ലായെന്നാണ്. അതിനുശേഷം അദ്ദേഹം തുടർന്നു, ഇവിടെ ചില യുവാക്കൾ ചെയ്യുന്ന ജോലിയെന്നത് ഗ്രാമങ്ങളിലെയും മുനിസിപ്പാലിറ്റികളിലെയും തെരുവോരങ്ങളിൽവന്ന് കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും എം.ഡി.എം.എ.-യുടെയെല്ലാം വാഹകരായി പണം വാങ്ങിക്കുന്നുണ്ടെന്നാണ്. ആ വിവരം ഞാൻ ഇവിടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ധനകാര്യ വകുപ്പുമന്ത്രി എന്താണ് പറഞ്ഞത്; ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചെയ്തത് വലിയ അപരാധമാണ്. ഉടൻതന്നെ എക്സൈസ് വകുപ്പുമന്ത്രി എനിക്കെതിരെ അന്വേഷണം പ്രഖ്യാപിക്കുന്നു. ഞാൻ ആലോചിച്ചു, ദൈവമേ ഞാനാണോ പ്രതി, ഞാൻ ഇനി കീഴടങ്ങേണ്ടി വരുമോ;

ഞാൻ പറഞ്ഞതെന്താണ് അങ്ങ് മനസ്സിലാക്കിയതെന്താണ്? ഒരു കിണറിൽ നിറച്ചും വെള്ളമുണ്ടാകും നമ്മൾ കോരി കുടിക്കും. അത് എവിടെനിന്ന് കുമിളകളായി വരുന്നുവെന്ന് അന്വേഷിച്ച് കണ്ടുപിടിച്ചിട്ടാണോ ആ കിണറിൽ നിന്നും വെള്ളം കുടിക്കുന്നത്. വലിയ കുളത്തിലെയും സമുദ്രത്തിലെയും വെള്ളംപോലെ ലഹരി മാഫിയ അഴിഞ്ഞാറാട്ടുകയാണ്. എം.ഡി.എം.എ., മയക്കുമരുന്ന്.... ഞാൻ പറഞ്ഞതിനുശേഷം നിങ്ങൾ റെയ്ഡ് നടത്തി കിലോക്കണക്കിന് കഞ്ചാവ് പിടിച്ചില്ലേ? പത്ത് കിലോ കഞ്ചാവ് പിടിക്കുമ്പോൾ നമ്മൾ ചിന്തിക്കേണ്ടത് പതിനായിരക്കണക്കിന് കിലോ കഞ്ചാവ് സംസ്ഥാനത്തുണ്ടെന്നുള്ളതാണ്. സാമ്പിൾ മാത്രമാണ് നമുക്ക് കിട്ടിയിട്ടുള്ളത്. ഞാൻ എന്തുകൊണ്ടാണ് അക്കാര്യമിവിടെ പറഞ്ഞത്? നിങ്ങളാണ് സംസ്ഥാനം ഭരിക്കുന്നത്, നിങ്ങളുടെ കൈയിലാണ് അധികാരവും ചെങ്കോലും. നിങ്ങൾ ഇക്കാര്യങ്ങൾ ചെയ്യാൻ യോഗ്യതപ്പെട്ടവരാണ്. അതുകൊണ്ട് പാവപ്പെട്ട കുട്ടികൾ മയക്കുമരുന്നുകളിൽ അടിമപ്പെടാതെയിരിക്കേണ്ട സാഹചര്യമുണ്ടാകണം. സംസ്ഥാനത്തുള്ള വ്യാപാരസ്ഥാപനങ്ങൾ പരിശോധിക്കണം. പാൻപരാഗ് പോലുള്ള ലഹരി

വസ്തുക്കൾ നിരോധിക്കപ്പെട്ടതാണെങ്കിലും നമ്മുടെ നാട്ടിൽ ഇന്ന് അവ സുലഭമായി ലഭ്യമാണെന്നുള്ളത് ഞാനിവിടെ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി തെറ്റായി ഉദ്ധരിച്ച് ട്വിസ്റ്റ് ചെയ്ത് പറഞ്ഞ കാര്യങ്ങൾ എളിയവനായ എന്റെ തലയിൽനിന്നും മാറ്റിത്തരണം. ഇതേത്തുടർന്ന് അടുത്തദിവസം ദേശാഭിമാനിയിൽ വന്ന വാർത്ത 'എൽദോസ് കുടുങ്ങി'. എന്നാണ്. ഒരിക്കൽക്കൂടി കുടുങ്ങാനുള്ള ത്രാണി എനിക്കില്ല. രാജാവ് നഗ്നനാണെന്ന് വിളിച്ച് പറയുന്ന കുട്ടിയുടെ നിഷ്കളങ്കമായ മനോഭാവത്തോടുകൂടിയാണ് പാവപ്പെട്ട ഞാനും കാര്യങ്ങൾ തുറന്നുപറയുന്നത്. ഇവിടെ തൊട്ട് മുമ്പിൽ സംസാരിച്ച എന്റെ സുഹൃത്ത് ശ്രീ. എം. എസ്. അരുൺ കുമാർ അദ്ദേഹം നല്ല മനുഷ്യനാണ്. എനിക്കിഷ്ടപ്പെട്ട എന്റെ അനിയനെപ്പോലെ ഞാൻ സ്നേഹിക്കുന്നൊരു ചെറുപ്പക്കാരനാണ്. വയലാർ രാമവർമ്മയുടെ വിപ്ലവ ഗാനങ്ങൾ അദ്ദേഹം പാടി. പ്രിയപ്പെട്ട ശ്രീ. എം. എസ്. അരുൺ കുമാർ, ആർക്ക് വേണം ഇന്ന് വിപ്ലവ ഗാനങ്ങൾ? ഇന്ന് വാഴ്ത്തുപാട്ടുകളും സ്തുതിഗാനങ്ങളും മതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിങ്ങളിൽനിന്നും ആഗ്രഹിക്കുന്നത് അതാണ്. 'ഇന്നീകേരളം ഭരിച്ചിടും പിണറായി വിജയനെന്ന

സഖാവിന് നൂറ് കോടി അഭിവാദ്യങ്ങൾ' ഇത്തരം പാട്ടുകളാണ് വേണ്ടത്. കാരണഭൂതൻ തിരുവാതിരയും, വാഴ്ത്തുപാട്ടായ കാവലാളും മറ്റും കേട്ട് ആനന്ദലബ്ധിയിൽ ആറാടിക്കൊണ്ടിരിക്കുകയാണ്. ഒരു ഫീനിക്സ് പക്ഷിയെപ്പോലെ നിങ്ങൾ ഉയർത്തെഴുന്നേൽക്കുമെന്നാണ് ഞങ്ങൾ കരുതിയത്. നിങ്ങൾ 2016-ൽ ഒരു കേരളയാത്ര നടത്തി, മുഖ്യമന്ത്രി പ്രാവിനെ മുകളിലേക്ക് പറത്തിയ കഥ നമുക്കറിയാം. ആ പ്രാവിന് പറക്കാൻ കഴിഞ്ഞോ? ആ പ്രാവ് താഴേക്ക് പതിക്കുകയാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ ദിവസം ശ്രീമതി സുനിത വില്യംസ് മടങ്ങിയെത്തിയതുമായി ബന്ധപ്പെട്ട ചർച്ചയിൽ ഒരു സുഹൃത്ത് എന്നോട് പറഞ്ഞു. ആ പേടകത്തിൽ നമ്മുടെ ഒരു മന്ത്രി കൂടി പോയിരുന്നെങ്കിൽ ഒരിക്കലും ആകാശത്ത് കുടുങ്ങുകയില്ലായിരുന്നു. ഞാൻ ചോദിച്ചു എന്താണ് കാരണം? പറന്നുയർന്നിട്ടുവേണ്ടേ കുടുങ്ങാൻ എന്നുള്ളതാണ് അവർ എന്നോട് പറഞ്ഞത്. നിങ്ങളൊന്ന് സെക്രട്ടേറിയറ്റിൽ പോകണം. 24 മണിക്കൂറുണ്ടെങ്കിൽ സമരക്കാരുടെ പ്രശ്നം പരിഹരിക്കാൻ കഴിയും. റോമാ നഗരം കത്തിയെരിയുമ്പോൾ വീണവായിക്കുന്ന നീറോ ചക്രവർത്തിയെപ്പോലെ ഇവിടെ ആശാവർക്കർമാരും അങ്കണവാടി ടീച്ചർമാരും കത്തിയെരിയുമ്പോൾ

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വീണ വായിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പ്രശ്നം പരിഹരിക്കണ്ടേ? ചെറിയ തുകയ്ക്ക് വേണ്ടിയാണ് അവർ കൈകൂപ്പി നിങ്ങളുടെ മുന്നിൽ നിൽക്കുന്നത്. 24 മണിക്കൂറുണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ലേ? ബഹുമാനപ്പെട്ട ശ്രീമതി വീണാ ജോർജ് ഒരു പത്രപ്രവർത്തക കൂടിയാണ്. ചാനൽചർച്ച നടത്തുമ്പോൾ പലപ്പോഴും പറഞ്ഞിട്ടുണ്ട് 24 മണിക്കൂറുണ്ടെങ്കിൽ നിങ്ങൾക്ക് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന്. ബഹുമാനപ്പെട്ട മന്ത്രി സമരപ്പന്തലിൽച്ചെന്ന് അവരെ കാണണം. നിങ്ങൾ തിരിഞ്ഞ് നോക്കണം, നിങ്ങൾ സഹതപിക്കണം. ഇപ്പോൾ ആശാവർക്കറുടെ പിന്നാലെ അങ്കണവാടി ജീവനക്കാരും അവിടെ സമരത്തിനിറങ്ങി. പഞ്ചായത്ത്, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ് എന്നിവർ നൽകേണ്ട വിഹിതങ്ങളൊന്നുംതന്നെ കൃത്യമായി ലഭിക്കുന്നില്ല. അതുമാത്രമല്ല അവർക്ക് മുന്നോട്ട് പോകാൻ കഴിയുന്നില്ല. തൊട്ടപ്പുറത്തായി കുറച്ച് അമ്മമാർ ഇരിക്കുന്നത് കാണാം. 62-ഉം, 65-ഉം, 70-ഉം വയസ്സുള്ള അമ്മമാർ മഴ നനഞ്ഞിരിക്കുകയാണ്. എന്തിനാണ്? പെൻഷനുവേണ്ടി. അങ്കണവാടി ടീച്ചർമാർക്ക് 50 വർഷത്തെ പാരമ്പര്യ ചരിത്രമുണ്ട്. അങ്കണവാടി

ടീച്ചർമാരെന്ന് പറഞ്ഞാൽ.... അങ്കണവാടിയെന്നത് ശിശുക്കളുടെ യൂണിവേഴ്സിറ്റിയല്ലേ? കുഞ്ഞുങ്ങളെ നോക്കി വളർത്തുന്ന ഈ അമ്മമാരെ സഹായിക്കാൻ നിങ്ങൾക്ക് സാധിക്കണം. അതിനുള്ള വരുമാനം കണ്ടെത്തണം, അതിനുള്ള മാർഗങ്ങളുണ്ടാകണം. തുടർന്നുവന്ന വഴികളിലൂടെ മാത്രം ധനം സമ്പാദിച്ച് വരുമാനം വർധിപ്പിക്കാമെന്നുള്ള ശൈലി മാറ്റിവച്ച് നമുക്ക് മുന്നോട്ട് പോകണം. ഇന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു; എന്റെ മണ്ഡലത്തിന് അപ്പുറമാണ് മാഹി. മാഹിയിൽപ്പോയി ആളുകൾ ഡീസൽ അടിക്കുന്നത് നമുക്ക് നഷ്ടമാണെന്ന്. എന്തിനാണ് മാഹിയിലെ പള്ളിയിൽ നിരന്തരം ആളുകൾ വന്നുകൊണ്ടിരിക്കുന്നത്? പള്ളിയിൽ പോയി പ്രാർഥിക്കാം, അതോടൊപ്പം തന്നെ അവിടെനിന്നും പെട്രോളുമടിക്കാം. പെട്രോളും ഡീസിലുമടിച്ചാൽ വരുമാനം, നമ്മുടെ കൈയിൽ പണമില്ലാത്തതുകൊണ്ടാണ് അവിടെപ്പോയി വാങ്ങിക്കുന്നത്. എന്തായാലും മാഹിയിലെ റേറ്റിലേക്ക് കൊണ്ടുവരാൻ നിങ്ങൾക്ക് കഴിയില്ലെങ്കിലും മാഹിയിൽപ്പോയി ഒരു ലിറ്റർ ഡീസലടിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ്

എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, 'പാണ്ടൻ നായയുടെ പല്ലിന് ശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ല' എന്നാണ് കുഞ്ചൻ നമ്പ്യാരുടെ കവിതയിൽ പറയുന്നത്. ആ രീതിയിൽ യു.ഡി.എഫ്...., പ്രത്യേകിച്ച് കോൺഗ്രസിലെ അംഗങ്ങൾക്ക് ആശയദാരിദ്ര്യം വന്നതിന്റെ ഭാഗമായി എന്താണ് പറയുന്നതെന്ന് അവർക്കുതന്നെ നിശ്ചയമില്ല. ഞാൻ അതിനെ കൂടുതൽ വിശദീകരിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. എം. വിൻസെന്റ് പറഞ്ഞതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ശ്രീ. ടി. ഐ. മധുസൂദനൻ ഇവിടെ മറുപടി പറഞ്ഞിരുന്നു. ഞങ്ങളുടെ പാർട്ടി ഓഫീസുകൾ കണ്ട് നിങ്ങൾ അസൂയപ്പെടേണ്ടതില്ല. ഇനി നൂറുജന്മം കഴിഞ്ഞ് ജനിച്ചാലും നിങ്ങൾക്ക് അതിനൊന്നും സാധിക്കില്ല. നിങ്ങൾക്ക് നിരപ്പലകയിട്ട ഓഫീസിൽ കുത്തിയിരിക്കാനാണ് യോഗം. ഇതെല്ലാം ഇവിടെ പറഞ്ഞവരും അല്ലാത്തവരുമായ കുറെ ആളുകളുണ്ട്. പ്രാദേശികമായി പാർട്ടി ഓഫീസുകൾ നിർമ്മിക്കാൻ ഫണ്ട് പിരിച്ചശേഷം ഫണ്ടുമില്ല, രസീതുമില്ല, ആളുമില്ല. ബാപ്പ പത്തായത്തിലുമില്ല, അകത്തുമില്ലെന്ന്

പറഞ്ഞതുപോലെയാണ് കോൺഗ്രസിൽ രസീതും ഫണ്ടുമില്ലാത്തത്. കെ. കരുണാകരന്റെ നവതിയുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ ഡി.സി.സി.-യിൽ അഞ്ച് പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നാണ് പറഞ്ഞത്. തുടർനടപടികൾ സ്വീകരിക്കുമ്പോൾ എല്ലാവർക്കുമെതിരെ നടപടി സ്വീകരിക്കേണ്ടി വരുമെന്നതിനാൽ ആ അധ്യായം ക്ലോസ് ചെയ്തു. അതിനാൽ സി.പി.ഐ./സി.പി.ഐ.(എം.) പാർട്ടിയിലുള്ളവർ പാർട്ടി ഓഫീസുകൾ നിർമ്മിക്കുന്നതിൽ നിങ്ങൾ അസൂയപ്പെടേണ്ട കാര്യമില്ല. അതിന് ഞങ്ങൾ ജനങ്ങളോട് പൈസ ചോദിക്കുകയും അവരത് നൽകുകയും ചെയ്യും. അത് ജനങ്ങളെ ബോധ്യപ്പെടുത്താൻ കൃത്യമായി ഞങ്ങൾക്ക് കഴിയുന്നതുകൊണ്ടാണ് ആവർത്തിച്ച് ഓഫീസുകൾ നിർമ്മിക്കാൻ സാധിക്കുന്നത്. ഇക്കാര്യത്തിൽ ഇതൊക്കെയാണ് പറയാനുള്ളത്. മറ്റൊന്ന്, 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റിനെ അട്ടിമറിക്കുന്നതിനുവേണ്ടി CIA-യുടെ പണം ഇവിടെ ഉപയോഗപ്പെടുത്തിയെന്ന് അമേരിക്കൻ അംബാസിഡറായ ഡാനിയൽ പാട്രിക് മൊയ്നിഹാൻ എഴുതിയൊരു പുസ്തകത്തിൽ പറയുന്നുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾക്ക് അതിന്റെ പാരമ്പര്യം അവകാശപ്പെടുന്ന

ആളുകൾ വിമോചന സമരം സംഘടിപ്പിച്ചുകൊണ്ട്, CIA-യുടെ പണം ഉപയോഗിച്ചുകൊണ്ട് ഈ ഗവൺമെന്റിനെ ഒന്നും ചെയ്യാൻ സാധിക്കില്ലെന്ന് നിങ്ങൾക്കും ഞങ്ങൾക്കും അറിയാവുന്നതല്ലേ; 1957-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'ഐക്യകേരളം' രൂപപ്പെട്ടതിനുശേഷമുള്ള കാലാവധി/വർഷം പരിശോധിക്കുമ്പോൾ അതിൽ 69 സംവത്സരങ്ങൾ പിന്നിട്ടുവെന്നാണ് അർഥമാക്കുന്നത്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് അധികാരത്തിൽ വരികയും 1959-ൽ നിങ്ങൾ പിരിച്ചുവിടുകയും പിന്നീട് 1967-ൽ മുതൽ 1969 വരെ ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ കുറുമാറ്റം സംഘടിപ്പിച്ച് അതിനെ തകർത്തു. പിന്നീട് 1980-81 കാലഘട്ടത്തിലാണ് ഇ. കെ. നായനാർ സർക്കാർ അധികാരത്തിൽ വന്നത്. അതിനുശേഷം 1987 മുതൽ 1991 വരെ അധികാരത്തിലിരുന്നു. പിന്നീട് 1996 മുതൽ 2001 വരെയും, 2006 മുതൽ 2011 വരെയും വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിലിരുന്നു. 2016 മുതൽ ഒൻപത് വർഷങ്ങളായി ഈ സർക്കാർ തുടർച്ചയായി ഭരിക്കുകയാണ് ചെയ്യുന്നത്. ഈ കാലാവധി കണക്കാക്കുമ്പോൾ 69 വർഷത്തെ അനുഭവമുള്ള കേരളത്തിൽ 29 വർഷമാണ്

ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്നുള്ള നിലയ്ക്ക് ഭരണം നടന്നിട്ടുള്ളതെന്ന് നിങ്ങൾക്ക് മനസ്സിലായില്ലേ? ആ 29 വർഷത്തെ വികസനം.... ബാക്കി 40 വർഷം നിങ്ങൾ അധികാരത്തിൽ വന്ന് ഭരണം നടത്തിയതുമായി ബന്ധപ്പെട്ട വികസനമാണ്. നിങ്ങൾ 40 വർഷം ഭരിച്ചില്ലായിരുന്നെങ്കിൽ കേരളം ഇപ്പോൾ എവിടെ എത്തുമായിരുന്നു; നിങ്ങൾ എം. കരുണാനിധിയുടെ കഥപറഞ്ഞ് ശ്രീ. എം. കെ. സ്റ്റാലിനെ കണ്ടുപഠിക്കുവെന്ന് പുകഴ്ത്തിയാണ് പറഞ്ഞത്. അദ്ദേഹത്തെ കണ്ട് പഠിക്കാൻ ഒന്നുമില്ല. അൻപത് വർഷം മുമ്പ് കോൺഗ്രസിനെ തമിഴ്നാട്ടുകാർ ചവിട്ടി പുറത്താക്കിയതിന്റെ ഭാഗമായാണ് പിന്നീട് അവിടെ ഭരണം വന്നത്. അത് കരുണാനിധിയായാലും എം.ജി.ആർ. ആണെങ്കിലും അങ്ങനെതന്നെയാണ്. അങ്ങനെ കോൺഗ്രസ് അധികാരത്തിൽ വന്നതിന്റെ ഭാഗമായി എം. കരുണാനിധി ഉൾപ്പെടെയുള്ള ആളുകൾ ഭരണത്തിൽ വന്നു. അങ്ങനെയാണ് അവിടെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വന്നിട്ടുള്ളത്. ആ രൂപത്തിൽ ഇവിടെ 29 കൊല്ലമാണ് ഇടതുപക്ഷ സർക്കാർ ഭരിച്ചിട്ടുള്ളത്. ആ രീതിയിലുള്ള കാര്യങ്ങളിൽ അതിന്റെ വസ്തുതകൾ മനസ്സിലാക്കാതെ ആക്ഷേപങ്ങൾ ഇങ്ങനെ ചൊരിഞ്ഞുകൊണ്ടിരിക്കുകയാണ്.

നമുക്ക് കഴിയാത്ത കാര്യങ്ങൾ ആരെങ്കിലും ചെയ്യുമ്പോൾ അത് നന്നായി എന്നല്ലേ പറയേണ്ടത്. അങ്ങനെ പറയുന്നതിനുപകരം ഇടതുപക്ഷ ജനാധിപത്യ മുന്നണിയേയും കമ്മ്യൂണിസ്റ്റ് പാർട്ടിയേയും അധിക്ഷേപിച്ചുകൊണ്ട് ഇത്തരത്തിൽ പുകമറ സൃഷ്ടിക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങൾ കൊണ്ടൊന്നും യാതൊരു പ്രയോജനവുമുണ്ടാകില്ല. കോൺഗ്രസ് അംഗമായിരുന്ന അന്തരിച്ച ഉമ്മൻ ചാണ്ടി സാറിനെ ഞാൻ ആക്ഷേപിക്കുന്നതോ മറ്റ് രൂപത്തിൽ പറയുന്നതോ അല്ല. 'അതിവേഗം ബഹുദൂരം' എന്ന ആശയത്തിൽ കേരളത്തെ ഇങ്ങനെ കൊണ്ടുപോയപ്പോൾ ജനങ്ങൾ പറഞ്ഞു, ഇത്ര വേഗവും ഇത്ര ബഹുദൂരവുമായാൽ പറ്റില്ല, നിങ്ങൾ അധികാരത്തിൽനിന്ന് പോയിക്കോളൂ; കേരളത്തെ 'അതിവേഗം ബഹുദൂരം' എന്നുപറഞ്ഞ് പിന്നിലേയ്ക്ക് അടുപ്പിക്കാൻ സമ്മതിക്കില്ലെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പിൽ ഞങ്ങൾ അധികാരത്തിൽ വന്നത്. 'അതിവേഗം ബഹുദൂരം' എന്ന മുദ്രാവാക്യം അതോടുകൂടി കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളുണ്ട്. ഇവിടെ ധനകാര്യ ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിനെ അനുകൂലിക്കുകയും പിന്തുണക്കുകയും ചെയ്യണം. 2025-26 സാമ്പത്തിക

വർഷത്തിൽ അവതരിപ്പിച്ച ബജറ്റിൽ റവന്യൂ വരവ് 1,52,351.67 കോടി രൂപയും റവന്യൂ ചെലവ് 1,79,476.20 കോടി രൂപയും റവന്യൂ കമ്മി 27,124.53 കോടി രൂപയുമാണെന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെയുള്ള ഒരു ബജറ്റിൽ അധിക വിഭവ സമാഹരണമായി 366.00 കോടി രൂപയാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. കോടതി ചെലവും മറ്റ് നികുതിയും വാഹന ടാക്സുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് കാര്യമായ രീതിയിൽ ബുദ്ധിമുട്ടുകൾ ബാധിക്കാതെ ഒരു ചെറിയ നികുതി വിഹിതം വർധിപ്പിക്കാൻ തീരുമാനിക്കുമ്പോൾ അതിനെയും അംഗീകരിക്കില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ് കാര്യങ്ങൾ നടക്കുക; എല്ലാ കാര്യങ്ങളും നടക്കണം. എന്നാൽ ലഭിച്ചത് തികയുന്നതുമില്ല. എല്ലാ കാര്യങ്ങളെയും സംബന്ധിച്ച് അവകാശവാദങ്ങൾ ഉന്നയിക്കുന്നുണ്ട്. അതിലൊന്നും തർക്കമില്ല. പക്ഷെ ജനങ്ങൾക്ക് പ്രയാസമില്ലാത്ത രീതിയിൽ ചെറിയ നികുതി വിഹിതം വർധിപ്പിക്കാൻ ഒരു നിലപാട് സ്വീകരിക്കുമ്പോൾ അതിനെ വിമർശിക്കണമെന്നുള്ളത് ശരിയാണ്, നിങ്ങളുടെ തൊഴിൽ അതുതന്നെയാണ്. ഇവിടെ സാമൂഹിക സുരക്ഷാ ക്ഷേമ പെൻഷൻ സംബന്ധിച്ച് നിങ്ങൾ അവകാശവാദങ്ങൾ പറയുന്നുണ്ടല്ലോ? ആ പെൻഷൻ 62

ലക്ഷത്തിലധികം ആളുകൾക്ക് നൽകുന്നുണ്ട്. അതുപോലെയുള്ള ഒട്ടേറെ മറ്റ് സാമൂഹിക സുരക്ഷാ പദ്ധതികൾ പൊതു ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ട്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് നമ്മുടെ സംസ്ഥാനത്തല്ലേ; ഹൃദയം മാറ്റിവയ്ക്കൽ, വാൽവ് മാറ്റിവയ്ക്കൽ, ലിവർ മാറ്റിവയ്ക്കൽ, കിഡ്നി മാറ്റിവയ്ക്കൽ എന്നീ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രിയിൽ നടക്കുന്നുണ്ട്. സാധാരണയായി ഒരു സ്വകാര്യ ആശുപത്രിയുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്ന കാര്യങ്ങൾ സർക്കാർ ആശുപത്രിയിൽ നടത്താൻ കഴിയുന്ന ഒരു സ്ഥിതിയല്ലേ വന്നിട്ടുള്ളത്. അത് ഇന്ത്യാ രാജ്യത്ത് മറ്റെവിടെയെങ്കിലും നടക്കുന്നുണ്ടോ? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വികസനമാണ് നടക്കുന്നത്. മറ്റേത് മേഖലയെടുത്ത് പരിശോധിച്ചാലും അങ്ങനെതന്നെയാണ്. കേരളത്തിൽ പൊതുമരാമത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളെല്ലാം നമുക്ക് നേരിട്ട് കണ്ട് ബോധ്യം വരുന്ന സത്യങ്ങളല്ലേ? കേരളത്തിൽനിന്ന് ഒരാൾ മറ്റ് സ്ഥലത്തേക്ക് പോയിട്ട് 10 വർഷം കഴിഞ്ഞ് അയാൾ തിരിച്ച് കേരളത്തിലേക്ക്

വന്നാൽ പഴയ സ്ഥലത്ത് തന്നെയാണോ ഞാൻ എത്തിയതെന്ന് സംശയം തോന്നുന്ന രീതിയിലാണ് വികസനങ്ങൾ നടന്നിട്ടുള്ളത്. എല്ലാനിലയിലും വികസനം നടന്നുകൊണ്ടിരിക്കുകയല്ലേ? അതെല്ലാം അപ്പാടെ നിഷേധിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയേയും കമ്മ്യൂണിസ്റ്റുകാരെയും അധിക്ഷേപിക്കുകയെന്ന സ്ഥിരം തൊഴിലുമായി നിങ്ങൾ മുന്നോട്ടുപോകുകയാണ്. ജനങ്ങൾ ഇക്കാര്യങ്ങൾ മനസ്സിലാക്കുകയും ഞങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അതിന്റെ പദ്ധതിയുമായി മുന്നോട്ടുപോകുകയുമാണ് ചെയ്യുന്നത്. രണ്ട് കൂട്ടർക്കും മുന്നോട്ടുപോകാനുള്ള അവകാശങ്ങളുണ്ട്. നമുക്ക് അർഹതപ്പെട്ട നികുതി വിഹിതവും പദ്ധതി വിഹിതവും ഗ്രാന്റും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാവശ്യമായ തുകയും കേന്ദ്ര സർക്കാർ നൽകുന്നില്ല. എങ്ങനെയാണ് മുന്നോട്ടുപോകുന്നത്? ഇവിടെ അല്പം നികുതി വർധിപ്പിച്ചും ശരിയായ നികുതി പിരിച്ചും ധൂർത്തും അഴിമതിയും ഇല്ലാതാക്കിയുമാണ് ഈ ഗവൺമെന്റ് സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന ഒരു ശേഷി സൃഷ്ടിച്ചിട്ടുള്ളത്. അങ്ങനെ ശേഷി ആർജിച്ച് മുന്നോട്ടുപോകുമ്പോൾ നമ്മൾ ഇപ്പോഴും പണ്ടത്തെപ്പോലെ ഇവിടെ ദരിദ്രമാണെന്ന് സ്ഥാപിക്കാൻ

ശ്രമിക്കുന്നത് ശരിയായ കാര്യമല്ലല്ലോ? കേരളം മുന്നോട്ടുപോകുന്നുവെന്നത് നമ്മൾ പറയുന്ന കാര്യമല്ല. ലോകരാജ്യങ്ങളിലെ ആധികാരികമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അക്കാര്യങ്ങൾ വ്യക്തമാക്കപ്പെട്ടതാണ്. അത് നമ്മൾ അംഗീകരിക്കാതെ ഇപ്പോഴും ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിനെതിരെ ആക്ഷേപങ്ങൾ ചൊരിഞ്ഞുകൊണ്ട് മുന്നോട്ടുപോകുന്ന നിലപാട് ശരിയല്ലെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മുതൽ ആരംഭിച്ചതാണ്. പലരൂപത്തിലുള്ള കൈക്രീയകൾ ചെയ്തു. ഭരണഘടനാവിരുദ്ധമായി നടപടികൾ സ്വീകരിച്ച് നിങ്ങൾ ഞങ്ങളെ തകർത്തു. കുറ്റമാറ്റം സംഘടിപ്പിച്ചതൊക്കെ അവിടെ നിൽക്കട്ടെ...., അന്ന് ഈ ഗവൺമെന്റിന് മുന്നോട്ടുപോകാനായി. 1967-ലെ ഗവൺമെന്റിന്റെ കാലത്താണ് ലോട്ടറി സംവിധാനം ആരംഭിച്ചതെന്ന് നിങ്ങൾക്കറിയാമോ? ഭാഗ്യക്കുറിയും ചിട്ടിയും ആരംഭിച്ചപ്പോൾ ഇ.എം.എസ് ഗവൺമെന്റ് ഭാഗ്യക്കുറി നടത്തിയും ചിട്ടിപിരിച്ചുമാണ് നയിക്കുന്നതെന്ന് ആക്ഷേപിച്ചവരല്ലേ നിങ്ങൾ? അങ്ങനെ ചിട്ടിയും ലോട്ടറിയും ആരംഭിച്ച് ആ ഗവൺമെന്റ് സാധ്യമാകുന്ന വിധത്തിൽ

കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു. നേരത്തെ പറഞ്ഞ 29 വർഷങ്ങളാണെങ്കിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി അതിന്റെ തുടർച്ചയായി അധികാരത്തിൽ വരുന്ന സ്ഥിതിയാണുണ്ടായത് എന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് നിങ്ങൾ വേവലാതിപ്പെടേണ്ട; അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ലെന്ന് പറയുന്ന ഒരു രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. അങ്ങനെ പോയാൽ പറ്റില്ല, കാര്യങ്ങൾ മനസ്സിലാക്കി പരിഹരിച്ച് പോകണം. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. മനോരമയെക്കുറിച്ച് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞു...., ഞാൻ കൂടുതൽ കടന്നാക്രമിക്കുന്നില്ല. നിങ്ങളെ കൂടുതൽ കടന്നാക്രമിച്ചിട്ട് കാര്യമില്ല. കടന്നാക്രമിക്കാനുള്ള ആശയങ്ങളും അതുപോലെ നിലപാടുകളും നിങ്ങളുടെ കൈവശമില്ല. ശ്രീ. എ. കെ. ആന്റണി, കമ്യൂണിസ്റ്റുകാർ നൂറ് കൊല്ലത്തേക്ക് അധികാരത്തിൽ വരില്ലെന്ന് പറഞ്ഞു. ...... (മൈക്ക് ഓഫ്)....

ചെയർപേഴ്സൺ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. ആൻസലൻ: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മുന്നോട്ടുവച്ച ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. 2016-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റ് പൊതുചെലവായി ബജറ്റിൽ കണക്കാക്കിയത് ഏകദേശം 80,000 കോടിരൂപയ്ക്ക് താഴെയാണ്. എന്നാൽ സംസ്ഥാനത്ത് എട്ടര വർഷത്തിനുശേഷം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 2025-ൽ അവതരിപ്പിച്ച ബജറ്റിൽ പൊതുചെലവ് 2,00,000 കോടിരൂപയിലധികമായി വർധിച്ചു. ഇതാണ് നമ്മുടെ സംസ്ഥാനത്ത് കാണേണ്ടത്. കോവളം എം.എൽ.എ., ശ്രീ. എം. വിൻസെന്റ് വീരപാണ്ഡ്യ കട്ട ബൊമ്മൻ സിനിമ പൂർണ്ണമായും കാണുന്നത് നന്നായിരിക്കും. തമിഴ്നാട്ടിലെ പ്രധാനപ്പെട്ട സ്വാതന്ത്ര്യ സമരപോരാളിയായ വീരപാണ്ഡ്യ കട്ട ബൊമ്മൻ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ പോരാട്ടം നടത്തിയ ആളാണ്. നരേന്ദ്ര മോദി ഗവൺമെന്റ് കേരളത്തെ ഞെരിച്ചുനിൽക്കുമ്പോൾ, കേരളത്തിലെ 3.50 കോടിയിലധികം വരുന്ന മനുഷ്യരെ സംരക്ഷിക്കാനും ക്ഷേമപ്രവർത്തനം നടത്തുന്നതിനുംവേണ്ടി കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റ്

കേന്ദ്ര ഗവൺമെന്റിനെതിരായി അതിശക്തമായപോരാട്ടവും സമരമുഖവും തുറക്കുകയാണ്. അതിന്റെ ഭാഗമായാണ് 2024 ഫെബ്രുവരി 8-ാം തീയതി ഡൽഹിയിൽ സമരം നടത്തിയത്. ബി.ജെ.പി. ഇതര ഗവൺമെന്റുകളുമായും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായും അതിശക്തമായ പ്രക്ഷോഭം നടത്തുമ്പോൾ കട്ടബൊമ്മനെ ചതിച്ച കഥാപാത്രമായ എട്ടപ്പന്റെ പണിയാണ് ഈ കേരളത്തിലെ പ്രതിപക്ഷം ചെയ്യുന്നത്. ഒരിക്കൽകൂടി ആ സിനിമ കാണുന്നത് നന്നായിരിക്കും.

ഇക്കഴിഞ്ഞ എട്ടര വർഷമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് വ്യത്യസ്തമേഖലയിൽ അധികബാധ്യത ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. ആ ബാധ്യതയെന്താണ്? 2016-ലെ ഉമ്മൻ ചാണ്ടി ഗവൺമെന്റിൽ, അദ്ദേഹമാണ് ബജറ്റ് അവതരിപ്പിച്ചത്. ആ ബജറ്റ് അവതരിപ്പിച്ചശേഷം അദ്ദേഹത്തെ പത്രക്കാരും മാധ്യമപ്രവർത്തകരും സമീപിച്ചു. മാധ്യമപ്രവർത്തകർ അദ്ദേഹത്തെ സമീപിച്ചിട്ട് ചോദിച്ചത് 18 മാസത്തോളം കുടിശ്ശികയുള്ള ക്ഷേമപെൻഷനുകൾ നൽകുന്നതിനെസംബന്ധിച്ച് ബജറ്റിൽ പ്രത്യേകിച്ചൊന്നും തീരുമാനിച്ചില്ലല്ലോ

എന്നാണ്. അപ്പോൾ ഉമ്മൻ ചാണ്ടി സാർ പറഞ്ഞ വാചകം ഇപ്പോഴും യൂട്യൂബിലുണ്ട്. ആയത് ഒന്ന് പരിശോധിക്കാം..., കേരളത്തിലെ റവന്യൂ വരുമാനത്തിന്റെ 83 ശതമാനം തുകയും സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിനുവേണ്ടി മാറ്റിവയ്ക്കപ്പെടേണ്ടിവരും. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നാണ് ഉമ്മൻ ചാണ്ടി സാർ പറഞ്ഞത്. അതുകൊണ്ട് 34 ലക്ഷത്തോളം വരുന്ന ക്ഷേമ പെൻഷൻ നൽകാൻ നിർവ്വാഹവും നിവൃത്തിയുമില്ലെന്ന് പ്രഖ്യാപിച്ച് ഭരിച്ചവരാണ് നിങ്ങളുടെ മുൻമുറക്കാരെന്നത് ഓർത്താൽ നന്നായിരിക്കും. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, 36 ലക്ഷത്തോളം വരുന്ന പെൻഷൻ മാത്രമല്ല; ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് തീർപ്പുകൽപ്പിക്കാതെ ഫ്രീസ് ചെയ്തിരുന്ന വിവിധഘട്ടങ്ങളിലെ വിധവ പെൻഷൻ, വികലാംഗ പെൻഷൻ, അഗതി പെൻഷൻ, വാർധക്യകാല പെൻഷൻ, കാൻസർ രോഗികളുടെ പെൻഷൻ എന്നിവയടക്കമുള്ള അപേക്ഷകളെല്ലാം സോർട്ട് ചെയ്ത് അർഹതപ്പെട്ടവരുടെ പെൻഷൻ തുക ആകെ 62 ലക്ഷമായി വർധിപ്പിച്ചു. 600 രൂപയായിരുന്ന വാർധക്യപെൻഷൻ

1600 രൂപയായി വർധിപ്പിച്ചു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ നൽകുന്നതിനുവേണ്ടി ഒരു മാസം മാറ്റിവയ്ക്കേണ്ട തുക 220 കോടിരൂപയാണെങ്കിൽ പിണറായി സർക്കാർ മാറ്റിവയ്ക്കുന്നത് 900 കോടിരൂപയാണെന്ന് കുറിച്ചുവയ്ക്കുക. ശ്രീ. എം. വിൻസെന്റ് ഇവിടെയാകെ പ്രശ്നമാണെന്ന് പറഞ്ഞു. ഒരു പ്രശ്നവുമില്ല, ശ്രീ. വിൻസെന്റേ.....

വിഴിഞ്ഞത്ത് ഒന്നും നടന്നില്ലെന്ന് മുതലക്കണ്ണീർ ഒഴുക്കുകയാണ്. വിഴിഞ്ഞത്ത് ഗൂഢാലോചന നടത്തി പാവപ്പെട്ട വികാരിമാരെയും മത്സ്യത്തൊഴിലാളികളെയും കുത്തിത്തിരിപ്പുണ്ടാക്കി സമരം നടത്തി വിഴിഞ്ഞം തുറമുഖത്തെ പ്രവർത്തനങ്ങൾ നടത്താൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുന്നതിന് ആസൂത്രണം വഹിച്ച വ്യക്തിയാണ് ഇവിടെവന്ന് റിംഗ് റോഡ് നടപ്പാകുന്നില്ല, റെയിൽവേ നടന്നില്ലെന്നൊക്കെ പരിതപിക്കുന്നത്. ഇതെന്ത് ഇരട്ടവേഷം...., ഇവിടെ ഇരട്ട വേഷമൊന്നും നടത്തേണ്ടതില്ല.

അതുപോലെ വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കപ്പെടുകയുണ്ടായി. നാല് ലക്ഷത്തിലധികം വരുന്ന കുട്ടികളാണ് 2011-16 വരെയുള്ള ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത്

സർക്കാർ സ്കൂളുകളിൽനിന്ന് ടി.സി. വാങ്ങി അൺ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് പോയത്. അതിന് കേരളത്തിൽ കണക്കുള്ളതാണ്. കോഴിക്കോട് ജില്ലയുടെ ഭാഗത്തുള്ള ഒരു യു.പി. സ്കൂൾ വിൽപ്പനയ്ക്ക് വച്ചപ്പോഴാണ്..., കേരളത്തിൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പ്രഖ്യാപിച്ചത് നമുക്കറിയാം....

ചെയർപേഴ്സൺ: ഒരു പോയിന്റ് ഓഫ് ഓർഡർ ഉണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ നിരന്തരമായി ഭരണകക്ഷി അംഗങ്ങൾ നടത്തുന്ന ഒരു അടിസ്ഥാനരഹിതമായ ആരോപണമുണ്ട്. അക്കാര്യം ഞാൻ കഴിഞ്ഞ സഭയിലും ഇവിടെ സംസാരിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതിയെ അട്ടിമറിക്കാൻ ആരെല്ലാമായിട്ടോ ഗൂഢാലോചന നടത്തിയെന്ന അടിസ്ഥാനരഹിതമായിട്ടുള്ള ഒരു പ്രചാരവേലയാണ് ഇവർ നടത്തുന്നത്. ഞാൻ അന്നും ഇന്നും ഈ സഭയിൽ പറയുന്ന കാര്യം, എവിടെയെങ്കിലും ഒരു വാക്ക്/ഏതെങ്കിലും തരത്തിലുള്ള ഒരു പ്രസംഗം വിഴിഞ്ഞം തുറമുഖത്തിനെതിരായി ഞങ്ങൾ നടത്തിയിട്ടില്ല....,

മേലാൽ ഇത്തരം കാര്യങ്ങൾ ഈ സഭയിൽ ഉന്നയിക്കരുതെന്നുള്ള മുന്നറിയിപ്പ് അങ്ങ് നൽകുന്നതോടൊപ്പം ഈ വിഷയം സഭാ രേഖയിലുണ്ടാകാനും പാടില്ല..

ചെയർപേഴ്സൺ: ശരി, ആയത് പരിശോധിക്കാം.

ശ്രീ. കെ. ആൻസലൻ: സർ, അതുസംബന്ധിച്ച് മനോരമ പത്രത്തിന്റെ പേജെടുത്ത് പരിശോധിച്ചാൽ ആയത് ശ്രീ. എം. വിൻസെന്റിന് ബോധ്യപ്പെടും. നമുക്കറിയാമല്ലോ; പതിനായിരക്കണക്കിന് കോടിരൂപ വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചു. ലൈഫ് പാർപ്പിട പദ്ധതി, സാഫല്യം പദ്ധതി തുടങ്ങിയവ പ്രഖ്യാപിച്ചു. എന്തായിരുന്നു സാഫല്യം പദ്ധതി? 5 വർഷക്കാലം എത്രപേർക്ക് വീട് നൽകി; ഇവിടെ കണക്കുണ്ട്. സംസ്ഥാനത്ത് 4,30,000 പേരുടെ വീട് പൂർത്തീകരിച്ചു. 5 ലക്ഷത്തിലധികം വീടുകൾ ഈ വരുന്ന സാമ്പത്തികവർഷം പൂർത്തീകരിച്ചുകൊണ്ട് കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന സാധാരണക്കാരുടെ വീടെന്ന സ്വപ്നം പൂർത്തീകരിക്കപ്പെടുകയാണ്. കേന്ദ്രം നൽകുന്ന വിഹിതത്തെ സംബന്ധിച്ച്

നേരത്തെ ശ്രീമതി യു. പ്രതിഭ എം.എൽ.എ. സൂചിപ്പിച്ചു. നിങ്ങൾ ഒന്നൊന്നായി എണ്ണിപ്പറയുകയാണ്.

വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ തുക ഈ ഗവൺമെന്റ് വകയിരുത്തുകയും നൽകുകയും ചെയ്തതിനാൽ തടസ്സമില്ലാതെ തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുകയാണ്. 2035-ൽ കമ്മീഷൻ ചെയ്യുന്നത് 2025-ൽ പൂർത്തീകരിക്കുകയാണ്, അതാണ് പിണറായി വിജയൻ ഗവൺമെന്റിന്റെ ഇച്ഛാശക്തി.

'കെ-ഫോൺ' പദ്ധതിയിലൂടെ സാധാരണക്കാരന് നെറ്റ് സൗജന്യമായി പ്രഖ്യാപിക്കപ്പെടുകയാണ്. ആരോഗ്യമേഖലയിലെ സേവനങ്ങൾ, പ്രാഥമിക ആരോഗ്യമേഖലകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിക്കപ്പെട്ടതുകൊണ്ട് സാധാരണക്കാരന് വീടിനടുത്ത് സൗജന്യ ചികിത്സയുടെ വ്യാപ്തി വർധിപ്പിക്കുന്നതിനായി പതിനായിരക്കണക്കിന് കോടിരൂപയാണ് ഗവൺമെന്റ് കഴിഞ്ഞ ഏഴെട്ട് വർഷക്കാലമായി നൽകിയത്.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലൂടെ അറുപതിനായിരത്തിലധികം വരുന്ന കേരളത്തിലെ ദരിദ്ര കുടുംബങ്ങളെ സമ്പൂർണ്ണമായി മോചിപ്പിച്ചുകൊണ്ട് 2025 നവംബർ മാസം 1-ാം തീയതി കേരളപ്പിറവി ദിനത്തിൽ രാജ്യത്തിനും ലോകത്തിനും മാതൃകയായി ദാരിദ്ര്യ നിർമ്മാർജ്ജനം പ്രഖ്യാപിക്കുന്ന ഒരു സംസ്ഥാനമായി ഈ കൊച്ചുകേരളം മാറുകയാണ്.

കാർഷികമേഖലയിലെ ഇടപെടൽ നമുക്ക് അറിയാമല്ലോ; കേന്ദ്ര നിലപാടുകൾ നമ്മൾ പ്രത്യേകം പരിശോധിക്കണം. 25 ലക്ഷം കോടിരൂപ സംസ്ഥാനങ്ങൾക്കുവേണ്ടി കേന്ദ്രം മാറ്റിവയ്ക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് ആളോഹരി വിഹിതമായി ഏകദേശം 75000 കോടിരൂപ ലഭിക്കേണ്ട സ്ഥാനത്താണ് കേന്ദ്രം അതിന്റെ പകുതിക്ക് താഴെയായി കേരളത്തിന് നൽകുന്നത്. കൂടാതെ ജി.എസ്.ടി.-യുടെ കോമ്പൻസേഷൻ നിർത്തലാക്കുകയും ഗ്രാന്റുകൾ വെട്ടിക്കുറയ്ക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് സാമ്പത്തികവർഷമായി 40,000 കോടി രൂപയുടെ സാമ്പത്തിക ഞെരുക്കത്തിലേയ്ക്ക് കേരളത്തെ കൊണ്ടുവരുന്ന രീതിയിലാണ് കേന്ദ്രം നിലപാടുകൾ സ്വീകരിക്കുന്നത്. ഇതിനിടയിൽ നാം നേരിടേണ്ടിവന്ന ഓഖി,

പ്രളയങ്ങൾ, നിപ, കോവിഡ്, വയനാട് ദുരന്തമടക്കമുള്ള കേരളത്തിലുണ്ടായ പ്രകൃതിദുരന്തങ്ങളെയും ഈ ഗവൺമെന്റ് കരുത്തോടുകൂടി നേരിട്ടുകൊണ്ടാണ് മുന്നോട്ടുപോകുന്നത്.

കേരളത്തിലെ പ്രതിപക്ഷത്തിന്റെ സ്ഥിതിയെന്താണ്? മനോരമ പത്രത്തിന്റെ വാചകങ്ങളും അച്ചുനിരത്തലുകളുമില്ലെങ്കിൽ കേരളത്തിലെ പ്രതിപക്ഷം വട്ടപ്പൂജ്യമാണ്. മനോരമയുടെ കള്ളപ്രചാരവേലകൾ, മനോരമയടക്കമുള്ള കുത്തകമാധ്യമങ്ങൾ.., കേരളത്തിലെ ഇടതുപക്ഷ-കമ്മ്യൂണിസ്റ്റ് വിരുദ്ധ നിലപാടുകൾക്കനുസരിച്ച് താളംതുള്ളുന്ന കേരളത്തിലെ പ്രതിപക്ഷം കേരളത്തിലെ ജനങ്ങളുടെ ശത്രുക്കളാണെന്ന് പ്രഖ്യാപിക്കേണ്ടിവരും. ഈ ഗവൺമെന്റിനെതിരെ എന്തെല്ലാം ആരോപണങ്ങൾ കൊണ്ടുവന്നു. സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ തുടങ്ങി മുഖ്യമന്ത്രിയെയും കുടുംബത്തെയും ലക്ഷ്യംവച്ചുക്കൊണ്ട് നടത്തിയിട്ടുള്ള ദുഷ്പ്രചരണങ്ങളാണ് കേരളത്തിലെ ഒരു മന്ത്രിക്കെതിരായി നടത്തിയിട്ടുള്ളത്. ഒരു മതവിഭാഗത്തെ ചുറ്റിപ്പറ്റി ഖുറാനെയും ബിരിയാണിയെയുമൊക്കെ ആക്ഷേപിച്ചുകൊണ്ട് കേരളത്തിലെ

വലതുപക്ഷ മാധ്യമങ്ങളും പ്രതിപക്ഷവും കൊണ്ടുവന്ന കള്ളക്കഥകൾ പൊളിഞ്ഞുവീണല്ലോ; അത് ഇവിടെ ആരെങ്കിലും ചർച്ച ചെയ്തോ? ആ തട്ടിപ്പുകാരിയടക്കമുള്ള സ്വർണ്ണക്കടത്തുകാർക്കെതിരായി കേന്ദ്ര അന്വേഷണ ഏജൻസിയായിട്ടുള്ള കസ്റ്റംസ് അവസാനം ഒരു വിധി പുറപ്പെടുവിച്ചു, ആറരക്കോടി രൂപ അടയ്ക്കണമെന്നാണ് പ്രഖ്യാപിച്ചത്. ഖുറാന്റെയും ഈന്തപ്പഴത്തിന്റെയും പേരിലുണ്ടായിട്ടുള്ളത് കെട്ടുകഥകളാണെന്ന് അന്വേഷണ ഏജൻസികൾ പ്രഖ്യാപിച്ചപ്പോൾ ഏതെങ്കിലും ചാനലുകാരും മാധ്യമങ്ങളും ഇത് ചർച്ച ചെയ്യുകയോ കഥകളെഴുതുകയോ ചെയ്തോ? അപ്പോൾ കള്ളപ്രചാരവേലകൾ നടത്തിക്കൊണ്ട്, നുണക്കഥകൾ പ്രചരിപ്പിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാമെനാണ് നിങ്ങൾ ശ്രമിച്ചിട്ടുള്ളത്. ആ നുണക്കഥകളുടെയും അപസർപ്പക കഥകളുടെയും പരിലാളനയിൽ മോഹംകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തകർത്തുകളയാമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ ഇപ്പോൾ 1959 അല്ല 2025 ആണെന്ന് നന്നായി ഓർത്തുകൊള്ളണം. 1959-ൽ കള്ളപ്രചാരവേല നടത്തി സാധാരണക്കാരിൽ

സാധാരണക്കാരായ ആളുകളെ തെറ്റിദ്ധരിപ്പിച്ച് മതമൗലീകവാദികളുടെ പിന്തുണയോടുകൂടി കേന്ദ്രഭരണം ഉപയോഗപ്പെടുത്തി ഒന്നാം കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിക്കുവാൻ നിങ്ങൾക്കുണ്ടായിരുന്ന കരുത്ത് ഇന്ന് ഇല്ലെന്ന തിരിച്ചറിവ് നിങ്ങൾക്ക് വേണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇവിടെ സാധാരണക്കാരോടൊപ്പമാണ്.

ആശാപ്രവർത്തകരെക്കുറിച്ചൊക്കെ കണ്ണീരൊഴുക്കുകയാണ്. ആയിരം രൂപ ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് നൽകിയ സ്ഥാനത്ത്, കേരളത്തിലിപ്പോൾ 7000-ലധികം രൂപയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നൽകുന്നത്. ഇത് കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി 2016-ൽ അധികാരത്തിൽ വരുമ്പോൾ, അങ്കണവാടി ടീച്ചർമാർക്ക് 2,000 രൂപ ശമ്പളമുണ്ടായിരുന്നുവെങ്കിൽ അത് 12,000 രൂപയായി വർധിപ്പിച്ച് നൽകിയിട്ടുണ്ട്. സ്കൂളിലെ പാചകത്തൊഴിലാളികൾക്ക് 600 രൂപ കേന്ദ്രം നൽകുമ്പോൾ 8,500 രൂപയാണ് കേരളം നൽകുന്നത്. സാധാരണക്കാരായ തൊഴിലാളികളെയും ക്ഷേമനിധിക്ക് അർഹതപ്പെട്ട ആളുകളെയും സംരക്ഷിക്കുന്ന

നിലപാടെടുത്തുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുപോകുന്നത്. ആ ഗവൺമെന്റിന്റെ കരുത്ത് വർധിപ്പിക്കുവാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുവാനും സാമ്പത്തിക പ്രയാസങ്ങളുടെ ദുരിതക്കടൽ നീന്തിക്കടന്നുകൊണ്ടും ഈ കാലഘട്ടത്തെ അതിജീവിച്ചുകൊണ്ടും കേരളത്തെ മുന്നോട്ടുനയിക്കുന്നതിനുവേണ്ടി ബഹുമാന്യനായിട്ടുള്ള കേരളത്തിലെ ധനകാര്യവകുപ്പുമന്ത്രി മുന്നോട്ടുവച്ചിട്ടുള്ള ചെറിയ നികുതി നിർദേശങ്ങളെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ധനകാര്യ ബിൽ സബ്ജക്റ്റ് കമ്മിറ്റിയ്ക്കയയ്ക്കണമെന്ന നിർദേശത്തെ ഞാൻ പിന്തുണയ്ക്കുന്നു. മികച്ച ധനകാര്യ മാനേജ്മെന്റുകൊണ്ട് 70 ശതമാനത്തിലധികം നികുതി വരവുകൾ വർധിപ്പിച്ചാണ് കേരളം കേന്ദ്രം അടിച്ചേൽപ്പിക്കുന്ന സാമ്പത്തിക പ്രയാസത്തെ തരണംചെയ്തുകൊണ്ടിരിക്കുന്നതെന്ന യാഥാർഥ്യം നാം മനസ്സിലാക്കേണ്ടതാണ്. 2017-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച കിഫ്ബി എന്ന നൂതന പദ്ധതിയെ

ആകാശ കുസുമമെന്നും മലർപ്പൊടിക്കാരന്റെ ദിവാസ്വപ്നമെന്നുമെല്ലാമാണ് യു.ഡി.എഫ്. അന്ന് അഭിസംബോധന ചെയ്തിരുന്നത്. എന്നാൽ 69968 കോടി രൂപയുടെ പദ്ധതികളാണ് കേരളത്തിൽ അങ്ങോളമിങ്ങോളം കിഫ്ബിയുടെ ചെലവിൽ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ കിഫ്ബി ഇല്ലാതാകുകയെന്നതും ഇല്ലാതെയാക്കുകയെന്നതും കേന്ദ്രസർക്കാരിന്റെ മാത്രം ലക്ഷ്യമല്ല, അതിലുപരി യു.ഡി.എഫ്.-ന്റെ എല്ലാകാലത്തെയും താൽപര്യമാണെന്നുകൂടി നാം തിരിച്ചറിയേണ്ടതുണ്ട്. കുടിശ്ശികകളെല്ലാം തീർത്തും കാലോചിതമായി വർധിപ്പിച്ചും ഒന്നാം പിണറായി സർക്കാർ 35000 കോടി രൂപയും രണ്ടാം പിണറായി സർക്കാർ നാലുവർഷംകൊണ്ട് 33000 കോടി രൂപയും ചേർത്ത് ആകെ 68000 കോടി രൂപ, ക്ഷേമ പെൻഷനായി മാത്രം കേരളത്തിലെ പാവങ്ങളായ ജനങ്ങൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. എന്നാൽ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ അഞ്ച് വർഷംകൊണ്ട് നൽകിയത് കേവലം 10000 കോടി രൂപയായിരുന്നു. 'കേരളം' എന്ന പദംപോലും കേന്ദ്ര ബജറ്റ് രേഖയിൽ വരാതിരിക്കാൻ കാണിച്ച മോശപ്പെട്ട ജാഗ്രതയെ മുഴുവൻ മലയാളികളും

മനസ്സിലാക്കിയിട്ടുണ്ട്. ചൂരൽമല-മുണ്ടക്കൈ ദുരന്തത്തിൽ സർവവും നഷ്ടപ്പെട്ട ജനതയെ പുനരധിവസിപ്പിക്കാൻ ഒരു ഓട്ടക്കാലണയുടെ സഹായംപോലുമില്ലാത്ത കേന്ദ്ര ബജറ്റിൽ കേരളം വലിയ രോഷത്തിലാണ്. എന്നാൽ കേരളത്തോടുള്ള ഈ അവഗണന ഏറ്റവും നന്നായി യു.ഡി.എഫ്. ആസ്വദിക്കുകയാണ് ചെയ്തത്. മകൻ മരിച്ചാലും മരുമകളുടെ കണ്ണീര് കാണണം എന്നുമാത്രമാണ് അവരുടെ ലക്ഷ്യം. കേന്ദ്രത്തിൽനിന്നും ന്യായമായും ലഭിക്കേണ്ട ഗ്രാന്റുകളും വിഹിതവും ന്യായരഹിതമായി തടയുകയും അട്ടിമറിക്കുകയും ചെയ്യുമ്പോൾ തടസ്സപ്പെടുന്ന ജനകീയപദ്ധതികളുടെ കണക്കെടുപ്പിൽ സ്വയം അറുമാതിക്കുകയാണ് യു.ഡി.എഫ്. എന്ന ദുഃഖസത്യം നമ്മൾ വിസ്മരിക്കരുത്. ഈ മനോഭാവം യു.ഡി.എഫ്.-ന്റെ ഒറ്റപ്പെട്ടതാണെന്ന് നാം കാണരുത്. ഡൽഹി തിരഞ്ഞെടുപ്പിൽ ഇതിന്റെ ഏറ്റവും മോശപ്പെട്ട മാനസികാവസ്ഥയുടെ പ്രകാശനമാണ് നാം കണ്ടത്. രാഷ്ട്രീയ സംഘടനാ കാര്യങ്ങളാൽ വിജയസാധ്യതയുള്ള ഏതെങ്കിലും പത്തോ പതിനഞ്ചോ സീറ്റിൽ രാഷ്ട്രീയ സാന്നിധ്യമറിയിക്കാൻ ഇടതുപക്ഷം ചെയ്യുന്ന മാതൃകയിൽ ഒറ്റയ്ക്ക്

മത്സരിക്കുകയും മറ്റ് സീറ്റുകളിൽ ബി.ജെ.പി. പരാജയം ഉറപ്പാക്കാൻ എ.എ.പി.-ക്ക് വോട്ടുചെയ്യാൻ തയ്യാറാകുകയും ചെയ്തിരുന്നെങ്കിൽ ബി.ജെ.പി.-യുടെ പരാജയം ഉറപ്പിക്കാമായിരുന്നുവെന്നാണ് തിരഞ്ഞെടുപ്പ് ഫലങ്ങൾ കാണിക്കുന്നത്. എന്നാൽ 100 ശതമാനം കോൺഗ്രസ് വട്ടപൂജ്യമാകുമെന്ന് ഉറപ്പുള്ള ഒരു സംസ്ഥാനത്ത് ഇന്ത്യാ മുന്നണി നേതാവും ബി.ജെ.പി.-യുടെ ബദ്ധവൈരിയുമായ ശ്രീ. അരവിന്ദ് കേജ്‌രിവാളിനെ രാജ്യദ്രോഹിയും വലിയ അഴിമതിക്കാരനുമായാണ് സാക്ഷാൽ കോൺഗ്രസിന്റെ വലിയ നേതാക്കൾപോലും വിശേഷിപ്പിച്ചതും അപഹസിച്ചതും. ഇക്കഴിഞ്ഞ ലോകസഭ തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ പരാജയം ഉറപ്പുവരുത്താൻ ഇന്ത്യാമുന്നണിക്കായത് പ്രാദേശിക കക്ഷികളുടെ പിൻബലത്തിലും സഹകരണത്തിലും മാത്രമായിരുന്നു. ഈ യാഥാർത്ഥ്യം അംഗീകരിക്കാനോ മനസ്സിലാക്കാനോ കോൺഗ്രസ് നേതൃത്വം ഇനിയും തയ്യാറാകുന്നില്ലെന്നതാണ് ഡൽഹി തിരഞ്ഞെടുപ്പ് ഫലം നമുക്ക് നൽകുന്ന പാഠം. 'എന്റെ ഉപ്പാപ്പായ്ക്ക് ഒരു ആനയുണ്ടായിരുന്നു' എന്ന മട്ടിൽ ഇപ്പോഴും നിഗളിച്ചാണ് നടക്കുന്നത്. എന്നാൽ ഇപ്പോൾ ആനപ്പിണ്ടത്തിന്റെ

വിലപോലുമില്ലെന്ന് അവർ മനസ്സിലാക്കണം. ബാബരി മസ്ജിദ് മുതൽ രാമക്ഷേത്ര നിർമ്മാണം വരെ കോൺഗ്രസിന്റെ ചരിത്രം ചതിയുടെയും സംഘ് പരിവാറിന് മതന്യൂനപക്ഷങ്ങളെ ചവിട്ടിയരയ്ക്കാൻ ഭൂമി പാകപ്പെടുത്തി നൽകിയതിന്റേതുമാണ്. ബാബരി മസ്ജിദിന്റെ mihrab-ൽ സംഘ് പരിവാർ നടത്തിയ വിഗ്രഹത്തെ സരയൂ നദിയിലേയ്ക്കെറിയാൻ കൽപ്പിച്ച ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യത്തിലേയ്ക്ക് കോൺഗ്രസ് മടങ്ങാത്ത കാലത്തോളം ഇന്ത്യയിൽ സംഘ് പരിവാറിന് അറുമാതിക്കാനും ആഹ്ലാദിക്കാനുമുള്ള വക ലഭിച്ചുകൊണ്ടിരിക്കും. ഡൽഹി ഇതിന്റെ അവസാനത്തെ ഉദാഹരണമാണ്. 2011-16 കാലത്തെ സർക്കാരിന്റെ മൂലധന ചെലവ് വെറും 24505 കോടി രൂപയായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ മൂന്നുവർഷത്തെ മൂലധന ചെലവ് 41772 കോടി രൂപയുമാണ്. മുൻസർക്കാരിന്റെ അഞ്ച് വർഷത്തെ ചെലവ് 47650 കോടി രൂപയുമാണെന്ന വസ്തുത നാം ഉൾക്കൊള്ളേണ്ടതുണ്ട്. കേന്ദ്ര നിലപാടിൽനിന്നും ശക്തമായ സാമ്പത്തിക വിവേചനം നാം നേരിടുന്നുവെന്നത് വളരെ വ്യക്തമായൊരു യാഥാർത്ഥ്യമാണ്. എന്നിട്ട് ബി.ജെ.പി.-യും പ്രതിപക്ഷവും പറയുന്നത്

കേന്ദ്രസർക്കാരിന്റെ നയങ്ങളല്ല, സംസ്ഥാന സർക്കാരിന്റെ ധൂർത്താണ് സാമ്പത്തിക ഞെരുക്കത്തിന് കാരണമെന്നാണ്.

ദേശീയപാതാ വികസനം, വിഴിഞ്ഞം തുറമുഖ പദ്ധതിയുൾപ്പെടെ വിസ്മയിക്കുന്ന രീതിയിൽ ദ്രുതഗതിയിൽ നടത്തിയിട്ടുള്ള വമ്പൻ വികസനങ്ങൾ മറച്ചുവയ്ക്കാൻ ചില മാധ്യമങ്ങളുടെ സഹകരണത്തോടെ പ്രതിപക്ഷം തീവ്രശ്രമം നടത്തിവരുന്ന സമയത്താണ് ഈ ധനാഭ്യർത്ഥനകൾ. ചലനാത്മകമായ ഒരു സമൂഹസൃഷ്ടിക്ക് കൃത്യമായ ധന മാനേജ്മെന്റോടുകൂടിയ ചെലവഴിക്കൽ വളരെ അത്യാവശ്യമാണ്. അതിനുതകുന്ന നിർദേശങ്ങൾ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ട്. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തിന്റെ വികസന കുതിപ്പുകളായിരിക്കും വോട്ടർമാരുടെ ചർച്ചയും പരിഗണനയും. അപ്രകാരം വന്നാൽ നിശ്ചയമായും എൽ.ഡി.എഫ്. തിളങ്ങുന്ന വിജയം നേടുമെന്ന് മറ്റാരെക്കാളും അറിയുന്നത് യു.ഡി.എഫ്.-നാണ്. അതുകൊണ്ടുതന്നെയാണ് യു.ഡി.എഫ്., അനാവശ്യ വിവാദങ്ങൾ സൃഷ്ടിച്ച് തടസ്സങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരു രാജ്യം

മറ്റൊരു രാജ്യത്തിനെതിരെ സാമ്പത്തിക ഉപരോധം നടത്തുന്നതുപോലെ ഒരു യൂണിയൻ ഭരണകൂടം ഇവിടത്തെ ഒരു സംസ്ഥാനത്തിനെതിരെ സാമ്പത്തിക ഉപരോധം തുടരുന്നുവെന്നത് എത്രമാത്രം ഭീതിജനകമാണ്. അതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്ന ബി.ജെ.പി. നേതാക്കളുടെ തൊലിക്കട്ടി നാം സമ്മതിക്കണം. കേരളത്തിന് ബജറ്റിലൊന്നും അനുവദിക്കാത്തതിനെക്കുറിച്ച് ചോദിച്ചപ്പോൾ അടുത്ത ബജറ്റവതരണത്തിന് അധികം സമയമില്ലെന്ന മറുപടി പറഞ്ഞ കേരളത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിയെ നാം എന്തുപേരിട്ടാണ് വിളിക്കുക? കിഫ്ബി വഴി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി തുക ചെലവഴിച്ചതുകൊണ്ടാണ് കേരളത്തിന് സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നതെന്നും അങ്ങനെ തുക ചെലവഴിക്കേണ്ടതില്ലെന്ന് അന്നേ യു.ഡി.എഫ്. പറഞ്ഞതാണെന്നും അതെല്ലാം സ്വകാര്യ മേഖല നോക്കിക്കൊള്ളുമെന്നും പ്രതിപക്ഷ ഉപനേതാവ് കഴിഞ്ഞദിവസം സഭയിൽ പറഞ്ഞ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തി. വികസന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനെ യു.ഡി.എഫ്., ഏതുകണ്ണിലൂടെയാണ് കാണുന്നത് എന്നതിന് വേറെ തെളിവിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

അതോടൊപ്പം വളരെ ഗൗരവതരമായി ചർച്ച ചെയ്യേണ്ട മറ്റൊരു വിഷയമാണ് ലഹരിയുടെ വ്യാപനമെന്നത് നാം മനസ്സിലാക്കണം. ഏതാനും ദിവസങ്ങൾക്കുമുമ്പ് കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ കാൻസർ രോഗിയായ സ്വന്തം മാതാവിനെ വെട്ടിക്കൊലപ്പെടുത്തിയ ഇരുപത്തിനാലുകാരൻ പോലീസിന് നൽകിയ മൊഴി എന്നെ ജനിപ്പിച്ചതിനുള്ള ശിക്ഷ ഞാൻ നടപ്പാക്കിയെന്നാണ്. മാരകമായ കാൻസർ പിടിപെട്ട് ചികിത്സയിലായിരിക്കുമ്പോഴും കൂലിവേല ചെയ്ത് മകനെ പോറ്റി വളർത്തിയ അമ്മയ്ക്ക് മകൻ നടപ്പാക്കിയ ശിക്ഷ ലോകമനഃസാക്ഷിയെ ഞെട്ടിച്ചതാണ്. രണ്ടുദിവസം മുമ്പ് ഇതേ പ്രദേശത്ത് ഒരു ഇരുപത്തിയേഴുകാരൻ സ്വന്തം ഭാര്യയെ കുത്തിക്കൊലപ്പെടുത്തി. രണ്ടുപേരും സുഹൃത്തുക്കളാണെന്നാണ് വാർത്തകളിലൂടെ അറിയാൻ സാധിച്ചത്. ഇതുപോലെ എത്ര വാർത്തകളാണ് ഓരോദിവസവും നാം കേൾക്കേണ്ടിവരുന്നത്. കൊലപാതക ശ്രമങ്ങൾ, സ്ത്രീപീഡനങ്ങൾ, വാഹനാപകടങ്ങൾ, കുടുംബ കലഹങ്ങൾ തുടങ്ങി ഓരോ സംഭവങ്ങൾക്ക് പിന്നിലും ലഹരിയുടെ പങ്ക് വ്യക്തമാണ്. ലഹരി സർവ തിന്മകളുടെയും

താക്കോലാണെന്ന പ്രവചനങ്ങളെ അന്വർഥമാക്കുംവിധം സർവ കുറ്റകൃത്യങ്ങളിലും ലഹരി വില്ലനാണ്. കമ്പനികൂടി ഒരു ആസ്വാദനത്തിനുവേണ്ടി തുടങ്ങുകയും പിന്നീടൊരിക്കലും ജീവിതത്തിലേയ്ക്ക് തിരിച്ചുവരാനാകാത്തവിധം ദുരന്തങ്ങളിൽ അകപ്പെടുകയും ചെയ്യുന്ന എത്രയെത്ര ലഹരി ജീവിതങ്ങളുണ്ട്. കൂട്ടുകെട്ടുകളും സൗഹൃദങ്ങളും നന്മയുടെ വഴികളേക്കാൾ ഏറെ തിന്മയുടെ വഴികളിലേയ്ക്കാണ് പുതുതലമുറയെ നയിച്ചുകൊണ്ടിരിക്കുന്നത്. ഈ രംഗത്ത് അതിശക്തമായ നിയമനടപടികൾ കൊണ്ടുവരാൻ സാധിച്ചെങ്കിൽ മാത്രമേ ഇതിനെ തടയിടാൻ സാധിക്കുവെന്ന് സാന്ദർഭികമായി സൂചിപ്പിച്ചുകൊണ്ട് ഈ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്കയക്കണമെന്ന നിർദേശത്തെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, പ്രസ്തുത ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ന് കാണുന്ന കേരളത്തെ രൂപപ്പെടുത്തുന്നതിൽ ഏറ്റവും മുഖ്യമായ പങ്ക് വഹിച്ചിട്ടുള്ള

കേരള ശില്പി സഖാവ് ഇ.എം.എസ്.-ന്റെ ഓർമ്മദിനമാണ് ഇന്ന്. ആ ഓർമ്മകൾക്കുമുന്നിൽ ഒരുപിടി പൂക്കൾ അർപ്പിക്കുന്നു.

യഥാർഥത്തിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ ജനങ്ങൾ പൊതുവെ പ്രതീക്ഷിച്ചത് കൂടുതൽ നികുതി നിർദേശങ്ങൾ വരുമെന്നായിരുന്നു. കാരണം കേന്ദ്ര സർക്കാർ നമ്മുടെ സംസ്ഥാനത്തോട് സ്വീകരിക്കുന്ന ശത്രുതാപരമായ നിലപാടാണ്. ഇത്തരം നിലപാടിന്റെ ഫലമായി കേരളത്തിന് മുന്നോട്ടുപോകണമെങ്കിൽ കൂടുതൽ നികുതി ചുമത്തേണ്ടി വരുമെന്നുതന്നെയാണ് പ്രതീക്ഷിച്ചിരുന്നത്. ആ പ്രതീക്ഷകൾക്ക് അപ്പുറത്തേക്ക് ജനങ്ങളുടെ മേൽ വലിയ ഭാരങ്ങൾ ഏൽപ്പിക്കാതെ, ഏറ്റവും ശരിയായ രീതിയിലുള്ള നിലപാട് സ്വീകരിച്ച ഒരു ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. അതിനായി കണ്ടെത്തിയ മാർഗങ്ങളെക്കുറിച്ചെല്ലാം അദ്ദേഹം ഇവിടെ പറഞ്ഞു. ഒന്ന്, കോടതി ഫീസ് പരിഷ്കരണത്തിലൂടെ 150 കോടി രൂപയുടെ അധികവരുമാനം. അതുമായി ബന്ധപ്പെട്ട് കോടതി ഫീസ് പരിഷ്കരണ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ, വാഹനങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള സമീപനം

ഇവയെല്ലാം എടുത്തുപറയേണ്ടവയാണ്. നമ്മുടെ സംസ്ഥാനത്ത് വലിയ തോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആർക്കും ഒരു ബുദ്ധിമുട്ടും പ്രയാസവും വരാത്ത രീതിയിലുള്ള നികുതിയാണ് കണ്ടെത്തിയിട്ടുള്ളത്. യഥാർഥത്തിൽ നമ്മുടെ സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ സംബന്ധിച്ച് ഗൗരവ ബുദ്ധിയോടെ സഭയ്ക്കകത്തുപോലും വിശദമായ പരിശോധന നടത്താൻ നിർഭാഗ്യവശാൽ പ്രതിപക്ഷം തയ്യാറാകുന്നില്ല. നമ്മുടെ സംസ്ഥാനത്തിന് വായ്പ എടുക്കാനുള്ള പരിധി പോലും കേന്ദ്രസർക്കാർ നിശ്ചയിക്കുകയുണ്ടായി. എന്നാൽ കേന്ദ്രസർക്കാരിന്റെ മൊത്തം കടം എത്ര രൂപയാണെന്ന് ചിന്തിച്ചിട്ടുണ്ടോ; 171.78 ലക്ഷം കോടി രൂപയാണ് കേന്ദ്രസർക്കാരിന്റെ കടം. എല്ലാ സംസ്ഥാനങ്ങൾക്കും കൂടിയുള്ള മൊത്തം കടം 52.8 ലക്ഷം കോടി രൂപയാണ്. കേന്ദ്രത്തിന്റെ മൊത്തം കടം 77 ശതമാനമാണ്. സംസ്ഥാനങ്ങളുടെ മൊത്തം കടം 23 ശതമാനം. അങ്ങനെയുള്ള ഒരു രാജ്യത്താണ്, നമുക്ക് വായ്പയെടുക്കാനുള്ള അവകാശത്തെ, 4 ശതമാനമെന്നത് വെട്ടിച്ചുരുക്കി 3 ശതമാനമാക്കാൻ കേന്ദ്രസർക്കാർ

തീരുമാനിച്ചത്. കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം കടം ഉയരേണ്ട ഒരു സാഹചര്യവും വന്നിട്ടില്ല. ഏതെല്ലാം നിലയിലുള്ള വരുമാനമാണ് ലഭിക്കുന്നത്; സെസ്സ്, സർചാർജ്ജുകളുടെ വർധന, ഓഹരി വിറ്റഴിക്കൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കൽ, റിസർവ് ബാങ്കിന്റെ ലാഭം ഊറ്റിയെടുക്കൽ, സബ്സിഡികൾ വെട്ടിക്കുറയ്ക്കൽ, കൃഷി, വിദ്യാഭ്യാസം, ചികിത്സ, തൊഴിലുറപ്പ് പദ്ധതി എന്നീ ഇനങ്ങളുടെയെല്ലാം തുക വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ വിവിധ സർവീസുകളിലായി പത്ത് ലക്ഷത്തോളം ഒഴിവുകളാണ് നികത്താതെയുള്ളത്. പുതിയ നിയമനങ്ങളില്ല. പെൻഷനുമായി ബന്ധപ്പെട്ട ചെലവ് വെട്ടിക്കുറയ്ക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചാണ് മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാർ നമ്മുടെ രാജ്യത്ത് എന്തുതരം നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് യാഥാർഥ്യ ബോധത്തോടുകൂടി നമുക്ക് മനസ്സിലാക്കാൻ കഴിയേണ്ടതല്ലേ.

കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ ഒരിക്കൽക്കൂടി പ്രത്യേകം അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. മറ്റൊന്നും കൊണ്ടല്ല. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്രയധികം ശക്തമായി

ഇന്റലിജൻസ് വിഭാഗം ജി.എസ്.ടി. പിരിച്ചെടുക്കുന്നതിൽ കാണിച്ചിട്ടുള്ള ശ്രദ്ധ സ്തുത്യർഹമാണ്. എതിർക്കുന്ന മാധ്യമങ്ങൾ പോലും അക്കാര്യം അംഗീകരിച്ചിട്ടുള്ളതാണ്. ഏതെല്ലാം പുതിയ മാർഗങ്ങളിലൂടെയാണ് ഈ സംവിധാനം ശക്തമാക്കിയത്. ആക്രി, റസ്റ്റോറന്റുകൾ, റെഡി മിക്സ് കോൺക്രീറ്റ്, ബ്യൂട്ടി പാർലർ, അടയ്ക്ക, പ്ലൈവുഡ് എന്നിവയിലെല്ലാം ജി.എസ്.ടി. വകുപ്പ് നടത്തിയ പരിശോധന ചെറുതാണോ; അതിശക്തമായ ഇടപെടലിലൂടെ 450 കോടി രൂപയാണ് ഇന്റലിജൻസ് വിഭാഗം ഖജനാവിൽ എത്തിക്കാൻ തയ്യാറാക്കിയിട്ടുള്ളത്. ജി.എസ്.ടി. കൗൺസിൽ ഇതുസംബന്ധിച്ച് എന്താണ് സൂചിപ്പിച്ചിട്ടുള്ളത്. ഇന്റലിജൻസിന്റെ പ്രവർത്തനത്തിൽ ഏറ്റവും മികച്ച പങ്കുവഹിച്ചിട്ടുള്ളതും നല്ല പ്രകടനം കാഴ്ചവച്ചിട്ടുള്ളതുമായ സംസ്ഥാനം കേരളമാണെന്നാണ്. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ കേരളത്തെക്കണ്ട് പഠിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി. ഡിപ്പാർട്ടുമെന്റ് പരാമർശിക്കുന്ന നിലയിലേക്ക് കേരളം എത്തിയില്ലേ. എന്നിട്ടും കേരളത്തിൽ ശരിയായ രീതിയിൽ നികുതി പിരിവ് നടക്കുന്നില്ലെന്ന് പരാമർശിച്ചുകൊണ്ട് ആക്ഷേപിക്കാനാണ്

തയ്യാറാകുന്നത്. 2025 ജനുവരി മാസം 583 കേസുകളിലായി 674 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയത്. അതിൽ 405.67 കോടി രൂപ നികുതിയിനത്തിൽ ഈടാക്കുവാൻ കഴിഞ്ഞില്ലേ; സ്വർണ്ണത്തിന്റെ ജി.എസ്.ടി. പിരിക്കുന്നില്ലെന്നത് സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. അക്കാര്യം വസ്തുതയുമായി ബന്ധപ്പെട്ടതാണോ. ആക്രി, സ്വർണ്ണം, ഹോട്ടൽ തുടങ്ങിയ മേഖലകളിലെല്ലാം നടത്തിയിട്ടുള്ള പരിശോധനയുടെ ഭാഗമായിട്ടല്ലേ വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്താൻ കഴിഞ്ഞത്; ഇതിന്മേൽ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലേ; വ്യാജ ബില്ലുകൾ ഉപയോഗിച്ചതിന്റെ ഭാഗമായുള്ള ഐ.റ്റി.സി. ഫ്രോഡ് കേസുകൾ കണ്ടെത്താൻ ശക്തമായ നടപടി സ്വീകരിച്ചിട്ടില്ലേ. ഇതെല്ലാം കേരളത്തിലെ ധനകാര്യ വകുപ്പ് നമ്മുടെ വരുമാനം ഉയർത്താൻ വേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളാണ്. ബില്ലിന്റെ ഉള്ളടക്കത്തിൽ നിന്നുകൊണ്ട് സംസാരിക്കുമ്പോൾ ഇക്കാര്യങ്ങളെല്ലാം കാണാതെ പോകാൻ കഴിയുമോ. ഏറ്റവും സൗഹൃദപരമായ ഒരു വ്യാപാര മേഖല നിലനിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയില്ലേ. വ്യാപാരി സമൂഹത്തിന് ഏതെങ്കിലും തരത്തിൽ ഒരു

ശക്തമായ പരാതി ഉന്നയിക്കാൻ കഴിയുന്നുണ്ടോ. 2024-ൽ ആംനെസ്റ്റി സ്കീം നടപ്പാക്കി. അൻപതിനായിരം രൂപയിൽ താഴെ നികുതി കുടിശ്ശികയുണ്ടായിരുന്ന കേരളത്തിലെ 22,941 ചെറുകിട വ്യാപാരികളുടെ കുടിശ്ശിക എഴുതിത്തള്ളാൻ ഈ സർക്കാർ തയ്യാറായില്ലേ; ഒരു ഭാഗത്ത് ചെറുകിട കച്ചവടക്കാർക്കും വ്യാപാരികൾക്കുമെല്ലാം പരമാവധി ആശ്വാസം കൊടുക്കാനുള്ള നടപടി സ്വീകരിക്കാനും ജനങ്ങളുടെ തലയിലേക്ക് വീണ്ടും പുതിയ ഭാരങ്ങൾ ഏൽപ്പിക്കാതെ കേരളത്തെ മുന്നോട്ട് കൊണ്ടുപോകാനും നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ചെറുതാണോ? കേരളത്തിൽ ഒരു തരത്തിലുള്ള വികസനവും നടക്കുന്നില്ലെന്ന് കോവളം നിയോജകമണ്ഡലത്തിൽനിന്നുള്ള അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതെങ്ങനെ പറയാൻ കഴിയും. ഇവിടെ വികസനം നടക്കുന്നില്ലെന്ന് പറഞ്ഞ് ആക്ഷേപിച്ചിട്ടുള്ള ആശാന്മാരുടെ നിയോജകമണ്ഡലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ ഈ അടുത്ത ദിവസം കാണാനിടയായി. ബഹുമാനപ്പെട്ട അംഗത്തിന്റെ അങ്കമാലി നിയോജകമണ്ഡലത്തിലെ നാടിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. അങ്കമാലി

നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിപ്രകാരം 280 കോടി രൂപ ലഭിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അദ്ദേഹം നടത്തിയ മുൻകൈ പ്രവർത്തനത്തെ സംബന്ധിച്ചുള്ളതായിരുന്നു അത്. ഹരിപ്പാട് അടക്കം എല്ലാ പ്രതിപക്ഷാംഗങ്ങളുടെയും ഭരണപക്ഷാംഗങ്ങളുടെയും നിയോജകമണ്ഡലങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കാരണം നമ്മളെല്ലാരും കേരളീയരാണ്. ബഹുമാനപ്പെട്ട കുണ്ടറ അംഗം ഇവിടെയുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടി നിയോജകമണ്ഡലത്തിന് ലഭിച്ചിട്ടുള്ള തുക എത്രയാണെന്ന് അദ്ദേഹത്തിനറിയാം. അദ്ദേഹത്തിന് പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. എല്ലാം നേരത്തെ തന്നെ ലഭ്യമായിട്ടുണ്ട്. അതെല്ലാം നടപ്പാക്കിയാൽ മതിയാകും. എല്ലാ നിയോജകമണ്ഡലങ്ങളിലും ഇതേ സ്ഥിതി തന്നെയാണ്. എന്നിട്ട് യാതൊരു ഉളുപ്പുമില്ലാതെയാണ് കേരളത്തിൽ എവിടെയാണ് വികസനമെന്ന് കോവളം അംഗം ചോദിക്കുന്നത്. കേരളത്തിൽ ഇതുപോലെ വികസനം നടന്ന കാലമേതാണ്; നാഷണൽ ഹൈവേ, മലയോര ഹൈവേ, തീരദേശ ഹൈവേ, റോഡുകൾ, പാലങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ ചിന്തിക്കാൻ കഴിയുന്ന നിലയിലുള്ള കാര്യങ്ങളോണോ. ഇത്

കേരളത്തിലാകെ വന്നിട്ടുള്ള വികസനപ്രവർത്തനങ്ങളല്ലേ. നമുക്ക് സാമ്പത്തികമായി പ്രയാസങ്ങളും ഞെരുക്കങ്ങളുമുണ്ടെന്ന് പറയുമ്പോഴും കേരളത്തിന്റെ വികസന പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള എന്തെങ്കിലും നടപടികളുണ്ടായിട്ടുണ്ടോ; കേരളം മുന്നേറുകയല്ലേ. സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിച്ചുകൊണ്ട് നമ്മൾ ഈ പ്രതിസന്ധി മുറിച്ചുകടക്കാൻ ശ്രമിക്കുകയാണ്. എല്ലാ അർഥത്തിലും കേന്ദ്ര സർക്കാർ നമ്മെ വരിഞ്ഞുകെട്ടാൻ ശ്രമിക്കുമ്പോൾ കേരളത്തിന് മുന്നോട്ട് പോകേണ്ടതല്ലേ. അതിനാവശ്യമായ തുക, ജനങ്ങളുടെ തലയിൽ ഭാരം ഏൽപ്പിക്കാതെ കണ്ടെത്തേണ്ടതല്ലേ. അതിനുവേണ്ടിയുള്ള ഏറ്റവും കൃത്യമായ ഇടപെടലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയിട്ടുള്ളത്.

ഈ സഭാ സമ്മേളനത്തിൽ നിരന്തരമായി പ്രസംഗത്തിൽ ഉൾപ്പെടുത്തുന്ന വിഷയമാണ് ആശാ വർക്കർമാരുടെ പണിമുടക്കുമായി ബന്ധപ്പെട്ട പ്രശ്നം. ഞാൻ ഒരു കാര്യം ചോദിക്കട്ടെ. സുഹൃത്തുക്കളേ, നിങ്ങൾക്ക് എങ്ങനെയാണ് ഇത് പറയാൻ തോന്നുന്നത്. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഇതിനെക്കുറിച്ചൊക്കെ നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ

ഭരണകാലത്ത് ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നത് ശ്രീ. വി. എസ്. ശിവകുമാർ ആയിരുന്നില്ലേ. അവർക്ക് 5000 രൂപ ഓണറേറിയം കൊടുക്കുമെന്ന് പറഞ്ഞിട്ട് അത് കൊടുത്തോ; അത് വാങ്ങിക്കൊടുത്തിട്ടാണ് ഇത് പറഞ്ഞിരുന്നതെങ്കിൽ മനസ്സിലാക്കാമായിരുന്നു. നിങ്ങളുടെ ഭരണകാലത്ത് ഈ പാവങ്ങൾക്ക് എത്ര രൂപയാണ് കൊടുത്തിട്ടുള്ളത്. 7,000 രൂപ ഓണറേറിയം നൽകുന്നത് വലിയ തുകയാണെന്ന് ഞങ്ങൾ ഇവിടെ പറഞ്ഞിട്ടില്ല. പക്ഷേ ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇല്ലാത്ത നിലയിൽ ഇവിടെ കൊടുക്കുകയല്ലേ. കേന്ദ്ര ഗവൺമെന്റ് വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവിടെയല്ലേ നമ്മൾ ഒന്നിച്ച്, ശക്തമായി സമരം ചെയ്യുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്യേണ്ടത്. നിങ്ങൾ പറയുന്നത് കേട്ടാൽ 26000-ത്തോളം ആശാ വർക്കർമാർ ഇവിടെ വന്ന് സമരം ചെയ്യുകയാണെന്ന് തോന്നും. ഏതാണ്ട് ആയിരത്തിൽ താഴെ (500-നും 1000-നും ഇടയിൽ) ആൾക്കാർ മാത്രമേ സമരം ചെയ്യുന്നവരിൽ ഉൾപ്പെടുന്നുള്ളൂ. ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ് (ഐ.എൻ.ടി.യു.സി.) ഈ സമരത്തിന് എതിരാണ്. നിങ്ങൾ ഇവിടെ സംസാരിക്കുമ്പോൾ ഇക്കാര്യങ്ങൾ മനസ്സിലാക്കണം.

ഐ.എൻ.ടി.യു.സി. അടക്കമുള്ള ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളൊന്നും ഈ സമരത്തോട് യോജിക്കുന്നില്ല. പക്ഷേ ഇടതുപക്ഷത്തിനെതിരെ ആരെന്ത് പറഞ്ഞാലും നിങ്ങൾ അവരെ പ്രോത്സാഹിപ്പിക്കുകയെന്ന നിലപാട് സ്വീകരിക്കുകയാണ്. നിങ്ങളുടേത് മുതലക്കണ്ണീരാണ്. ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഇവിടെ നേരത്തെ അങ്കണവാടി ജീവനക്കാരുടെ കാര്യം സൂചിപ്പിച്ചു.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്... പ്ലീസ് ...

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പണിയെടുക്കുന്ന തൊഴിലാളികളെ കൊണ്ടുവന്ന് സമരം ചെയ്യിപ്പിച്ച് അവരെക്കൊണ്ട് ഗവൺമെന്റിന് എതിരായ വികാരമുണ്ടാക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ അവരിൽ മഹാഭൂരിപക്ഷവും ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ ഉള്ളവർ തന്നെയാണെന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്... പ്ലീസ് ...

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അങ്കണവാടി ജീവനക്കാർക്ക് ക്ഷേമനിധിയായാലും പെൻഷനായാലും എല്ലാം കൊടുത്തിട്ടുള്ളത് ഏതു

ഗവൺമെന്റാണെന്ന് അവർക്ക് നന്നായിട്ട് അറിയാം. നിലവിൽ പത്തുകോടി രൂപ കൂടി അവർക്ക് പെൻഷൻ നൽകുന്നതിനുവേണ്ടി ഗവൺമെന്റ് നൽകി.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്... പ്ലീസ് ...

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ക്ഷേമനിധിയിൽ അവരുടെ അംശദായത്തിന്റെ കുറവുകൊണ്ട് അവർക്ക് അർഹമായ വിഹിതങ്ങൾ കൃത്യമായി ലഭ്യമല്ലാത്ത, അതുകൊണ്ടുമാത്രം കാര്യങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ കുടിശ്ശിക വന്നെങ്കിലും ആ കുടിശ്ശികയും കൊടുത്തു തീർക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ളവരെ തെറ്റിദ്ധരിപ്പിച്ച് ഈ ഗവൺമെന്റിന് എതിരായി തിരിക്കാമെന്ന് നിങ്ങൾ വിചാരിച്ചാൽ അതും വിജയിക്കാൻ പോകുന്നില്ലെന്നുള്ള കാര്യം നിങ്ങളെ ഓർമ്മപ്പെടുത്തികൊണ്ടും ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ പിന്താങ്ങിക്കൊണ്ടും ഞാൻ നിർത്തുന്നു. ....(മൈക്ക് ഓഫ്) ...

ശ്രീ. യു. എ. ലത്തീഫ്: സർ, ഏതൊരു പദ്ധതിയും ആവിഷ്കരിക്കേണ്ടത് ഏറ്റവും പാവപ്പെട്ടവനെ അത് എങ്ങനെ ബാധിക്കുമെന്ന് മുന്നിൽ കണ്ടുകൊണ്ടായിരിക്കണമെന്നാണ് രാഷ്ട്രപിതാവ് മഹാത്മജി പറഞ്ഞത്.

എന്നാൽ ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിലെ ധനകാര്യ mismanagement-ന്റെ ഫലമായി ബലിയാടാവുന്നത് ഏറ്റവും സാധാരണക്കാരും പാവപ്പെട്ടവരുമാണ്. അവർ ഏത് ആവശ്യത്തിന് വേണ്ടിയാണോ ഒരു സർക്കാരിനെ പുലർത്തിപോകുന്നത് ആ ആവശ്യങ്ങൾക്കൊന്നും ഇന്ന് പണമില്ല. ക്ഷേമ പെൻഷൻ, സപ്ലൈകോയിലെ അവശ്യവസ്തുക്കൾ, ആശുപത്രി സേവനങ്ങൾ, തുടങ്ങിയവയ്ക്കെല്ലാം സർക്കാരിൽനിന്നും ലഭിക്കേണ്ട കുടിശ്ശിക ഇപ്പോഴും നിലനിൽക്കുകയാണ്. 2022-23-ലെ ദേശീയ സർവെ പ്രകാരം ഗ്രാമങ്ങളിലും നഗരങ്ങളിലും ഏറ്റവും കൂടുതൽ അസമത്വം നിലനിൽക്കുന്ന സംസ്ഥാനം കേരളമാണ്. നബാർഡിന്റെ സർവെ പ്രകാരം ഇന്ത്യയിൽ സമ്പാദ്യമില്ലാത്ത കുടുംബങ്ങൾ ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ്. ഒരു വിഭാഗം ജനങ്ങൾ പാവപ്പെട്ടവരായി കൊണ്ടേയിരിക്കുന്നു. സി. & എ.ജി.-യുടെ കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിൽ, ഈ ബജറ്റിനെക്കുറിച്ച് യാഥാർത്ഥ്യബോധമില്ലാത്ത ബജറ്റാണ് അവതരിപ്പിച്ചതെന്നും കടം വാങ്ങുന്നതിന്റെ തൊണ്ണൂറ്റിയെട്ട് ശതമാനവും കടം വീട്ടുന്നതിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെന്നും വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയല്ലെന്നുമുള്ള

വിമർശനം ഉന്നയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാന കാരണം പൊതു വിഭവങ്ങളുടെ സമാഹരണവും അതിലെ വിന്യാസവും തമ്മിലുള്ള പൊരുത്തക്കേടാണ്. ഇന്ന് ഈ ഗവൺമെന്റ് ശമ്പളം, പെൻഷൻ, പലിശ എന്നിവ മാത്രമാണ് ഉറപ്പുവരുത്തുന്നത്. ഇത് മൊത്തം വരുമാനത്തിന്റെ 67.27 ശതമാനം വരും. കേരളത്തിന്റെ തനതു വരുമാനത്തിന്റെ 62 ശതമാനത്തിനടുത്ത് സമാഹരിക്കപ്പെടുന്നത് മദ്യം, ഭാഗ്യക്കുറി, പെട്രോളിയം ഉൽപന്നങ്ങൾ, മോട്ടോർ വാഹനങ്ങൾ എന്നീ നാല് ഇനങ്ങളിൽനിന്നാണ്. പാവപ്പെട്ടവൻ ഇത്രമാത്രം പൊതു വിഭവങ്ങൾ ഖജനാവിൽ എത്തിക്കുന്ന മറ്റൊരു സംസ്ഥാനം ഇന്ത്യയിലില്ല. ഈ പണം ശമ്പളത്തിന്റെയും പെൻഷന്റെയും രൂപത്തിൽ എത്തിച്ചേരുന്നത് മധ്യവർഗത്തിന്റെയും സമ്പന്നവർഗത്തിന്റെയും പോക്കറ്റിലേക്കാണ്. ഇവരുടെ ആഡംബര ഉപഭോഗവസ്തുക്കൾ വിൽക്കുന്ന മാളുകൾ കൊള്ളലാഭം ഉണ്ടാക്കുമ്പോൾ സാധാരണക്കാരന്റെ കടകൾ പൂട്ടിപ്പോകുന്നു. എന്നാൽ ഈ ഗവൺമെന്റ് ഇന്നലെവരെ പറഞ്ഞത് സംസ്ഥാനത്തിന് വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നാണ്. വികസന പ്രവർത്തനങ്ങൾ നിശ്ചലമായി,

ക്ഷേമപെൻഷനുകൾ, മെഡിക്കൽ ആനുകൂല്യങ്ങൾ എന്നിവയെല്ലാം വെള്ളത്തിലായി. ക്ഷേമപെൻഷനുകളിൽ നയാപൈസപോലും കൂട്ടിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ, പിന്നാക്ക വിഭാഗത്തിന്റെ സ്കോളർഷിപ്പ് തുടങ്ങി എല്ലാ കാര്യങ്ങൾക്കും കടിഞ്ഞാണിട്ടു. അതിന് കാരണം സാമ്പത്തിക പ്രതിസന്ധിയാണ്. സാമ്പത്തിക പ്രതിസന്ധി കാരണം ബജറ്റിന്റെ അൻപത് ശതമാനം വെട്ടിക്കുറച്ചു. എന്നാൽ ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് കേരളം ധനപ്രതിസന്ധിയിൽനിന്ന് കരകയറി, ടേക്ക് ഓഫിന് തയ്യാറായി നിൽക്കുകയാണെന്നാണ്. എങ്കിൽ എന്തിനാണ് ഇവിടെ അവതരിപ്പിച്ച ഈ ധനകാര്യ ബില്ലിൽ സാധാരണക്കാരുടെ മേൽ വിവിധ ഇനങ്ങളിൽ ഇത്ര അധികം ഫീസും നികുതികളും ചുമത്തിയത്. ഇതിനർത്ഥം സാമ്പത്തിക ഞെരുക്കം തുടരുന്നുയെന്നതാണ്. അങ്ങനെ പറയുന്നത് തുടർന്നാൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 360 ഇടപെടുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഭയപ്പെടുന്നു. ആർട്ടിക്കിൾ 360 ഞാൻ വായിക്കാം.

" (1) If the President is satisfied that a situation has arisen whereby the financial stability or credit of India or of any part of the territory thereof is threatened, he may by a Proclamation make a declaration to that effect."

അങ്ങനെ proclamation വന്നാൽ

" (4) Notwithstanding anything in this Constitution–

(a) any such direction may include–

(i) a provision requiring the reduction of salaries and allowances of all or any class of persons serving in connection with the affairs of a State;"

ഇത് ഭയപ്പെട്ടിട്ടാണ് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറിയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവകാശപ്പെടുന്നത്. അതിൽത്തന്നെ ആർട്ടിക്കിൾ 207-ൽ പറയുന്നത്, ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഗവൺമെന്റിന്റെ റെക്കമെന്റേഷൻ വേണമെന്നാണ്. ആർട്ടിക്കിൾ 199-ൽ ആണ് Money Bill-ന്റെ നിർവചനം പറയുന്നത്. അതിൽ

(a) മുതൽ (f) വരെ പറയുന്ന കാര്യങ്ങൾ ബില്ലിൽ ഉണ്ടെങ്കിൽ അതിന് ഗവർണ്ണറുടെ റെക്കമെന്റേഷൻ മുൻകൂട്ടി വേണമെന്നാണ് പറയുന്നത്. നമ്മുടെ ബഹുമാനപ്പെട്ട സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ പുറപ്പെടുവിച്ച ബുള്ളറ്റിൻ നമ്പർ: 616-ൽ പറയുന്നത്, ‘ The Governor has made necessary recommendation under Article 207(1) of the Constitution of India in respect of the above Bill’ എന്നാണ്. ഇത് പുറപ്പെടുവിച്ചിരിക്കുന്നത് മാർച്ച് മാസം 12-ാം തീയതിയാണ്. അതായത് 2025 മാർച്ച് 12-ന്. അന്ന് ഗവർണ്ണറുടെ റെക്കമെന്റേഷൻ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം. എന്തുകൊണ്ടാണ് ഈ ബുള്ളറ്റിനിൽ അതിന്റെ തീയതി രേഖപ്പെടുത്താത്തതെന്നും പരിശോധിക്കേണ്ടതാണ്. ഇവിടെ നമ്മൾ കാണുന്നത്, ഇവിടെ എല്ലാ കാര്യങ്ങൾക്കും നികുതി വർധിപ്പിച്ചു. ഈ ബില്ലിന്റെ 1 മുതൽ 31 വരെയുള്ള പേജുകളിൽ കോടതികളിൽ എത്തുന്നവരുടെ മേൽ ചുമത്തുന്ന അധിക ഫീസും മറ്റുമാണ് ഇവിടെ നിർദേശിച്ചിട്ടുള്ളത്. ഞാൻ അതിൽ ഓരോന്നായി പറയുന്നില്ല, കാരണം ഒരു സബ്മിഷൻ മുഖാന്തരം ഞാൻ അത് മുമ്പ് അവതരിപ്പിച്ചിരുന്നു. പക്ഷേ ഒരു നൂറിരട്ടി വർധിപ്പിക്കുന്നത്

മനസ്സിലാക്കാം. പക്ഷേ ഇത് ഇരുന്നൂറും മുന്നൂറും ഇരട്ടി വർധിപ്പിക്കുന്നു. അത് ആർട്ടിക്കിൾ 39A-യുടെ ലംഘനമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 39A വളരെ വ്യക്തമായി പറയുന്നു, " The State shall secure that the operation of the legal system promotes justice, on a basis of equal opportunity, and shall, in particular, provide free legal aid, by suitable legislation or schemes or in any other way, to ensure that opportunities for securing justice are not denied to any citizen by reason of economic or other disabilities." ഇവിടെ എന്താണ് ചെയ്യുന്നത്; സാമ്പത്തികമായി ഒരുപാട് നികുതികൾ, ഫീസുകൾ എന്നിവ അടിച്ചേൽപ്പിക്കുന്നത് ഭരണഘടനയുടെ ഈ വകുപ്പിന് വിരുദ്ധമായിട്ടാണ് എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതോടൊപ്പം ഇവിടെ ഭൂനികുതി കുത്തനെ കൂട്ടി, വാഹന നികുതി കൂട്ടി, അതുപോലെ തന്നെ വില്പന നികുതിയും മറ്റ് ഒരുപാട് നികുതികളും വർധിപ്പിച്ചു. എന്നിട്ടും ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ പറഞ്ഞത് വളരെ ചുരുങ്ങിയ തോതിലാണ് എന്നാണ്. അതുകൊണ്ട് ഈ ബില്ലിലെ നികുതി നിർദേശങ്ങളെ ഞാൻ എതിർക്കുകയാണ്.

അവസാനിപ്പിക്കുന്നതിന് മുമ്പ് ഞാൻ ഒന്നുരണ്ടു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കായിക വകുപ്പിന്റെ കീഴിൽ ഓരോ പഞ്ചായത്തിനും ഓരോ കളിക്കളം നിർമ്മിക്കുമെന്ന് പറഞ്ഞിട്ട് അത് വാഗ്ദാനം മാത്രമായി. നടപ്പിലായിട്ടില്ലെന്ന് കഴിഞ്ഞ ആഴ്ച എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ. നജീബ് കാന്തപുരം ഇവിടെ പറഞ്ഞു. അതിന് മറുപടി പറയുന്നതിനുപകരം ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി പറഞ്ഞത്, ക്രിമിനൽ കേസുകളിലെ പ്രതികൾ ലീഗുകാരാണെന്നാണ് ആക്ഷേപിച്ചത്. ഞാൻ ചോദിക്കട്ടെ, എന്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ പറഞ്ഞത്, ഞാൻ ഇവിടെ മാർക്സിസ്റ്റ് പ്രതികളുടെ കണക്ക് പറയുന്നില്ല. ഒരുപാട് കണക്കുകളുണ്ട്. ഞാൻ അതിലേക്ക് പ്രവേശിക്കുന്നില്ല. അക്കാര്യം ഓർക്കുന്നത് നല്ലതാണ്. സി.പി.ഐ(എം.)-ന്റെ കൊല്ലം സമ്മേളനത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഉയർത്തിയ കൊടിയുടെ നിറം ആദർശ വ്യതിയാനത്തിന്റെയും കമ്മ്യൂണിസ്റ്റ് മൂല്യശോഷണത്തിന്റെയും പേരിൽ മങ്ങിയെന്ന് മലപ്പുറം എം.എൽ.എ. ശ്രീ. പി. ഉബൈദുള്ള പറഞ്ഞപ്പോൾ ഭാഷ മനസ്സിലാകാഞ്ഞിട്ടാണോയെന്ന് അറിയില്ല, ആരോഗ്യ വകുപ്പുമന്ത്രി

അദ്ദേഹത്തിന് നേരെ വിമർശനവുമായി മുന്നോട്ടുവന്നത്. ലീഗിനെ വിമർശിച്ച്, ബാബറി മസ്ജിദിന്റെ പേര് പറഞ്ഞുകൊണ്ടാണ് വിമർശിച്ചത്. ഞാൻ ചോദിക്കട്ടെ, ചെങ്കൊടി ഇന്ന് കമ്മ്യൂണിസ്റ്റ് അത് ഉത്ഭവിച്ച രാജ്യത്ത് ഇല്ല. അത് മോസ്കോയിലില്ല, വിയറ്റ്നാമിലില്ല. പടിഞ്ഞാറൻ ബംഗാളിൽ ഇവരുടെ ഭരണം 35 വർഷം, മൂന്നര പതിറ്റാണ്ട് തുടർച്ചയായി നടത്തിയിട്ടും കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഒരു സി.പി.ഐ.(എം) സ്ഥാനാർത്ഥി പോലും ജയിച്ചില്ല. ഒരു സി.പി.ഐ.(എം) സ്ഥാനാർത്ഥിക്ക് പോലും കെട്ടിവച്ച തുക ലഭിച്ചില്ല. അതുകൊണ്ട് തുടർഭരണം സ്വപ്നം കാണുന്ന ഇവിടത്തെ എല്ലാ അംഗങ്ങളും ആരോഗ്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അക്കാര്യം മനസ്സിൽ വയ്ക്കുന്നത് നല്ലതാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ നികുതി നിർദേശങ്ങളെ എതിർക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2025-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. ബജറ്റിന്റെ ഭാഗമായുള്ള നികുതി നിർദേശം കാലോചിതമായ മാറ്റത്തോടുകൂടി

അവതരിപ്പിക്കുകയാണ് ബില്ലിൽ ചെയ്തത്. നികുതി വർധനവ് മാത്രമല്ല നികുതി കുറയ്ക്കലും ഇതിന്റെ ഭാഗമായി ഉണ്ടായി എന്നതാണ് സവിശേഷത. ബഹുമാന്യനായ ജഡ്ജി വി. കെ. മോഹനന്റെ നേതൃത്വത്തിലുള്ള സമിതി തെളിവെടുപ്പ് നടത്തുകയും അഡ്വക്കേറ്റുമാരുടെ സംഘടനയുമായും വക്കീൽ ഗുമസ്തൻമാരുടെ സംഘടനയുമായും ചർച്ചകളും പഠനവും നടത്തിയതിന് ശേഷമുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട് കാലാനുസൃതമായ ഒരു ചെറിയ മാറ്റം വരുത്തുന്നത്. അതുപോലെ ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെടുത്തി പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് 10 ശതമാനം കുറവ് വരുത്തുന്ന നിർദേശം കൂടിയാണ് ഈ ബില്ലിലുള്ളതെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് മന്ത്രി സൂചിപ്പിച്ചു. അത് ബില്ലിൽ കാണാനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി കാരിയർ കോൺട്രാക്ടർ സിസ്റ്റത്തിനും പൊതു വാഹനങ്ങളിലും അതിന്റേതായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള നിർദേശങ്ങളാണ് ഉൾപ്പെടുത്തുയിട്ടുള്ളത്. ജി.എസ്.ടി., വാറ്റ് നിയമങ്ങൾ മറികടക്കാൻ ശ്രമം നടത്തുന്നതിന്റെ ഭാഗമായി ഡീസലിന്റെ കാര്യത്തിലും മറ്റ് ചില മേഖലകളിലും

കള്ളക്കടത്തുകൾ നടത്തുന്ന വാഹനങ്ങൾ കണ്ടുകെട്ടാനുള്ള പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. ഈ രീതിയിലാണ് നികുതി ഭാരം അടിച്ചേൽപ്പിക്കാതെ ബജറ്റ് അവതരിപ്പിക്കുകയും നിർദേശങ്ങളും പരിഷ്കാരങ്ങളും എന്ന നിലയ്ക്ക് ഈ ബില്ലിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുമുള്ളത്.

ഏറെ പ്രയാസകരമായ സാഹചര്യത്തിലൂടെയാണ് കേരളം മുന്നോട്ടുപോയിരുന്നത്. അതെല്ലാം ഒരു ജനകീയ സർക്കാർ എന്ന നിലയിൽ ജനങ്ങളിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ജനകീയ പിന്തുണയോടെ അതിജീവിച്ച് മുന്നോട്ട് പോകാനാണ് ശ്രമം നടത്തിയത്. കേരളീയ സമൂഹമാകെ, മലയാളികൾ ആകെ ഒരുമിച്ചു നിന്നതിന്റെ ഫലമായി സർക്കാരിന്റെ ശ്രമം പൂർണ്ണമായി വിജയിപ്പിക്കാൻ കഴിയുകയും ചെയ്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പുതിയ മാനേജ്മെന്റ് സിസ്റ്റത്തിലൂടെ അതിവേഗ സാമ്പത്തിക വളർച്ചയുടെ പാതയിലേക്കുള്ള പുതിയ ഘട്ടത്തിലേയ്ക്കാണ് കേരളം കടന്നിട്ടുള്ളത്. നമ്മുടെ അഭ്യന്തര ഉൽപാദനം വർധിക്കുകയും ധനക്കമ്മിയും റവന്യൂ കമ്മിയും കുറയുകയും ചെയ്തു. തനത്

വരുമാനം കഴിഞ്ഞ 4 വർഷത്തിനിടയ്ക്ക് 70 ശതമാനം വർധിപ്പിക്കാൻ സാധിച്ചുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയെയും അതിന് സഹായിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുകയാണ്. നാം ഒരു നവ കേരള സൃഷ്ടിയിലാണ്. ഫെഡറൽ സംവിധാനത്തെ തന്നെ തകർക്കുന്ന നിലയിലുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ ഇടതുപക്ഷമാണ് ഭരിക്കുന്നത് എന്നതുകൊണ്ടാണ് ഇത്തരം ഒരു നിലപാട് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി നേരത്തെ ഈ ഗവൺമെന്റിന് ലഭിക്കേണ്ട ജി.എസ്.ടി. വിഹിതമുൾപ്പെടെ മറ്റ് ഉപരോധങ്ങൾ സൃഷ്ടിച്ചപ്പോൾ അതിന്റെ പ്രതിഷേധം രേഖപ്പെടുത്താൻ ബഹുമാനപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ മന്ത്രിമാരും എം.എൽ.എ.-മാരും എല്ലാം ഡൽഹിയിൽ പോയി സമരം നടത്തി. ഇത്തരം ഒരു സമീപനം നമുക്ക് കൈക്കൊള്ളണമെന്ന് കേരളത്തിലെ മുഖ്യമന്ത്രി ആദ്യം പറഞ്ഞിരുന്നത് പ്രതിപക്ഷത്തിനോടാണ്. അന്ന് അത് കേൾക്കാനോ ശ്രദ്ധിക്കാനോ കേരളത്തിലെ യു.ഡി.എഫ്. താൽപര്യം കാണിച്ചില്ല. എന്നാൽ അവിടെ

ചെല്ലുന്നതിന്റെ തലേദിവസം കർണ്ണാടകയിൽനിന്നും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കുറച്ചുപേർ വന്ന് അവിടെ സമരം നടത്തിയ അനുഭവമുണ്ടായി. ആ സമരത്തെ അഭിവാദ്യം ചെയ്യാനും ബി.ജെ.പി.-യുടെ സമീപനങ്ങൾക്കെതിരെ ആശംസകൾ അർപ്പിക്കാനുമായി ഒട്ടേറെ സംസ്ഥാനങ്ങളിൽനിന്നുള്ള മുഖ്യമന്ത്രിമാരും അവിടെ വന്നിരുന്നു. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി തെലങ്കാനയുടെ അനുഭവം ഇവിടെ സൂചിപ്പിച്ചു. ശമ്പളം കൃത്യമായി നൽകാൻ കഴിയാത്ത സാഹചര്യം വന്നിട്ടുണ്ടെന്ന് തെലങ്കാന നിയമസഭയിൽ അവിടത്തെ മുഖ്യമന്ത്രി പറയുകയാണ്. അന്ന് തെലങ്കാനയിൽ ഈ പ്രശ്നം ഭരണരംഗത്തേക്ക് എത്തിയിരുന്നില്ല. എന്നാൽ ഇപ്പോൾ അവർ പ്രതിസന്ധി നേരിടുകയാണ്. അങ്ങനെയുള്ള അവസ്ഥയിലേക്ക് തെലങ്കാന പോകണമെന്ന് ആഗ്രഹിക്കുന്നവരല്ല നമ്മൾ. അവിടെയും ഇതെല്ലാം പരിഹരിക്കേണ്ടതാണ്. പക്ഷേ എന്താണ് ബി.ജെ.പി.-യെന്ന് തെളിയിക്കുന്നതിന്റെ ഭാഗമായാണ് തെലങ്കാന ഇപ്പോൾ പ്രയാസപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടതെന്ന് ആ നിയമസഭയിൽ അവിടത്തെ മുഖ്യമന്ത്രിക്ക് പറയേണ്ടിവന്നു. ശ്രീ. എം. കെ. സ്റ്റാലിനെ നോക്കികൊണ്ട്

ഭരണം നടത്തണമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അന്നത്തെ ആ സമരത്തെ അഭിവാദ്യം ചെയ്യാൻ തമിഴ്നാട്ടിൽനിന്നും ശ്രീ. എം. കെ. സ്റ്റാലിന് വരാൻ കഴിഞ്ഞില്ലെങ്കിലും അവിടത്തെ മുഴുവൻ എം.പി.-മാരും ആ സമരത്തിൽ പങ്കാളികളാകാൻ വന്നിരുന്നു. മാത്രമല്ല പ്രതിഷേധം രേഖപ്പെടുത്തുന്നതിന്റെ ഭാഗമായി കറുത്ത വസ്ത്രം ധരിച്ചുകൊണ്ടാണ് ആ സമരത്തിൽ അവർ പങ്കെടുക്കാൻ വന്നതെന്നതും നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. അത്തരമൊരു സാഹചര്യം സൃഷ്ടിച്ച് മുന്നോട്ടുപോകുന്ന സമയത്ത് ഈ പ്രതിസന്ധിയെ തരണം ചെയ്യുന്ന കാര്യത്തിൽ നിങ്ങൾക്ക് ഇനിയും ഒരു ബോധം ഉണ്ടാകുന്നില്ലെന്നാണ് ഇപ്പോഴും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. 'കേരളം തകരില്ല, തകർക്കാൻ അനുവദിക്കുകയില്ല' എന്ന് കേരളത്തിലെ മുഖ്യമന്ത്രിയും എൽ.ഡി.എഫ്.-ഉം പ്രഖ്യാപിക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി നമുക്ക് തനതു വരുമാനത്തിൽ എഴുപതുശതമാനം വർധനവ് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. ഇനിയുമത് വർധിപ്പിക്കാനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. അതിന്റെയൊരു ചുവടുവയ്പുകൂടിയാണ് ഈ ബിൽ എന്ന് സൂചിപ്പിച്ചുകൊള്ളട്ടെ. ഇവിടെ ഈ പ്രതിസന്ധികളൊക്കെ ഉണ്ടായി,

ഉരുൾപൊട്ടലുണ്ടായി വയനാട്ടിലെ പ്രശ്നങ്ങളെല്ലാം നമ്മൾ ചർച്ച ചെയ്തു. എന്നാൽ നമ്മൾ അറിയണം, ഇന്ത്യയിലെ കോർപ്പറേറ്റുകളുടെയും വൻകിടക്കാരുടെയും 8.26 ലക്ഷം കോടി രൂപ എഴുതിത്തള്ളിയെന്ന് പാർലമെന്റിനകത്ത് കേന്ദ്ര ധനമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. കോടാനുകോടി ജനസംഖ്യയുള്ള പട്ടിണി പാവങ്ങളുള്ള ഈ രാജ്യത്ത് ദാരിദ്ര്യം കൊണ്ട് മരിക്കുന്ന പാവപ്പെട്ട മനുഷ്യന്റെ കാര്യങ്ങൾ പറയാനോ അല്ലെങ്കിൽ അവന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന സമീപനത്തിനോ തയ്യാറാകാതെയാണ് ഇന്ത്യയിലെ കോർപ്പറേറ്റുകളുടെ ഇത്രയേറെ കടം എഴുതി തള്ളുന്ന നിലപാട് സ്വീകരിച്ചത്. കേരളം ചെയ്തത് എന്താണ്? അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുമെന്ന പ്രഖ്യാപിത നയം ഇവിടെ നടപ്പിലാക്കി. രണ്ട് ഗവൺമെന്റുകളെ തമ്മിൽ താരതമ്യം ചെയ്യാൻ അതുമാത്രം പോരെ. അഞ്ചുസെന്റിലും പത്തുസെന്റിലും താമസിക്കുന്ന പാവപ്പെട്ട മനുഷ്യന് സർഫാസി ആക്ട് നടപ്പാക്കുന്ന നിലപാട് സ്വീകരിച്ച കേന്ദ്ര ഗവൺമെന്റ് ഇന്ത്യയിലെ ഏറ്റവും വലിയ കോടീശ്വരന്മാർക്ക് പണം എഴുതിതള്ളാനുള്ള അവസരവും സൃഷ്ടിക്കുന്നു. ഇന്ത്യൻ പാർലമെന്റിൽ

ജനാധിപത്യത്തെ സാക്ഷിനിർത്തിക്കൊണ്ട് ചെയ്യുന്ന നിലപാടിന്റെ വിരോധാഭാസം നിങ്ങൾ കാണേണ്ടതല്ലേ. ആ ഒരു സമീപനമാണ് കേന്ദ്ര സർക്കാർ എടുക്കുന്നത്. അതിലൂടെ എത്ര ഞെരുക്കി കൊല്ലാൻ ശ്രമിച്ചാലും ഞങ്ങൾ സ്വന്തം കാലിൽ നിന്നുകൊണ്ട് മലയാളികളെ കൂട്ടിപ്പിടിച്ച് നമുക്ക് രക്ഷപെടാൻ കഴിയണമെന്ന ധാരണയോടും യാഥാർഥ്യബോധത്തോടും കൂടിയാണ് മുന്നോട്ടുപോകുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ മറികടന്നത് പ്രതീക്ഷയുടെയും നിശ്ചയദാർഢ്യത്തിന്റെയും പ്രകടമായ നിലപാടുകളിലൂടെയാണ്. ഈ ബജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി കേരളത്തെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിന്റെ കടുത്ത അവഗണനയും സാമ്പത്തിക ഉപരോധവും മറികടന്ന് ചരക്ക് സേവന നികുതി പോലെയുള്ള വരുമാന കേന്ദ്രീകൃത നീക്കങ്ങളുമായാണ് സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലും പ്രധാന കടമകൾ നിർവഹിക്കുന്നത്. 2020-21-ൽ തനത് നികുതി വരുമാനം 47660 കോടി

രൂപയായിരുന്നത് നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേക്കും 81,000 കോടി രൂപയാകും. തനത് നികുതി വരുമാനത്തിൽ 4 വർഷം കൊണ്ട് ഞാൻ നേരത്തെ സൂചിപ്പിച്ച 70 ശതമാനത്തിന്റെ വർധനവുണ്ടായി. ഞാൻ അവസാനിപ്പിക്കുകയാണ്. സംസ്ഥാനത്ത് നടപ്പിലാകില്ലെന്ന് തീരുമാനിച്ച എല്ലാ പദ്ധതികളും നടപ്പാക്കിയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുപോകുന്നത്. അക്കാര്യം ദേശീയ പാത മുതലുള്ള ഏത് പ്രശ്നമെടുത്ത് പരിശോധിച്ചാലും നമുക്ക് മനസ്സിലാക്കാൻ കഴിയും. ദേശീയ പാതയ്ക്കുവേണ്ടി ഭൂമി എറ്റെടുക്കാൻ തുക ചെലവഴിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. ആറ് ലക്ഷം കോടി രൂപ എന്നത് ഏകദേശം ഏഴര ലക്ഷം കോടിയിലേക്ക് വരികയാണ്. അത്തരം ഒരു സാഹചര്യം സൃഷ്ടിച്ചുകൊണ്ട് ഭാവിതലമുറയെ കണ്ടുകൊണ്ടാണ് അങ്ങനെ ഒരു സമീപനം എടുത്തിട്ടുള്ളത്. ശിശുമരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യൻ പാർലമെന്റിൽ ആരോഗ്യമന്ത്രി അത് സൂചിപ്പിക്കുകയുണ്ടായി.

'ഓരോ ശിശുരോദനത്തിലും കേൾപ്പൂ ഞാൻ

ഒരുകോടി ഈശ്വര വിലാപം' എന്നത് ശ്രീ. വി. മധുസൂദനൻ നായരുടെ അതേ ശബ്ദത്തിൽ പാടാൻ എനിക്ക്  കഴിയില്ല. അതാണ് ഇന്നത്തെ ഇന്ത്യയുടെ അവസ്ഥ. അതിനെ മറികടന്ന് മുന്നോട്ടുപോകുമ്പോൾ കേരളത്തിലെ സാഹചര്യമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. പ്രവാസികൾ ഉൾപ്പെടെ എല്ലാവരും കേരളത്തിലെ ആരോഗ്യ മേഖലയിലെ വികസന പ്രവർത്തനങ്ങൾ പ്രതീക്ഷയോടെ നോക്കിക്കാണുകയാണ്.  ലോകത്തിലെ മറ്റ് ഒരു രാജ്യത്തും ചികിത്സിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നമ്മുടെ മലയാളികൾ ചികിത്സയ്ക്കുവേണ്ടി  കേരളത്തിലെ സർക്കാർ ആശുപത്രികളിലേക്കും സ്വകാര്യ ആശുപത്രികളിലേക്കും  തിരിച്ചുവരികയാണ്  എന്ന് സൂചിപ്പിക്കുമ്പോൾ, ഈ സംസ്ഥാനത്ത് നടക്കുന്ന മാറ്റം എന്താണ്? ഒരു നവ കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായുള്ള പാതയിലാണ് ഇത് കാണുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ,  ഇവിടെ അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. യൂണിയൻ സർക്കാർ സൃഷ്ടിക്കുന്ന

സാമ്പത്തികശൂന്യതയിൽനിന്നും പ്രൊഫ. ഗോപിനാഥ് മുതുകാടിന്റെ മാന്ത്രികവിദ്യയോ ശ്രീ. കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാടിന്റെ താന്ത്രികവിദ്യയോ ഇല്ലാതെ സ്വന്തമായി വരുമാനസ്രോതസ്സ് വർധിപ്പിച്ച് റൺവേ സൃഷ്ടിക്കുകയും അതിൽ ടേക്ക്അപ്പിന് തയ്യാറെടുക്കുകയും ചെയ്യുന്ന സാമ്പത്തികസ്രോതസ്സിന്റെ കേന്ദ്രമായി കേരളം മാറുകയാണ്.

" പോകുക പേമാരിയും ഇടിയും കൂസിടാതെ...

കാവുകൾ പൂ ചൂടുന്ന കാത്തുനിൽക്കയാം ഓണം..."

സമ്പത്സമൃദ്ധമായ ഓണത്തിന്റെ ഓർമ്മകളിലേക്ക് ഈ കേരളത്തെയും എത്തിക്കുന്നതിന്റെ പ്രവർത്തനങ്ങളാണ് നവകേരളത്തിന്റെ പുതുവഴികളിലൂടെ ഈ ഗവൺമെന്റ് കൊണ്ടുവരുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എന്തുപേരുവിളിക്കണമെന്നതാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റിന്റെ സംശയം. വർഗീയവാദികൾ തീർക്കുന്ന പ്രതിസന്ധികൾക്കെതിരെ 'ഇരട്ട ചങ്കൻ' എന്ന് കേരളത്തിലെ ജനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിക്കുന്നുണ്ടെങ്കിൽ ആ പേര് നിങ്ങൾക്കും വിളിക്കാം. 2018-ലെയും 2019-ലെയും പ്രളയകാലവും തുടർന്നുവന്ന കോവിഡും

കേരളത്തെ പടുകുഴിയിലാഴ്ത്താൻ ശ്രമിച്ചപ്പോഴും ജനങ്ങൾക്കൊപ്പംനിന്ന് കേരളത്തെ നയിച്ച അദ്ദേഹത്തിന് ജനങ്ങൾ നൽകിയ പേരാണ് ക്യാപ്റ്റൻ സഖാവ് പിണറായി വിജയൻ. ആ പേരും നിങ്ങൾക്ക് വിളിക്കാം. അതുമല്ലെങ്കിൽ സഖാവ് പിണറായി വിജയനെന്ന് ഞങ്ങൾ വിളിക്കുന്ന പേരുണ്ട്. പക്ഷേ നിങ്ങളുടെ നിഘണ്ടുവിൽ ഈ പേരുണ്ടാകുമെന്ന് ഞങ്ങൾ ധരിക്കുന്നില്ല, കാരണം നിങ്ങളുടെ ഗുരു ശ്രീ. കെ. സുധാകരനാണ്. അദ്ദേഹം പ്രതിപക്ഷത്തെ വിളിച്ച പേര് ഈ നാട്ടിലെ ജനങ്ങളെക്കൊണ്ട് വിളിപ്പിക്കാൻ ഇടവരുത്തരുതെന്നാണ് അഭ്യർഥിക്കാനുള്ളത്. ലഹരി കണ്ടെത്തുന്നതിൽ ത്രികാലജ്ഞാനിയും സുവിശേഷ പ്രസംഗകനുമായ എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട അംഗം എൽദോസ് പി. കുന്നപ്പിള്ളിൽ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജിനെക്കുറിച്ച് പറയുന്നത് കേൾക്കുകയുണ്ടായി. ശ്രീമതി വീണാ ജോർജ് വീണ വായിക്കുകയായിരുന്നില്ല, കേരളത്തിലെ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങളിലിടപെട്ട് മുന്നോട്ടുനയിക്കുകയായിരുന്നുവെന്ന് നിങ്ങൾക്ക് ബോധ്യം വേണം. യൂണിയൻ സർക്കാർ വിഭവസമാഹരണം

നടത്തുന്നതെങ്ങനെയാണ്? അവര്‍ 14.82 ലക്ഷം കോടി രൂപയാണ് കടമെടുക്കുന്നത്, 47,000 കോടി രൂപയുടെ ആസ്തികള്‍ വില്‍ക്കുകയുമാണ്. എന്നാല്‍ കേരളത്തില്‍ ഏതെങ്കിലും ഒരു ആസ്തി വിറ്റിട്ടാണോ കേരളത്തിന്റെ വികസനക്കുതിപ്പിന് ആക്കവും ഊക്കവും നല്‍കുന്നത്. സംസ്ഥാനം സ്വന്തം നികുതി വരുമാനം 70 ശതമാനം വര്‍ധിപ്പിച്ചു. 2024-25-ല്‍ 81,000 കോടി രൂപയാണ് നികുതി വരുമാനത്തിലൂടെ സമാഹരിച്ചത്. 2024-25-ല്‍ റവന്യൂ കമ്മി 1.58 ശതമാനമായും ധനക്കമ്മി 4.04 ശതമാനമെന്നത് 2.9 ശതമാനമായും കുറച്ചു. നികുതിയേതര വരുമാനമുള്‍പ്പെടെ 1,02,240 കോടി രൂപയുടെ വര്‍ധനവാണുണ്ടായത്. അതാണ് കേരളത്തിലെ ബജറ്റ്. ഇന്ന് ബില്‍ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞപ്പോള്‍, 1,79,476 കോടി രൂപയുടെ റവന്യൂ ചെലവാണെങ്കില്‍ അടുത്തതായി രണ്ട് ലക്ഷം കോടി രൂപയിലേക്ക് ഈ കേരളം സാമ്പത്തികമായി കുതിക്കുമെന്നതില്‍ നമുക്ക് അഭിമാനിക്കാം. മൂലധന ചെലവും വര്‍ധിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ വികസനം കിഫ്ബിയിലൂടെ സാധ്യമാക്കാനുള്ള ശ്രമം നടത്തുമ്പോള്‍ കിഫ്ബി മുഖാന്തരമെടുക്കുന്ന വായ്പ, വായ്പാപരിധിയില്‍ ഉള്‍പ്പെടുത്തുമെന്നാണ് കേന്ദ്രം പറയുന്നത്. കേരളത്തിലെ

പാവപ്പെട്ട 62 ലക്ഷം ആളുകൾക്ക് എല്ലാമാസവും 1-ാം തീയതി മുടങ്ങാതെ പെൻഷൻ കൊടുക്കുന്നതിനുവേണ്ടിയാണ് പെൻഷൻ ഫണ്ട് ലിമിറ്റഡ് കമ്പനി സ്ഥാപിച്ചത്. എന്നാൽ ഈ കടം എടുക്കുന്നതും നമ്മുടെ വായ്പാപരിധിയിൽ വരുമെന്നാണ് കേന്ദ്രം പറയുന്നത്. എന്നാൽ കേന്ദ്രം എടുക്കുന്ന കടം ഏതുപരിധിയിൽ വരുമെന്ന് ഇവിടെ ആരും ചർച്ച ചെയ്യുന്നില്ല. കേന്ദ്രം അവതരിപ്പിച്ച ബജറ്റിൽ എല്ലാ മേഖലകളിലും വെട്ടിക്കുറവുണ്ടായിട്ടുണ്ട്. കാർഷിക മേഖലയിൽ, മൂലധന നിക്ഷേപംതന്നെ 93,000 കോടി രൂപയാണ് കുറച്ചത്. ഭക്ഷ്യ വിലക്കയറ്റം അതിരൂക്ഷമാകുമ്പോഴാണ് 8394 കോടി രൂപ കുറച്ചത്. ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളായ പട്ടികജാതിക്കാരുടെ ബജറ്റ് വിഹിതത്തിൽ 27,000 കോടി രൂപയുടെയും പട്ടികവർഗക്കാരുടെ ബജറ്റ് വിഹിതത്തിൽ 17,000 കോടി രൂപയുടെയും കുറവുണ്ടായി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾക്ക് 100 കോടി രൂപയും ഫെലോഷിപ്പുകളുടെ തുകയും കുറച്ചു. 8.8 ശതമാനമായിരുന്ന ജെൻഡർ ബജറ്റും 1.6 ശതമാനമായി കുറച്ചു. ആശ, അങ്കണവാടി, പാചക തൊഴിലാളികളുടെ പേരുപോലും കേന്ദ്ര ബജറ്റിലുണ്ടായിരുന്നില്ല. നമുക്ക് ലഭിക്കേണ്ട ഫണ്ടുകൾ

വെട്ടിക്കുറയ്ക്കുക മാത്രമല്ല കേരളം പ്രത്യേക പാക്കേജായി ആവശ്യപ്പെട്ട 24,000 കോടി രൂപയിൽ ഒരു നയാ പൈസപോലും നൽകിയുമില്ല. പ്രതികാരം തീർക്കുന്നതിനായി കേന്ദ്ര ബജറ്റിൽ കേരളമെന്ന പേരുപോലും അവർ ഉപേക്ഷിച്ചുവെന്നതാണ് വസ്തുത.

അടിസ്ഥാന സൗകര്യവികസനത്തിന്റെ കാര്യത്തിലും കേരളം മുന്നിലാണ്. 42 മാസമായി 33,210 കോടി രൂപയാണ് സാമൂഹ്യ പെൻഷനായി നൽകുന്നത്. അതുപോലെ ലൈഫ് മിഷനിലൂടെ വീടുകൾക്കും ആരോഗ്യ സംരക്ഷണത്തിനും കാർഷികമേഖലയ്ക്ക് ആവശ്യമായ രൂപത്തിലും ടൂറിസം വികസനത്തിലൂടെ നമ്മുടെ വരുമാനം വർധിപ്പിക്കാനുള്ള ഇടപെടലുകളിലും വ്യാവസായിക മുന്നേറ്റത്തിനും മൃഗസംരക്ഷണ വകുപ്പിലും സ്പോർട്സ് രംഗത്തും യുവജനരംഗത്തുള്ള മുന്നേറ്റങ്ങൾക്കുൾപ്പെടെ ഒരുരൂപ പോലും വെട്ടിക്കുറയ്ക്കാതെ കഴിഞ്ഞ ബജറ്റിനെക്കാൾ കൂടുതൽ തുക നൽകിക്കൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് ഇപ്പോൾ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തിന്റെ വിഭവസ്രോതസ്സുകൾ ഓരോന്നായി യൂണിയൻ ഗവൺമെന്റ് കവർന്നെടുക്കുകയാണ്. കേരളത്തിന് ഇനിയും മുന്നോട്ടുപോകേണ്ടതല്ലേ; നമുക്ക്

മുന്നോട്ടുപോകണമെങ്കിൽ വിഭവശേഖരണമുണ്ടാകണം. അതിനാവശ്യമായ സമ്പത്ത് കണ്ടെത്താനാണ് ഈ ബില്ലിലൂടെ ചെറിയ തോതിലുള്ള ഒരു നികുതി വർധനവിനെക്കുറിച്ച് പ്രതിപാദിച്ചത്. കോടതികളിൽ പശ്ചാത്തലസൗകര്യമൊരുക്കുന്നതിനും വക്കീലന്മാർക്കും ഗുമസ്ഥൻമാർക്കും ആവശ്യമായ ക്ഷേമനിധിയിൽ അവർ ആവശ്യപ്പെടുന്നതിനനുസരിച്ച് സമ്പത്ത് നൽകാനും നമുക്ക് കഴിയണം. 1950-ലെ കേരള കോടതി ഫീസും വ്യവഹാര സലയും ആക്റ്റിൽ ഒരു ചെറിയ ഭേദഗതി വരുത്തിയപ്പോൾ വലിയ വർധനവാണുണ്ടായതെന്ന് വക്കീലന്മാർതന്നെ പറയുന്നത് കേൾക്കുകയുണ്ടായി. എന്നാൽ കോടതികളുടെ വികസനത്തിനാവശ്യമായ രൂപത്തിലുള്ള സമ്പത്തിൽ ഒരു ചെറിയ വർധനവാണുണ്ടായത്. മോട്ടോർ വാഹന വകുപ്പിൽ ടൂറിസ്റ്റ് കോൺട്രാക്ട് കാര്യേജുകളുണ്ട്. 6 മുതൽ 10 വരെയുള്ള സീറ്റുകളുള്ള വാഹനങ്ങളുടെ ത്രൈമാസ നികുതി നിരക്ക് 250 രൂപ മുതൽ 900 രൂപ വരെയുണ്ടായിരുന്നത് 70 രൂപ വർധനവുണ്ടാക്കിയപ്പോൾ 500 രൂപയുടെ ഇളവാണ് പ്രഖ്യാപിച്ചത്. അതുപോലെതന്നെ 13 മുതൽ 20 വരെയുള്ള സീറ്റുകളുള്ള വാഹനങ്ങളുടെ ത്രൈമാസ നികുതി നിരക്ക് 480 മുതൽ 1350 രൂപ

വരെയുണ്ടായിരുന്നത് 120 രൂപയുടെ വർധനവ് വരുത്തിയപ്പോൾ 900/- രൂപയുടെ കിഴിവ് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. അധിക വരുമാനമെന്നുപറയുന്നത് കേവലം ഒരു കോടി രൂപയാണ്. പൊതുഗതാഗതത്തെ വർധിപ്പിക്കുന്നതിനാവശ്യമായ സ്റ്റേജ് കാരിയർ വാഹനങ്ങളുടെ നികുതിയിൽ 10 ശതമാനം ഇളവുകൊടുത്തു. 15 വർഷം കാലപ്പഴക്കമുള്ള വാഹനങ്ങൾ പൊളിച്ചെടുക്കണമെന്ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചപ്പോൾ കേരളത്തിലെ പൊതുനിരത്തുകളിൽ ഓടുന്ന വാഹനങ്ങൾക്ക് 22 വർഷത്തെ ഗാരന്റി കേരള ഗവൺമെന്റ് നൽകുകയുണ്ടായി. 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവരുടെ നിലവിലെ നികുതിയിൽ ഒരു ചെറിയ വർധനവാണ് വരുത്താൻ തീരുമാനിച്ചത്.

നാടിന്റെ വികസനത്തിന്റെ ഭാഗമായി ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഓരോ ഇടങ്ങളിലും ഭൂമിയുടെ വില അധികരിച്ചുവരികയാണ്. വാങ്ങുന്ന ഭൂമിക്ക് നൽകുന്ന വിലയല്ല പ്രമാണത്തിൽ രേഖപ്പെടുത്തുന്നത്. അതുകൊണ്ട് ഭൂമി രജിസ്ട്രേഷനിൽ ചെറിയ വർധനവ് വരുത്തിയെന്നുള്ളത് ശരിതന്നെയാണ്.

ഇത്തരത്തിലുള്ള വർധനവുകൾ ഉണ്ടാക്കുന്നത് പാവപ്പെട്ടവർക്ക് വീട് നൽകുന്നതിനും അവിടങ്ങളിൽ റോഡ് സൗകര്യങ്ങളും വൈദ്യുതിയും എത്തിക്കുന്നതിനും മലയാളികളുടെ വിദ്യാഭ്യാസവും ആരോഗ്യവും സംരക്ഷിക്കുന്നതിനും കൃഷിയും വ്യവസായവും വളർത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഒരോ മാസവും 62 ലക്ഷം ആളുകൾക്ക് പെൻഷൻ മുടങ്ങാതെ നൽകുന്നതിനും സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുൾപ്പെടെ നൽകുന്ന ശമ്പളവും അവരുടെ സർവീസ് പെൻഷനും മുടങ്ങാതെ നൽകുന്നതിനും വേണ്ടിയാണ്. കേരളത്തിന്റെ വളർച്ചയ്ക്കാവശ്യമായ രൂപത്തിൽ കൃഷിയും വ്യവസായവുമെല്ലാം മുന്നോട്ടുനയിക്കണമെങ്കിൽ അത്യാവശ്യം സമ്പത്ത് സ്വരുക്കൂട്ടിയേ മതിയാകൂ. ആരെയും വിഷമിപ്പിക്കാതെയും ആരെയും ദ്രോഹിക്കാതെയുമുള്ള ചെറിയ വർധനവാണ് ഈ ബില്ലിലൂടെ പ്രഖ്യാപിച്ചത്. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, പാചക തൊഴിലാളികൾ എന്നിവർക്കുവേണ്ടി വലിയ കണ്ണുനീർ ഒഴുക്കുന്ന യു.ഡി.എഫ്.-ലെ അംഗങ്ങൾ ഇവിടെ പ്രസംഗിച്ചപ്പോൾ അവർക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിനെതിരെ ഒരുവാക്കുപോലും പറയാൻ തയ്യാറായില്ല.

മനുഷ്യനാകണം.... മനുഷ്യനാകണം... എന്ന ഗാനം ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് പാടിയത് വളരെ ആസ്വാദ്യകരമായിരുന്നു. അദ്ദേഹം കമ്മ്യൂണിസത്തെക്കുറിച്ച് അറിഞ്ഞിരിക്കുന്നുവെന്നതിൽ അതിയായ സന്തോഷവുമുണ്ട്. പക്ഷേ ജന്മം കൊണ്ടുമാത്രമല്ല മനുഷ്യനാകേണ്ടത്, കർമ്മം കൊണ്ടും ഒരു മലയാളിയാകണം, ഒരു മനുഷ്യനാകണം. കേന്ദ്രം കേരളത്തെ അവഹേളിക്കുന്നതിനെതിരെയുള്ള പോരാട്ടങ്ങളിൽ നിങ്ങൾക്കൂടി പങ്കാളികളാകണം. അങ്ങ് വടക്ക് വാഴുന്ന ബി.ജെ.പി.-ക്കാർ കനിയുന്നില്ല. ഇവിടെ തെക്കുള്ള യു.ഡി.എഫ്.-കാർ ശകുനികളെപ്പോലെ വഴിമുടക്കുന്ന രീതി മാറ്റണം, നമുക്ക് ഒന്നാകണം, കേരളം ഒന്നാമതായി മാറുന്നതിലേക്ക് ഒന്നിച്ചുനിൽക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. ഇന്നത്തെ വർത്തമാന പത്രങ്ങൾ കാണുമ്പോൾ ഒരുവശത്ത്, സുനിത വില്യംസ് ബഹിരാകാശത്തുനിന്ന് തിരികെയെത്തി എന്ന വാർത്ത ആശ്വാസമേകുന്നതാണ്. മറുവശത്ത്, ഈ പരിശുദ്ധ റമദാൻ മാസത്തിലും ഇസ്രായേൽ ഗാസയിൽ കൂട്ടക്കൊല നടത്തുന്ന വാർത്ത

വേദനയാണ്. പിഞ്ചുകുഞ്ഞുങ്ങളെയും സ്ത്രീകളെയുമടക്കം അരുംകൊല ചെയ്യുന്നതിനെതിരെ ലോകത്തിന്റെ മനഃസാക്ഷി ഉണരണം, പ്രാർഥിക്കണം. കളക്ടറേറ്റിലെ തേനീച്ചക്കൂടിളകി കളക്ടറെയും സബ് കളക്ടറെയുമെല്ലാം കുത്തി എന്നതാണ് ഇന്നത്തെ പത്രങ്ങളിൽ വന്ന മറ്റൊരു വാർത്ത. മൂന്നുമാസമായി തേനീച്ചക്കൂട് മാറ്റണമെന്ന് വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് ആ കളക്ടറുടെ പ്രസ്താവന. കളക്ടറേറ്റിലെ തേനീച്ചക്കൂട് അവിടെനിന്നും നീക്കംചെയ്യാൻ മൂന്നുമാസമായി ഒരു കളക്ടർ പറഞ്ഞിട്ടുപോലും നടപടിയെടുക്കാത്ത ഒരു സർക്കാരിന്റെ ബില്ലിനെ എന്തിനാണ് പിന്തുണയ്ക്കേണ്ടത്; ഇത് ഈ സർക്കാരിന്റെ കഴിവുകേടിന്റെ ഉദാഹരണമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഈ പ്രതിപക്ഷം സർക്കാരിനെ വിമർശിക്കുന്നു; ബജറ്റിനെ വിമർശിക്കുന്നു; പ്രതിപക്ഷം മര്യാദ കാണിക്കുന്നില്ല എന്നൊക്കെ പറയുന്നത് ഞാൻ രാവിലെ മുതൽ ഇവിടെ കേൾക്കുകയാണ്. ഞാൻ ഈ സഭയിലുണ്ടായിരുന്ന സമയത്താണ്, അതായത് 2015 മാർച്ച് 13-ന് കെ. എം. മാണിയെ ബജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ലെന്ന് അതിന്റെ തലേദിവസം അന്നത്തെ പ്രതിപക്ഷം

പ്രഖ്യാപിച്ചത്. വേണമെങ്കിൽ ഉമ്മൻ ചാണ്ടി ബജറ്റ് അവതരിപ്പിച്ചോളൂ, എങ്കിലും കെ. എം. മാണിയെ ഞങ്ങൾ അനുവദിക്കില്ലെന്ന് കോടിയേരി ബാലകൃഷ്ണൻ അന്ന് പറഞ്ഞു. ഈ സഭയിൽ ധാരാളം വർഷം പ്രവർത്തിക്കാൻ ജനം എനിക്ക് അവസരം നൽകി. എന്നാൽ ആദ്യമായി ഈ സഭയിൽ കിടന്നുറങ്ങേണ്ട സ്ഥിതിയുണ്ടായത് 2015 മാർച്ച് 12 രാത്രിയായിരുന്നു. കാരണം, നിയമസഭയിലേക്ക് കടന്നുവരുന്ന കവാടങ്ങൾ പ്രതിപക്ഷത്തിന്റെ എം.എൽ.എ.-മാർ കെ. എം. മാണിക്ക് കടന്നുവരാൻ സമ്മതിക്കാതെ ഉപരോധിക്കുമെന്ന് പോലീസിന്റെ റിപ്പോർട്ട് ഉണ്ടായിരുന്നു. അതുകൊണ്ട് ഞങ്ങൾ ചെറുപ്പക്കാരായ എം.എൽ.എ.-മാർ ഈ കവാടങ്ങളുടെ അടുത്തുതന്നെ രാത്രിയിൽ കിടന്നു. രാവിലെ എഴുന്നേറ്റ് ഇതിനകത്തുതന്നെ പ്രഭാതകൃത്യങ്ങളെല്ലാം നിർവഹിച്ച് സഭയിൽ വന്നു. ഒൻപത് മണിക്ക് ബജറ്റ് അവതരിപ്പിക്കണമായിരുന്നു. എട്ടേമുക്കാലിന് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സ്പീക്കറുടെ അടുത്തുപോയി ഒരു കത്ത് കൊടുത്തു. ഇപ്പോൾ ഇവിടെ ശ്രീ. കെ. രാജൻ ഇരിക്കുന്ന മൂന്നാമത്തെ സീറ്റ് അന്ന് കെ. എം. മാണിയുടെ സീറ്റായിരുന്നു. അദ്ദേഹം സ്പീക്കറോട് പറഞ്ഞു, 'സി. എൻ. ബാലകൃഷ്ണന്റെയും

കെ. എം. മാണിയുടെയും സീറ്റുകൾ പരസ്പരം മാറ്റണം. കെ. എം. മാണി വന്നാൽ അദ്ദേഹത്തിന്റെ ബജറ്റിനെ വലിച്ചുകീറിക്കളയാൻ ഒരു സ്ക്വാഡിനെ അവിടെ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. ഉമ്മൻ ചാണ്ടി ഒരു ബുദ്ധികൂടി കാണിച്ചു. സീറ്റുകൾ പരസ്പരം മാറ്റി സ്പീക്കർ ഉത്തരവിറക്കിയെങ്കിലും പ്രസംഗപീഠം ആ പഴയ സീറ്റിനുമുന്നിൽത്തന്നെ വച്ചു. അപ്പോൾ പ്രതിപക്ഷം കരുതി അവിടെയാണ് കെ. എം. മാണി വരാൻപോകുന്നതെന്ന്. കെ. എം. മാണി ബജറ്റിന്റെ തലേദിവസം തന്നെ ഇവിടെ വന്ന് കിടക്കുകയായിരുന്നു. ഞങ്ങളെല്ലാവരും ചേർന്ന് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നു. സി. എൻ. ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ കൂടെയാണ് വന്നത്. ഇപ്പോൾ ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഇരിക്കുന്ന സീറ്റിൽവന്ന് കെ. എം. മാണി ബജറ്റ് വായിക്കാൻ ശ്രമിച്ചപ്പോൾ ഇപ്പോൾ അവിടെ താടിക്ക് കൈ കൊടുത്തിരിക്കുന്ന ഡോ. കെ. ടി. ജലീലും ശ്രീ. ഇ. പി. ജയരാജനും ഉൾപ്പെടെയുള്ളവർ ഡയസിലൂടെ പറന്നുനടക്കുകയായിരുന്നു, അവിടെയിരുന്ന കമ്പ്യൂട്ടറുകൾ തകർത്തു. ആരുടെയും പേരുകൾ ഞാൻ പറയുന്നില്ല. പേര് പറയുന്നതിൽ പ്രസക്തിയില്ല. അന്നത്തെ സ്പീക്കറായിരുന്ന ശ്രീ. എൻ. ശക്തന് അകത്തേയ്ക്ക് വരാൻ

പ്രയാസമായിരുന്നു. എങ്കിലും അദ്ദേഹം ഒരുവിധം അകത്തുവന്നു. അദ്ദേഹം കെ. എം. മാണിയോട് ബജറ്റ് അവതരിപ്പിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം ബജറ്റ് അവതരിപ്പിച്ചു. കുറച്ചുനേരം വായിച്ചതിനുശേഷം തുടർന്ന് മേശപ്പുറത്തുവച്ചു. ഇങ്ങനെയെല്ലാം ചെയ്ത നിങ്ങൾ എന്തിനെക്കുറിച്ച് ഞങ്ങളെ ഉപദേശിച്ചാലും പ്രതിപക്ഷ പ്രവർത്തനം എങ്ങനെയാകണമെന്ന കാര്യത്തിൽ മാത്രം ഉപദേശിച്ച് ഞങ്ങളെ ക്ഷീണിപ്പിക്കരുത്. അത് കേൾക്കാനുള്ള കരുത്തില്ല. പ്രതിപക്ഷ പ്രവർത്തനം എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച നിങ്ങളുടെ ഉപദേശം കേൾക്കാനുള്ള കരുത്തും ത്രാണിയും ഞങ്ങൾക്കില്ല. പ്രതിപക്ഷത്തിന്റെ ചെറിയ വിമർശനംപോലും ഭരണപക്ഷം ഇപ്പോൾ സഹിക്കുന്നില്ല. ഡൽഹിയിൽ കുറെ ആളുകളുണ്ട്. കേന്ദ്ര സർക്കാരിനെ വിമർശിച്ചാൽ രാജ്യദ്രോഹി, കേരള സർക്കാരിനെ വിമർശിച്ചാൽ കേരള ദ്രോഹി. ഞങ്ങൾ പിന്നെയെന്ത് ചെയ്യണം; ഞങ്ങൾ നമ്പർ വൺ ആണ്, അതുകൊണ്ട് ഞങ്ങളെ വിമർശിക്കാൻ പാടില്ലെന്ന് നിങ്ങൾ പറയുകയാണ്. അതുകൊണ്ട് എന്തുചെയ്യണം; ആശയറ്റ ആശാ തൊഴിലാളികൾ സെക്രട്ടേറിയറ്റ് നടയിൽ നിരന്നുനിന്നു പാടണം, 'നമ്പർ വൺ കേരളം' ,

ഉദ്യോഗം കിട്ടാത്ത ഉദ്യോഗാർഥികൾ ശയനപ്രദക്ഷിണം ചെയ്ത് ഉരുളുന്നതിനിടയിൽ ഉരുകിപ്പാടണം, 'നമ്പർ വൺ കേരളം', മരുന്ന് കിട്ടാതെ വലയുന്ന രോഗികൾ എല്ലാം മറന്ന് പാടണം, 'നമ്പർ വൺ കേരളം', പെൻഷൻ കിട്ടാത്ത അങ്കണവാടി വർക്കർമാരും നിർമ്മാണത്തൊഴിലാളികളും നിർവികാരരായിനിന്ന് പാടണം, 'നമ്പർ വൺ കേരളം', ജോലിയില്ലാത്ത കശുവണ്ടി തൊഴിലാളി, കയർ തൊഴിലാളി, കൈത്തറി തൊഴിലാളി, ഖാദി തൊഴിലാളി എന്നിവരെല്ലാം പാടണം, 'നമ്പർ വൺ കേരളം', നെല്ലിന് കാശ് കിട്ടാത്ത കർഷകരും റബ്ബറിന് വിലയില്ലാത്ത കർഷകരും നെഞ്ചുപൊട്ടി പാടണം, 'നമ്പർ വൺ കേരളം', ശമ്പളം കിട്ടാത്ത പാചകത്തൊഴിലാളികൾ ശപിച്ചുകൊണ്ട് പാടണം, 'നമ്പർ വൺ കേരളം', ഡി.എ. കിട്ടാത്ത ജീവനക്കാർ ഡീറ്റെയിലായി പാടണം, 'നമ്പർ വൺ കേരളം', ഇ-ഗ്രാന്റ്സ് കിട്ടാത്ത കുട്ടികൾ ഈണത്തിൽ പാടണം, 'നമ്പർ വൺ കേരളം', സ്കോളർഷിപ്പ് കിട്ടാത്ത കുട്ടികൾ ഓളത്തിൽ പാടണം, 'നമ്പർ വൺ കേരളം'. അങ്ങനെയങ്ങനെ കുടിശ്ശികയുള്ള കരാറുകാർ, കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാർ, റേഷൻകട വ്യാപാരികൾ, വന്യമൃഗപ്പേടിയിൽ കഴിയുന്നവർ, എല്ലാവരും പാടണം, 'നമ്പർ

വൺ കേരളം', അങ്ങനെ പാടാൻ മനസ്സില്ല. ഇന്നുമുതൽ ഒരു പുതിയ വിഷയം നിങ്ങൾ കൊണ്ടുവന്നിട്ടുണ്ട്, സർക്കാർ ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട് തെലങ്കാന മുഖ്യമന്ത്രി നടത്തിയ പ്രസ്താവന സംബന്ധിച്ച് പറഞ്ഞു. ശരിയാണ്, ശമ്പളം കൊടുക്കാൻ പ്രയാസമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ അദ്ദേഹം എപ്പോഴാണ് അത് പറഞ്ഞത്? തെലങ്കാനയിൽ കോൺഗ്രസ് സർക്കാർ അധികാരത്തിൽവന്ന് ഒരു വർഷത്തിനുള്ളിൽ 200 യൂണിറ്റ് വൈദ്യുതി സൗജന്യമാക്കി. അത് തിരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. അവിടെ സ്ത്രീകൾക്ക് പൊതുഗതാഗതം സൗജന്യമാക്കി. അതും തിരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. 500 രൂപയ്ക്ക് ഗ്യാസ് സിലിണ്ടർ കൊടുത്തതും രണ്ടുലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളാൻ 30,000 കോടി രൂപ മാറ്റിവച്ചതും തിരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. ഒരു വർഷത്തിനുള്ളിൽ തിരഞ്ഞെടുപ്പ് വാഗ്ദാനം മാത്രം പാലിക്കാൻ 50,000 കോടി രൂപ ചെലവഴിക്കേണ്ടിവന്ന ഒരു സർക്കാർ, നിങ്ങൾ പറയുന്നതുപോലെ കേന്ദ്രം വീർപ്പുമുട്ടിക്കുന്ന ഒരു സർക്കാർ. ഞാനൊരു കാര്യം പറയട്ടെ. സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന കേന്ദ്ര വിഹിതത്തെ സംബന്ധിച്ച് ശ്രീ.

സിദ്ധരാമയ്യക്കും ശ്രീ. രേവന്ത് റെഡ്ഡിക്കും ശ്രീ. വി. ഡി. സതീശനും ഒരു നിലപാടേയുള്ളൂ. അത് ശ്രീ. രാഹുൽ ഗാന്ധിയുടെയും ശ്രീ. മല്ലികാർജ്ജുൻ ഖാർഗെയുടെയും കോൺഗ്രസ്സിന്റെയും നിലപാടാണ്. അതുകൊണ്ടാണ് പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട അംഗങ്ങൾ കേരളത്തിലേക്ക് വന്നപ്പോൾ ശ്രീ. വി. ഡി. സതീശൻ സമർപ്പിച്ച നിവേദനത്തിൽ നിങ്ങൾ പറഞ്ഞ അതേ കാര്യങ്ങൾതന്നെ അതിലുമുണ്ടായിരുന്നത്. പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ചുനിന്ന് ഒരു നിലപാട് സ്വീകരിക്കുന്നത് ഏതെങ്കിലും കാലത്തുണ്ടായിട്ടുണ്ടോ; 50,000 കോടി രൂപ ഒരു കൊല്ലം കൊണ്ട് കൊടുത്ത ഒരു മുഖ്യമന്ത്രിയുടെ പേരുമായി കെട്ടിട നികുതിയും ഭൂനികുതിയും കറന്റ് ചാർജ്ജും വെള്ളക്കരവും ബസ് ചാർജ്ജും കൂട്ടിയതും പെട്രോളിനും ഡീസലിനും അധിക സെസ് ഏർപ്പെടുത്തിയതുമായ ഒരു സർക്കാരിനെ താരതമ്യം ചെയ്യരുത്. അവിടെ സർക്കാർ ജനങ്ങൾക്ക് അങ്ങോട്ട് കൊടുക്കുമ്പോൾ ഇവിടെ സർക്കാർ ജനങ്ങളിൽനിന്ന് പിടിച്ചുപറിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. ആ മുഖ്യമന്ത്രിയെയും ഈ സർക്കാരിനെയും തമ്മിൽ താരതമ്യം ചെയ്യാൻ

പോകരുത്. അത് ശരിയാകില്ല. ഇവിടെ വിഴിഞ്ഞത്തെക്കുറിച്ച് പറയുന്നത് കേട്ടു. ഉമ്മൻ ചാണ്ടി വന്ന് കല്ലിട്ടു, കല്ലിട്ടാൽ വിഴിഞ്ഞം ആകുമോയെന്ന് ചില അംഗങ്ങൾ പറയുന്നത് കേട്ടു. കല്ലിട്ടത് മാത്രമല്ല, പാരിസ്ഥിതികാനുമതിക്കുള്ള ടേംസ് ഓഫ് റഫറൻസ് (ToR) തീരുമാനിച്ചത് ഏത് സർക്കാരായിരുന്നു; പാരിസ്ഥിതികാനുമതി വാങ്ങിയെടുത്തത് ഏത് സർക്കാരായിരുന്നു; കൺസൾട്ടൻസിയെ നിയോഗിച്ചത് ഏത് സർക്കാരായിരുന്നു; ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കിയത് ഏത് സർക്കാരായിരുന്നു; ഗ്ലോബൽ ടെൻഡർ ക്ഷണിച്ചത് ഏത് സർക്കാരായിരുന്നു; ആ ടെൻഡറിൽ ക്വാളിഫൈ ചെയ്ത കമ്പനിയുമായി കരാർ ഒപ്പിട്ടത് ഏത് സർക്കാരായിരുന്നു; ആ കരാറിന്റെ അടിസ്ഥാനത്തിൽ നിർമ്മാണോദ്ഘാടനവും നിർമ്മാണവും തുടങ്ങിയത് ഏത് സർക്കാരായിരുന്നു; അവിടെ ഭൂമിയേറ്റെടുത്തത് ഏത് സർക്കാരായിരുന്നു; മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നഷ്ടപരിഹാര പാക്കേജ് 350 കോടി രൂപ അനുവദിച്ച് നടപ്പാക്കിയത് ഏത് സർക്കാരായിരുന്നു; ആയിരം ദിവസം കൊണ്ട് പൂർത്തിയാക്കുമെന്ന് ഒരു ബോർഡ് വച്ച് അതുമായി മുന്നോട്ടുപോയത് ഏത് സർക്കാരായിരുന്നു; അത് ഉമ്മൻ ചാണ്ടിയുടെ

സർക്കാരായിരുന്നു. അല്ലാതെ ഒരു കല്ലിട്ടിട്ട് മാറി പോയിരുന്നതല്ല. വികസനം തുടർച്ചയാണ്. ഇപ്പോൾ നിങ്ങൾ തുടങ്ങിവച്ച പല കാര്യങ്ങളും അടുത്ത് ഞങ്ങളുടെ സർക്കാർ വരുമ്പോൾ ഞങ്ങൾക്ക് മുന്നോട്ടുകൊണ്ടുപോകേണ്ടേ; ഞങ്ങൾ കൊണ്ടുപോകും. അതുകൊണ്ട് അതിനെ ആ രൂപത്തിൽ അധിക്ഷേപിക്കാൻ പാടില്ല. ശ്രീ. കെ. ആൻസലൻ ഒരു വാചകം സഭയിൽ ഉപയോഗിച്ചു. അൺപാർലമെന്ററി ആയതുകൊണ്ട് ഞാനത് പറയുന്നില്ല. ആശാ വർക്കർമാർക്ക് ഉമ്മൻ ചാണ്ടി സർക്കാർ 1000 രൂപയാണ് നൽകിയതെന്ന് പറഞ്ഞത് നിയമസഭാരേഖയിലുണ്ട്, പരിശോധിച്ചാൽ മതിയാകും. അടുത്തിടെ പുറത്തിറങ്ങിയ വളരെ ശ്രദ്ധേയമായ ഒരു സിനിമയാണ് 'പൊൻമാൻ'. തിയേറ്ററിൽ ഹിറ്റായിരുന്നു, ഇപ്പോൾ ഒ.ടി.ടി.-യിലും റിലീസ് ചെയ്തിട്ടുണ്ട്. അങ്ങേയ്ക്കും കാണാം. അതിൽ ശ്രീ. ബേസിലിന്റേത് ഗംഭീര കഥാപാത്രമാണ്. ശ്രീ. ജി. ആർ. ഇന്ദുഗോപന്റെ 'നാലഞ്ച് ചെറുപ്പക്കാർ' എന്ന നോവലിനെ അടിസ്ഥാനമാക്കി ശ്രീ. ജ്യോതിഷ് ശങ്കർ സംവിധാനം ചെയ്ത സിനിമയാണത്. നോവലിൽ ഒരു ഭാഗമുണ്ട്, 2006-ലെ തിരഞ്ഞെടുപ്പിൽ സഖാവ് വി. എസ്. അച്ചുതാനന്ദന് സെക്രട്ടേറിയറ്റിൽ

സീറ്റ് നിഷേധിക്കുമ്പോൾ കൊല്ലം ജില്ലയിൽ കുറച്ച് ചെറുപ്പക്കാർ ചേർന്ന് ഒരു തെരുവുനാടകം കളിച്ചു. ആ തെരുവുനാടകത്തെ ആക്രമിക്കാൻ, സ്റ്റെഫി ഗ്രാഫ് എന്ന നായികയുടെ സഹോദരനും പാർട്ടി പ്രവർത്തകനുമായ ടെററർ ബ്രൂണോ പോകുന്നതാണ് നോവലിലുള്ളത്. പക്ഷേ, സിനിമയിൽ വന്നപ്പോൾ ആ രംഗം ഒഴിവായി. സിനിമയിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഒഴിവാക്കുന്നതുപോലെ നിയമസഭയിലും നിങ്ങൾ അദ്ദേഹത്തെ ഒഴിവാക്കുകയാണ്. ആശാവർക്കർമാർക്ക് ഉമ്മൻ ചാണ്ടി സർക്കാർ 1000 രൂപയാണ് നൽകിയതെന്ന് നിങ്ങൾ പറയുന്നു. 2007-ൽ വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയും ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പൊളിട്ടിക്കൽ സെക്രട്ടറിയുമായിരുന്ന കാലത്ത് എത്ര രൂപയായിരുന്നു അവർക്ക് കൊടുത്തത്; അത് ഞാൻ പറയുന്നില്ല. 2007 മുതൽ 2011 വരെ ആശാ വർക്കർമാർക്ക് ആ സർക്കാർ എത്രരൂപയാണ് കൊടുത്തത്; 60 ലക്ഷം പേർക്ക് പെൻഷൻ കൊടുത്തുവെന്ന് നിങ്ങൾ പറയുന്നു. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് 11 ലക്ഷം പേർക്കാണ് പെൻഷൻ കൊടുത്തത്. നമ്മുടെ സർക്കാർ അധികാരമൊഴിയുമ്പോൾ അത് 34 ലക്ഷം

പേരായി. നിങ്ങളുടെ സർക്കാർ അത് 60 ലക്ഷമാക്കി. വി. എസ്. സർക്കാരിന്റെ കാലത്തെ 11 ലക്ഷം മറച്ചുവച്ചുകൊണ്ട് നിങ്ങൾ 60 ലക്ഷമാക്കിയെന്ന് പറയരുത്. ആ 11 ലക്ഷത്തെ ഞങ്ങൾ 34-ഉം ആ 34-നെ നിങ്ങൾ 60 ലക്ഷവുമാക്കി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരുകാര്യംകൂടി പറയാനുണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ മാതൃക ആവർത്തിക്കണമെന്ന് അങ്ങ് പറയുന്നുണ്ട്. ഞാൻ വളരെ പോസിറ്റീവായി പറയുന്നതാണ്. പത്താം ധനകാര്യ കമ്മീഷനിൽ 29.5 ശതമാനമായിരുന്നു ഡെവല്യൂഷൻ. അതിന്റെ 3.57 ശതമാനം കിട്ടിയപ്പോൾ അത് ഏകദേശം 6,000 കോടി രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നിലവിൽ പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 90,000 കോടി കിട്ടിയിട്ടുണ്ട്. പത്താം കമ്മീഷനെന്ന് പറയുമ്പോൾ വീണ്ടും 6,000 കോടി രൂപയിലേക്ക് പോകുന്നുവെന്ന് ഒരു സംശയമുണ്ടാകും. അങ്ങനെയല്ല. പത്താം ധനകാര്യ കമ്മീഷനിൽ കിട്ടിയ 3.57 ശതമാനം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഡെവല്യൂഷനായ 41 ശതമാനത്തിൽ കിട്ടണം. അപ്പോൾ മാത്രമാണ് നമുക്ക് അർഹതപ്പെട്ട കേന്ദ്രവിഹിതം കിട്ടുന്നത്. ഇപ്പോൾ 41 ശതമാനത്തിൽ അന്നത്തെ 3.57

ശതമാനം കിട്ടണം, അല്ലെങ്കിൽ അന്നത്തെ 29.5 ശതമാനത്തിലേക്ക് പോകാൻ പാടില്ല. നമ്മുടെ അവകാശത്തിനുവേണ്ടി പൊരുതണം. അക്കാര്യത്തിൽ അങ്ങ് എന്ത് നടപടി സ്വീകരിച്ചാലും പ്രതിപക്ഷത്തിന്റെ പൂർണ്ണമായ പിന്തുണയുണ്ടാകും.

കോടതികളിൽ കൂടുതൽ ഫീസ് വാങ്ങുന്ന തീരുമാനം ഈ ധനകാര്യ ബില്ലിന്റെ രണ്ടാം വകുപ്പിലുണ്ട്. ഇപ്പോൾതന്നെ പിരിച്ച ഏകദേശം 100 കോടി രൂപ നിയമസഹായനിധിയിലേക്ക് അടച്ചിട്ടില്ല. നിയമസഹായനിധി പാവപ്പെട്ടവരെ സഹായിക്കാനാണ്. വീണ്ടും കോടതി ഫീസ് അധികമായി പിരിക്കുന്നത് ആളുകൾക്ക് പ്രയാസമുണ്ടാകും എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബില്ലിനെക്കുറിച്ച് ചർച്ച ചെയ്ത അംഗങ്ങൾ പൊതുവിൽ കേരള ധനകാര്യ ബില്ലെന്ന നിലയിൽ കാര്യമായ വിമർശനങ്ങളോ മറ്റ് കാര്യങ്ങളോ ഉന്നയിച്ചിട്ടില്ല. കാരണം കേരള ധനകാര്യ ബില്ലിന് പേജുകൾ അധികമുണ്ടെങ്കിലും ഇതിൽ ഏറ്റവും കുറച്ച് നികുതി നിർദേശങ്ങളാണുള്ളത്.

ധനകാര്യ കാര്യങ്ങളിൽ അധികം ഫണ്ട് റേസ് ചെയ്യുന്നതല്ലാത്തൊരു ബില്ലാണ് ഇത്. സാധാരണഗതിയിൽ ഇക്കാര്യങ്ങളെ സംബന്ധിച്ച് നിയമസഭയിൽ രാഷ്ട്രീയമായ ചർച്ച നടക്കുന്നതാണ്. എന്നാൽ പ്രതിപക്ഷം ഇക്കാര്യത്തിൽ... ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തുന്ന കാര്യങ്ങളിൽ, നല്ല കാര്യങ്ങൾ നല്ലതാണെന്ന് പറയാനുള്ള ആർജവം പ്രതിപക്ഷം കാണിക്കില്ലെന്നുള്ളത് സാധാരണയായി ഞങ്ങൾ പ്രതീക്ഷിക്കുന്നതാണ്. അതുകൊണ്ടുതന്നെ എന്തിന്റെ കേരളമാണ്; എന്താണ് കേരളമെന്നുള്ള ചോദ്യം ഉണ്ടായിരുന്നു ഇവിടെ. കാസർഗോഡ് മുതൽ പാറശ്ശാലവരെ യാത്ര ചെയ്യുമ്പോഴും കേരളത്തിന്റെ തെക്കേയറ്റത്തുനിന്നും വടക്കേയറ്റത്തേയ്ക്കും തമിഴ്നാട് അതിർത്തിയിലേക്കും കർണാടക അതിർത്തിയിലേക്കും യാത്ര ചെയ്യുമ്പോഴും കേരളമെന്താണെന്നും കേരളത്തിലാകെ ഉണ്ടായിട്ടുള്ള മാറ്റങ്ങളെന്താണെന്നും മറച്ചുവച്ചുകൊണ്ട് നിങ്ങൾക്ക് പ്രസംഗിക്കാൻ സാധിക്കുമോ? തമിഴ്നാട്ടിലേക്ക് പോയിക്കഴിഞ്ഞാൽ തമിഴിൽ സംസാരിക്കുന്നതിനായി ശ്രീ. എം. വിൻസെന്റ് ചില തമിഴ് വാക്കുകൾ പറഞ്ഞിരുന്നല്ലോ? തമിഴ് അല്ലെങ്കിൽ ഇംഗ്ലീഷോ മലയാളമോ

പറഞ്ഞാലും അവർക്ക് മനസ്സിലാകുമായിരിക്കും. എങ്ങനെയാണ് തമിഴ്നാട്ടിൽ ഇതൊക്കെ നടക്കുന്നത്, ഇവിടെ ഒന്നും നടക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. വസ്തുതാപരമായി പറഞ്ഞാൽ, അങ്ങയുടെ നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം ഉൾപ്പെടെയുള്ള സ്ഥലത്ത് നടക്കുന്ന കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട് ഇങ്ങനെയൊക്കെ സഭയിൽ പറഞ്ഞിട്ട് ബഹുമാനപ്പെട്ട അംഗം വിഴിഞ്ഞത്തേക്കും കോവളത്തേക്കുമൊക്കെ പോകുമ്പോൾ അവിടത്തെ ആളുകൾ അത് അംഗീകരിക്കുമോ? ധാരാളം വികസന കാര്യങ്ങൾ ചെയ്യുന്നൊരു സ്ഥലമാണത്. എന്തൊക്കെ കാര്യങ്ങളാണ് പറഞ്ഞത്? അവിടെ എന്ത് നടക്കുന്നുണ്ടെന്നും നടക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞല്ലോ? റെയിൽവേയുടെ കാര്യത്തിൽ ഏകദേശം രണ്ടായിരം കോടി രൂപയുടെ പ്രോജക്ട് ഇന്നലത്തെ കാബിനറ്റ് അംഗീകരിച്ചിട്ടുണ്ട്. നേരത്തെതന്നെ അതിന്റെ പരിപാടികൾ നടക്കുന്നതിന്റെ ഭാഗമായിട്ടാണ് ധനകാര്യ കാര്യങ്ങൾ അംഗീകരിക്കുന്നത്. റോഡിന്റെകാര്യം അംഗീകരിച്ചിട്ടുണ്ട്. ഇത് വിഴിഞ്ഞത്തെ മാത്രമല്ല, പത്തുപതിനഞ്ച് വർഷം കഴിഞ്ഞ് പൂർത്തിയാക്കേണ്ട വിഴിഞ്ഞം പദ്ധതി 2028-ൽ പൂർത്തീകരിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും അതിനനുസരിച്ചുള്ള

പ്രവൃത്തികൾ നടക്കുകയുമാണ്. അങ്ങനെ ഓരോ മേഖലയെടുത്താലും... കാസർഗോഡ് നിന്ന് ഇങ്ങോട്ടുവരുമ്പോൾ ഇവിടെനിന്ന് കൊല്ലത്തേക്കും ആലപ്പുഴയിലേക്കും പോകുമ്പോഴുള്ള എൻ.എച്ച്.-ന്റെ പകുതിയോളം പണി പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിലാകെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ഹൈവേയുടെയും മറ്റ് റോഡുകളുടെയും അവസ്ഥയും പരിശോധിച്ചാൽ  ഇവിടെ ഒരു വികസനവും നടക്കുന്നില്ലെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? കേരളത്തിലെ ആശുപത്രികളും സ്കൂളുകളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും പരിശോധിച്ചാൽ അങ്ങനെ പറയാൻ സാധിക്കുമോ? കേരളത്തിലാകെ സഞ്ചരിക്കുന്ന കേരളത്തിലെ ജനങ്ങളുടെ മുന്നിൽ, അവർക്ക് അറിയാവുന്നൊരു കാര്യം നിയമസഭയിൽ വന്ന് കേരളത്തിലൊന്നും നടക്കുന്നില്ലെന്ന് നിങ്ങൾ പറഞ്ഞാൽ നിങ്ങളെക്കുറിച്ച് എന്തായിരിക്കും ഗൗരവത്തിൽ ഇക്കാര്യങ്ങൾ കാണുന്ന ജനങ്ങൾ ചിന്തിക്കുന്നത്? തമിഴ്നാട്ടിൽ നടക്കാൻ പോകുന്ന മെട്രോ റെയിലിനെക്കുറിച്ച് പറഞ്ഞു. ഇവിടെ കൊച്ചിയിൽ ഇതിനോടകം മെട്രോ റെയിൽ വന്നു. തിരുവനന്തപുരം മെട്രോ റെയിലിന്റെ കാര്യത്തിലേക്ക് നമ്മൾ പോകുമെന്ന്

പറഞ്ഞു. കോഴിക്കോടിന്റെ കാര്യം നമ്മൾ ആലോചിക്കുകയാണ്. കേരളം തമിഴ്നാടിനെപ്പോലെ അത്രയും വലിയ ജനസംഖ്യയുള്ള നഗരമല്ലെങ്കിലും നാം അക്കാര്യങ്ങൾ ചെയ്യുന്നതിനെ കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ നടന്ന ചർച്ചയിൽ ശ്രീ. കെ. പി. എ. മജീദ് സംസാരിച്ചപ്പോൾ വളരെ റിയലിസ്റ്റിക്കായി കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞു. അത് ബജറ്റ് സംബന്ധിച്ചല്ല പകരം കേരളത്തിന്റെ ഭാവിയെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ബജറ്റിനെ സംബന്ധിച്ച് അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരിക്കും പക്ഷേ, കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചും നാം ചർച്ച ചെയ്യേണ്ടതല്ലേ; കേരളം നേരിടാൻ പോകുന്ന ഏറ്റവും ഗുരുതരമായ വിഷയത്തെ സംബന്ധിച്ച് ഇപ്പോൾ ജീവിച്ചിരിക്കുന്ന ആളുകൾ ചർച്ച ചെയ്തില്ലെങ്കിൽ നാളത്തെ അവസ്ഥയെന്താകും? 6 ലക്ഷം കുട്ടികൾ ഒന്നാം ക്ലാസിൽ ചേർന്നുകൊണ്ടിരുന്ന കേരളത്തിൽ ഈ വർഷം 298000 പേർ മാത്രമേ ചേർന്നിട്ടുള്ളൂവെന്ന കാര്യം ഗൗരവമായി കാണേണ്ടതാണ്. ഒന്നാമത്തെ ബജറ്റ് മുതൽ ഞാൻ ഇക്കാര്യം ഇവിടെ പറയുന്നതാണ്. വിദേശത്തേക്ക് ആളുകൾ പോകുന്നുണ്ട്, ഇവിടെ ആരും നിൽക്കുന്നില്ലെന്ന് തമാശ രൂപത്തിൽ അന്ന് ചില പ്രതിപക്ഷ

മെമ്പർമാരും പറഞ്ഞതായി ഞാൻ ഓർക്കുന്നു. കേരളം സീനിയർ സിറ്റിസൺസിന്റെ ഒരു സംസ്ഥാനമായി മാറാൻ പോകുകയാണെന്ന് പറഞ്ഞാൽ നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. ഈ ലോകത്തെ ജനസംഖ്യാ മാറ്റത്തിലുള്ള പ്രത്യേകതകൾ കേരളത്തിനും ബാധകമാണ്. യൂറോപ്പ്, അമേരിക്ക, കാനഡ പോലുള്ള വളരെ വികസിതമായ രാജ്യങ്ങളിലൊക്കെ ജനസംഖ്യ കുറവായിരിക്കും. കാരണം എപ്പോഴും ഇക്കണോമിക് പ്രോഗ്രസ് സാധാരണഗതിയിൽ ഡെമോഗ്രാഫിക് പ്രൊഗ്രഷനെ ബാധിക്കാറുണ്ട്. അക്കാര്യങ്ങൾ കണ്ടുകൊണ്ട് കേരളത്തിൽ ആകെ ഇത് നിർത്താൻ സാധിക്കില്ല. ചൈനയിലെ കാര്യം അങ്ങ് പറഞ്ഞു. ചൈനയിൽ ഒരു ഒറ്റ കുട്ടി മാത്രമെന്നതില്ല. അവരുടെ ഏറ്റവും വലിയ ജനസംഖ്യയെ നിയന്ത്രിക്കാനായി അവർ ചെയ്തതാണ്. പക്ഷെ അത് പ്രായോഗികമല്ലെന്നാണ് ചൈന ഇപ്പോൾ പറയുന്നത്. അവർ ഇപ്പോൾ പുതിയ ഇൻസെന്റീവുകൾ ഇതിനായി നൽകുന്നുണ്ട്. കേരളത്തിന് ആ ഒരു സ്ഥിതി വന്നില്ലെങ്കിലും കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച് പത്തുമുപ്പത് വർഷങ്ങൾക്കുശേഷം അന്നത്തെ ആളുകൾ നോക്കുമ്പോൾ ഭരണപക്ഷ-

പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരള നിയമസഭയിലെ എം.എൽ.എ.-മാർ ഇത് ഗൗരവത്തോടെ കണ്ടിരുന്നുവെന്ന് മനസ്സിലാക്കും. അതുകൊണ്ട് ശ്രീ. കെ. പി. എ. മജീദിന്റെ വാക്കുകളെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു. കേരളത്തിന്റെ ജനസംഖ്യ കുറയുമ്പോൾ കേരളത്തിലെ പുതുതലമുറയിലെ ജനങ്ങൾക്ക് ഇവിടെതന്നെ നിൽക്കാൻ സാധിക്കണം. കേരളത്തിലുള്ളവർക്ക് മാത്രമല്ല പുറത്തുനിന്നുള്ളവർക്കും കേരളത്തിൽ വന്ന് താമസിക്കാം. ഇന്നിപ്പോൾ ബാംഗ്ലൂർ, ഹൈദരാബാദ്, മുംബൈ തുടങ്ങിയ കോസ്മോപൊളിറ്റൻ സിറ്റികളിൽ ആളുകൾ നിൽക്കുന്നതുപോലെ കേരളത്തിന്റെ ഏത് ഭാഗവും ഒരു കോസ്മോപൊളിറ്റൻ സിറ്റിയാക്കാം. കാരണം കേരളത്തിലെ ഭാഷ, സംസ്കാരം, സാമാധാന അന്തരീക്ഷം, മതേതര മനോഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലേക്ക് എല്ലാവർക്കും വരാനും പ്രവർത്തിക്കാനും കഴിയുന്നൊരു സ്ഥലം എന്ന നിലയിലുള്ള കാഴ്ചപ്പാട് വച്ചുകൊണ്ട് കേരളത്തിന്റെ ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം, കെയർ ഇക്കോണമി തുടങ്ങിയ കാര്യങ്ങളിൽ വലിയ മുൻഗണന നൽകുന്നതിന് എല്ലാ ബജറ്റുകളിലും ഇടതുപക്ഷ ജനാധിപത്യമുന്നണി ശ്രമിക്കുന്നുണ്ട്. കാരണം കേരളത്തെ

സംബന്ധിച്ച് കേരളത്തിന്റെ knowledge economy അല്ലെങ്കിൽ knowledge-based economy ഉപയോഗിച്ചുകൊണ്ട് മുന്നോട്ടുവരണം. അങ്ങനെ നമ്മുടെ പൂർവികർ ശ്രമിച്ചതുകൊണ്ടാണ് ഈ കേരളം ഇങ്ങനെ മാറിയത്. കേരളത്തെപ്പറ്റി അഭിമാനകരമല്ലാതെ അപമാനകരമായി പറയുന്ന അവസ്ഥയുണ്ടോ? അങ്ങനെ രാഷ്ട്രീയത്തിനുവേണ്ടി പറയാം. കഴിഞ്ഞ ദിവസമായിരുന്നു മഹാനായ ശ്രീനാരായണ ഗുരുദേവനെ മഹാത്മാഗാന്ധി വന്ന് സന്ദർശിച്ചതിന്റെ നൂറാം വാർഷികം. അന്നത്തെ കേരളം എന്തായിരുന്നുവെന്ന് ഓർമ്മിപ്പിക്കേണ്ടതില്ല. അന്നത്തെ കേരളവും ഇന്നത്തെ കേരളവും ഒരുപോലെയാണോ? ലോകത്താകെയുള്ള ആളുകൾ കേരളത്തിന്റെ ജാതി വ്യവസ്ഥയെക്കുറിച്ചും പൊതുവായ അവസ്ഥയെക്കുറിച്ചും ഫ്യൂഡൽ സംസ്കാരത്തെക്കുറിച്ചുമൊക്കെ പറഞ്ഞിടത്തുനിന്ന് കേരളം ഇന്ന് മാതൃകയായി മാറിയെന്നും കേരളത്തിന്റെ മോഡൽ അംഗീകരിക്കണമെന്നും മറ്റുള്ളവർ പറയുമ്പോൾ കേരളത്തിൽ മൊത്തം ശിശുരോദനം വരികയാണ്, ആകെ പട്ടിണിക്കാരാണ്, ആശാവർക്കർമാർക്ക് ശമ്പളം കിട്ടുന്നില്ല, രോഗികൾക്ക് മരുന്ന് കിട്ടുന്നില്ല എന്നൊക്കെ ഈ സഭയിൽ പ്രതിപക്ഷ അംഗങ്ങൾ

പറഞ്ഞുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും വീടെന്നൊരു ആശയം കേരളത്തിലല്ലാതെ ലോകത്ത് മറ്റ് എവിടെയുണ്ട്? കേരളത്തിലെ ഏതാനും ലക്ഷം ആളുകൾക്കുകൂടി വീട് നൽകിക്കഴിഞ്ഞാൽ കേരളത്തിൽ മൊത്തം ആളുകൾക്കും വീട് ലഭ്യമാകുന്ന ലൈഫ് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും. ഈ വർഷം കൊണ്ടുതന്നെ 5 ലക്ഷം പേർക്ക് വീട് ലഭ്യമാകാൻ പോകുകയാണ്. 42 ലക്ഷം കുടുംബങ്ങൾക്ക് ചികിത്സയ്ക്കായി 5 ലക്ഷം രൂപവരെ ലഭ്യമാകുന്ന ചികിത്സാ പദ്ധതികളാണ് കേരളത്തിലുള്ളത്. പത്ത് ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് ആശുപത്രികളിൽ മരുന്നില്ലെന്നുള്ള പരാതിയുണ്ടായിട്ടുണ്ട്. അന്ന് പാരസെറ്റാമോളോ പെൻസിലിനോ ഡയബറ്റിസിന്റെ മരുന്നോ ഇല്ലെന്നുള്ളതായിരുന്നു പരാതിയെങ്കിൽ ഇന്ന് സ്റ്റെന്റ് കിട്ടുന്നില്ലെന്നുള്ളതാണ് പരാതി. കോട്ടയം മെഡിക്കൽ കോളേജിലും കോഴിക്കോട് മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും വേണ്ടത്ര സ്റ്റെന്റ് കിട്ടുന്നില്ലെന്നാണ് ഇപ്പോഴത്തെ പരാതി. കാൻസറിന് ഏറ്റവും വിലയുള്ള മെഡിസിനുകൾ വേണ്ടത്രയില്ലെന്ന് വരാം. പക്ഷെ ഇതൊക്കെ നൽകുന്ന, ലോകത്തെവിടെയുമുള്ള സംവിധാനങ്ങളെക്കാൾ മാതൃകാപരമായ

സംവിധാനങ്ങളാണ് കേരളത്തിലുള്ളത്. ഇംഗ്ലണ്ട് പോലെയുള്ള രാജ്യങ്ങളിൽ എല്ലാവർക്കും ചികിത്സാ സംവിധാനം നൽകുന്നുണ്ട്. പക്ഷേ, അവിടെ ഒരു അസുഖം പിടിപെട്ടാൽ അവിടത്തെ ആരോഗ്യ സിസ്റ്റത്തിലൂടെ ഡോക്ടറെ കാണണമെങ്കിൽ മാസങ്ങളോളം കാത്തിരിക്കണമെന്ന് ഇവിടെ പ്രതിപക്ഷത്തും ഭരണപക്ഷത്തും ഇരിക്കുന്ന ആളുകൾക്ക് അറിയാം. ഈ നാട്ടിൽ ഇതൊക്കെ കാണുന്ന ആളുകൾക്കും അറിയാം. സ്കൂൾ എഡ്യൂക്കേഷൻ സിസ്റ്റം, ശ്രീ. കെ. പി. എ. മജീദ് പറഞ്ഞതുപോലെ പുതിയ കാലഘട്ടത്തിൽ ചർച്ച ചെയ്തേ മതിയാകൂ. 6 ലക്ഷം പേരുണ്ടായിരുന്ന സമയത്തെ സ്കൂളും 3 ലക്ഷം പേരുള്ളപ്പോഴുള്ള സ്കൂളും അവിടത്തെ മുഴുവൻ സംവിധാനവും വിദ്യാഭ്യാസം എങ്ങനെയാണ് നൽകേണ്ടതെന്നുമൊക്കെ പുനഃപരിശോധിക്കേണ്ടിവരും. അങ്ങനെ ഗൗരവകരമായ കാര്യങ്ങൾ ചർച്ച ചെയ്യേണ്ട വേദിയാണ് നിയമസഭ. ആരോഗ്യ രംഗവും ഭാവിയുമടക്കമുള്ള കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യണം. അതോടൊപ്പം സ്റ്റേറ്റിന് പൊളിറ്റിക്കലായി കിട്ടേണ്ട അവകാശങ്ങളെ സംബന്ധിച്ച ചർച്ചകൾ നടക്കേണ്ട സ്ഥലമാണ് നിയമസഭ. അല്ലാതെ അന്ന് ഞങ്ങളിവിടെ ഉറക്കമിളച്ചുകിടന്നു ഇപ്പോൾ കിടക്കുന്നില്ല, ഞങ്ങൾ

ഇങ്ങനെയൊക്കെ ചെയ്തു, ചെയ്തില്ല എന്നൊക്കെ പരസ്പരം പറയാം. പക്ഷേ, അതൊന്നും ഒരു അടിസ്ഥാനപരമായ കാര്യമെന്ന നിലയിൽ കേരളത്തിന്റെ ഭാവിയെ വലിയ തോതിൽ സഹായിക്കുന്നവയല്ല. ഈ ബജറ്റിന്റെ ഭാഗമായി സാമ്പത്തിക കാര്യങ്ങളെപ്പറ്റി കുറച്ചൊക്കെ ചർച്ചകൾ വന്നല്ലോ; കഴിഞ്ഞ ദിവസം തെലങ്കാന മുഖ്യമന്ത്രി പറഞ്ഞ പ്രസ്താവനയെപ്പറ്റി ഞാൻ ഇവിടെ പ്രസംഗിച്ചത് അദ്ദേഹത്തെ മോശപ്പെടുത്തിക്കൊണ്ടോ കോൺഗ്രസാണെന്ന നിലയിലോ അല്ല. ഈ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനങ്ങൾ നേരിടുന്ന പ്രശ്നമുണ്ട്. അതിൽ തെലങ്കാനയുടെ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞ കാര്യം ഞെട്ടിക്കുന്നൊരു കാര്യമായി തോന്നി. കാരണം അവരുടെ ഫിനാൻഷ്യൽ കണ്ടീഷൻ നമ്മളെക്കാളും വളരെ മെച്ചമാണെന്ന് നമുക്കറിയാം. കർണാടകയും തമിഴ്നാടും അങ്ങനെയാണ്. അവരുടെ ആകെയുള്ള ഐ.ടി. എക്സ്പോർട്ട് തന്നെ എത്ര വലുതാണ്. അങ്ങനെയുള്ളൊരു സ്റ്റേറ്റിന് സർക്കാർ ജീവനക്കാർക്ക് ഒന്നാം തീയതി ശമ്പളം നൽകാൻ പണമില്ലെന്ന് തെലങ്കാന മുഖ്യമന്ത്രി തുറന്നുപറഞ്ഞെന്ന വാർത്ത വന്നപ്പോൾ ഞാൻ അവരെ സപ്പോർട്ട് ചെയ്തുകൊണ്ടാണ് പറഞ്ഞത്. അല്ലാതെ അതിനെ താരതമ്യം ചെയ്ത്

കോൺഗ്രസായതുകൊണ്ട് അവർ മോശമാണെന്നല്ല ഞാൻ പറഞ്ഞത്. 'കടം കയറി സംസ്ഥാനം മുടിഞ്ഞു; ശമ്പളം കിട്ടാതെ ഉദ്യോഗസ്ഥർ; രക്ഷാമാർഗം കാട്ടിലെ തടിയും കഞ്ചാവും' ഹിമാചൽപ്രദേശിനെപ്പറ്റി മനോരമ ഓൺലൈനിൽ സെപ്റ്റംബർ മാസത്തിൽ വന്ന വാർത്തയാണിത്. ആ സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ജീവനക്കാരുടെ ശമ്പളം ആദ്യംമുടങ്ങി, അതുകഴിഞ്ഞ് സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാതെ വന്നു. ഇതെല്ലാം അവിടെയുള്ള കാര്യങ്ങളാണ്. മൂവായിരം കിലോമീറ്റർ അകലെയുള്ള ഹിമാചൽപ്രദേശിൽ കോൺഗ്രസ് ഗവൺമെന്റിന്റെ സ്ഥിതിയാണ് ഞാൻ വ്യക്തമാക്കിയത്. ഈ രണ്ട് സംസ്ഥാനങ്ങളും ഭരിക്കുന്നത് കോൺഗ്രസ് ഗവൺമെന്റുകളാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-ക്ക് ആനുകൂല സമീപനമുള്ള ഗവൺമെന്റ് അല്ല, അതാണ് വ്യത്യാസം. കർണ്ണാടകയ്ക്കും പഞ്ചാബിനും നേരെ ഇത്തരം സമീപനം വരും, കേരളത്തിന് നേരെ വന്നിട്ടുണ്ടെന്ന് നമുക്കറിയാം. ആ ഒരു സാഹചര്യത്തിന് രാഷ്ട്രീയ പ്രശ്നം വേണ്ടേ; ബി.ജെ.പി. സപ്പോർട്ടുള്ള ഗവൺമെന്റായതുകൊണ്ട് പോണ്ടിച്ചേരിയ്ക്ക് വലിയ പ്രശ്നമില്ല. എന്നാൽ നേരത്തെ പോണ്ടിച്ചേരിക്ക് പ്രശ്നമായിരുന്നുവെന്നത്

നിങ്ങൾക്ക് അറിയാമെന്ന് ഞാൻ കരുതുന്നു. ഞങ്ങളൊക്കെ ജി.എസ്.ടി. കൗൺസിലിന്റെ ഭാഗമായും മറ്റും ഈ സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരെയും മറ്റുള്ള മന്ത്രിമാരെയുമൊക്കെ കാണുന്നവരാണ്. ആന്ധ്രാപ്രദേശിൽ പ്രശ്നമുണ്ടായിരുന്നു, പക്ഷേ അവിടെ തെലുങ്ക് ദേശം പാർട്ടി അധികാരത്തിൽ വന്നതോടുകൂടി ആന്ധ്രാപ്രദേശിന് കേന്ദ്ര ഗവൺമെന്റ് പ്രത്യേക പാക്കേജ് അനുവദിച്ചു. ബീഹാറിന് പ്രശ്നമുണ്ടായിരുന്നുവെങ്കിലും അവർക്കും പ്രത്യേക പാക്കേജ് അനുവദിച്ചു. ഫെഡറലിസം കൃത്യമായി കൈകാര്യം ചെയ്യാത്തതിന്റെ പ്രശ്നങ്ങൾ ഇന്ത്യയിലെ സംസ്ഥാനങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അക്കാര്യം നമുക്ക് കളക്ടീവായി സൂചിപ്പിക്കണ്ടേ; നമ്മൾ പത്താം ധനകാര്യ കമ്മിഷൻ സമയത്തെ കണക്കും ഇപ്പോഴത്തെ കണക്കും പറയുന്നുവെന്നാണ് നിയമസഭയ്ക്കകത്ത് വന്നിട്ട് പറയുന്നത്. പത്താം ധനകാര്യ കമ്മിഷൻ സമയത്തെ കണക്ക് പറയുമ്പോൾ, അന്നത്തെ ഡിവിസിബിൾ പൂളിന്റെ ഫോർമുല ഇതല്ലായിരുന്നുവെന്ന് ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരിക്കുന്നവർക്ക് അറിയാം. അന്ന് ജി.എസ്.ടി. സംവിധാനമുണ്ടായിരുന്നില്ല. ആ കണക്കൊക്കെ അറിയാം. പക്ഷേ ആ

സമയത്ത് ലഭിച്ചിരുന്ന ശതമാനത്തെക്കുറിച്ചൊക്കെയാണ് നമ്മൾ പറയുന്നത്. ഉദാഹരണമായി, പതിനാലാം ധനകാര്യ കമ്മിഷന്റെ സമയത്ത് 2.5 ശതമാനമുണ്ടായിരുന്നു, അതിനുമുമ്പ് 2.9 ശതമാനമായിരുന്നു. അങ്ങനെയൊരു കണക്കുണ്ടല്ലോ; ഈ ശതമാനം കുറച്ചുവെന്ന് മാത്രമല്ല, നമുക്ക് തുല്യമായി കിട്ടിയിരുന്ന ആസ്സാം, ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, ഒറീസ്സ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അവരുടെ പഴയ ശതമാന നിരക്കിലാണ് നിൽക്കുന്നത്. എന്നാൽ നമ്മുടെ ശതമാനം നേർപകുതിയായി കുറച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തിന് ഇപ്പോൾ ലഭിക്കുന്നത് 24,000/- കോടി രൂപയാണ്. പഴയ ശതമാന നിരക്കായിരുന്നുവെങ്കിൽ 48,000/- കോടി രൂപ ലഭിക്കുമായിരുന്നു. അതായത്, മൂന്ന് ശതമാനത്തിനടുത്ത് ലഭിച്ചെങ്കിൽപോലും നമുക്കിപ്പോൾ ലഭിക്കുന്നതിന്റെ പത്ത്-പന്ത്രണ്ടായിരം കോടി രൂപ അധികമായി ലഭിക്കുമായിരുന്നു. അത് ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് സഭയിൽ എടുത്ത് പറയണമെന്ന് നമ്മൾ പറഞ്ഞിട്ടുണ്ട്. ഈ പ്രശ്നങ്ങളെല്ലാം സംസ്ഥാനം നേരിടുമ്പോഴും, മറ്റുള്ള സംസ്ഥാനങ്ങളിലെ സ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ജീവനക്കാർക്ക് ശമ്പളം

മുടങ്ങിയില്ലെന്ന് പറയുന്നത് വലിയ അഭിമാനകരമായ കാര്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള മേഖലകളിലെ പെൻഷൻ പൂർണ്ണമായും നേരത്തെ കൊടുക്കാൻ തുടങ്ങിയത്. ഒരു മാസത്തെ ശമ്പളം ഉൾപ്പെടെ കൊടുക്കാൻവേണ്ടി ആകെ 50 കോടി രൂപയാണ് സർക്കാർ അനുവദിക്കുന്നത്. എല്ലാ മേഖലകളിലും ഇങ്ങനെയാണ് കൊടുക്കുന്നത്. പക്ഷേ ഒരു സംസ്ഥാനത്തിനെ ഇങ്ങനെ ശ്വാസംമുട്ടിച്ചാൽ അതിനെ നമുക്ക് കളക്ടീവായി നേരിടാതിരിക്കാൻ സാധിക്കുമോയെന്നുള്ള പ്രശ്നം മാത്രമെ ഞങ്ങൾ ഉന്നയിക്കുന്നുള്ളൂ. ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയുടെ ഭാഗമായി കോടതി ഫീസിന്റെയും മറ്റുംകാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. യു. എ. ലത്തീഫ്, കോടതി ഫീസ് വളരെയധികമായി വർധിപ്പിച്ചുവെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു. ദശാബ്ദങ്ങളായി വർധിപ്പിച്ചിട്ടില്ലെന്ന് പറയുമ്പോൾ കോടതി മേഖലയിലുള്ളവരുടെ അഭിപ്രായം അനുസരിച്ചിട്ടാണ് ഇപ്പോൾ വർധിപ്പിച്ചത്. കോടതിക്ക് ആകെ വരുന്ന ചെലവിന്റെ ചെറിയ ശതമാനംപോലും

ഫീസിൽനിന്ന് ലഭിക്കുന്നില്ല. അത് ലഭിക്കാനും പോകുന്നില്ല. ഇപ്പോഴും രണ്ട് രൂപയുടെ സ്റ്റാമ്പ് ഉപയോഗിക്കാൻ സാധിക്കുമോ?

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ,....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ഫീസിനകത്തെ കാര്യങ്ങളല്ല, സ്റ്റാമ്പുകളുടെ കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. പല ഫീസും കമ്പാരിറ്റീവിലി അവർ വർധിപ്പിച്ചിട്ടുണ്ട്. ജ്യൂഡീഷ്യൽ ഓഫീസേഴ്സും ഹൈക്കോടതി റിട്ടയേർഡ് ചീഫ് ജസ്റ്റിസും ലാ സെക്രട്ടറിയും ഫിനാൻസ് സെക്രട്ടറിയും എല്ലാവരുംകൂടി ഉൾപ്പെട്ട ഒരു കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചത്. അതല്ലാതെ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും നമ്മൾ പോയിട്ടില്ല. ജ്യൂഡീഷ്യൽ സിസ്റ്റത്തിന് ആവശ്യമുള്ള പണത്തിന്റെ പത്തിലൊന്നുപോലും ഇപ്പോൾ വർധിപ്പിച്ച നിരക്കിൽനിന്നും ലഭിക്കില്ല. അങ്ങനെയൊരു കാര്യമല്ലാതെ വേറൊരു.........

ശ്രീ. റോജി എം. ജോൺ: സർ, (......മൈക്ക് ഓഫ്.....അങ്ങ് വഴങ്ങുകയാണെങ്കിൽ ഒരു കാര്യം സൂചിപ്പിക്കാനുണ്ട്.)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇനി മൂന്ന് ബില്ലുകൾ കൂടി സഭ പരിഗണിക്കേണ്ടതിനാൽ കൃത്യസമയത്ത് മറുപടി പ്രസംഗം അവസാനിപ്പിക്കേണ്ടതുണ്ട്. ഞാൻ സംസാരിച്ചതിനുശേഷം എന്തെങ്കിലുമുണ്ടെങ്കിൽ വഴങ്ങാം. സമയകൃത്യത പാലിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. എനിക്ക് പ്രശ്നമൊന്നുമില്ല. ജ്യൂഡീഷ്യറിയുടെ കാര്യത്തിൽ വലിയ തുക വരുന്ന പ്രശ്നമില്ല. സാമ്പത്തിക ഞെരുക്കത്തിന്റെ പരിഹാരമെന്നുള്ള നിലയിലേക്കുള്ള ഒരുകാര്യങ്ങളും ടി ധനകാര്യ ബില്ലിൽ കൊണ്ടുവന്നിട്ടില്ല. അത് മുന്നൂറ് കോടി രൂപയുടെ വരുമാനം ലഭിച്ചിട്ട് ഉണ്ടാകുന്നതല്ല. നമ്മൾ വളരെ മോശപ്പെട്ട സാഹചര്യത്തിൽ പിടിച്ചുനിൽക്കുന്നുവെന്നത് പ്രധാനപ്പെട്ടൊരു കാര്യമാണ്. അങ്ങനെ പിടിച്ചുനിൽക്കുമ്പോഴാണ് രണ്ട് രാഷ്ട്രീയ കാര്യങ്ങളും രണ്ട് സംസ്ഥാനങ്ങളിലെ കാര്യങ്ങളും ഇവിടെ എടുത്ത് പറഞ്ഞത്, രാഷ്ട്രീയമായി ആ സംസ്ഥാനങ്ങൾക്കുനേരെ ശ്വാസംമുട്ടിക്കലുണ്ടെന്നുള്ളതുകൊണ്ടാണ് ഞാൻ അക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള ആളുകൾ, കഴിഞ്ഞ പതിനാറാം ധനകാര്യ കമ്മിഷന്റെ

കാര്യത്തിലെല്ലാം  പൊതുവിൽ രാഷ്ട്രീയ പാർട്ടികളുമായി ഞങ്ങളെല്ലാം സംസാരിച്ച് നിലപാടൊന്നും എടുത്തില്ലെന്ന് പറയുന്നില്ല. സഭയ്ക്കകത്ത് പറയുന്ന കാര്യങ്ങൾക്ക് ഒരു ഇംപാക്റ്റുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാന്യരായ മന്ത്രിമാരും പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമെല്ലാം പറയുന്ന കാര്യങ്ങൾ ഇന്ത്യയിലെ ദേശീയ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്.  നമ്മൾ വസ്തുതാപരമായ കാര്യങ്ങൾ പറഞ്ഞില്ലെങ്കിൽ, നമുക്ക്  പല കാര്യങ്ങളിലും യോജിച്ച സമീപനമില്ലെന്ന് വന്നുകഴിഞ്ഞാൽ  അത് പ്രതികൂലമായി നമ്മളെ ബാധിക്കുമെന്നതുകൊണ്ടാണ് ഞാൻ ഒരുകാര്യം എടുത്തുപറയാൻ ആഗ്രഹിക്കുന്നത്. ബജറ്റിൽ സേഫ് ലാൻഡിങ്ങ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച്...,ഇതൊക്കെ എന്തോ തെറ്റായ കാര്യം പറഞ്ഞുവെന്നാണ് പറയുന്നത്. സേഫ് ലാൻഡിങ്ങ് എന്നല്ല ഞാൻ പറഞ്ഞത്, ഞാൻ പറഞ്ഞത്  ടേക്ക് ഓഫിലേക്ക് വരികയാണെന്നാണ്. ഇന്ത്യൻ വംശജയായ ശ്രീമതി സുനിത വില്യംസ് ഇവിടെ സേഫായി തിരിച്ചെത്തുന്ന കാര്യമാണ് ഇന്നലെ പറഞ്ഞത്. കാരണം, ഒൻപത് മാസക്കാലം ഒരു കണക്ഷനുമില്ലാതെ ബഹിരാകാശ നിലയത്തിൽനിന്ന്

സേഫായി ഇവിടെയെത്തിയത് സാധാരണഗതിയിൽ ഒന്ന് ചിന്തിക്കാൻപോലും കഴിയുന്നതല്ല. നാം ഒരു ലിഫ്റ്റിനകത്ത് കുടുങ്ങിപോയാൽ നമ്മളെല്ലാവരും പേടിച്ചുപോകും. എന്നാൽ വാഹനംപോലും പോകാൻ സാധിക്കാത്ത ബഹിരാകാശത്ത് നിൽക്കേണ്ടിവന്നൊരു സാഹചര്യത്തിൽ, അവിടെനിന്ന് അതിനെ ഫൈറ്റ് ചെയ്ത് തിരിച്ചുവരുമ്പോൾ...., കേരളം എന്ന സംസ്ഥാനം ഇതുപോലെ വലിയതോതിൽ ശ്വാസംമുട്ടിക്കലിനെ നേരിട്ടുകൊണ്ട് മുന്നോട്ടുപോകും......., നമ്മളെല്ലാവരും മുന്നോട്ടുപോകുന്ന കാര്യമാണ് അഭിമാനത്തോടുകൂടി സൂചിപ്പിച്ചത്. എന്തായാലും, അങ്ങനെയൊരു കാര്യം സൂചിപ്പിച്ചുവെന്നേയുള്ളൂ. അത് അഭിമാനകരമാണ്. നമുക്ക് എല്ലാവർക്കും സന്തോഷമുള്ള കാര്യമാണ് പറഞ്ഞത്. നമ്മളിപ്പോൾ ടേക്ക് ഓഫിന്റെ ഘട്ടത്തിലേക്കാണ് എന്നുപറഞ്ഞാൽ ആകെ അങ്ങേയറ്റം ലക്ഷ്യം കൈവരിച്ചുവെന്നല്ല, നാം റൺവേയിലൂടെ ഓടുകയാണ്, അതിൽനിന്ന് അൽപ്പം മെച്ചപ്പെട്ട സ്ഥിതിയിലേക്ക് വരികയാണ്, നേരത്തെയുള്ളതുപോലെയല്ല. ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരിക്കുന്നവർ വ്യക്തിപരമായിത്തന്നെ ഇക്കാര്യങ്ങൾ ഫോളോ ചെയ്യുന്നവരാണ്. കേരളത്തിന് 1,59,000-1,60,000

കോടി രൂപ മാത്രമാണ് ചെലവാക്കാൻ കഴിഞ്ഞത്. അത് ചെറിയ തുകയല്ല. കോവിഡ് സമയത്തെല്ലാം 1,15,000 കോടി രൂപ വലിയതോതിൽ ചെലവാക്കാൻ സാധിച്ച ഗവൺമെന്റാണ് കഴിഞ്ഞ ഗവൺമെന്റ്. ആ ഗവൺമെന്റിന്റെ സമയത്തേക്കാളും ചെലവ് ഇപ്പോൾ വർധിക്കും. വാർഷിക വരുമാനം വർധിപ്പിച്ചെങ്കിലും നമുക്ക് 1,60,000 കോടി രൂപയ്ക്കപ്പുറം പോകാൻ സാധിച്ചില്ല. വാർഷിക വരുമാനം 16-17 ശതമാനം വർധിപ്പിച്ചു. പക്ഷേ, നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. അങ്ങനെ വന്നൊരു ഘട്ടത്തിൽ, ഈ വർഷം കുറച്ചുകൂടി മെച്ചപ്പെട്ട അവസ്ഥയിൽ മുന്നോട്ടുവരുന്നുണ്ടെന്നുള്ള കാര്യമാണ് എടുത്തുപറഞ്ഞത്. അത് നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന് വിചാരിക്കുന്നു. കാരണം, നമ്മുടെ തനത് വരുമാനത്തിൽ നാല് വർഷം കൊണ്ടുണ്ടായ വർധനവിനെക്കുറിച്ച് പലതവണ സൂചിപ്പിച്ചതാണെങ്കിൽപോലും വിമർശനം വന്നതുകൊണ്ട് സഭയിൽ വീണ്ടും പറയുകയാണ്. 2021-22-ലെ തനത് നികുതി 47,660/- കോടി രൂപയാണ്. ഈ വർഷം അത് 81,000/- കോടി രൂപയാകുമെന്നാണ് കണക്ക്. ഇത് അടുത്തവർഷം 91,515/- കോടി രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്,

അതായത്, ഏകദേശം ഇരട്ടിയോളം വരും. 2020-21-ൽ തനത് നികുതിയും നികുതിയേതര വരുമാനവും കൂടി ചേരുമ്പോൾ 54,958/- കോടി രൂപയായിരുന്നത് 2024-25 ആയപ്പോൾ 1,03,240/- കോടി രൂപയായി വർധിച്ചിട്ടുണ്ട്. അടുത്ത വർഷം 1,10,660/- കോടി രൂപയാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ നികുതി/നികുതിയേതര വരുമാനം അഞ്ച് വർഷംകൊണ്ട് 54,000/- കോടി രൂപയിൽനിന്നും 1,10,000/- കോടി രൂപ എന്നുപറഞ്ഞാൽ ഇന്ത്യയിലെ റിക്കോർഡ് വളർച്ചയാണ്. അത് അംഗീകരിക്കാൻ എല്ലാവരും തയ്യാറാകേണ്ടതാണ്. നേരേ ഇരട്ടിയായി നികുതിയും നികുതിയേതര വരുമാനവും വർധിപ്പിക്കാൻ സാധിക്കും. 2021-22-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2.25 ശതമാനമായിരുന്നു. അത് 2024-25 ആയപ്പോൾ 1.58 ശതമാനമായി കുറഞ്ഞു. കേരളത്തിൽ ധനകമ്മി 4.04 ശതമാനത്തിൽനിന്ന് 2.9 ശതമാനമായി കുറഞ്ഞു. ഡെബ്റ്റ്-ജി.എസ്.ഡി.പി. റേഷ്യോ ഇവിടെ വലിയതോതിൽ വർധിച്ചുവെന്നാണ്, എന്നാൽ അങ്ങനെയല്ല, കേന്ദ്ര എഫ്.ആർ.ബി.എം. ആക്ടിന്റെ ഡയറക്ഷൻ അനുസരിച്ച് നമ്മുടെ പൊതുവായ കടം നമുക്ക് നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

ഓരോ വർഷം കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന വരുമാനം കുറയുന്നതിന്റെ കണക്ക് ഞാനൊന്ന് ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2016-17-ൽ റവന്യൂ വരുമാനമായിരുന്ന 75,612/- കോടി രൂപയിൽ 23,735/- കോടി രൂപ കേന്ദ്ര വിഹിതമായിരുന്നു, അതായത് 32 ശതമാനം. 2020-21-ൽ 42,629/- കോടി രൂപയായി വർധിച്ചു, അതായത് കോവിഡ് സമയത്ത് 44 ശതമാനം ആയി വർധിച്ചുവെന്ന് അർത്ഥം. 2021-22-ൽ 47,837/- കോടി രൂപ, ആകെയുള്ള വരുമാനത്തിൽനിന്ന് 41 ശതമാനമായി കുറഞ്ഞു. 2022-23-ൽ അത് 48,230/- കോടി രൂപ ആയി, അതായത് 36 ശതമാനം. എന്നാൽ 2023-24-ൽ 33,811/- കോടി രൂപയായി ചുരുങ്ങി. അതായത് ആകെ റവന്യൂ വരുമാനത്തിന്റെ 27 ശതമാനമായി കുറഞ്ഞു. 2024-25-ൽ 33,397/- കോടി രൂപയാണ്, അതായത് റവന്യൂ വരുമാനത്തിന്റെ 25 ശതമാനം മാത്രമാണ് നമുക്ക് കിട്ടുന്നത്. ഇതുമായി ബന്ധപ്പെട്ട കണക്കുകൾ ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും അവരുടെ റവന്യൂ വരുമാനത്തിന്റെ 50 ശതമാനത്തിനടുത്ത് കിട്ടുമ്പോഴാണ് നമുക്ക് 25 ശതമാനം കിട്ടുന്നത്. ഇന്ത്യൻ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ഇത്രയും തുക കൂടി നമുക്ക് കിട്ടേണ്ടതാണ്. നമുക്ക്

അർഹതയുള്ള തുക ലഭിച്ചാൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. നമ്മളെക്കാളും കൂടുതൽ കേന്ദ്രവിഹിതം തെലങ്കാനയ്ക്കും ഹിമാചൽപ്രദേശിനും ലഭിക്കുന്നുണ്ടെന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷവും കോൺഗ്രസ് നേതാക്കളുൾപ്പെടെ പരിശോധിക്കണം. നമ്മളേക്കാളും കൂടുതൽ ശതമാനം തെലങ്കാനയ്ക്കും ഹിമാചൽപ്രദേശിനും കിട്ടുന്നുണ്ടെങ്കിലും അവർ ആ പ്രശ്നം നേരിടുകയാണ്. നമുക്കിത്രയും കുറഞ്ഞനിരക്കിലുള്ള തുകയാണ് കേന്ദ്രവിഹിതമായി ലഭിച്ചിട്ടും നാം ഈ പ്രതിസന്ധിയിലും മുന്നോട്ട് പോകുന്നുണ്ട്. റവന്യൂ വരുമാനം 4-5 വർഷം കൊണ്ട് 20 ശതമാനം വരെ കുറഞ്ഞു. പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിലൂടെ 2021-22-ൽ 30,698/- കോടി രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും 18,120/- കോടി രൂപയാണ് ലഭിച്ചത്. കേന്ദ്ര സർക്കാരിന്റെ നിലപാടുകളിലെ അസ്വഭാവികത മുന്നിൽക്കണ്ട് 2022-23-ലെ ബജറ്റിൽ കടമെടുത്തതിലൂടെ ലഭിക്കാവുന്ന തുകയുടെ അടങ്കൽ നമ്മൾ കുറച്ചു. അന്ന് 23,914/- കോടി രൂപ കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും 15,620/- കോടി രൂപയാണ് കിട്ടിയത്. 2023-24-ലും നമ്മൾ പ്രതീക്ഷിച്ചതിനെക്കാളും കുറഞ്ഞ തുക കടമെടുക്കാനേ കേന്ദ്രം

സമ്മതിച്ചുള്ളൂ. ഇതെല്ലാം ഉള്ളപ്പോഴും നമ്മുടെ ബജറ്റിന്റെ ചെലവ് നിലവിൽ അവതരിപ്പിച്ചിരുന്ന ബജറ്റ് അടുത്ത വർഷം അവസാനമാകുമ്പോൾ 2 ലക്ഷം കോടി രൂപയിലധികം അധികരിച്ച് ചെലവാക്കാൻ സാധിക്കുമെന്ന് അഭിമാനത്തോടുകൂടി പറയാം. വരുമാനവും ചെലവും അങ്ങനെ വന്നുവെന്നുള്ളത് കേരളത്തെ സംബന്ധിച്ച് ചരിത്രപരമായ അടയാളമാണ്. ആ ചരിത്രനേട്ടം കൈവരിക്കാൻ നമുക്ക് സാധിക്കുമെന്ന നിലയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. മുൻ സർക്കാരിന്റെ അഞ്ച് വർഷത്തെക്കാളും ഈ പ്രതിസന്ധി കാലത്തും 40 ശതമാനം ചെലവും വരുമാനവും വർധിപ്പിക്കാൻ കഴിഞ്ഞു. എല്ലാ മേഖലയിലും ഈ ക്ഷേമത്തിന്റേതായ അംശങ്ങൾ എത്തിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി പെൻഷൻ..., നേരത്തെ ക്ഷേമ പെൻഷന്റെ കാര്യം പറഞ്ഞു. ക്ഷേമ പെൻഷൻ മൂന്ന് മാസം കൂടി കൊടുക്കാനുണ്ട്. അത് കൃത്യമായി കൊടുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ കുറെയേറെ കാര്യങ്ങൾ പറഞ്ഞല്ലോ; പണമൊന്നും ചെലവാക്കാൻ പറ്റുന്നില്ലെന്ന കാര്യവും സൂചിപ്പിച്ചു. എല്ലാത്തിനും പണം ആവശ്യത്തിന് ചെലവാക്കാൻ സാധിക്കും. ചില പ്രയോറൈറ്റേസേഷൻ

കഴിഞ്ഞ വർഷം വന്നിട്ടുണ്ട്. എങ്കിലും സംസ്ഥാന പദ്ധതിയിൽ ഈ വർഷം 73 ശതമാനം ചെലവഴിച്ചിട്ടുണ്ട്. ഈ മാർച്ച് മാസം അവസാനഘട്ടത്തിലേയ്ക്ക് പോകുമ്പോൾ ബാക്കി കൂടി വരുമ്പോൾ ഇനിയും കൂടുതൽ ചെലവാക്കാൻ സാധിക്കും. സംസ്ഥാനത്തിന്റെ പദ്ധതിയിൽ മാത്രം 21,838/- കോടി രൂപയിൽ 15,945/- കോടി രൂപ ഇതുവരെ ചെലവായി കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഇപ്പോൾ തന്നെ 94.5 ശതമാനം ട്രഷറിയിൽ ചെലവാക്കി കഴിഞ്ഞു. ട്രഷറിയിൽ നിന്നുള്ള ചെലവിനെക്കുറിച്ചാണ് പറയുന്നത്. അതിനകത്ത് ട്രഷറിയിൽ നിന്നുള്ള ചെലവുകൾ ആ ഹെഡിലേയ്ക്ക് പോകുന്ന പണമാണ്. വാർഷികപദ്ധതി മാത്രമല്ല ആ വകുപ്പിലേയ്ക്ക് പോകുന്നത്. സംസ്ഥാന പദ്ധതി ചെലവിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നമ്മൾ ഉദ്ദേശിച്ചതിന്റെയത്ര ചെലവ് വന്നിട്ടില്ല. 8,516/- കോടി രൂപയിൽ 3,317/- കോടി രൂപയാണ് ചെലവാക്കാൻ സാധിച്ചിട്ടുള്ളത്. നമ്മൾ വയ്ക്കുന്ന പണം അതനുസരിച്ച് കേന്ദ്രത്തിൽനിന്നും ലഭിക്കാത്തതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. ഇതിനായി പ്രൊജക്ഷൻ കുറച്ച് കൂട്ടി അവർ തരേണ്ടതാണെന്ന്

പ്രതീക്ഷിച്ച് വയ്ക്കും. എന്നാൽ അതിനകത്ത് വേണ്ടത്ര പണം തരാത്തതുകൊണ്ടാണ്..., കിട്ടുന്നതനുസരിച്ച് ആ പണം നമുക്ക് പൂർത്തീകരിക്കാൻ പറ്റിയിട്ടുണ്ട്. ഇവിടെ പൊതുവിൽ ഇക്കാര്യങ്ങൾ എല്ലാം സംബന്ധിച്ച് പറഞ്ഞതിനാൽ മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഒരു കാര്യം വളരെ സന്തോഷത്തോടുകൂടി.....

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്തൊട്ടാകെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ് മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് എന്നത്. പ്രത്യേകിച്ച് 50/- രൂപ, 100/- രൂപ, 200/- രൂപയുടെ മുദ്രപത്രങ്ങൾ കേരളത്തിലെവിടെയും ലഭ്യമല്ല. സാധാരണക്കാരൻ ഒരാവശ്യത്തിനുവേണ്ടി, ജനന-മരണ സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷ കൊടുക്കാൻ ഈ മുദ്രപത്രങ്ങൾക്കുവേണ്ടി കാത്ത് നിൽക്കുകയാണ്. ഒടുവിൽ 100/- രൂപയുടെയും 200/- രൂപയുടെയും പത്രം കിട്ടാതെ വരുമ്പോൾ ഗത്യന്തരമില്ലാതെ ആളുകൾ 500/- രൂപയുടെയും 1000/- രൂപയുടെയും പത്രങ്ങൾ വാങ്ങാൻ നിർബന്ധിതമാകുകയാണ്. ഇതിനുവേണ്ടി കാത്തുനിൽക്കുകയാണ്. ഇത്

സാധാരണക്കാരനുണ്ടാക്കുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. ഇക്കാര്യത്തിൽ അങ്ങ് നേരിട്ട് ഇടപെട്ട് ഇതിനൊരു പരിഹാരം കാണാൻ പരിശ്രമിക്കണം.

മി. സ്പീക്കർ: ഇതിനെക്കുറിച്ച് രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ ഇതിനുമറുപടി നൽകാം. മുദ്രപത്രത്തിന്റെ കാര്യം ട്രഷറിയുമായി ബന്ധപ്പെട്ടതാണ്. ഇപ്പോൾ ഇ-പേപ്പർ, ഇ-സ്റ്റാമ്പ് സംവിധാനം വന്നപ്പോൾ ആ മേഖലയിൽ പ്രവർത്തിക്കുന്ന വെൻഡർമാരുടെ ആവശ്യമനുസരിച്ച് 1 ലക്ഷം രൂപ വരെയുള്ള സ്റ്റാമ്പ് അവർ വഴിയാണ് കൊടുക്കുന്നത്. ബാക്കിയെല്ലാം ഓൺലൈനായിട്ടും നൽകും. ഇത്തരത്തിലുള്ള ചെറിയ ഡിനോമിനേഷന്റെ പ്രശ്നം ഇടയ്ക്ക് വന്നിരുന്നു. അതുപരിഹരിക്കുന്നതിന് ഒന്ന് രണ്ട് തവണ ചർച്ച നടത്തിയിട്ടുണ്ട്. കുറെയേറെ സ്ഥലത്ത് ഈ പ്രശ്നം പരിഹരിച്ചെന്നാണ് പറയുന്നത്. അതിന്റെ പ്രന്റിംഗും തുടങ്ങിയ കാര്യങ്ങളാണ്.... എന്തായാലും ഇവിടെ വന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ശക്തമായി ഇടപ്പെടുകയും അത് ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യാം. ഈ ബജറ്റും നമ്മുടെ

ചെലവുകളും നമ്മുടെ നാട്ടിൽ നടക്കുന്ന കാര്യങ്ങൾ കുറച്ചുകൂടി നല്ലതുപോലെ, അത് ഇടതുപക്ഷ ഗവൺമെന്റോ വലതുപക്ഷ ഗവൺമെന്റോ ആയിക്കോട്ടെ, ആരായാലും അത്രയും കാര്യങ്ങൾ കൃത്യമായി പറയണം. ഇവിടെ രാഷ്ട്രീയ കാര്യങ്ങളൊക്കെ പറഞ്ഞു. ഞങ്ങളിവിടെ സി.പി.ഐ.(എം.)-ന്റെ സംസ്ഥാന ഓഫീസ് കെട്ടുന്നതിന്റെ കാര്യമൊക്കെ പറഞ്ഞുതുടങ്ങിയിരുന്നു. സാധാരണ അത്രയും കാര്യങ്ങൾ ഈ ബജറ്റ് ചർച്ചയിൽ ഞാനും പറയാത്തതാണ്. എ.കെ.ജി. സെന്ററിൽ പുതിയ സംസ്ഥാന കമ്മിറ്റി ഓഫീസ് കെട്ടുന്നത് സംബന്ധിച്ച കാര്യങ്ങൾ പുതുതായി ക്ലബ് ചെയ്ത് പറഞ്ഞത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് എനിക്ക് മനസ്സിലായില്ല. എന്തായാലും എ.കെ.ജി. സെന്റർ മാത്രമല്ല, ഞങ്ങൾ നമ്മുടെ സംസ്ഥാന സമ്മേളനം കൊല്ലത്ത് നടത്തി. 53000 പാർട്ടി മെമ്പർമാരുടെ വീടുകളിൽ മൂന്ന് മാസം മുമ്പ് ഹുണ്ടിക നൽകി ആ ഹുണ്ടികയിലൂടെ ശേഖരിച്ച പണമാണ് ആ സമ്മേളനത്തിന്റെ പ്രധാന ചെലവുകൾ വഹിക്കാനായി ഉപയോഗിച്ചത്. ഞാൻ മുമ്പ് കൊല്ലം ജില്ലയിലെ സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറിയായിരുന്നു. ആ സമയത്ത് അവിടെയുള്ള പാർട്ടി അംഗങ്ങളായവർ കൊല്ലത്ത്

പാലിയേറ്റീവിന് വേണ്ടി 4 കോടി രൂപ മുടക്കി ഏഴര ഏക്കർ സ്ഥലം വാങ്ങിച്ചിട്ടുണ്ട്. എല്ലാ സ്ഥലത്തും ഇത്തരം മാതൃകകളുണ്ട്. ഞങ്ങളുടെ സംസ്ഥാന കമ്മിറ്റി ഓഫീസ് നിർമ്മിക്കുന്നതിനും.... ഇതിനായി പുറത്തുനിന്ന് തുക പിരിക്കുമെങ്കിലും വലിയ വ്യാപകമായ പിരിവല്ല, കാരണം കോടി കണക്കിന് രൂപ ജനങ്ങളുടെ അടുത്ത് നിന്ന് പോയി കളക്ട് ചെയ്ത് കാര്യങ്ങൾ ചെയ്യുന്നതാണ്. സംസ്ഥാന കമ്മിറ്റി ഓഫീസ് പണിയുന്നത് വിഴിഞ്ഞം തുറമുഖമായി ബന്ധപ്പെടുത്തി ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നത് കേട്ടു. നിങ്ങൾ സംസ്ഥാന കമ്മിറ്റി ഓഫീസ് കെട്ടാൻ വച്ചിരുന്ന പരിപാടി ഇങ്ങനെ ആലോചിച്ചിരുന്നതാണോ? നിങ്ങൾ അത് കെട്ടുന്ന കാര്യം, ശ്രീ. എം. വിൻസെന്റിനെ പോലൊരു എം.എൽ.എ. പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞതാണ്. അദ്ദേഹം സംസാരിച്ചത് തുടങ്ങിയത് അങ്ങനെയാണ്. ( ബഹളം......)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നിങ്ങളുടെ കൊല്ലം സമ്മേളനത്തിൽ എക്സിബിഷൻ നടത്തുന്നതിനുവേണ്ടി പി.ആർ.ഡി. വകുപ്പിൽനിന്നും 2 കോടി രൂപ കൊടുത്തതിന്റെ ഗവൺമെന്റ് ഓർഡർ എന്റെ കയ്യിലുണ്ട്. ദയവായി

അങ്ങ് പറയാതിരിക്കുന്നതാണ് നല്ലത്, ഞങ്ങളത് പറയാതിരുന്നതാണ്. പാർട്ടി സമ്മേളനത്തിന് 2 കോടി രൂപ അങ്ങയുടെ വകുപ്പിൽനിന്ന് തന്നെ ഇറക്കിയിട്ടുള്ള ഉത്തരവ്. അത് ശരിയാണോ; അതാണ് താരതമ്യം ചെയ്യാൻ കാരണം. അല്ലെങ്കിൽ ഉണ്ടായിട്ടില്ലെന്ന് ദയവായി അങ്ങേയ്ക്ക് ഇവിടെ പറയാൻ പറ്റുമോ? പറഞ്ഞാൽ ഞാൻ ഗവൺമെന്റ് ഓർഡർ തരും.

ശ്രീ. എം. വിൻസെന്റ്: സർ, പാർട്ടി ഓഫീസ് കെട്ടുന്നതിനെ ആക്ഷേപിച്ചല്ല ഞാൻ പറഞ്ഞത്. പാർട്ടി ഓഫീസ് കെട്ടിയാൽ നിങ്ങൾക്ക് വലിയ സന്തോഷമുണ്ടാകും. പക്ഷേ സംസ്ഥാനത്തെ വികസന പദ്ധതികൾ അനിശ്ചിതമായി വൈകുമ്പോൾ നിങ്ങൾ വളരെ വേഗത്തിൽ ഓഫീസ് കെട്ടി തീർക്കുകയാണ്. ഓഫീസ് വളരെ വേഗത്തിൽ കെട്ടി തീർക്കുന്ന അതേ ശുഷ്കാന്തി ഈ വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ കൂടി പ്രകടിപ്പിക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഏതായാലും ഓഫീസ് കെട്ടുന്നതിലുള്ള വിഷമമോ അസൂയയോ ഒന്നുമല്ലെന്ന് മനസ്സിലായി. കൊല്ലത്തെ സമ്മേളനത്തിന് ഹുണ്ടിക വച്ച് കളക്ട് ചെയ്യുന്നതും ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണൻ പറഞ്ഞതും തമ്മിൽ ബന്ധമില്ല. പി.ആർ.ഡി. ഓരോ ജില്ലയിലും ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി അവിടെയും പ്രചാരണം നടത്തിയിട്ടുണ്ടാവും. അതല്ലാതെ പി.ആർ.ഡി.-യുടെ പ്രചാരണമല്ലാതെ പാർട്ടി സമ്മേളനത്തിന്റെ ഭാഗമായിട്ടൊന്നും പി.ആർ.ഡി.-യുടെ പ്രവർത്തനം നമുക്കാവശ്യമില്ല. സംസ്ഥാന സർക്കാരിന്റെ വാർഷികത്തിന്റെ ഭാഗമായി എല്ലാ ജില്ലയിലും ഉണ്ടാകില്ലേ; ആ വാർഷികത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ അല്ലാതെ ഞങ്ങൾക്ക് വേറെ എന്തെങ്കിലും പറയാൻ പറ്റുമോ? ഏത് സമയത്തും പി.ആർ.ഡി. അത് ചെയ്യുന്നതാണ്. അല്ലാതെ ആളുകളുടെ വീടുകളിൽ നമ്മൾ ഹുണ്ടിക വച്ച് കളക്ട് ചെയ്ത കാര്യം മാത്രമേ പറഞ്ഞുള്ളൂ. ഞാൻ മോശപ്പെടുത്താൻവേണ്ടി വേറെ കാര്യമൊന്നും പറഞ്ഞില്ല. അദ്ദേഹം അങ്ങനെയൊരു പരാമർശം നടത്തിയതുകൊണ്ടു മാത്രം ഞാൻ പറഞ്ഞതാണ് പ്രധാന ഇഷ്യുവൊന്നും മറ്റ് കാര്യങ്ങളിലേയ്ക്ക് പോകേണ്ട എന്നുള്ളതുകൊണ്ടാണ്. പലപ്പോഴും ഇവിടെ വ്യക്തിപരമായി നേതാക്കന്മാരെയൊക്കെ അപമാനിക്കുന്ന തരത്തിലേയ്ക്ക് പോകാറുണ്ട്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സംസാരിച്ച കാര്യത്തിനൊന്നും മറുപടി

പറയുന്നില്ല. ആ സമയം ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവൊന്നും ഇല്ലായിരുന്നു. ചില കാര്യങ്ങൾ സംസാരിക്കുമ്പോൾ ചില താരതമ്യങ്ങളൊക്കെ പറഞ്ഞ് സഭയുടെ അന്തരീക്ഷത്തെ മോശമാക്കാതെയിരിക്കുന്നതാണ് നല്ലത്. അദ്ദേഹത്തിന് ഇതുപോലെ ന്യായത്തിനുവേണ്ടി പ്രസംഗിക്കാൻ യോഗ്യതയുള്ള ആളാണെന്നതുകൊണ്ട് ഞാൻ തർക്കിക്കാൻ നിൽക്കുന്നില്ല. അങ്ങനെ പറയേണ്ട കാര്യമില്ലല്ലോ, ഇവിടെ പാട്ട് പാടുന്നത് എന്താണ്... നിങ്ങളുടെ പാട്ട് എന്താണ്? സ്വയം ഇങ്ങനെ പറഞ്ഞ് മോശമാകേണ്ട കാര്യമില്ല. ഞാൻ അതിലേയ്ക്ക് പോകുന്നില്ല ഏതായാലും അങ്ങനത്തെ ചർച്ചയല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഔട്ട് സ്റ്റാൻഡിംഗ് പെർഫോമൻസാണ്, ഭയങ്കര ടേക്ക് ഓഫാണെന്ന് പറഞ്ഞു. ഇന്ന് മാർച്ച് 19-ാം തീയതിയാണ്. ഇനി മാർച്ച് 31-ാം തീയതി ആകാൻ 12 ദിവസം കൂടിയാണുള്ളത്. ഇന്നത്തെ പ്ലാൻ എക്സ്പെൻഡിച്ചർ എത്ര ശതമാനമാണ്. ഇന്ന് 54.22 ശതമാനമാണ് പ്ലാൻ എക്സ്പെൻഡിച്ചർ. പിന്നെ എന്ത് പെർഫോമൻസാണ് എന്നാണ് അങ്ങ് അവകാശപ്പെടുന്നത്? പ്ലാനിന്റെ 54 ശതമാനമാണ് ഈ സാമ്പത്തിക വർഷം

തീരാനുള്ള 11 ദിവസം മുമ്പുള്ള സ്ഥിതി... അങ്ങേയ്ക്കത് അവകാശപ്പെടാൻ കഴിയുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, പ്ലാൻ എക്സ്പെൻഡിച്ചറിൽ ട്രഷറിയിൽനിന്നുള്ള കണക്കെടുക്കുമ്പോൾ, അതിൽ ഫൈനൽ അക്കൗണ്ട് വരുമ്പോൾ ഈ വർഷാവസാനം കഴിഞ്ഞ് സെറ്റിൽ ചെയ്യാം. ട്രഷറിയിൽനിന്നുള്ള എക്സ്പെൻഡിച്ചർ പാർട്ടാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. 73.01 ശതമാനമാണ് ട്രഷറിയിൽനിന്നും ഔട്ട് ഗോയിങ്ങായുള്ള പണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എക്സ്പെൻഡിച്ചർ പരിശോധിച്ചാൽ, 94.48 ശതമാനമാണ് ട്രഷറിയിൽനിന്നുള്ള ഔട്ട്ഗോയിങ്. അതിൽ ഒരുകാര്യം പറയാം; അക്കൗണ്ട് സെറ്റിൽ ചെയ്യുമ്പോൾ അതിൽ പല അക്കൗണ്ടിങ്ങും വരും. എന്തായാലും സാധാരണഗതിയിൽ ഈ സമയത്തുതന്നെയാണ് പണം പൂളിൽ വരുന്നത്. എല്ലാ ദിവസവും പരിദേവനവും ബുദ്ധിമുട്ടും പറയേണ്ട കാര്യമില്ല. നമുക്ക് കിട്ടാനുള്ള പണത്തിന്റെ ഒരു സെറ്റ് ബോറോയിങ് ലഭിച്ചത് ഇന്നലെയാണ്. പല ബില്ലുകളും നമ്മൾ സമർപ്പിച്ചിട്ടുണ്ട്. 352 കോടി രൂപയാണ് നെല്ല്

സംഭരണത്തിനും മറ്റുമായി അനുവദിച്ചിട്ടുള്ളത്. 300 കോടി രൂപയാണ് കാരുണ്യ പദ്ധതിക്ക് മാറ്റിവച്ചിട്ടുള്ളത്. അങ്ങനെ ഓരോ വകുപ്പിനും മാറ്റിവച്ചിരിക്കുന്ന പണം ട്രഷറിയിൽനിന്ന് പോകണമെങ്കിൽ...... കണക്കുകൾ രഹസ്യമല്ലല്ലോ. ഇന്നലെയാണ് 5000 കോടി രൂപയുടെ സാങ്ഷൻ കിട്ടിയത്. ഇതുകൂടാതെ ഇനിയും ലഭിക്കാനുണ്ട്. ഇതൊന്നും പ്രത്യേക ഔദാര്യമല്ല. എഫ്.ആർ.ബി.എം (ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ്) നിയമം അനുസരിച്ച് നമുക്ക് അംഗീകരിച്ച കാര്യത്തിനുപോലും പണം ഇനിയും തുക ലഭിക്കാനുണ്ട്. അത് ലഭിക്കുമ്പോൾ ഇതിനെക്കാൾ കൂടുതൽ ചെലവഴിക്കാൻ കഴിയും. ഇപ്പോൾ യഥാർത്ഥത്തിൽ ചെലവായ കാര്യമാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്........സമയം...........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എൽ.എസ്.ജി.ഡി.-യിൽ ഏകദേശം 50131 ബില്ലുകൾ പെൻഡിങ്ങാണ്. അതിൽ മെയിന്റനൻസിന്റേതടക്കം 1012 കോടി രൂപയുടെ പെൻഡിങ്ങാണുള്ളത്. 50131 ബില്ലുകൾ പെൻഡിങ്ങാണെന്ന് മനസ്സിലായത് വെബ്സൈറ്റിൽ നിന്നാണ്. ഇനി വളരെ ചുരുങ്ങിയ

ദിവസങ്ങൾ മാത്രമാണ് ബില്ലുകൾ മാറുന്നതിന് അവശേഷിക്കുന്നത്. ഇത് വളരെ ഗുരുതരമായ വിഷയമാണ്. ഒടുവിൽ അങ്ങ് പ്രതീക്ഷിക്കുന്ന എക്സ്പെൻഡിച്ചർ എത്രയാണെന്ന് സൂചിപ്പിക്കാമോ; ആകച്ചൽ വേണ്ട?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അമ്പതിനായിരം ബിൽ എന്നുപറയുന്നത് തദ്ദേശസ്വയംഭരണ വകുപ്പിനെ സംബന്ധിച്ച് വലിയൊരു നമ്പരല്ല. നിലവിൽ ബാൻ ഒന്നുമില്ലാത്തതിനാൽ ഈ ദിവസങ്ങളിൽതന്നെ ബില്ലുകൾ മാറാൻ സാധിക്കും, ക്യാരിഓവർ ഉൾപ്പെടെ എല്ലാംകൂടി നൂറുശതമാനത്തിൽ മുകളിലെത്തും. ട്രഷറിയിൽനിന്നുമുള്ള ഔട്ട് ഗോയിങ് 94 ശതമാനമാണ്. എന്തായാലും ബാക്കി പണംകൂടി വരും. അതിനകത്ത് ഇപ്രാവശ്യം കുറവ് വരില്ല. മെയിന്റനൻസ് ഗ്രാന്റിന്റെയും.... ഇന്നലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞല്ലോ...... സാധാരണ തദ്ദേശസ്വയംഭരണ വകുപ്പിന് മാസംതോറും നൽകുന്നതിൽ ഒരു ഗഡു മാറ്റിവച്ചിട്ടാണ് ജനറൽ പർപ്പസ് ഫണ്ട് നൽകിയിരുന്നത്. അത് ഈ മാസം നൽകും. ബാക്കി പതിനൊന്ന് മാസത്തെയും ഫണ്ട് കൊടുത്തിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റും ഡെവലപ്മെന്റ്

ഫണ്ടുമൊക്കെ നൽകിക്കഴിഞ്ഞു. അതുകൊണ്ട് നൽകുന്നില്ലെന്ന് പറയുന്നതിൽ ബുദ്ധിമുട്ടില്ല. കാരണം ഇത് കണക്കിലുള്ളതാണ്. ട്രഷറിയിൽനിന്നും നിലവിൽ പോയിട്ടുള്ള ഔട്ട് ഫ്ലോയാണ് ഞാൻ പറഞ്ഞ 94 ശതമാനം. സാധാരണ ഈ ദിവസങ്ങളിലാണ് ഏറ്റവും കൂടുതൽ പണം വരുന്നത്. ഇപ്പോൾ പെൻഡിങ്ങിലുള്ള ബില്ലുകളെല്ലാം കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഓരോ ബില്ലിന്റെയും സ്ഥിതി അറിഞ്ഞുകൂടാ. അതിനകത്ത് ഒരു കുറവും വരില്ല. ഒരുകാര്യം കൂടി ഞാൻ പറയാം;.....ഇവിടെ പല സമരങ്ങളുടെയും കാര്യം..... യു.ഡി.എഫ്, കോൺഗ്രസ്സ് ഉൾപ്പെടെയുള്ള നേതാക്കൻമാർ ശ്രദ്ധിക്കേണ്ട കാര്യമാണിത്. ബി.ജെ.പി.-യുടെ നേതാവ് ഇവിടെവന്ന് സമരത്തിൽ പങ്കെടുത്തവർക്ക് കുടയും കുപ്പായവും വാങ്ങിക്കൊടുത്തിട്ട് അവിടെപ്പോയി സംസാരിക്കുന്നു.... തിരിച്ചുവരുന്നു...അതിനുശേഷം അദ്ദേഹംതന്നെ ഇക്കാര്യം ഏർപ്പാട് ചെയ്യുന്നു...നമ്മൾ ഇതിനെ രാഷ്ട്രീയമായി കാണണ്ട; ബി.ജെ.പി. നേതൃത്വം.... രണ്ടുദിവസത്തേയ്ക്ക് സമരം......രണ്ടുദിവസത്തേയ്ക്ക് അവർകൂടി സമരം പ്രഖ്യാപിക്കുന്നു. കേന്ദ്രത്തിൽനിന്നും ചെയ്യേണ്ട കാര്യമാണിത്. ഞാനും

കർണ്ണാടകയിലെയും തെലങ്കാനയുടെയും ഹിമാചൽപ്രദേശത്തിന്റെയും പഞ്ചാബിന്റെയും ബംഗാളിന്റെയും ഉൾപ്പെടെയുള്ള ധനകാര്യ മന്ത്രിമാർ ജി.എസ്.ടി കൗൺസിലിൽ ഈ പറഞ്ഞ സ്കീം വർക്കേഴ്സിന്റെ വേതനം പന്ത്രണ്ട് വർഷമായി വർധിപ്പിക്കുന്നില്ലെന്നകാര്യം പറയാറുണ്ട്. ഇക്കാര്യത്തിൽ ഞങ്ങൾക്കൊരു തർക്കവുമില്ല. അങ്ങനെ നൽകാതിരിക്കുന്ന കേന്ദ്ര ഗവൺമെന്റ്, .... അവിടത്തെ കേന്ദ്ര ഗവൺമെന്റിന്റെ മന്ത്രി വളരെ സന്തോഷത്തോടുകൂടി സമരത്തിൽ പങ്കെടുക്കുകയും ശേഷം ആ സമരത്തെ വീണ്ടും പ്രോത്സാഹിപ്പിക്കുകയും,.... തിരിച്ചുവന്നിട്ട് വീണ്ടും സംസാരിക്കുക...... കേന്ദ്രമാണ് ഇത് നൽകാത്തത്. എന്നിട്ടും അവർ വീണ്ടും സമരവുംകൂടി നടത്തുകയാണ്. ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾ...... ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സും ഇക്കാര്യത്തിൽ ഒരുപോലെ ഫൈറ്റ് ചെയ്യുന്നതുകൊണ്ടാണ് ഞാൻ പറയുന്നത്..... ഏറ്റവും സാധാരണക്കാരായ ആളുകൾക്ക് ആയിരം രൂപ മാത്രം നൽകുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്...... ഇന്ന് ആർ.ജെ.ഡി.-യുടെ ഭരണകക്ഷി എം.പി. പറഞ്ഞത് ബീഹാറിൽ രണ്ടായിരം രൂപയ്ക്കുതാഴെയാണ് നൽകുന്നതെന്നും കേരളത്തിൽ

ഏഴായിരവും ഇൻസെന്റീവുമുൾപ്പെടെ പതിമൂന്നായിരം നൽകുന്നുവെന്നും പറഞ്ഞു. ഇത് തിരഞ്ഞെടുപ്പ് വർഷമായതിനാൽ ബി.ജെ.പി ഉൾപ്പെടെയുള്ളവർക്ക് ഇതിൽ രാഷ്ട്രീയ താല്പര്യമുണ്ട്. അത് ദയവുചെയ്ത് യു.ഡി.എഫ് മനസ്സിലാക്കണം. ഞങ്ങൾക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ; സമരം ചെയ്യുന്ന സാധാരണക്കാരായ ആശാപ്രവർത്തകരായ സഹോദരിമാരുടെയും മറ്റുള്ളവരുടെയും കാര്യത്തിൽ ഞങ്ങൾക്ക് കൺസേണുണ്ട്. അങ്കണവാടികളുടെ കാര്യത്തിലായാലും കഴിഞ്ഞ ദിവസം നേതാക്കൻമാർ വന്നിട്ടുണ്ടായിരുന്നു. അവരുടെ ക്ഷേമനിധിയിൽ പണമില്ല. പണ്ടേയുള്ള ക്ഷേമനിധിയാണ്. ക്ഷേമനിധിയിൽ വേണ്ടത്ര പണമില്ലാത്തതിനാൽ ഗ്രാന്റായാണ് ഇത് നൽകുന്നത്. പ്രസ്തുത ക്ഷേമനിധിക്ക് പത്തുകോടി രൂപയാണ് കഴിഞ്ഞ ദിവസം പെൻഷൻ നൽകുന്നതിനായി അനുവദിച്ചത്. പാവപ്പെട്ട ആളുകൾക്ക് ഒരു കാര്യവും സംസ്ഥാനങ്ങളിലും കൊടുക്കാതെ; എല്ലാ സ്ഥലത്തും ആളുകളെ പിരിച്ചുവിടുകയും കോൺട്രാക്റ്റാക്കുകയും ചെയ്യുന്ന ബി.ജെ.പി.-യുടെ രാഷ്ട്രീയം തിരിച്ചറിയാൻ നമുക്ക് കഴിയണം. ഇത്തരം ഒരു സാഹചര്യത്തിനകത്തേയ്ക്ക് വീഴാൻ

യു.ഡി.എഫും കോൺഗ്രസ്സും പോകരുത്. പക്ഷേ സാധാരണക്കാരായ ആ സഹോദരിമാരുടെ കാര്യത്തിൽ നമുക്ക് എല്ലാവിധ സപ്പോർട്ടുമുണ്ട്. അവരുടെ കൂടെ നമ്മളുമുണ്ടെന്നുള്ള കാര്യംകൂടി പറയാൻ ഞാൻ ഈ വേദി ഉപയോഗിക്കുകയാണ്. നേരത്തെ ചർച്ചയിൽ ഇക്കാര്യം പറഞ്ഞതുകൊണ്ടും ബി.ജെ.പി അടുത്തദിവസം സമരം പ്രഖ്യാപിച്ചിട്ടുള്ളതുകൊണ്ടുമാണ് ഞാനിത് പറയുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എം. എസ് അരുൺ കുമാർ, 2025-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2025-ലെ കേരള ധനകാര്യ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2025-ലെ കേരള ധനകാര്യ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

മി. സ്പീക്കർ: ഇനി മൂന്ന് നിയമങ്ങൾകൂടി പരിഗണിക്കേണ്ടതുള്ളതിനാൽ ബഹുമാനപ്പെട്ട മന്ത്രിമാരും ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങളും സമയകൃത്യത പാലിക്കണമെന്നാണ് ചെയർ ആവശ്യപ്പെടുന്നു.

ii) 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2024-ലെ സ്പോർട്ട്സ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി  സംസാരിക്കുന്നുണ്ടോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കേരളത്തിന്റെ പുതിയ കായിക നയം വളരെ സവിശേഷമായ ഒരു നിർദേശമാണ് മുന്നോട്ടുവയ്ക്കുന്നത്. കായിക ശാരീരികക്ഷമതാ പ്രവർത്തനങ്ങൾ ഓരോ പൗരന്റെയും അവകാശമാക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നിർദേശം. അതുകൊണ്ടുതന്നെ ഓരോ വ്യക്തിക്കും കായിക സൗകര്യങ്ങൾ ഉറപ്പാക്കാനുള്ള നയത്തിൽ മാർഗ്ഗങ്ങൾ അവതരിപ്പിക്കുന്നുണ്ട്. എല്ലാവർക്കും സ്പോർട്സ്, കായിക രംഗത്തെ മികവ് എന്നീ  അടിസ്ഥാന നിലപാടുകളിലാണ് നയം വികസിപ്പിച്ചിട്ടുള്ളത്. എന്നാൽ നയത്തിന്റെ മൊത്തത്തിലുള്ള മാനുഷിക അംശങ്ങളെ മുന്നിൽനിർത്തുകയും സമഗ്രമായ കായിക ഇടപെടലുകളിലൂടെ സമൂഹത്തിൽ അതിന്റെ ഗുണഫലങ്ങൾ എത്തിക്കുകയെന്നതാണ് ആത്യന്തികമായ ലക്ഷ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കാരിന്റെ നവകേരള സങ്കൽപ്പത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന കാഴ്ചപ്പാടാണ് ഇതിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. കായിക പ്രതിഭകളെ കണ്ടെത്തുക, ആരോഗ്യമുള്ള സമൂഹം

സൃഷ്ടിക്കുക, സംസ്ഥാന ജി.ഡി.പി.-ലേയ്ക്ക് നല്ലൊരു വിഹിതം സംഭാവന ചെയ്യുക, കൂടുതൽപേർക്ക് തൊഴിൽ ലഭ്യമാക്കുക, കുട്ടികളുടെയും യുവജനങ്ങളെയും തെറ്റുകളിലേയ്ക്ക് പോകുന്നത് തടയുക എന്നിങ്ങനെ സ്പോർട്സിന്റെ കൃത്യമായ പ്രയോഗത്തിലൂടെ ഉന്നത നിലവാരമുള്ള കേരള സൃഷ്ടിയിൽ സുപ്രധാന പങ്ക് വഹിക്കാൻ ഒരുങ്ങുകയാണ് കായിക മേഖല. പുതിയ ലോകത്തെ സ്പോർട്സിന്റെ പ്രാധാന്യം വളരെ നേരത്തെ ഈ ഗവൺമെന്റ് മനസ്സിലാക്കുകയും അതിനനുസൃതമായ പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. ഇതേ കാഴ്ചപ്പാടോടുകൂടിയാണ് ദീർഘവീക്ഷണമുള്ള കായിക നയം രൂപീകരിച്ചത്. സ്പോർട്സ് എന്ന വാക്കിന്റെ നിർവചനത്തിന് അടിമുടി മാറ്റം വന്നു. ആ മാറ്റം പൂർണ്ണമായും ഉൾക്കൊള്ളുന്നതാണ് പുതിയ കായിക നയം. സ്പോർട്ട്സ് എന്ന വാക്കിന്റെ നിർവചനത്തിന് അടിമുടി മാറ്റം വന്നിരിക്കുകയാണ്. ആ മാറ്റം പൂർണ്ണമായും ഉൾക്കൊള്ളുന്നതാണ് പുതിയ കായിക നയം. ഈ നയത്തിന്റെ ബഹുമുഖമായ നിർദേശങ്ങൾ പ്രാവർത്തികമാക്കാൻ അതിവേഗം നടപടികൾ സ്വീകരിച്ചുവരികയാണ്. കായിക നയം ഫലപ്രദമായി നടപ്പാക്കാൻ നിലവിലെ സ്പോർട്ട്സ് ആക്റ്റിൽ

കാര്യമായ ഭേദഗതികൾ ആവശ്യമാണ്. നിലവിലെ ആക്റ്റിൽ വിപുലമായ കൂട്ടിച്ചേർക്കലാണ് പ്രധാനമായി വേണ്ടത്. ആ ദൗത്യമാണ് നിർവഹിക്കുന്നത്. 2018-ൽ സ്പോർട്ട്സ് ആക്റ്റ് ഭേദഗതി ചെയ്തിരുന്നു. അന്ന് സ്പോർട്ട്സ് കൗൺസിലിന്റെ ഘടനയിലായിരുന്നു പ്രധാനമായ മാറ്റങ്ങൾ വരുത്തിയത്. എന്നാൽ കായിക രംഗത്ത് നവീനമായ ആശയങ്ങൾ നടപ്പാക്കാനും കായിക പ്രചാരണം ശക്തമാക്കാനും ലക്ഷ്യമിട്ടുള്ളതാണ് പുതിയ ഭേദഗതി. കേരള സ്പോർട്ട്സ് ആക്റ്റ് (ഭേദഗതി) 2024-ന്റെ ലക്ഷ്യവും കൃത്യതയും വ്യക്തമാണ്. കായികരംഗത്തെ സ്വയംപര്യാപ്തമാക്കുന്ന നവീന ആശയങ്ങൾ നടപ്പാക്കുക, കായിക സമ്പദ്ഘടനയുടെ വളർച്ച പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസതല കായിക വികസനത്തിന് പ്രാധാന്യം നൽകുക, എലൈറ്റ് സ്പോർട്ട്സ് പരിശീലനം ഗൗരവമായി പരിഗണിക്കുക, കായികരംഗത്തെ വികേന്ദ്രീകൃത സമീപനം ശക്തമാക്കുക, കായിക ഭരണത്തിൽ ഏകോപനം കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഭേദഗതിക്ക് രൂപം നൽകിയിട്ടുള്ളത്. ഈ പ്രവർത്തനത്തിലൂടെ എല്ലാവരെയും സ്പോർട്ട്സുമായി ബന്ധപ്പെടുത്തണമെന്നതാണ് ഉദ്ദേശിക്കുന്നത്. കേരള കായിക രംഗത്ത് വലിയ

സ്വാധീനമുള്ള സ്പോർട്ട്സ് കൗൺസിലിന് കൂടുതൽ അധികാരങ്ങളും അവകാശങ്ങളും അനുവദിക്കാൻ സാധിക്കുന്ന ഭേദഗതികൾ എന്ന നിലയിലും ഈ ബില്ലിന് പ്രാധാന്യമുണ്ട്. പുതിയകാല മാറ്റങ്ങൾ ഉൾക്കൊള്ളാനാണ് ഈ ഭേദഗതിയെന്നത് കേരള സ്പോർട്ട്സ് ആക്റ്റ് ഭേദഗതി ബില്ലിന്റെ തുടക്കത്തിൽത്തന്നെ വ്യക്തമാണ്. കേരളത്തിലെ സ്പോട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കാനും കായികക്ഷമത വർധിപ്പിക്കാനും സംസ്ഥാന/ജില്ലാ/പ്രാദേശിക തലത്തിൽ സ്പോർട്ട്സ് കൗൺസിൽ രൂപീകരിക്കാനും വ്യവസ്ഥ ചെയ്യുന്ന "കേരള സ്പോർട്ട്സ് ആക്റ്റ്, 2000" എന്നത് ആക്റ്റിന്റെ തുടക്കത്തിൽത്തന്നെ പറയുന്നുണ്ട്. ഇവിടെ "സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "സ്പോർട്ട്സ്, ഗെയിംസ്, ഇ-സ്പോർട്ട്സ്, കായിക സമ്പദ്ഘടന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും" എന്നാക്കാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. കായികപരിശീലന രംഗത്ത് ഫലപ്രദമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. അതുസംബന്ധിച്ച ഭേദഗതികളും കണക്കിലെടുത്തിട്ടുണ്ട്. അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന താരങ്ങൾക്ക് പരിശീലനത്തിന് ദേശീയ

അക്കാദമികളുടെ ശൃംഖല സ്ഥാപിക്കുക, തിരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുക, തിരഞ്ഞെടുക്കപ്പെട്ട സ്പോർട്ട്സ് താരങ്ങളെ തുടർച്ചയായി വിലയിരുത്തുന്നതിനായി 'സ്പോർട്ട് ടാലന്റ് കണ്ടിന്യൂയസ് ഇവാല്യുവേഷൻ' നടത്തുക, പരിശീലകരുടെ പ്രകടനം വിലയിരുത്താൻ സംവിധാനം ഏർപ്പെടുത്തുക, മെഡൽ സാധ്യത അനുസരിച്ച് കായിക ഇനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുക, എല്ലാവർക്കും സ്പോർട്ട്സ് എന്നത് വാക്കുകളിൽ ഒതുങ്ങാതിരിക്കാൻ ശക്തമായ പ്രചാരണവും പ്രോത്സാഹന നടപടികളും ആവശ്യമാണ്. ഈ ദിശയിലേയ്ക്കുള്ള ഭേദഗതികൾക്കാണ് പ്രാധാന്യം നൽകിയിട്ടുണ്ട്. ശാരീരികക്ഷമത പ്രചാരണ പരിപാടികൾ നടത്തുക, community physical tracking സംവിധാനം വികസിപ്പിക്കുക, തൊഴിലാളികൾ, കർഷകർ, പോലീസ് തുടങ്ങിയ വിഭാഗങ്ങൾക്കുള്ള കായിക മത്സരങ്ങൾ നടത്തുക, വനിതകൾക്കും പാരാകായിക താരങ്ങൾക്കുമായി പ്രത്യേക കളിസ്ഥലങ്ങൾ തയ്യാറാക്കുക, വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് ട്രാക്കിങ്, പാരാഗ്ലൈഡിങ്, കയാക്കിങ്, സ്കൂബ ഡൈവിങ് തുടങ്ങിയവ സംഘടിപ്പിക്കുക എന്നീ നിർദേശങ്ങൾ കൂടുതൽ പേരെ കളിക്കളത്തിലേക്കും

ഫിസിക്കൽ ആക്ടിവിറ്റിയിലേക്കും കൊണ്ടുവരാൻ സാധിക്കും. കായിക മേഖലയെ സ്വയംപര്യാപ്തമാക്കേണ്ടത് അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടമാണിത്. കായിക മേഖലയെ സ്വന്തം കാലിൽ നിൽക്കാൻ പര്യാപ്തമാക്കുന്ന ഭേദഗതികൾ ബില്ലിൽ അടങ്ങുന്നുണ്ട്. ക്രിയാത്മകമായ കായിക സമ്പദ്ഘടനയ്ക്ക് അടിത്തറപാകുക എന്ന ലക്ഷ്യത്തോടെ കായിക അടിസ്ഥാനസൗകര്യങ്ങളുടെ വികസനം, കായിക ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളിത്ത സ്വഭാവം കൊണ്ടുവരും. കായിക അടിസ്ഥാനസൗകര്യങ്ങൾ, കായിക മേളകൾ, അക്കാദമികൾ എന്നിവയിലെല്ലാം സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം ഭേദഗതി തയ്യാറാക്കിയിട്ടുണ്ട്. സ്പോർട്ട്സ് നിക്ഷേപ സംഗമങ്ങൾ നടത്തുക, ലോക പ്രശസ്തമായ അക്കാദമികളിൽ നിക്ഷേപം ശേഖരിച്ച് എലൈറ്റ് അക്കാദമികൾ രൂപീകരിക്കുക, സ്പോർട്ട്സ് സ്റ്റാർട്ടപ്പുകൾക്ക് ഗ്രാന്റുകളോ ഫണ്ടുകളോ വഴി സഹായം നൽകുക, സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടുകൂടി ഒരു സ്പോർട്ട്സ് ഇന്നവേഷൻ സോൺ സ്ഥാപിക്കുക, കായിക സാമ്പത്തിക സ്പോർട്ട്സ് സർവെ നടത്തുക തുടങ്ങിയ

ഭേദഗതികൾ സ്പോർട്ട്സ് ഇക്കോണമിയുടെ വളർച്ച ലക്ഷ്യംവച്ചാണ് നടത്തിയിട്ടുള്ളത്. സ്പോർട്ട്സ് എഞ്ചിനീയറിങ് നമ്മുടെ രാജ്യത്തെ പ്രൊഫഷണലായിട്ടില്ല. സ്പോർട്ട്സ് എഞ്ചിനീയറിങ് വൈദഗ്ധ്യം പ്രയോജനപ്പെടുത്താൻ കായിക വകുപ്പിനുകീഴിൽ സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ എന്ന സ്ഥാപനം നിലവിലുണ്ട്. കായിക നിർമ്മിതികളുടെ കൃത്യമായ ചട്ടക്കൂടുണ്ടാക്കുന്നതിന് എസ്.കെ.എഫ്.-ന് കൂടുതൽ ചുമതലകളും അധികാരങ്ങളും നൽകേണ്ടത് ആവശ്യമാണ്. ഇത് കണക്കിലെടുത്താണ് ഈ ഭേദഗതി ബില്ലിൽ പ്രധാനമായ ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്റ്റേഡിയം, കളിസ്ഥലം, നീന്തൽക്കുളം, സ്പോർട്ട്സ് ഹോസ്റ്റലുകൾ എന്നീ കായിക സംവിധാനങ്ങളുടെ നിർമ്മാണം, നവീകരണം, പരിപാലനം എന്നിവ സ്വകാര്യ പങ്കാളിത്തത്തോടെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) മുഖേന നടത്തുക. 'എസ്.പി.വി' . എന്നാൽ കമ്പനി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത എസ്.കെ.എഫ്. എന്ന് അർത്ഥമാക്കുന്നു.

സ്കൂൾ, കോളേജ് രംഗത്തെ സ്പോർട്ട്സ് - പുതിയ ലോകത്തെ എല്ലാ കുട്ടികളെയും കളിക്കളങ്ങളിലേയ്ക്ക് എത്തിക്കുകയെന്നതാണ് പ്രധാനമായ

കാര്യം. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ രംഗത്ത് സ്പോർട്ട്സിന് കൂടുതൽ പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾക്ക് സഹായിക്കുന്ന ഭേദഗതികൾ കൊണ്ടുവരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്പോർട്ട്സ് കേരള സ്കൂൾ ഗെയിംസ്, സ്പോർട്ട്സ് കേരള സർവകലാശാല ഗെയിംസ് എന്നിവ സംഘടിപ്പിക്കുക. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ സ്ഥാപനങ്ങളിലെ കായിക അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക, സ്പോർട്ട്സ് സ്കൂൾ, സ്പോർട്ട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ കായികാധിഷ്ഠിത പാഠ്യപദ്ധതി തയ്യാറാക്കൽ, അതിൽ അഭിപ്രായങ്ങളും നിർദേശങ്ങളും നൽകുക, വിദ്യാഭ്യാസ രംഗത്ത് സ്പോർട്ട്സ് പാഠ്യപദ്ധതി തയ്യാറാക്കൽ, അതിനാവശ്യമായ അഭിപ്രായങ്ങളും നിർദേശങ്ങളും നൽകുക തുടങ്ങിയ ഭേദഗതികൾ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് സ്പോർട്ട്സിന്റെ സ്വാധീനം വർധിപ്പിക്കാൻ സഹായിക്കുന്നതാണ്. സ്പോർട്ട്സിൽ സമൂഹത്തിലെ എല്ലാ വ്യക്തികളുടെയും ക്ഷേമത്തിനും നാടിന്റെ പുരോഗതിക്കും ആവശ്യമായ സംഭാവനകൾ നൽകുന്നതലത്തിലേക്ക് കായിക മേഖലയെ ഉയർത്തുന്നുവെന്ന് തുടക്കത്തിൽത്തന്നെ വ്യക്തമാക്കിയതാണ്. ഈ ലക്ഷ്യത്തോടൊപ്പംതന്നെ

സാമൂഹ്യ പ്രതിബദ്ധതയുള്ള ചില പ്രവർത്തനങ്ങൾക്കുവേണ്ടിയും ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. സ്പോർട്ട്സ് അരീനകൾ, സ്പോർട്ട്സ് ടർഫുകൾ, വെൽനസ് സെന്ററുകൾ എന്നിവയ്ക്ക് പ്രവർത്തന മാനദണ്ഡങ്ങൾ നിശ്ചയിക്കുക, സ്പോർട്ട്സ് താരങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യാൻ പരാതിപരിഹാര സംവിധാനം, ഗ്രീൻ സ്പോർട്ട്സ് ഇനമായ ഗോൾഫ് പോലെയുള്ള കളികൾ പ്രോത്സാഹിപ്പിക്കുക; ഇത്തരം നടപടികൾക്ക് നിയമ പരിരക്ഷ ആവശ്യമാണ്.

കായിക ശാസ്ത്രസാങ്കേതിക വിദ്യകൾ - കായിക രംഗത്ത് നവീനമായ ശാസ്ത്രസാങ്കേതിക വിദ്യകൾ അനായാസം ലഭ്യമാകാനാവശ്യമായ നിയമങ്ങൾ വേണ്ടതുണ്ട്. അന്താരാഷ്ട്ര സഹകരണത്തിൽ ഉൾപ്പെടുന്ന/സഹായിക്കുന്ന ഈ വിഷയം നല്ലരീതിയിൽ ബില്ലിൽ കണക്കിലെടുത്തിട്ടുണ്ട്. സ്പോർട്ട്സ് മെഡിസിൻ, സ്പോർട്ട്സ് എഞ്ചിനീയറിങ് മേഖലകളെ പ്രോത്സാഹിപ്പിക്കുക, അന്താരാഷ്ട്ര പരിശീലകർ, കായിക വിദഗ്ധർ എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കുക, കായിക താരങ്ങൾക്കാവശ്യമായ നിർദേശം നൽകുന്നതിന് കായിക ഗവേഷകരും അനലിസ്റ്റുകളും ന്യൂട്രീഷൻ സ്പെഷ്യലിസ്റ്റുകളും അടങ്ങുന്ന ടീം രൂപീകരിക്കുക, കായിക താരങ്ങളുടെ മികച്ച അഭിരുചി വിലയിരുത്താൻ

സ്പോർട്ട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ സംവിധാനം ഏർപ്പെടുത്തുക. ഈ ഭേദഗതിക്കൊപ്പംതന്നെ പ്രാധാന്യമുള്ള ഘടകമായ സ്പോർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക എന്നതും പുതിയ കാലത്തെ സ്പോർട്ട്സിന്റെ സാധ്യത പ്രയോജനപ്പെടുത്താൻ സഹായിക്കും. സ്പോർട്ട്സ് കൗൺസിലിന്റെയും സ്പോർട്ട്സ് ഡയറക്ടറേറ്റിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് പ്രധാനമായ ലക്ഷ്യം. എൽ.ഡി.എഫ്. സർക്കാരിന്റെ വാഗ്ദാനങ്ങളിൽ ഒന്നാണിത്. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിയും കായിക യുവജനകാര്യ ഡയറക്ടറും ഒരാളായിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. പ്രവർത്തനങ്ങളുടെ ഏകോപനത്തിന് ഈ മാറ്റം സഹായിക്കും. സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്പോർട്ട്സ് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾക്ക് ഓരോ കായിക ഇനത്തിനും ചുമതല നൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ട്. സമഗ്രമായ കായിക നയം കേരളത്തിലെ കായിക രംഗത്തിന് ഉയർച്ചയുണ്ടാക്കുന്നതിനും

അതോടൊപ്പംതന്നെ എല്ലാവർക്കും കായിക മേഖലയിൽ പ്രവർത്തിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്ന രീതിയിലേയ്ക്ക് ഈ നയം മാറുമെന്ന പ്രതീക്ഷയോടുകൂടി ഈ ഭേദഗതി സഭയുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. പി. മോഹനൻ: സർ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-03-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

'എല്ലാവർക്കും സ്പോർട്ട്സ്' എന്ന മഹത്തായ ആശയം കേരളത്തിലെ യുവാക്കൾക്കും കായിക പ്രേമികൾക്കുമെല്ലാം ആവേശം നൽകുന്നതാണ്. സംസ്ഥാനത്തെ കായികമേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്ട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച 'വിഷൻ 2033' -ൽ നിർവചിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനും സാധിക്കുന്ന രീതിയിൽ ഒരു കായിക നയത്തിന് 6/2023 പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചത് കായിക മേഖലയ്ക്ക് കൂടുതൽ ഉത്തേജനം നൽകുമെന്ന

കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒളിമ്പിക്സ് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്രതലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതി മുക്തവും സുശക്തവുമായ കായിക മേഖല സൃഷ്ടിക്കുക, ശക്തമായ കായിക വിനോദ വ്യവസായം രൂപപ്പെടുത്തുക, കായിക സാക്ഷരതാ നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ ലക്ഷ്യങ്ങളാണെന്ന് കാണുന്നത് അഭിനന്ദനാർഹമാണ്. പൊതുജനങ്ങൾക്കിടയിൽ ശക്തമായ കായിക വ്യായാമ സാക്ഷരതാ നിലവാരവും സജീവമായ കമ്മ്യൂണിറ്റി സ്പോർട്ട്സ് അടിത്തറയുമുള്ള ഊർജസ്വലമായ കായിക സംസ്കാരം രൂപപ്പെടുത്തി എല്ലാവർക്കും സ്പോർട്ട്സ് എന്ന ലക്ഷ്യത്തിലെത്തിക്കുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനുമുതകുന്ന തരത്തിലാണ് കായികനയം രൂപപ്പെടുത്തിയിട്ടുള്ളത്. കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് പുതിയ സ്പോർട്ട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും

കൂടുതൽ കായിക അക്കാദമികൾ, മികവിന്റെ കേന്ദ്രങ്ങൾ, ഹൈ പെർഫോമൻസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹികസേവനവും കായിക പ്രതിഭകളും, അടിസ്ഥാനസൗകര്യങ്ങൾ, ശാസ്ത്രീയ പിന്തുണ, വിദ്യാഭ്യാസം, മികച്ച ഭരണവും തന്ത്രപരമായ ആസൂത്രണവും തുടങ്ങിയ അഞ്ച് ആധാര ശിലകൾ അടിസ്ഥാനമാക്കിയുള്ള കായിക സംസ്കാരത്തിന്റെ അടിത്തറ രൂപപ്പെടുത്തുന്ന കാഴ്ചപ്പാടുകളും നയം മുന്നോട്ട് വയ്ക്കുന്നുണ്ട്. നാമിന്ന് ധാരാളം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനെ അതിജീവിക്കാനുള്ള ശ്രമങ്ങൾ സർക്കാർ സംഘടിപ്പിച്ച് വരികയാണ്. ഇന്ന് സമൂഹത്തിൽ തിന്മയുടെ അച്ചുതണ്ടായി ലഹരി മാറിയിരിക്കുകയാണ്. ഓരോ ദിവസവും നമ്മളെ ഞെട്ടിപ്പിക്കുകയും അതിലേറെ വേദനിപ്പിക്കുകയും ചെയ്യുന്ന സംഭവവികാസങ്ങളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഞാൻ വിഷയത്തിലേക്ക് കടക്കാം. കേരളത്തിൽ ലഹരിക്കെതിരെ ഏറ്റവും ശക്തമായി ക്യാമ്പയിൻ നടത്താൻ സാധിക്കുന്നത് കായികവുമായി ബന്ധപ്പെട്ടാണ്. ഏതുകാലഘട്ടത്തിലും നമ്മുടെ യുവാക്കളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത്

കായിക മേഖലയായിരുന്നു. ലയണൽ മെസ്സി അടക്കമുള്ള ലോകോത്തര താരങ്ങൾ കേരളത്തിൽ കളിക്കാൻ താൽപര്യം കാണിക്കുന്നതിന്റെ പ്രധാന കാരണവും കേരളത്തിലെ യുവജനങ്ങൾക്ക് കളിയോടുള്ള അമിതമായ ആസക്തിയാണ്. ഒട്ടനവധി ലോകോത്തര കായികതാരങ്ങളെ കേരളത്തിൽനിന്നും സംഭാവന ചെയ്യാൻ സാധിക്കുന്നുണ്ട്. ഗ്രാമ-ഗ്രാമാന്തരങ്ങൾ ഫുട്ബോളിന്റെയും ക്രിക്കറ്റിന്റെയും വോളിബോളിന്റെയുമൊക്കെ തരംഗം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ആക്കം കൂട്ടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കായിക വകുപ്പും ഈ സർക്കാരും നടപ്പാക്കിവരുന്നുണ്ട്. ലഹരിക്കെതിരെ 'കളിയാണ് ലഹരി' എന്ന പുതിയ ആപ്തവാക്യത്തിലൂടെ നമ്മൾ സഞ്ചരിക്കണം.

കളി പോലെ വളരെ പ്രധാനപ്പെട്ട ആയോധന കലയാണ് കളരിപ്പയറ്റ്. പലരുടേയും ധാരണ 'കളരിപ്പയറ്റ്' എന്നാൽ മറ്റുള്ളവരെ അക്രമിക്കാനോ അവർക്കെതിരെ പൊരുതാനോ ഉള്ള പരിശീലനമാണെന്നാണ്. ദീർഘകാലം കളരിപ്പയറ്റ് പരിശീലിച്ച ഒരാളെന്ന നിലയിൽ എനിക്ക് അറിയാവുന്ന ഒരു കാര്യം, കളരിപ്പയറ്റ് പഠിക്കുന്ന ആദ്യവർഷങ്ങളിൽ നാലുപേരെ നേരിടാൻ

കഴിയുമെന്നും മൂന്നുനാല് വർഷം കഴിയുമ്പോൾ രണ്ടുപേരെ പ്രതിരോധിക്കാൻ കഴിയുമെന്നും നമുക്ക് തോന്നും. എന്നാൽ കളരി അഭ്യസിച്ച് വർഷങ്ങൾ കഴിയുമ്പോൾ ഒരാളുടെയും ശരീരത്തിൽ കൈവയ്ക്കാൻപോലും നമ്മുടെ മനസ്സ് അനുവദിക്കില്ല കാരണം, ശരീരത്തിന്റെ ഓരോ മർമ്മങ്ങളും തിരിച്ചറിയുന്നതോടെ നാം ആരെയും ഉപദ്രവിക്കില്ല. ആത്മനിയന്ത്രണത്തിന്റെയും ശാരീരിക മെയ്‌വഴക്കത്തിന്റെയും ഒരു മേഖലയാണ് കളരിപ്പയറ്റ് എന്ന ആയോധനകല. ഈ ആയോധനകലപോലെ മനസ്സിനെ ഇത്രമാത്രം തന്നടക്കമുണ്ടാക്കുന്ന, ശരീരത്തെ ഇത്രയുമധികം പ്രതിരോധിക്കുന്ന മറ്റൊരു ആയോധനവിദ്യയില്ല. അതുകൊണ്ട് സാർവത്രികമായ രീതിയിൽ കളരിപ്പയറ്റ് വ്യാപിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ദേശീയ ഗെയിംസിൽ കളരിപ്പയറ്റ് മത്സര ഇനമാക്കാനാവില്ലെന്ന് കേരളത്തിൽനിന്ന്, മലബാറിന്റെയും വടകരയുടെയും ഉണ്ണിയാർച്ചയുടെയും തച്ചോളി ഒതേനന്റെയും നാട്ടിൽ നിന്നുംപോയ ശ്രീമതി പി. ടി. ഉഷ പറഞ്ഞത് വളരെ ഖേദകരമാണ്. നിർബന്ധമായും ആയോധനകലയായ കളരിപ്പയറ്റ് മത്സരങ്ങളിൽ ഉൾപ്പെടുത്താൻ സാധിക്കണം.

വടക്കെ ഇന്ത്യയിലെ ഫരീദാബാദിലെ ഹർഷിന യാദവാണ് കളരിപ്പയറ്റ് മത്സരയിനങ്ങളിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞത്. എന്നാൽ കേരളത്തിൽനിന്ന് പോയ ഒളിമ്പിക്സ് അസോസിയേഷന്റെ പ്രസിഡന്റായ ശ്രീമതി പി. ടി. ഉഷ അത് വേണ്ടെന്ന് പറയുകയാണ്. കഴിഞ്ഞ തവണ ഗോവയിൽ നടന്ന ദേശീയ ഗെയിംസിൽ കളരിപ്പയറ്റ് മത്സര ഇനമായിരുന്നു. കേരളത്തിന് കളരിപ്പയറ്റിൽ 19 മെഡൽ ലഭിച്ചിട്ടുണ്ട്. കുത്തുപറമ്പിൽ ഒരുകൂട്ടം സ്പോർട്ട്സ് പ്രേമികൾ, മുൻ കായികാധ്യാപകന്മാർ, പൊതുപ്രവർത്തകർ എന്നിവർ ചേർന്ന് രണ്ടുവർഷമായി 'ഇൻസൈറ്റ്' പദ്ധതിയിലൂടെ കൂടുതൽ ആളുകളെ ഈ രംഗത്തേക്ക് കൊണ്ടുവരികയാണ്. 2018-ൽ അന്നത്തെ സി.ഐ. ആയിരുന്ന ശ്രീ. വി. വി. ബെന്നിയുടെ നേതൃത്വത്തിൽ പാനൂർ ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിലാണ് 'ഇൻസൈറ്റ് പദ്ധതി' ആരംഭിച്ചത്. ബഹുമാനപ്പെട്ട സ്പീക്കറും ആ പരിപാടിയിൽ പങ്കെടുത്തിരുന്നു. രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, തദ്ദേശസ്വയംഭരണ മേധാവികൾ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ആ കമ്മിറ്റിയുടെ കീഴിൽ അക്കാദമി കമ്മിറ്റികൂടി

രൂപീകരിക്കുകയും ചെയ്തു. അവിടെ കേന്ദ്ര സേനയിലേയ്ക്കുള്ള പരിശീലനം ആരംഭിച്ചു. പാനൂർ പോലീസ് സ്റ്റേഷനിൽ വച്ച് 150 വിദ്യാർഥികൾക്ക് തിയറിയും പാനൂർ ഹൈസ്കൂൾ ഗ്രൗണ്ടിൽ വച്ച് (രാവിലെ 6.30 മുതൽ 8 മണി വരെ) കായിക പരിശീലനവും നൽകി. ഈ പരിശീലനം ഇപ്പോഴും തുടരുകയാണ്. മാറിമാറി വരുന്ന പോലീസ് ഇൻസ്പെക്ടർ ഇതിന് പ്രോത്സാഹനം നൽകി വരുന്നുണ്ട്. ജനപ്രതിനിധികളുടെയും മറ്റും സഹായങ്ങൾ ലഭിക്കുന്നുണ്ട്. കായികമേഖലയിലെ കായികാധ്യാപകരും ചില പോലീസ് കോൺസ്റ്റബിൾമാരുമാണ് ഇപ്പോൾ കായിക പരിശീലനത്തിന് നേതൃത്വം നൽകുന്നത്. കേന്ദ്രസേന, കേരള പോലീസ്, വനിതാ കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, അഗ്നിപഥ് എന്നിങ്ങനെ വിവിധ സേനകളിലായി ഇതുവരെ 77 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ മൂന്ന് വിദ്യാർഥികൾക്ക് എസ്.ഐ.-മാരായി പോലീസിൽ പ്രവേശനം ലഭിച്ചു. യുവതലമുറ വഴിതെറ്റാതിരിക്കാൻ സഹായിക്കുന്ന ഒറ്റമൂലിയായി നല്ല ശരീരം, നല്ല മനസ്സ്, നല്ല ജോലി എന്ന ലക്ഷ്യത്തോടെ കായികപരിശീലനം നടത്തണം. ശ്രീ. ഇ. സുരേഷ് ബാബു, ശ്രീ. വി. കെ. മോഹൻദാസ്, ശ്രീ. രാജീവൻ, ശ്രീ.

ജയപ്രകാശ്, ശ്രീ. പ്രവീൺ കുമാർ, ശ്രീ. കെ. മുകുന്ദൻ എന്നിവരും സി.പി.ഒ.-മാരായ ശ്രീ. ശിവകുമാർ, ശ്രീ. ദേവദാസ്, ശ്രീ. ശിവദാസ് എന്നിവരുമാണ് ജ്യോതിസ് സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇൻസൈറ്റ് പ്രോഗ്രാമിന് നേതൃത്വം നൽകുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, തെക്കൻ കളരി, വടക്കൻ കളരി ഇതിൽ ഏത് കളരിപ്പയറ്റാണ് അങ്ങ് അഭ്യസിച്ചിട്ടുള്ളത്?

ശ്രീ. കെ. പി. മോഹനൻ: സർ, വടക്കൻ കളരിയാണ് ഞാൻ അഭ്യസിച്ചിട്ടുള്ളത്. ശരീരം ഫ്ലെക്സിബിളാകുകയും പ്രെസൻസ് ഓഫ് മൈൻഡുണ്ടാകുകയും ചെയ്യുമെന്നതാണ് വടക്കൻ കളരിപ്പയറ്റിന്റെ പ്രത്യേകത. 'അമർന്ന് അമർച്ചയിൽ ഇടതുവച്ച് വലതുകാലിന്മേൽ ചാടിക്കയറ്റി, ചവിട്ടി വലിഞ്ഞമർന്ന് നിവർന്ന്, ഇടത്തുതിരുത്ത് വലത്തുതിരുത്ത്, ഇടത്ത് നേരെ വലത് നേരെ' എന്ന വായ്ത്താരിതന്നെ നമുക്ക് വളരെയധികം ഊർജം നൽകുന്നതാണ്. അങ്ങനെ പറയുമ്പോൾ നമുക്ക് ആരെയും നേരിടാൻ കഴിയുമെന്ന് മാത്രമല്ല, പ്രതിരോധിക്കാനുള്ള കഴിവുകൂടിയുണ്ടാകുകയാണ്. ഓരോ പഞ്ചായത്തിലും ഒരു ആയോധനകല പഠിപ്പിക്കാനുള്ള ഒരു

കളരിയുണ്ടാകണമെന്നതാണ് എന്റെ ലക്ഷ്യം. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു, അദ്ദേഹം അത് സമ്മതിച്ചതുമാണ്.

അതുപോലെതന്നെ, നമ്മളിപ്പോൾ അവിടെയുള്ള സ്കൂളുകൾക്ക് സ്പോർട്ട്സ് കിറ്റുകൾ നൽകിയിട്ടുണ്ട്. സ്കിപ്പിങ് റോപ്, നെറ്റ്, ബാൾ, ബാഡ്മിന്റൺ, ഷട്ടിൽ കോക്ക് തുടങ്ങിയ ധാരാളം സ്പോർട്ട്സ് ഉപകരണങ്ങളടങ്ങിയ സ്പോർട്ട്സ് കിറ്റും അലമാരയും നൽകിയിട്ടുണ്ട്. ഒരു വിദ്യാലയത്തിന് ഒരു കളിസ്ഥലമെന്ന രീതിയിൽ 12 വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ടുപയോഗിച്ച് കളിസ്ഥലങ്ങൾ നിർമ്മിച്ചിരിക്കുകയാണ്. അതിൽ ഷട്ടിൽ ബാഡ്മിന്റന്റെയും ഫുട്ബോളിന്റെയും വോളിബോളിന്റെയുമൊക്കെ കളിസ്ഥലങ്ങളുണ്ട്. സ്പോർട്ട്സ് കൗൺസിലിന്റെ ധാരാളം കളിസ്ഥലങ്ങളുണ്ട്, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് വിട്ടുകൊടുക്കണം എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും എനിക്ക് വളരെ വിനയപൂർവം ആവശ്യപ്പെടാനുള്ളത്. ഇല്ലെങ്കിൽ ആ കളിസ്ഥലങ്ങളൊക്കെ ഇല്ലാതായിപ്പോകും. ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലമായ തലശ്ശേരിയിലെ കളിസ്ഥലങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്നതിനുള്ള

തീരുമാനത്തിലെത്തിയിരിക്കുകയാണ്. കൂത്തുപറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരിയിൽ നാല് ഏക്കർ സ്ഥലത്ത് കളിസ്ഥലം വന്നിട്ടുണ്ട്. കുന്നോത്തുപറമ്പിൽ മറ്റ് കളിസ്ഥലങ്ങളും ഇൻഡോർ കോർട്ടുകളുമുണ്ട്. ഇതെല്ലാം ഇന്ന് കായികമേഖലയ്ക്ക് ഉത്തേജനം നൽകുന്നതാണ്. അതിനുവേണ്ടിയുള്ള ഈ ബിൽ വളരെ നല്ലരീതിയിൽത്തന്നെ മുന്നോട്ടുകൊണ്ടുപോകണം, സർക്കാരിനൊപ്പം നിയമസഭയിലെ മുഴുവൻ അംഗങ്ങളും ഒന്നിച്ചുനിൽക്കണം. സ്പോർട്ട്സിനെ ലഹരിക്കെതിരെയുള്ള ഏറ്റവും വലിയ ആയുധമാക്കി മാറ്റാൻ നമുക്ക് സാധിക്കും. ചെറിയ കുട്ടികളെയടക്കം കായികരംഗത്തേക്ക് കൊണ്ടുവരണം. എല്ലാവരും ഇഷ്ടപ്പെടുന്ന ഒന്നാണിത്. ഷട്ടിൽ ബാറ്റും റിങ്ങുമെല്ലാം വാങ്ങി നൽകിയാൽ ചെറിയ കുട്ടികൾ അതുപയോഗിച്ച് കളിക്കുന്നതുകാണാം. ഇങ്ങനെയുള്ള കളി ഉപകരണങ്ങൾ കുട്ടികൾക്ക് വാങ്ങി നൽകണം. ഞാൻ മുമ്പ് ബാസ്കറ്റ് ബാൾ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ പ്ലെയറായിരുന്നു. വൈകുന്നേരമാകുമ്പോൾ മറ്റു പരിപാടികളെല്ലാം മാറ്റിവച്ച് കളിയിലേക്കുമാത്രം ശ്രദ്ധിച്ചുകൊണ്ട് ധാരാളം ആളുകൾ ഞങ്ങളുടെ പ്ലേഗ്രൗണ്ടിൽ തിങ്ങിനിറയുമായിരുന്നു.

കായികമേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുന്ന രൂപത്തിലേക്കുള്ള ഈ ബിൽ സമൂഹത്തിന് ഗുണകരമാണെന്ന് പറഞ്ഞുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് അഭ്യർഥിക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആയോധനകലയുടെ കൂട്ടത്തിൽ വരുന്ന ഒരു കലയാണ് തായ്കൊണ്ടോ. അത് അങ്ങ് പഠിച്ചിട്ടുണ്ടോ? ഒരു കാൽ മണ്ണിൽ വച്ച് മറ്റേ കാൽ പൊക്കി എതിരാളികളെ തൊഴിച്ചുവീഴ്ത്താൻ പറ്റുന്ന ആയോധനകലയാണിത്. സ്ത്രീകൾക്ക് ഉൾപ്പെടെ വളരെയധികം താൽപര്യമുള്ള ഈ ആയോധനകല താങ്കളുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിന്റെ തനതായ ആയോധനകലയിൽ നിന്നാണ് ഇതെല്ലാം ഉടലെടുത്തത്. പഴയ കാലത്ത് തച്ചോളി ഒതേനനും ഉണ്ണിയാർച്ചയുമെല്ലാം ആയോധനകലയിൽ പ്രഗത്ഭരായിരുന്നുവെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. കരാട്ടെ പോലും ആയോധനകലയുടെ ഭാഗമായിട്ടുള്ളതാണ്. ജാപ്പനീസുകാരാണ് കരാട്ടെ

ആരംഭിച്ചത്. അതെല്ലാംതന്നെ ഈ ആയോധനകലയുടെ രൂപത്തിലുള്ളതാണ്. ശരീരത്തിന്റെ ഉന്മേഷത്തിനും ആരോഗ്യം ഗുണകരമാക്കുന്നതിനും വലിയ രോഗങ്ങളൊന്നുമുണ്ടാകാതെ ശരീരത്തെ ഫ്ലക്സിബിളാക്കാനും മറ്റെല്ലാ കാര്യങ്ങളിൽനിന്നും വിട്ടുനിൽക്കാനും പ്ലസൻസ് ഓഫ് മൈൻഡ് അതായത്, ഒരാൾ നമ്മളെ നേരിടാൻ വരുമ്പോൾ അങ്ങോട്ട് ആക്രമിക്കുന്നതിനുപകരം അതിനെ നേരിടാനും പലപ്പോഴും അതിൽനിന്നും പിന്മാറാൻ കഴിയുന്നവിധത്തിൽ നല്ല മനസ്സിന്റെ ഉടമകളായി മാറാനും ഈ ആയോധനകല അഭ്യസിക്കുന്നതിലൂടെ സാധിക്കുന്നു. അതിനാൽ ഇതൊരു നല്ല ബില്ലാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. റോജി എം. ജോൺ: സർ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന് ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറയുകയുണ്ടായി. ഇന്ന്

കേരളത്തിന്റെയും ഇന്ത്യയുടെയും പൊതുവെയുള്ള സാഹചര്യം പരിശോധിക്കുമ്പോൾ നമ്മളെ ഞെട്ടിപ്പിക്കുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. ഇക്കണോമിക് സർവേ 2023-2024 കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പാർലമെന്റിൽ ടേബിൾ ചെയ്തതിൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ചില പഠനങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ‘ it notes that 56.4 per cent of total disease burden in India is due to unhealthy diets’ അതായത്, ഇന്ത്യയിലെ ആകെ രോഗങ്ങളുടെ 56.4 ശതമാനവും അനാരോഗ്യകരമായ ഭക്ഷണക്രമം കാരണമാണുണ്ടാകുന്നത്. The upsurge in the consumption of highly processed foods coupled with reduced physical activity and limited access to diverse foods, exacerbate micronutrient deficiencies and overweight/obesity problems എന്നും അതോടൊപ്പം പറയുന്നുണ്ട്. അതായത്, നമ്മുടെ ഭക്ഷണക്രമത്തിലുണ്ടായിട്ടുള്ള മാറ്റങ്ങളും അതോടൊപ്പം കായികാധ്വാനങ്ങളിൽ ഏർപ്പെടാത്തതും കാരണമാണ് രോഗങ്ങളുണ്ടാകുന്നതെന്നാണ് പറയുന്നത്. അതോടൊപ്പം കേരളം ഉൾപ്പെടുന്ന നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട

പ്രശ്നമാണ് ‘ obesity crisis’ . ‘ The Adult obesity rate in India has more than tripled’ എന്നാണ് ഇക്കണോമിക് സർവെ റിപ്പോർട്ടിൽ പറയുന്നത്. നാഷണൽ ഫാമിലി ഹെൽത്ത് സർവെ ഡാറ്റാ അനുസരിച്ച് " the percentage of men facing obesity in the age (18-69) has increased to 22.9 per cent in NFHS-5 from 18.9 per cent in NFHS-4.” അതായത് 23 ശതമാനത്തോളം പുരുഷന്മാർ ദേശീയതലത്തിൽ obesity പ്രശ്നം അനുഭവിക്കുന്നു എന്നുള്ളതാണ്. സ്ത്രീകളുടെ കാര്യത്തിലാണെങ്കിൽ 24 ശതമാനമാണെന്നും സൂചിപ്പിക്കുന്നുണ്ട്. കേരളത്തിലെ കണക്കുകളിലേക്ക് വന്നാൽ "obesity levels in Kerala are among the highest in the country” , I don't want to mention the numbers here, but it is really alarming. വളരെ ഗൗരവമായി ഈ വിഷയത്തെ അഡ്രസ് ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി 'Aardram Health Lifestyle Disease Detection Programme’ -ന്റെ ഭാഗമായി ആരോഗ്യ വകുപ്പിനുകീഴിൽ ഏതാണ്ട് ഒരു കോടിയിൽപ്പരം ആളുകളെ സ്ക്രീൻ ചെയ്യുകയുണ്ടായി. ആ സ്ക്രീനിംഗിനുശേഷം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിതന്നെ പറഞ്ഞത്

ഏതാണ്ട് 44.85 ശതമാനം, അതായത് 45 ശതമാനത്തോളം ആളുകൾ കേരളത്തിൽ ജീവിതശൈലീ രോഗങ്ങളുടെ അപകടം അഭിമുഖീകരിക്കുന്നുവെന്നാണ്. നാഷണൽ ഹെൽത്ത് അക്കൗണ്ട്സിന്റെ കണക്കുകൾ അനുസരിച്ച് "Kerala's per capita out-of-pocket expenditure on health stands at 7889" എന്നാണ്. എന്നുവച്ചാൽ രാജ്യത്ത് ഏറ്റവും കൂടുതൽ per capita out- of- pocket health expenditure നടത്തുന്ന ഒരു സംസ്ഥാനമാണ് നമ്മുടേതെന്നാണ്. ഒരു വ്യക്തി ശരാശരി 8000 രൂപയോളം ഒരു വർഷം അവരുടെ ആരോഗ്യ പരിരക്ഷയ്ക്കായി/ചികിത്സാ ചെലവുകൾക്കായി ശരാശരി ചെലവാക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത് എന്നതിനാലാണ് ഞാൻ ഇത്രയും പറഞ്ഞത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് വളരെ ഭയാനകമായ ഒരവസ്ഥയാണ്. ഗവൺമെന്റും അതുപോലെ സ്വകാര്യ മേഖലയും ആയിരക്കണക്കിന്/പതിനായിരക്കണക്കിന് കോടി രൂപ ആരോഗ്യ സംരക്ഷണത്തിനായി, വിവിധങ്ങളായ ചികിത്സകൾക്കുവേണ്ടി ചെലവ് ചെയ്യുമ്പോഴും മറുവശത്ത്, ആ അസുഖങ്ങളിൽ ഏതാണ്ട് 56 ശതമാനത്തോളം

ആരോഗ്യ വകുപ്പുമന്ത്രിയുടെ കണക്കനുസരിച്ചാണെങ്കിൽ 45% ആളുകൾ ജീവിതശൈലീ രോഗങ്ങൾ നേരിടുന്നുവെന്ന് പറയുമ്പോൾ കേരളം എവിടേക്കാണ് പോകുന്നതെന്ന് കാണേണ്ടതുണ്ട്. അസുഖം വന്നതിനുശേഷം കോടിക്കണക്കിന് രൂപ ചെലവഴിച്ച് ചികിത്സ നടത്തുന്നതാണോ അസുഖം വരാതെ ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കുകയാണോ ചെയ്യേണ്ടത് എന്ന ചോദ്യം നമ്മുടെ മുമ്പിലുണ്ട്. ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കാനായി വലിയ ഒരു ഇൻവെസ്റ്റ്മെന്റ് നടത്തേണ്ടതുണ്ടെന്നാണ് ഞാൻ പറയുന്നത്. എന്നാൽ നിർഭാഗ്യവശാൽ അസുഖം വന്നതിനുശേഷമുള്ള ചികിത്സക്ക് വലിയ തുക ചെലവ് ചെയ്യുകയും അസുഖംവരാതെ ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ ശ്രദ്ധിക്കേണ്ട സ്പോർട്ട്സ് പോലുള്ള മേഖലയെ പൂർണ്ണമായും തള്ളിക്കളയുകയും അവിടെ ഒരുതരത്തിലുമുള്ള ഇടപെടലുകളോ ഇൻവെസ്റ്റ്മെന്റോ നടത്താതെയുമാണ് കേരളം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്, അതിന്റെ പ്രശ്നമാണ് ഇന്ന് നാം അഭിമുഖീകരിക്കുന്നത്. ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക, ഒരു ഹെൽത്ത് കൾച്ചർ, ഫിറ്റ്നെസ് കൾച്ചർ വളർത്തിയെടുക്കുകയെന്നത് വളരെ

പ്രധാനപ്പെട്ട കാര്യമാണ്. സ്പോർട്ട്സ് കൾച്ചർ വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ നിർഭാഗ്യവശാൽ നമ്മൾ അക്കാര്യം ചെയ്യാതെപോകുന്നു എന്നതാണ് കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, 40 വയസ്സ് കഴിഞ്ഞാൽ ഗുളിക കഴിക്കാത്തവരായി കേരളത്തിൽ അപൂർവം ആളുകളേയുള്ളൂ. എല്ലാവരെയും കാണുമ്പോൾ വളരെ യോഗ്യന്മാരായിട്ടിരിക്കും, എന്നാൽ ഒരു പരിശോധന നടത്തിയാൽ ഷുഗർ, കൊളസ്ട്രോൾ, പ്രഷർ എന്നുതുടങ്ങി ഇല്ലാത്തതായി യാതൊന്നുമുണ്ടാകില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഒരു കാലഘട്ടത്തിൽ 60 വയസ്സിനുശേഷം വന്നുകൊണ്ടിരുന്ന പല രോഗങ്ങളും ഇപ്പോൾ 30-40 വയസ്സിൽത്തന്നെ മലയാളികൾക്ക് പിടിപെട്ടുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ മുമ്പോട്ട് പൊയ്ക്കഴിഞ്ഞാൽ കേരളം എവിടെ എത്തിനിൽക്കുമെന്ന് നാം കാണേണ്ടതായിട്ടുണ്ട്. അതുപോലെതന്നെയാണ് ലഹരി വ്യാപനത്തിന്റെ കാര്യത്തിലും സംഭവിക്കുന്നത്. കഴിഞ്ഞ ദിവസത്തെ സഭാചർച്ചകളിൽ ആ വിഷയം ഞാൻ സംസാരിച്ചതിനാൽ അതിലേയ്ക്ക് വിശദമായി കടന്നുപോകുന്നില്ല. കേരളത്തിലെ ആരോഗ്യ പ്രശ്നങ്ങൾക്കും ലഹരിയുടെ

അതിവ്യാപനത്തിനും ഏറ്റവും വലിയ ബദൽ എന്നുപറയുന്നത് നമ്മുടെ നാട്ടിൽ ഒരു കായിക സംസ്കാരം, ഫിറ്റ്നെസ് കൾച്ചർ വളർത്തിയെടുക്കുക എന്നതാണ്. നിർഭാഗ്യവശാൽ നമ്മൾ അക്കാര്യം ചെയ്യാതെ പോകുന്നുവെന്നതാണ് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. നമ്മുടെ ശരീരവും ആരോഗ്യവും ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് കേരളത്തിലെ ഓരോ വ്യക്തിക്കും ബോധ്യമുണ്ടായാൽത്തന്നെ ലഹരിയുടെ അഡിക്ഷനിൽനിന്നും പലതരത്തിലുള്ള ജീവിതശൈലീ രോഗങ്ങളിൽനിന്നും മോചനം നേടാൻ സാധിക്കും. അതുകൊണ്ട് കേരളത്തിൽ വലിയതോതിൽ, അതായത് ആരോഗ്യ വകുപ്പിന് ഏതെല്ലാംതലത്തിൽ പ്രാധാന്യം നൽകി പണം ചെലവഴിക്കുന്നുവോ അതിനേക്കാൾ പ്രാധാന്യത്തോടെ രോഗം വരാതിരിക്കാനുള്ള പ്രതിരോധത്തിനായി സ്പോർട്ട്സിനെ കണ്ടുകൊണ്ട് സ്പോർട്ട്സ് കൾച്ചർ കേരളത്തിൽ വളർത്തിയെടുക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ലഹരിയെ ഏറ്റവും മികച്ചരീതിയിൽ ഇല്ലായ്മചെയ്യാൻ കഴിയുന്നത് സ്പോർട്ട്സിലൂടെയാണെന്ന് ഇവിടെ നമ്മളെല്ലാവരും ചർച്ചചെയ്തതാണ്. സ്പോർട്ട്സിനെ സംബന്ധിച്ച ഒരു ഭേദഗതി

ബിൽ അവതരിപ്പിക്കുന്ന സമയത്ത്, ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, കബഡി തുടങ്ങിയ പല ഗെയിംസുകൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകുന്ന സമയത്ത്, പ്രാദേശികമായി നിലനിന്നിരുന്ന ചില കായിക മേഖലകൾ സമ്പൂർണ്ണമായും വിസ്മൃതിയിലേക്ക് പോയിട്ടുണ്ട്. തുളുനാട് മേഖലയായ മഞ്ചേശ്വരത്ത് ക്രിക്കറ്റിന്റെ മേഖലയിൽ ' Under-arm cricket' എന്നുപറയുന്ന ഒരു ക്രിക്കറ്റ് മേഖലയുണ്ട്. ഓരോ വർഷവും മഴക്കാലം കഴിഞ്ഞ് വേനൽക്കാലം വന്നാൽ കോടിക്കണക്കിന് രൂപയുടെ ടേൺഓവർ ഉണ്ടാകുന്ന ഈ ക്രിക്കറ്റ് മേഖല, മഞ്ചേശ്വരത്തിന്റെ സൗഹൃദവും മാനവീകതയും ഉയർത്തിപ്പിടിക്കുകയും ലഹരി ഇല്ലായ്മചെയ്യുകയും ചെയ്യുന്നുണ്ട്. നമ്മളിൽനിന്നും വിസ്മൃതിയിലേയ്ക്ക് പോയ പ്രാദേശിക കായിക മേഖലയെക്കൂടി തിരിച്ചുകൊണ്ടുവരുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, തീർച്ചയായും അങ്ങ് പറഞ്ഞ കാര്യംതന്നെയാണ് ഞാനും പറഞ്ഞത്. നമുക്ക് ഏതൊക്കെ മേഖലയിൽ സ്പോർട്ട്സിന് പ്രാധാന്യം നൽകാൻ സാധിക്കുമെന്ന് കണ്ടെത്തി അവിടെ വലിയ രീതിയിലുള്ള ഇൻവെസ്റ്റ്മെന്റ് നടത്തി മുന്നേറ്റം നടത്തേണ്ടതായിട്ടുണ്ട്.

പലപ്പോഴും സ്പോർട്ട്സ് എന്നുപറയുന്നത് നിയമസഭയിൽപോലും എല്ലാ വകുപ്പുകൾക്കുംശേഷമാണ് വരുന്നത്. മറ്റൊരു പരിപാടിയുമില്ലെങ്കിൽ ചെയ്യാമെന്ന് കരുതുന്ന ഒരു കാര്യം എന്നനിലയിൽ സ്പോർട്ട്സിനെ കാണുന്നുണ്ട്. വളരെ ലളിതമായ ഒരുകാര്യം ഞാൻ പറയാം. പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങളുടെ വികസനപ്രവർത്തനങ്ങൾ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനായി പ്രത്യേക അനുമതിക്കായി പോകേണ്ട അവസ്ഥയുണ്ട്. കളിസ്ഥലം ചിലപ്പോൾ പഞ്ചായത്തിന്റെയോ, ജലസേചന വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പുകളുടേതോ ആയിരിക്കും. ഒരു കളിസ്ഥലം ഒരു പഞ്ചായത്തിൽ അല്ലെങ്കിൽ ഒരു മണ്ഡലത്തിൽ ഉണ്ടാക്കുക എന്നത് വളരെ പ്രധാനപ്പെട്ടതല്ലേ? എം.എൽ.എ. ഫണ്ടിൽനിന്നും തുക ചെലവഴിച്ച് കളിസ്ഥലം നിർമ്മിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ ഓരോ പദ്ധതിക്കും സ്പെഷ്യൽ സാങ്ഷനുവേണ്ടി ധനകാര്യ വകുപ്പിൽ കയറിയിറങ്ങേണ്ട അവസ്ഥ നിലവിലുണ്ട്. അതുപോലെ സ്കൂളുകളിൽ സ്പോർട്ട്സ് കിറ്റുകൾ കൊടുക്കാൻ സാധിക്കണം. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അത് നൽകാൻ നമ്മൾ തയ്യാറാണ്. അത്തരം കാര്യങ്ങൾ

സ്കൂളുകളിൽ ഉൾപ്പെടെ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് സഹായകരമാകും. അത്തരം കാര്യങ്ങളിലെല്ലാം ഗവൺമെന്റ് കുറേക്കൂടി ക്രിയാത്മകമായി ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് കുറേയേറെ കാര്യങ്ങൾ പറഞ്ഞു, പക്ഷേ ഇവിടെ നിലനിൽക്കുന്ന യാഥാർത്ഥ്യം എന്താണ്? കഴിഞ്ഞ കുറച്ച് കാലമായി കേരളം കായിക രംഗത്ത് വളരെ പിന്നാക്കം പൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. രാജ്യത്തെ കായിക കരുത്ത് നിർണ്ണയിക്കുന്ന ദേശീയ ഗെയിംസിൽ ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽനിന്നും കേരള ചരിത്രത്തിൽ ആദ്യമായി പുറത്തുപോയിരിക്കുകയാണ്. അതായത് വംശീയ കലാപംകൊണ്ട് സകലതും നഷ്ടപ്പെട്ട മണിപ്പൂരിനേക്കാൾ താഴെ പതിനാലാം സ്ഥാനത്താണ് ഇത്തവണത്തെ ദേശീയ ഗെയിംസിൽ കേരളം ഇടംപിടിച്ചതെന്ന് പറയുമ്പോൾ അത് എത്രമാത്രം അപമാനകരമായ കാര്യമാണ്, നമ്മൾ എവിടേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്? 2015-ലെ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് നടന്ന ദേശീയ ഗെയിംസിൽ കേരളം രണ്ടാം സ്ഥാനത്തായിരുന്നു.

കായിക മേഖലയിൽ മൂവായിരം കോടി രൂപയുടെ പ്രവൃത്തി നടന്നതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പറയുന്നതുകേട്ടു. വളരെ നല്ല കാര്യം. ഇവിടെ ഇങ്ങനെയൊക്കെ പറയുമ്പോഴും ദേശീയ ഗെയിംസിൽ 14-ാം സ്ഥാനത്തേയ്ക്ക് നമ്മൾ പിന്തള്ളപ്പെട്ടിരിക്കുകയാണ്. ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ഒരു വശത്ത് മന്ത്രിയും മറുവശത്ത് വിവിധ കായിക സംഘടനാനേതാക്കളും തമ്മിലുള്ള ചക്കളത്തിപോരാണ് നടന്നുകൊണ്ടിരിക്കുന്നത്. അങ്ങോട്ടുമിങ്ങോട്ടും പഴിചാരിക്കൊണ്ടിരിക്കുകയാണ്. 'കായിക വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ വട്ടപൂജ്യമെന്ന് കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. വി. സുനിൽ കുമാർ.' ഒളിമ്പിക് അസോസിയേഷന്റെ പ്രസിഡന്റിന്റെ വാക്കുകളാണ് ഞാൻ ഉദ്ധരിച്ചത്. ദേശീയ ഗെയിംസിലെ മോശം പ്രകടനത്തിന് കാരണം ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയും സ്പോർട്സ് കൗൺസിലുമാണെന്നാണ് അദ്ദേഹത്തിന്റെ ആക്ഷേപം. സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്ഥാപനമാണിത്. ബഹുമാനപ്പെട്ട മന്ത്രിയും ഒട്ടും വിട്ടുകൊടുത്തില്ല. ശ്രീ. സുനിൽ കുമാർ അടക്കം കേരളത്തിലെ

കായികസംഘടനയുടെ സാരഥികൾ കാട്ടുകള്ളന്മാരാണെന്നും കായിക താരങ്ങൾക്ക് കൊടുക്കുന്ന പണം ഇവരെല്ലാംകൂടി പുട്ട് അടിക്കുകയാണെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വന്നു. കായികതാരങ്ങൾക്കും സംഘടനകൾക്കും നൽകുന്ന പണം ആ സംഘടനയുടെ തലപ്പത്തിരിക്കുന്ന ആളുകൾ പുട്ടടിക്കുകയാണെന്ന് ആ വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുമ്പോൾ പിന്നെ എന്തിനാണ് മന്ത്രീ, ഇങ്ങനെയൊരാൾ ആ കസേരയിലിരിക്കുന്നത്? എത്ര മോശപ്പെട്ട സാഹചര്യമാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്...... കൺക്ലൂഡ്.....

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ അവസാനിപ്പിക്കാം. ദേശീയ ഗെയിംസിൽ ഇത്തവണ നാണക്കേടിന്റെ കിരീടം കിട്ടിയെങ്കിലും ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയും കായിക സംഘടനാ നേതാക്കളും തമ്മിലുള്ള ചക്കളത്തിപോര് ദേശീയ ഗെയിംസിലെ ഒരു ഇനമായിരുന്നെങ്കിൽ നമുക്ക് ഒന്നാം സ്ഥാനം ലഭിക്കുമായിരുന്നുയെന്ന കാര്യത്തിൽ യാതൊരു സംശയമില്ല. അത്തരത്തിലാണ് മുന്നോട്ടുപോകുന്നത്. ഉത്തരാഖണ്ഡിൽ ഇത്തവണ നടന്ന ദേശീയ ഗെയിംസിന് മുന്നോടിയായി ടീമുകളുടെ ക്യാമ്പുകൾ

നടത്താനുള്ള ചെലവിന് പണമുണ്ടായില്ല. ആവശ്യമായ മത്സര ഉപകരണങ്ങളും യഥാസമയം വാങ്ങാൻ സാധിച്ചില്ല. അറുന്നൂറോളം ടീം അംഗങ്ങളുടെ യാത്ര അനിശ്ചിതത്വത്തിലായ കാര്യം നമ്മളെല്ലാവരും സംസാരിച്ചതാണ്. വോളിബോളിൽ ആര് ടീമിനെ അയയ്ക്കുമെന്ന തർക്കത്തിനൊടുവിൽ ബഹു. ഹൈക്കോടതിക്ക് ഇടപെടേണ്ട സാഹചര്യമുണ്ടായി. ഒടുവിൽ ബഹു. ഹൈക്കോടതി നിരീക്ഷിച്ചത്, ആഭ്യന്തര തർക്കങ്ങളും കലഹങ്ങളും നടക്കുമ്പോൾ ഇതിന്റെ ആഘാതം അനുഭവിക്കേണ്ടിവരുന്നത് അത്‌ലറ്റുകളും കായികരംഗവുമാണെന്നാണ്. ഈ വിഷയത്തിൽ അതിന് ചുമതലപ്പെട്ടവർ ഇടപെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നുയെന്നാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. ഇവിടെ അങ്ങോട്ടുമിങ്ങോട്ടും പഴിചാരിക്കൊണ്ടിരിക്കുകയാണ്. കായിക വകുപ്പുമന്ത്രിക്കും സ്പോർട്സ് കൗൺസിലിനുമെതിരെ ആരോപണങ്ങളുമായി കേരള ഒളിമ്പിക് അസോസിയേഷൻ രംഗത്തെത്തി. ബഹുമാനപ്പെട്ട മന്ത്രിക്ക് താൽപര്യമുള്ളവരെ ഭാരവാഹികളാക്കാത്തതിന്റെ പേരിൽ വോളിബോൾ അസോസിയേഷൻ ഉൾപ്പെടെയുള്ള കായിക സംഘടനകളെ തകർക്കാൻ

ശ്രമിക്കുകയാണെന്നും നാലുവർഷമായി കായിക സംഘടനകൾക്ക് ഗ്രാന്റ് നൽകിയിട്ടില്ലെന്നുമാണ് ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പറയുന്നത്. സ്പോർട്സ് ഹോസ്റ്റലുകളെ സംബന്ധിച്ച് വളരെ ദയനീയമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത് നമ്മൾ എത്രയോ തവണ ചർച്ച ചെയ്തതാണ്.

മി. സ്പീക്കർ: ഇത് ഡിമാന്റ് ഡിസ്കഷനല്ല, നിയമനിർമ്മാണമാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ രണ്ടുമിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. സ്പോർട്സ് ഹോസ്റ്റലുകളിൽ പലതും അടച്ചുപൂട്ടലിന്റെ വക്കിലായിരുന്നു. കായികതാരങ്ങൾക്കുള്ള കഞ്ഞിക്കാശുപോലുമില്ലാതെ ഒരു വർഷത്തോളമായി സ്പോർട്സ് കൗൺസിൽ ഹോസ്റ്റലുകൾ പ്രതിസന്ധിയിലായിരുന്നു. ഈ ഹോസ്റ്റലുകൾക്ക് ഏതാണ്ട് പത്തുകോടി രൂപയിലേറെ നൽകാനുണ്ടായിരുന്നു. സ്പോർട്സ് കൗൺസിലിന് കീഴിലുള്ള കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർഥികൾ അധികാരികളുടെ കണ്ണ് തുറപ്പിക്കാനായി സെക്രട്ടേറിയറ്റിന് മുമ്പിൽ തോർത്തും ജേഴ്സിയും വിരിച്ച് ഭിക്ഷ യാചിച്ച് സമരം ചെയ്യുന്ന സാഹചര്യം കേരളം കാണാനിടയായി. കായിക താരങ്ങളെ അവഹേളിച്ചതിനാൽ ദേശീയ ഗെയിംസിൽ ലഭിച്ച മെഡലുകൾ

കടലിലെറിയുമെന്നാണ് അവർ പറയുന്നത്. ദേശീയ ഗെയിംസിൽ താരങ്ങൾ ഒത്തുകളിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയാണ്. സ്പോർട്സിലെ വിവിധ മത്സരയിനങ്ങളിൽ മെഡൽ കൈവരിക്കുന്നവരിൽ അർഹതപ്പെട്ടവർക്ക് സർക്കാർ ജോലികളിൽ നിയമനം നൽകുന്നില്ല. എന്നാൽ അർഹതയില്ലാത്തവർക്ക് പിൻവാതിലിലൂടെ നിയമനം നൽകുന്നു. അവർ കോടതി കയറിയിറങ്ങുകയാണ്. ഈ നിലയിൽ നമുക്കെങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും? കേരളത്തിൽ ആരോഗ്യകരമായ തലമുറയെ നമുക്കാവശ്യമായിട്ടുണ്ട്. ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ, കേരളം ആരോഗ്യപരമായ തലമുറയെ വാർത്തെടുക്കണമെങ്കിൽ സ്പോർട്സ് മേഖലയിൽ വലിയ തോതിലുള്ള നിക്ഷേപം നടത്തേണ്ടതായിട്ടുണ്ട്. ഇതുപോലെയുള്ള മത്സരങ്ങളും തർക്കങ്ങളും കേരളത്തിന്റെ കായിക മേഖലയെയും കായികതാരങ്ങളെയും സഹായിക്കാനുള്ളതല്ല. ഇക്കാര്യത്തിൽ എം.എൽ.എ.-മാർ എന്ന നിലയിൽ ഒറ്റക്കെട്ടായിനിന്ന് സഹകരിക്കാനും എം.എൽ.എ. ഫണ്ട് നൽകാനുമെല്ലാം തയ്യാറാണ്. അതിനാവശ്യമായ അനുമതി നൽകിയാൽ മതിയാകും. നമുക്കൊരു ഫിറ്റ്നെസ് കൾച്ചറും കായിക സംസ്കാരവും

വളർത്തിയെടുക്കാൻ ഒറ്റക്കെട്ടായി മുന്നോട്ടുപോകണം. അക്കാര്യത്തിൽ സർക്കാർ ഏതുനിലപാട് സ്വീകരിച്ചാലും ഞങ്ങൾ അതിനെല്ലാം കൂടെനിൽക്കും. പക്ഷേ ബില്ലുകൾ വരുമ്പോൾ പ്രസംഗങ്ങളിലും ചർച്ചകളിലുംമാത്രം ഒതുങ്ങുകയും ബില്ലിന്റെ ഉദ്ദേശലക്ഷ്യം ഒരു വശത്തുനിൽക്കുകയും പ്രവൃത്തിപഥത്തിൽ വരുമ്പോൾ നമ്മൾ വേറെ വഴിക്കുപോകുകയും ചെയ്യുമ്പോൾ കേരളത്തിലെ കായിക മേഖല വളരുകയല്ല, കൂടുതൽ തകർച്ചയിലേക്കാണ് പോകുന്നത്. അതുകൊണ്ട് ദേശീയ ഗെയിംസിലുൾപ്പെടെ ഉയർന്ന സ്ഥാനങ്ങളിലേക്ക് കടന്നുവരാനുള്ള അന്തരീക്ഷമാണ് നമുക്കുവേണ്ടത്. അക്കാര്യത്തിൽ നമ്മളെല്ലാവരും കൂടെയുണ്ടാകുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത് കേരള സ്പോർട്സ് ഭേദഗതി ബില്ലാണ്. മാറുന്ന ഒരു സ്പോർട്സ് സങ്കൽപ്പമുണ്ട്. നമ്മളിൽനിന്നും മാറും; പക്ഷേ പുതിയതലമുറയ്ക്ക് ഇന്നത്തെ സ്പോർട്സിന്റെ കാഴ്ചപ്പാട് വളരെ വ്യത്യസ്തമാണ്. കാരണം ഞാൻ കഴിഞ്ഞദിവസം കളമശ്ശേരിയിലൊരു പരിപാടിക്കുപോയപ്പോൾ അവിടെ ചെറുപ്പക്കാരുടെ ആൾക്കൂട്ടം കണ്ടു.

ചെറുപ്പക്കാരായ കുട്ടികൾക്ക് മോട്ടോർ സ്പോർട്സിന് വലിയ പ്രചാരം/താൽപ്പര്യമുള്ളതായി കണ്ടു. മാത്രമല്ല, മിടുക്കരായ പെൺകുട്ടികളടക്കം ഓഫ് റോഡിംഗ് നടത്തുന്നു. നമുക്ക് സിസ്റ്റമാറ്റിക്കായ നയമില്ല. ഒന്നാം സമ്മാനം ലഭിച്ച കുട്ടിയെ അഭിനന്ദിച്ചശേഷം എം.എൽ.എ. ആണെന്ന് അറിഞ്ഞപ്പോൾ എന്നോട് ആ കുട്ടി ആദ്യം പറഞ്ഞത് ഇതുപോലെയുള്ള സ്പോർട്സിന് സർക്കാരിൽനിന്നും ഒരു പിന്തുണയുമില്ലെന്നാണ്. മാറുന്ന സ്പോർട്സ് നയത്തിന്റെ ഭാഗമായാണ് മോട്ടോർ സ്പോർട്സോ ഓഫ് റോഡിംഗോ നടത്തുന്നത്. ഇന്നത്തെ കാലത്ത് അവർ ഏതെങ്കിലും ബൈക്കിന്റെ രൂപഭേദം മാറ്റിയാൽ അവരെ അറസ്റ്റ് ചെയ്യാനും ജയിലിടാനും ശിക്ഷിക്കാനുമായി ആർ.ടി.ഒ. നടക്കുകയാണ്. ഇപ്പോഴത്തെ മാറുന്ന ചെറുപ്പക്കാരുടെ/വിദ്യാർഥികളുടെ കാഴ്ചപ്പാടനുസരിച്ച് സ്പോർട്സ് നയത്തിലെ സമീപനത്തിന് മാറ്റം വേണ്ടതല്ലേ?

<u>ശ്രീ. പി. വി. ശ്രീനിജിൻ:</u> സർ, ശ്രീ. റോജി എം. ജോൺ പറഞ്ഞ കാര്യത്തിന് ഫാക്ച്വലായ മിസ്റ്റേക്ക് ചൂണ്ടിക്കാണിക്കുകയാണ്. കേരള ഒളിമ്പിക് അസോസിയേഷൻ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു

സംഘടനയല്ല, അത് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ കീഴിലുള്ള ഒരു സ്വതന്ത്ര സംഘടനയാണ്. കായിക മേഖല ഇന്ന് വലിയ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാനൊരുകാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഇന്ന് ഫിസിക്കൽ ട്രെയിനിംഗ് പീരിയഡ് പാഠ്യഭാഗത്തിന്റെ ഭാഗമല്ല. അവർക്ക് ഫിസിക്കൽ ട്രെയിനിംഗ് പീരിയഡില്ല. അഞ്ചാം ക്ലാസ് മുതൽ എട്ടാം ക്ലാസുവരെ ഒരാഴ്ചയിൽ മൂന്ന് ദിവസത്തെ ഫിസിക്കൽ ട്രെയിനിംഗ് പീരിയഡും ഒൻപതാം ക്ലാസിൽ രണ്ട് ഫിസിക്കൽ ട്രെയിനിംഗ് പീരിയഡുമാണുള്ളത്. പത്താം ക്ലാസിലും പ്ലസ് വണ്ണിനും പ്ലസ് ടുവിനും ഓരോ പീരിയഡ് വീതവുമാണുള്ളത്. നിർഭാഗ്യവശാൽ പല സ്കൂളുകളിലും പീരിയഡുകൾ നിർണയിക്കുമ്പോൾ ഫിസിക്കൽ ട്രെയിനിംഗ് പിരീയഡുകൾ കട്ടുചെയ്ത് മറ്റ് പീരിയഡുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ വരണം. ഇതുമായി ബന്ധപ്പെട്ട് കർശനമായ നടപടിയെടുക്കണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്.

ശ്രീമതി സി. കെ. ആശ: സർ, കളിസ്ഥലങ്ങളുണ്ടാക്കുകയെന്നത് ഗവൺമെന്റിന്റെ നയമാണ്. പക്ഷേ കളിസ്ഥലങ്ങൾക്കാവശ്യമായ ഭൂമിയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലാണുള്ളത്. എന്റെ മണ്ഡലത്തിൽ വേമ്പനാട്ട് കായലിന്റെ തീരത്താണ് ആറ് ഏക്കർ ഭൂമി കിടക്കുന്നത്. കളിസ്ഥലത്തിനുവേണ്ടി ആവശ്യപ്പെട്ട് ഫണ്ട് വകയിരുത്തിയാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിനുവേണ്ടി വിട്ടുനൽകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ നിയമത്തിന്റെ ഭേദഗതി ചെയ്യുമ്പോൾ അതൊരു പ്രത്യേക പരാമർശമായി നൽകാൻ സാധിക്കുമോ; കളിസ്ഥലത്തിനുവേണ്ടി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാത്ത ഭൂമിയാണെങ്കിൽ അത് വിട്ടുനൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എതിർപ്പ് പ്രകടിപ്പിക്കാത്ത സാഹചര്യത്തിലേക്ക് കൊണ്ടുവരാൻ സർക്കാരിന് സാധിക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കേരളത്തിലെ കായികതാരങ്ങളായ അർഹതപ്പെട്ട ഏതെങ്കിലുമൊരാൾക്ക് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ

തൊഴിൽ നിഷേധിച്ചതായി ബഹുമാനപ്പെട്ട അംഗത്തിന് എഴുതിത്തരാൻ കഴിയുമെങ്കിൽ തീർച്ചയായും അത് പരിഗണിക്കാം. എന്റെ അറിവിൽ കായികമേഖലയിൽ പ്രവർത്തിക്കുന്ന കായികതാരങ്ങളിൽ ഒരാൾപോലും നമ്മുടെ നോംസ് പ്രകാരം പുറത്തുപോയിട്ടില്ല. കഴിഞ്ഞദിവസത്തെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട പി. കെ. ബഷീറും കൊണ്ടോട്ടി എം.എൽ.എ.യും അടക്കമുള്ളവർ ഒരു ഫുട്ബോൾ താരത്തിന്റെ പേര് പറഞ്ഞു. അദ്ദേഹം ഈ കാറ്റഗറിയിൽപ്പെടുന്ന ആളല്ല. അതുകൊണ്ടാണ് അദ്ദേഹത്തിന് ആ ജോലി ലഭ്യമാകാത്തത്. അതോടൊപ്പം സ്പോർട്സ് ഹോസ്റ്റലുകളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. കേരളത്തിൽ ഒരു സ്പോർട്സ് ഹോസ്റ്റൽപോലും പണമില്ലാത്തതിന്റെ പേരിൽ അടച്ചുപൂട്ടിയിട്ടില്ല. പണം കൊടുക്കാൻ വൈകിയിട്ടുണ്ട്. അത് അങ്ങുപറഞ്ഞത് ശരിയാണ്. ആ തുക സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ബില്ലായിട്ടുണ്ട്. അക്കാര്യം ഗൗരവമായെടുക്കും. കഴിഞ്ഞ വാർഷിക പദ്ധതിയിലുണ്ടായ ചില സംവിധാനങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാം. കായിക ഉച്ചകോടിയിലുണ്ടായ ധാരണപ്രകാരം, ഡെക്കാത്‌ലോൺ പോലുള്ള സ്പോർട്സ് ബിസിനസ്സ് രംഗത്തെ പ്രമുഖരായ

കമ്പനികൾ വിദ്യാലയങ്ങളിൽ സൗജന്യമായി സ്പോർട്സ് കിറ്റുകൾ നൽകുന്നുണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ച് കിറ്റ് നൽകുന്നതിനും കളിസ്ഥലങ്ങൾക്കാവശ്യമായ തുക കണ്ടെത്തുന്നത് സംബന്ധിച്ചും അങ്ങും ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.-യും ഇവിടെ സൂചിപ്പിച്ചു. 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിപ്രകാരം ഇപ്പോൾ കായിക വകുപ്പ് നൽകുന്ന അൻപത് ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിനായി ഉപയോഗിക്കാൻ കഴിയുമോയെന്ന അഭിപ്രായം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പിനോട് ചോദിച്ചിട്ടുണ്ട്. അക്കാര്യത്തിൽ അനുമതി ലഭിക്കുന്ന മുറയ്ക്ക്, കളിസ്ഥലങ്ങളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും സ്വന്തമായി സ്ഥലം വാങ്ങുന്നതിനുള്ള തുക കായിക വകുപ്പിൽനിന്ന് അനുവദിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നുണ്ടെന്നുള്ള കാര്യം അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ദേശീയ ഗെയിംസിൽ ഇരുപത്തിയൊൻപത് കായിക ഇനങ്ങളിൽ 21 മുതൽ 30 ദിവസത്തെ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ തുക നൽകുകയും ചെയ്തിട്ടുണ്ട്. കായിക താരങ്ങളും ഒഫീഷ്യലുകളുമടക്കമുള്ള 619 പേർക്ക് കേരള ചരിത്രത്തിലാദ്യമായി വിമാന

ടിക്കറ്റെടുത്താണ് ദേശീയ ഗെയിംസിൽ പങ്കെടുക്കാൻ അയച്ചതും തിരികെയെത്തിച്ചതും. ആ കാര്യത്തിലൊന്നും ഒരു കുറവും വരുത്തിയിട്ടില്ല. ചില സംഘടനകൾ പറഞ്ഞ കാര്യം ഇവിടെ ഉന്നയിച്ചു. അവയെല്ലാം സ്വകാര്യ സംഘടനകളാണ്. ആ സംഘടനകൾ സർക്കാരിൽനിന്ന് അനധികൃതമായി ഗ്രാന്റ് കൈപ്പറ്റുന്നുണ്ട്. അത് തിരിച്ചടയ്ക്കണമെന്ന് അവരോട് നിർദേശിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, .......

മി. സ്പീക്കർ: അങ്ങ് ഇന്നലെ ചോദ്യമുന്നയിച്ചിരുന്നതാണ്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പഞ്ചായത്ത് തലത്തിൽ ഏതോ ഒരു കായികമേളയിൽ ധാരാളം പണം പിരിച്ചുവെന്ന ആക്ഷേപമുയർന്നിട്ടുണ്ട്. അതും അന്വേഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കായിക മേഖലയിലെ അഴിമതി ഇല്ലാതാക്കുകയെന്നുള്ളതുതന്നെയാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനാവശ്യമായ കാര്യങ്ങളാണ് ഈ വകുപ്പ് ചെയ്തുവരുന്നത്. മുമ്പ് ഇത്തരം കാര്യങ്ങളിൽ ഇടപെടുന്ന ആളുകൾക്ക് ചില ബുദ്ധിമുട്ടുകളുണ്ടായിരിക്കാം. കൃത്യമായ പരിശോധനകൾ

നടത്തുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ വരുന്നത്. കാര്യങ്ങൾ തുറന്നുപറയാൻ ഒരു മടിയുമില്ല. പുട്ടടിക്കുന്നുവെന്നുള്ളത് കണ്ടാൽ പുട്ടടിക്കുന്നുവെന്ന് തന്നെയാണ് ഞാൻ പറഞ്ഞത്. അതിൽനിന്ന് ഒരിഞ്ചുപോലും പിന്നോട്ട് പോകാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, .....

മി. സ്പീക്കർ: ഒരേ ചോദ്യം എല്ലാ ദിവസവും ചോദിച്ചാൽ ഒരേ ഉത്തരമേ ലഭിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചോളൂ.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കളരിപ്പയറ്റുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കളരിപ്പയറ്റ് അടക്കമുള്ള അഞ്ച് ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള കോംപാക്ട് സ്പോർട്സ് സംവിധാനം കഴിഞ്ഞ വർഷം നടപ്പാകേണ്ടതായിരുന്നു. ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം കഴിഞ്ഞ വർഷം അതിന് സാധിച്ചില്ല. കളരിയും കരാട്ടെയുമടക്കമുള്ള അഞ്ച് ഇനങ്ങൾ പരിശീലിപ്പിക്കുന്ന പതിനാല് കേന്ദ്രങ്ങൾ ഈ വർഷം

ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ശ്രീ. റോജി എം. ജോൺ പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. ഇതിന്റെയടിസ്ഥാനത്തിൽ കായികക്ഷമതാ മിഷൻ അടക്കമുള്ള സംവിധാനങ്ങൾ നടപ്പാക്കിക്കഴിഞ്ഞു. ഇത്തവണ മുപ്പത്തിനാല് കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഏകദേശം 820 പഞ്ചായത്തുകളിൽ പഞ്ചായത്ത്തല സ്പോട്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്ക് പ്രത്യേക കായിക ഇനങ്ങളുടെ ചുമതല നൽകുകയും അത് ജില്ലാതലങ്ങളിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ മുഖാന്തരം ഓരോ പഞ്ചായത്തിലും അതത് പഞ്ചായത്തിന് അനിവാര്യമായിട്ടുള്ള സ്പോർട്സ് ഇനങ്ങൾ പരിശീലിപ്പിക്കാനുള്ള നടപടികളിലേക്ക് പോകുകയാണ്. അങ്ങ് പറഞ്ഞതുപോലെതന്നെ, ചില കാര്യങ്ങളിൽ കാലതാമസം വന്നിട്ടുണ്ട്; അത് അംഗീകരിക്കുന്നതിൽ ഒരു തെറ്റുമില്ല. ദേശീയ ഗെയിംസിൽ സംഭവിച്ചത് സംബന്ധിച്ച് ബഹുമാനപ്പെട്ട കെ. പി. മോഹനൻ, എം.എൽ.എ. ഇവിടെ

സൂചിപ്പിക്കുകയുണ്ടായി. ഈ നാട്ടിൽ ജനിച്ച്, ഇവിടെനിന്ന് കായിക പ്രവർത്തനം ആരംഭിച്ച ഓൾ ഇന്ത്യാ ഒളിമ്പിക് കമ്മിറ്റിയുടെ അധ്യക്ഷതന്നെ ആ ഇനത്തെ പുറത്താക്കാൻ ശ്രമിക്കുകയുണ്ടായി. ഇതുസംബന്ധിച്ച പരാതി കേന്ദ്ര കായിക വകുപ്പ് മന്ത്രാലയത്തിന് നൽകിയപ്പോൾ, ഇത് പൂർണ്ണമായും ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റിന്റെ അറിവോടുകൂടി ചെയ്തതാണ് എന്നാണ് മറുപടി ലഭിച്ചത്. ഡൽഹി ഹൈക്കോടതിയിൽ ഇത് ചോദ്യം ചെയ്ത് കളരി താരങ്ങൾ ഹർജി നൽകി. കളരിയെ മത്സരയിനത്തിൽ ഉൾപ്പെടുത്തണമെന്ന് ഡൽഹി ഹൈക്കോടതി ആവശ്യപ്പെട്ടെങ്കിലും കേരള ഒളിമ്പിക് അസോസിയേഷനും ദേശീയ ഒളിമ്പിക് അസോസിയേഷനും ആ നിർദേശം സ്വീകരിക്കാതെ തള്ളിക്കളയുകയാണ് ചെയ്തത്. അതുകൊണ്ടാണ് പത്തൊൻപത് സ്വർണ്ണ മെഡൽ നമുക്ക് നഷ്ടമായത്. നമ്മൾ പങ്കെടുത്ത പതിനെട്ട് ഇനങ്ങളിലും മെഡൽ നേടിയിട്ടുണ്ട് എന്നതാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം.

വോളിബോളിന് അഖിലേന്ത്യാ തലത്തിൽ കമ്മിറ്റിയില്ല. വോളിബോൾ അസോസിയേഷന്റെ ടെക്നിക്കൽ കമ്മിറ്റിയാണ് അവിടെ പ്രവർത്തിക്കുന്നത്.

ഇതിനെ മറികടക്കാൻ ഹൈക്കോടതിയെ സമീപിക്കുകയും ഡൽഹിയിൽനിന്ന് ഒളിമ്പിക് അസോസിയേഷന്റെ അഡ്വക്കേറ്റിനെവച്ച് വാദിച്ചാണ് അവർ ആ വിജയം നേടുകയും ചെയ്തത്. അതിൽത്തന്നെ നമുക്ക് ഒരു സ്വർണ്ണം നഷ്ടമായി. കാരണം കേരള സർക്കാർ നൽകിയ ടീമിൽ ഒളിമ്പിക് അസോസിയേഷൻ മാറ്റം വരുത്തുകയും ആ ടീമിലെ മൂന്ന് അംഗങ്ങളെ ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ വനിതാ വോളിബോളിൽ നമുക്ക് സ്വർണ്ണം നഷ്ടപ്പെടുകയും ചെയ്തു. ഇത്തരം ധാരാളം കാര്യങ്ങളുണ്ട്. അടിസ്ഥാനപരമായി, അഴിമതി നിർമ്മാർജനമെന്ന ലക്ഷ്യത്തോടുകൂടി മുന്നോട്ടുപോകുമ്പോൾ തുടക്കത്തിൽ ചില പ്രശ്നങ്ങളൊക്കെ ഉണ്ടാകുമെങ്കിലും പൂർണ്ണമായും അഴിമതിരഹിതമായ, സ്വജനപക്ഷപാതമില്ലാത്ത ഒരു സ്പോർട്സ് മേഖലയാണ് കേരളത്തിൽ നാം ആഗ്രഹിക്കുന്നത്. ഈ കാര്യത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ, ഏതെങ്കിലും അസോസിയേഷന്റെ ഭാരവാഹികളാണെന്നോ മറ്റോ ഉള്ള ഒരു താൽപര്യവും മന്ത്രിക്കില്ലെന്ന് അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും നല്ല രീതിയിൽ കാര്യങ്ങൾ നടക്കണമെന്ന് മാത്രമാണ് കേരള ഗവൺമെന്റ്

ഇക്കാര്യത്തിൽ ആഗ്രഹിക്കുന്നത്. അതിനാവശ്യമായ ധാരാളം നടപടികൾ നാം സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, .........

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ഇങ്ങനെ സമയം നഷ്ടപ്പെടുത്താൻ കഴിയില്ല. വേറെ മൂന്ന് ബില്ലുകൾകൂടി ഇനി പരിഗണിക്കാനുണ്ട്. നേരത്തെ സംസാരിച്ച സമയത്ത് എല്ലാ കാര്യങ്ങളും പറയേണ്ടതായിരുന്നില്ലേ?

ശ്രീ. കെ. പി. മോഹനൻ: സർ, വിരമിക്കുന്ന കായികാധ്യാപകരുടെ സ്ഥാനത്ത് പുതിയ കായികാധ്യാപകരെ പകരം നിയമിക്കുന്നില്ല. കൂടുതൽ കുട്ടികൾ വേണമെന്നതാണ് ഇതിന് കാരണമായി പറയുന്നത്. ഇത്തരത്തിൽ പുതിയ കായികാധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, അങ്ങേയ്ക്ക് അറിവുള്ള കാര്യമാണ് ഞാൻ പറയുന്നത്. എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയമെന്നത് സർക്കാരിന്റെ നയമാണ്. എന്നാൽ ഇത് ഇംപ്ലിമെന്റ് ചെയ്യുന്നതിൽ ചില പ്രശ്നങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ട് ബജറ്റ് വർക്കുകളും സ്റ്റേഡിയവുമായി

ബന്ധപ്പെട്ടതായിരുന്നു. മറ്റ് വകുപ്പുകളുടെ കൈവശം ഭൂമിയുണ്ട്. സർക്കാരിന്റെ നയമെന്ന രീതിയിൽ, സർക്കാർതന്നെ ഇടപെട്ട്, മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമി സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി മാറ്റുന്നതിനാവശ്യമായ ഇടപെടൽ നടത്തിയാൽ നന്നായിരിക്കും. ഇക്കാര്യത്തിൽ എം.എൽ.എ.-മാർ സംസാരിക്കുന്നതിലെ പരിമിതി സംബന്ധിച്ച് അങ്ങേയ്ക്ക് നല്ല ബോധ്യമുള്ളതാണല്ലോ.

ശ്രീ. സജീവ് ജോസഫ്: സർ, ഏറെ കായിക പ്രതിഭകളെ സംഭാവന ചെയ്ത നിരവധി എയ്ഡഡ് സ്കൂളുകളുണ്ട്. അവിടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പ്രതിഭകളെ വളർത്തിയെടുക്കാൻ സാധിക്കും. നേരത്തെ എയ്ഡഡ് സ്കൂളുകളിൽ സർക്കാർ സഹായത്തോടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുണ്ടായിരുന്നു. ആ മാതൃകയിൽ ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ, അടിസ്ഥാനസൗകര്യ വികസന രംഗത്ത് കായിക പ്രതിഭകൾക്ക് പ്രാധാന്യമുള്ള എയ്ഡഡ് സ്കൂളുകളെയെങ്കിലും പരിഗണിക്കുന്നത് സംബന്ധിച്ച് ഉചിതമായ ഇടപെടൽ നടത്താൻ സാധിക്കുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒരു കാലത്ത് കേരള ഫുട്ബോൾ ടീമിലെ ഏഴെട്ട് കളിക്കാർവരെ എന്റെ നിയോജകമണ്ഡലമായ കുണ്ടറയിലെ ALIND (Aluminium Industries Limited)-ന്റേതായിരുന്നു. അവിടെ ഏക്കർകണക്കിന് ഭൂമി വെറുതെ കിടക്കുകയാണ്. ഗവൺമെന്റ് ഒരു തീരുമാനമെടുത്താൽ ALIND-ന്റെ ഭൂമിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കാൻ കഴിയും. ഇത്തരത്തിലുള്ള സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി, ALIND-ന്റെ ഫുട്ബോൾ പാരമ്പര്യംകൂടി പരിഗണിച്ച് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ മണ്ഡലമായ ആലുവയിലെ നെടുമ്പാശ്ശേരിയിൽ ഒരു ക്രിക്കറ്റ് സ്റ്റേഡിയം വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ പ്രഖ്യാപിച്ചിരുന്നു. അതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ്; അത് ഉടൻതന്നെ വരുമോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വിൻസെന്റ്: സർ, നാടൻ കളരിപ്പയറ്റിന്റെ ഒരു കേന്ദ്രമാണ് എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞിരംകുളം എന്ന സ്ഥലം. ആ

പ്രദേശത്ത് നാടൻ കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ തീരപ്രദേശങ്ങളിൽ ഗ്രൗണ്ടുകൾ നിർമ്മിക്കാൻ എം.എൽ.എ. ഫണ്ട് ഉൾപ്പെടെ അനുവദിക്കുമ്പോൾ CRZ-ന്റെ പ്രശ്നം വരികയാണ്. അവിടെ ഒരു നിർമ്മിതിയും നടക്കുന്നില്ല. ഗ്രൗണ്ട് ചെളിയിട്ട് ഉറപ്പിച്ചെടുക്കുന്നതാണ്. പലപ്പോഴും അതിന് അനുമതി കിട്ടാത്ത ഒരു സാഹചര്യമുണ്ട്. ഏറ്റവും കൂടുതൽ ഫുട്ബോൾ താരങ്ങൾ തീരദേശങ്ങളിൽനിന്നാണ് വരുന്നത് എന്നുള്ളതുകൊണ്ട് ഈയൊരു തടസ്സം നീക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ആദ്യം മനസ്സിലാക്കേണ്ടത്, ചെയറിന്റെ അനുമതിയോടെ മാത്രമേ സഭയിൽ സംസാരിക്കാൻ സാധിക്കുകയുള്ളൂ, ബഹുമാനപ്പെട്ട മന്ത്രിയുടെ അനുമതിയിൽ മന്ത്രിയുടെ ഓഫീസിൽപോയി സംസാരിക്കണം.

ശ്രീ. എം. വിജിൻ: സർ, നിലവിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്ത വായനശാലകൾക്ക് കെട്ടിടം എടുത്തുകൊടുക്കുന്നുണ്ട്. എന്റെ പ്രദേശത്തുള്ള

വായനശാലകൾ, ക്ലബുകൾ എന്നിവയുടെ പക്കൽ ധാരാളം സ്ഥലങ്ങളുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം അതൊന്നും നവീകരിച്ച ഗ്രൗണ്ടുകളാക്കി മാറ്റാൻ സാധിക്കുന്നില്ല. ഇപ്പോൾ കെട്ടിടം എടുത്തുകൊടുക്കാം, പക്ഷെ ഗ്രൗണ്ട് കൊടുക്കാൻ സാധിക്കില്ല. അതുകൊണ്ട് നിയമത്തിൽ ചെറിയ മാറ്റം വരുത്തി പ്രത്യേക അനുമതി നൽകിയാൽ ക്ലബ്ബുകളുടെയും വായനശാലകളുടെയും അത്തരം സ്ഥലങ്ങൾ എം.എൽ.എ. ഫണ്ടുപയോഗിച്ചുകൊണ്ട് നവീകരിച്ച ഗ്രൗണ്ടുകളാക്കി മാറ്റാനുള്ള സാഹചര്യമുണ്ടാകും. അതുകൂടി പരിഗണിക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ നിയോജകമണ്ഡലത്തിൽ ഏഴ് ഗ്രാമപഞ്ചായത്തുകളാണുള്ളത്. അതിൽ സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 9 കളിസ്ഥലങ്ങളുടെ നിർമ്മാണത്തിൽ ആറെണ്ണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. അതിൽ നാല് കളിസ്ഥലവും എയ്ഡഡ് സ്കൂളുകളുടെ ഗ്രൗണ്ടിലാണ്. എയ്ഡഡ് മാനേജ്മെന്റ് ഗ്രൗണ്ട് വിട്ടുതന്നിട്ടാണ് നിർമ്മിച്ചത്. അതിന് നേതൃത്വം കൊടുത്തത് സ്പോർട്സ് വകുപ്പാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. കെ. ആൻസലൻ: സർ, എന്റെ മണ്ഡലത്തിലെ പൊഴിയൂരിൽ പരുത്തിയൂർ എന്നത് സന്തോഷ് ട്രോഫി ഫുട്ബോൾ ടീമിലെ ക്യാപ്റ്റൻസി അടക്കം വഹിച്ചിട്ടുള്ള ഒട്ടനവധി കളിക്കാർ ഇപ്പോഴും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രധാനപ്പെട്ട കേന്ദ്രമാണ്. അവിടെ സ്പോർട്സ് വകുപ്പുതന്നെ ഒരു കോടി അറുപത്തിരണ്ട് ലക്ഷം രൂപ ചെലവഴിച്ച് പരുത്തിയൂർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 24-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം നടത്താൻ പോകുകയാണ്. CRZ-ന്റെ പരിധിയിൽ വരുന്നുയെന്ന കാരണത്താൽ പഞ്ചായത്ത് അവിടെ ഇലക്ട്രിസിറ്റി തരുന്നില്ല. CRZ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ അവർക്ക് ഇക്കാര്യത്തിൽ തർക്കമൊന്നുമില്ലെന്നാണ് അറിഞ്ഞത്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് അവിടെ ഇലക്ട്രിസിറ്റി നൽകാൻവേണ്ടിയുള്ള ഇടപെടൽ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, എന്റെ മണ്ഡലത്തിൽ പ്രധാനമായും ഇറിഗേഷന്റെ ഭൂമിയാണ് യഥാർത്ഥത്തിലുള്ളത്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതിപ്രകാരം തച്ചമ്പാറ പഞ്ചായത്തിൽ കളിക്കളം

നിർമ്മിക്കുന്നതിന് ഞാൻ നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി 50 ലക്ഷം രൂപ തന്നു. എം.എൽ.എ. ഫണ്ടും കൊടുക്കാൻ തയ്യാറാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടായാൽ എല്ലാ പഞ്ചായത്തിലും കളിക്കളമുണ്ടാകും. അതൊന്ന് ശ്രദ്ധിക്കുമോ?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, രണ്ടുമൂന്ന് ഹൈസ്കൂൾ - ഹയർ സെക്കൻഡറി സ്കൂളുകളെ ക്ലബ് ചെയ്ത് അവിടെയൊരു ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകനെ നിയമിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഈ ബില്ലിലൂടെ കഴിയുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഏറ്റവും പ്രധാനമായി വന്ന ആവശ്യം കളിക്കളങ്ങൾക്ക് സ്ഥലം കണ്ടെത്തുക എന്നതാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി കഴിഞ്ഞ ദിവസം നടത്തിയ ചർച്ചയിൽ ഇറിഗേഷന്റെ ഭൂമിയുണ്ടെങ്കിൽ അവിടെ കളിക്കളങ്ങൾ നിർമ്മിക്കാൻ പ്രത്യേക അനുമതി നൽകാൻ തയ്യാറാണെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ CRZ-ന്റെ പരിധിയിൽവരുന്ന കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. അവിടെ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോൾ ബുദ്ധിമുട്ടുകളൊന്നുമില്ലെന്നാണ്

അറിയാൻ കഴിഞ്ഞത്. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കായിക അധ്യാപകരെ നിയമിക്കാൻവേണ്ടി 20 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. നിലവിൽ കേരളത്തിൽ നമ്മൾ നിർമ്മിച്ച ഗ്രൗണ്ടുകളിൽ 72 എണ്ണവും സ്കൂളുകളിലാണുള്ളത്. സ്കൂൾ പ്രവൃത്തി ദിവസങ്ങളല്ലാത്ത സമയത്ത് അത് പൊതുജനങ്ങൾക്കുകൂടി ഉപയോഗിക്കാൻ പറ്റുന്ന തരത്തിലാണ് എഗ്രിമെന്റുള്ളത്. മറ്റൊരു കാര്യം, കേരളത്തിലെ കായിക രംഗത്ത് ഏറ്റവും മികവ് കാണിച്ച പറളി ഹയർസെൻഡറി സ്കൂളിൽ ഏഴ് കോടി രൂപ ചെലവഴിച്ചാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു സ്റ്റേഡിയം നിർമ്മിച്ചത്. ഇനിയും കളിക്കളങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും സഹായങ്ങൾ നൽകാൻ തയ്യാറാണ്. കായിക വകുപ്പ് 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിൽ ഇപ്പോൾ നൽകുന്ന തുകയിൽ 50 ലക്ഷം രൂപ സ്ഥലം വാങ്ങാൻ ഉപയോഗിക്കുന്ന രീതിയിൽ നിയമത്തിൽ മാറ്റം വരുത്താനുള്ള ശ്രമം ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപ്പാക്കുകയാണ്. ഇവിടെ ധാരാളം നിർദേശങ്ങൾ വന്നു. കായിക മേഖലയുമായി ബന്ധപ്പെട്ട് കാലഘട്ടത്തിന്റെ ആവശ്യമെന്താണെന്ന് ഈ ചർച്ചയിലൂടെ ബോധ്യമായി. എന്തുകൊണ്ടും ഈ

മേഖലയെ ഏറ്റവും സമ്പന്നമാക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. കമ്മ്യൂണിറ്റി സ്പോർട്സുമായി ബന്ധപ്പെട്ട ഒരു കാര്യം ഇവിടെ പറഞ്ഞു. തരൂർ നിയോജകമണ്ഡലത്തിൽ ഇപ്പോൾ ഒരു കായിക പരിപാടി നടക്കുന്നുണ്ട്. രാവിലെയും വൈകിട്ടും അവിടത്തെ കളിക്കളങ്ങളിൽ ഏകദേശം 250-300 ആളുകൾ കായിക പരിശീലനം നടത്തുന്ന ഒരു സംവിധാനമുണ്ട്. അതിനെ കമ്മ്യൂണിറ്റി സ്പോർട്സായി ഏറ്റെടുത്തുകൊണ്ട് എല്ലാ മണ്ഡലങ്ങളിലും അത്തരത്തിലുള്ള പരിശ്രമങ്ങൾ നടത്തണമെന്നുള്ള ഒരു നിർദേശം ഇപ്പോൾ മുന്നോട്ടുവച്ചിരിക്കുകയാണ്. കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ ഇ-സ്പോർട്സ് അടക്കമുള്ള സംവിധാനങ്ങൾ അവതരിപ്പിക്കുന്ന 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iii) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ) ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ആർ. ബിന്ദു: സർ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ) വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025 മാർച്ച് 3-ന് ഈ നിയമസഭയിൽ അവതരിപ്പിച്ച 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ)-ൽ ഉൾപ്പെട്ട ഭേദഗതികൾ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല, തുഞ്ചത്തെഴുത്തച്ഛൻ

മലയാളം സർവകലാശാല, എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക സർവകലാശാലാ ആക്ടുകളിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചത്. ഏറ്റവും വേഗത്തിൽ വളരെ ലളിതമായ രീതിയിൽ അക്കാദമിക് സമൂഹത്തിന് ആവശ്യമായ സേവനങ്ങൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തിനായി ഈസ് ഓഫ് ഡൂയിങ് എഡ്യൂക്കേഷൻ എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കേരളത്തിലെ സർവകലാശാലകളിൽ നിലവിലുള്ള നിയമങ്ങളിൽ കാലാനുസൃതമായ പരിഷ്കരണങ്ങൾ കൊണ്ടുവരുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങളുടെ ഗതിവേഗം വർധിപ്പിക്കുക, പൊതുസർവകലാശാലകളുടെ ശാക്തീകരണം ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളും ഇതിന് പിന്നിലുണ്ട്. കാലഹരണപ്പെട്ട പല നിയമങ്ങളും ഇപ്പോഴത്തെ സർവകലാശാലാ നിയമത്തിന്റെ ഭാഗമായി കാണുന്നുണ്ട്. ഇത് പുതിയ കാലത്തെ വിദ്യാഭ്യാസ സമീപനങ്ങൾക്ക് നിരക്കുന്നതല്ലെന്ന പ്രശ്നം പരിഷ്കരണ ശ്രമങ്ങൾക്ക് വലിയ രീതിയിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ഗവേഷണ മേഖലകളിലെല്ലാം വലിയ രീതിയിലുള്ള മാറ്റങ്ങളാണ് ഇന്ന് നിലവിലുള്ളത്. ഇത് സംബന്ധിച്ചുള്ള

നിയമങ്ങളെല്ലാംതന്നെ വളരെ പഴഞ്ചനായാണ് കാണപ്പെടുന്നത്. പുതിയ കാലത്തുള്ള ഗവേഷണം, നൂതനാശയങ്ങൾ, സഹകരണം എന്നീ മേഖലകളിലൊക്കെ സർവകലാശാലാ തലത്തിലുള്ള പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് ഇത്തരത്തിലുള്ള മാറ്റങ്ങൾ നിർദേശിക്കുന്നത്. കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി പരിവർത്തനം ചെയ്യുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിപോലെ ശാസ്ത്ര സാങ്കേതികവിദ്യാ മേഖലയിലൊക്കെ പ്രവർത്തിക്കുന്ന സർവകലാശാലകളെ സംബന്ധിച്ചിടത്തോളം പുതിയ കാലത്തിനനുസൃതമായ ശാസ്ത്ര ഗവേഷണ പദ്ധതികളിലേക്ക് പോകാൻ തടസ്സമാകുന്ന നിയമങ്ങൾ മാറ്റി എഴുതേണ്ടതുണ്ട്. അതുപോലെ ഈ ബില്ലിന്റെ ഭാഗമായി നേരത്തെ നിയമത്തിലില്ലാത്ത ചില കാര്യങ്ങളിൽ വ്യക്തത വരുത്തിയിട്ടുണ്ട്. ചാൻസലറുടെ അഭാവത്തിൽ പ്രോ ചാൻസലർക്ക് അദ്ദേഹത്തിന്റെ ചുമതലകൾ വഹിക്കുന്നത് സംബന്ധിച്ച ചില വ്യക്തതകൾ വരുത്തുകയാണ് ചെയ്തിട്ടുള്ളത്. അതുപോലെ സർക്കാരിന്റെ നയങ്ങൾ സർവകലാശാലയെ അറിയിക്കുക എന്ന ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന

നിലയ്ക്കുള്ള ചുമതല എന്നിവയാണ് അതിൽ പറഞ്ഞിട്ടുള്ളത്. വൈസ് ചാൻസലറുടെ എമർജൻസി പവർ അക്കൗണ്ടബിൾ ആക്കുന്നതിനുവേണ്ടി ഏത് സമിതിയുടെ അധികാരമാണോ മുൻകൂറായി ഉപയോഗിക്കുന്നത് അത് അതത് സമിതികളെ രേഖാമൂലം അറിയിക്കണം എന്ന നിലയിലുള്ള ഒരു പരിഷ്കാരമാണ് വരുത്തിയിട്ടുള്ളത്. സെനറ്റ് അംഗീകരിച്ചാൽ മാത്രമേ കേരള, കാലിക്കറ്റ് സർവകലാശാലകളിലെ വിദ്യാർഥികൾക്ക് ഒറിജിനൽ ബിരുദ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്ന സാഹചര്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അതിന്റെ അനുമതി സിൻഡിക്കേറ്റിലേക്ക് മാറ്റുന്നതിനായി കഴിഞ്ഞ ബില്ലിൽ നിർദേശിച്ചത്. സിൻഡിക്കേറ്റുകളുടെ ഘടനയിൽ ചില പരിഷ്കാരങ്ങൾ നിർദേശിച്ചിട്ടുണ്ട്. പ്രാതിനിധ്യ സ്വഭാവത്തിൽ മാറ്റം വരുത്താതെതന്നെ നിലവിലുള്ള അംഗങ്ങളുടെ എണ്ണം കുറയ്ക്കാനാണ് ബില്ലിൽ നിർദേശിക്കുന്നത്. കുസാറ്റ്, മലയാളം സർവകലാശാലകളിലെ അധ്യാപക-വിദ്യാർഥികളുടെ തിരഞ്ഞെടുപ്പും സെനറ്റിൽനിന്നുള്ള തിരഞ്ഞെടുപ്പ് എന്ന രീതിയിലേക്ക് മാറ്റിയിട്ടുണ്ട്. ഗവേഷണ മേഖലയെ കൂടുതൽ സജീവമാക്കുന്നതിന് സഹായകരമായ വിധത്തിൽ ഒരു ഗവേഷണ കൗൺസിൽ രൂപീകരിക്കുന്നത്

സംബന്ധിച്ച നിർദേശവും മുന്നോട്ടുവച്ചിട്ടുണ്ട്. സംസ്ഥാനത്ത് നാലുവർഷ ബിരുദം നടപ്പാക്കിയതിന്റെ പശ്ചാത്തലത്തിൽ വിദ്യാർഥികൾക്ക് അന്തർ കോളേജ് മാറ്റങ്ങൾ സാധ്യമാകുന്ന വിധത്തിലും അംഗീകൃത ഓൺലൈൻ സംവിധാനങ്ങളിൽനിന്ന് കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ ക്രെഡിറ്റ് ആർജിക്കാനുമൊക്കെ കഴിയുന്ന വിധത്തിലുള്ള മാറ്റങ്ങളും നിയമപരമായി കൊണ്ടുവരേണ്ടതുണ്ട്. ഇക്കാര്യങ്ങളൊക്കെ വേഗത്തിലും ലളിതമായും നടപ്പാക്കുന്നതിനാവശ്യമായ നിയമങ്ങൾ രൂപീകരിക്കാനാണ് ശ്രമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള അധികാരം അക്കാദമിക് കൗൺസിലിന് നൽകിയിരിക്കുകയാണ്. വിദ്യാർഥികളുടെ അവകാശങ്ങൾ സംബന്ധിച്ച സുപ്രധാനമായ ഒരു വകുപ്പുകൂടി ഈ ആക്റ്റിൽ ചേർത്തിട്ടുണ്ട്. വിദ്യാർഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതോടൊപ്പം അവർക്ക് ലഭിക്കേണ്ട അക്കാദമിക സേവനങ്ങൾ അവരുടെ അവകാശമാക്കി മാറ്റുകയും സമയബന്ധിതമായി അത് ലഭിക്കുന്നതിന് അവർക്കുള്ള അവകാശത്തെ നിയമപരമായിത്തന്നെ പ്രഖ്യാപിക്കുകയും ചെയ്യുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. അതോടൊപ്പം അധ്യാപകരുടെ അവകാശങ്ങളും

ഉത്തരവാദിത്വങ്ങളും സംബന്ധിച്ച മറ്റൊരു വകുപ്പുകൂടി ഇതിൽ നിർദേശിച്ചിട്ടുണ്ട്. പുതിയ കാലത്തെ ക്യാമ്പസിനാവശ്യമായ പുതിയ സംവിധാനങ്ങൾ ഈ ബില്ലിലൂടെ കൊണ്ടുവരുന്നുണ്ട്. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, കോളേജ് കൗൺസിൽ, ERP (Educational Resource Planning), കമ്പനീസ് ആക്റ്റിന്റെ സെക്ഷൻ 8 പ്രകാരം കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന റിസർച്ച് പാർക്ക്, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ എന്നിവയെല്ലാം നിയമത്തിന്റെ ഭാഗമാക്കി വ്യവസ്ഥാപിത സംവിധാനങ്ങളായി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, ഈ സർവകലാശാലകളുടെ സാമ്പത്തിക ട്രാൻസാക്ഷനുവേണ്ടി എസ്.ബി.ഐ. ബാങ്കിനെയാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. എസ്.ബി.ഐ.-യോടൊപ്പം കേരളാ ബാങ്ക്, മറ്റ് ദേശസാൽകൃത ബാങ്കുകൾ എന്നിവയെയും സർവകലാശാലകളുടെ പണം നിക്ഷേപിക്കുന്നതിനും ട്രാൻസാക്ഷൻ നടത്തുന്നതിനും അനുവദിക്കുന്ന വ്യവസ്ഥയും ബില്ലിൽ ചേർത്തിട്ടുണ്ട്. ഇത്രയും കാര്യങ്ങളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പുതിയ കാലത്തിനും പുതിയ ലോകത്തിനും അനുസൃതമായ നിലയിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല മുന്നോട്ടുകുതിക്കുമ്പോൾ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും വലിയ രീതിയിലുള്ള പരിമിതികളാണ് അടിച്ചേൽപ്പിക്കുന്നത് എന്നതുകൊണ്ട് അതിനെ മറികടക്കാൻ കഴിയുന്ന വിധത്തിലുള്ള പരിഷ്കരണങ്ങൾ, ഇതുമായി ബന്ധപ്പെട്ട് അനിവാര്യമാണെന്നുള്ളതുകൊണ്ടാണ് ഈ ബിൽ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീമതി ദെലീമ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-05-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ബഹുമാന്യയായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വലിയ മാറ്റത്തെയും ശരിയായ രീതിയിലുള്ള മുന്നോട്ടുപോക്കിനെയും ലക്ഷ്യം വച്ചുകൊണ്ടാണ് ഇത്തരത്തിൽ ഒരു ഭേദഗതി

ബിൽ ഇവിടെ അവതരിപ്പിച്ചത്. സർവകലാശാലയുടെ വൈസ്-ചാൻസലർ തലപ്പത്തെ നിയമനത്തെ സംബന്ധിച്ചുൾപ്പെടെ വിശാലമായ കാഴ്ചപ്പാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവച്ചിട്ടുള്ളത്. രാഷ്ട്രീയമായ നിയമനം എന്നതിന്റെ അപ്പുറത്തേക്ക് ഓരോ മേഖലയിലും വൈദഗ്ധ്യമുള്ള പ്രഗല്ഭരായ വ്യക്തിത്വങ്ങളെ വൈസ്-ചാൻസലർപോലുള്ള ഉന്നത പദവിയിൽ നിയോഗിച്ചുകൊണ്ട് സർവകലാശാലകളുടെ ജനാധിപത്യപരമായ സ്വഭാവവും നിഷ്പക്ഷതയും അക്കാദമിക് എഫിഷ്യൻസിയുമെല്ലാം നിലനിർത്താൻ കഴിയാവുന്ന വിധത്തിലുള്ള സമൂലമായ മാറ്റത്തിന്റെ തുടക്കമാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. കേരളം ഇപ്പോൾ വിജ്ഞാന സമൂഹത്തിലേക്കുള്ള പരിവർത്തന ഘട്ടത്തിലാണ്. ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റവും കൂടുതലുള്ള നാടാണ് കേരളം. ഒരു വലിയ കാലത്തെ നിരന്തമായ സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയുമെല്ലാം ഫലമായാണ് കേരളത്തിന്റെ പൊതുവിഭ്യാഭ്യാസ മണ്ഡലത്തിൽ വലിയ മാറ്റങ്ങൾ സർക്കാർ സൃഷ്ടിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ മണ്ഡലത്തിൽ വരുത്തിയ വലിയ മാറ്റത്തിന്റെ ചുവടുപിടിച്ചുകൊണ്ട് ലോകത്തുതന്നെ ഏറ്റവും

മികവാർന്ന വിദ്യാഭ്യാസം പ്രദാനം ചെയ്യാൻ കഴിയാവുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസ രീതിയെ രൂപപ്പെടുത്താൻ സാധിക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ അനന്തമായ സാധ്യതകളെ എല്ലാ വിഭാഗം വിദ്യാർഥികൾക്കും അനുഭവിക്കാൻ കഴിയുന്ന വിധത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല മാറുന്നുവെന്നതാണ് ഈ കാലയളവിൽ കാണാൻ സാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. പുതിയ കാലത്തിന് അനുയോജ്യമായ വിധത്തിൽ വിവിധവും വൈവിധ്യവുമാർന്ന വ്യത്യസ്തങ്ങളായ നിരവധി പുതിയ കോഴ്സുകൾ അനുവദിക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിയുന്നുണ്ട്. സീറ്റുകൾ വർധിപ്പിച്ച് കൂടുതൽ വിദ്യാർഥികൾക്ക് യു.ജി., പി.ജി. കോഴ്സുകളുൾപ്പെടെ സർവകലാശാലകൾക്ക് കീഴിൽ പഠിക്കാൻ കഴിയാവുന്ന പൊതുഅന്തരീക്ഷം സൃഷ്ടിക്കുന്നതിനാവശ്യമായ പരമാവധി സാധ്യതകളിലേക്ക് ഇന്ന് കേരളം ഉയരുകയാണ്. കേന്ദ്ര ഗവൺമെന്റ് തികച്ചും തെറ്റായ സമീപനമാണ് ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചുവരുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നല്ലരീതിയിലുള്ള സഹായം സംസ്ഥാന സർവകലാശാലകൾക്ക് ലഭിക്കേണ്ടതുണ്ട്. എന്നാൽ കേരളത്തിലെ

സർവകലാശാലകളോട് ഏതെങ്കിലും വിധത്തിലുള്ള സഹായകരമായ സമീപനമല്ല തികച്ചും തെറ്റായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്നത്. മൊത്തം ജി.ഡി.പി.-യുടെ 2.9 ശതമാനം മാത്രമാണ് വിദ്യാഭ്യാസ മേഖലയ്ക്കായി കേന്ദ്ര ഗവൺമെന്റ് മാറ്റിവച്ചിട്ടുള്ളത്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആകെ ചെലവിന്റെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ പങ്ക് 76 ശതമാനവും കേന്ദ്രത്തിന്റേത് 24 ശതമാനവുമാണ്. അതിൽ കേന്ദ്രത്തിന്റെ പങ്ക് കുറച്ചുകൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ രാഷ്ട്രീയ ദുഷ്ടലാക്കിന്റെ ഭാഗമായി കേന്ദ്രം പ്രവർത്തിക്കുകയാണ്. കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ കക്ഷിയുടെ താൽപര്യത്തിനനുസൃതമായ വിധത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ വരുതിയിലാക്കുന്നതിനുള്ള മാർഗങ്ങൾ തേടിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ നിലവിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് എല്ലാ തരത്തിലും കേരളത്തിന് തികഞ്ഞ അവഗണനയാണ് കേന്ദ്രം സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. അതിനാണ് യു.ജി.സി. മാർഗരേഖകളിൽ മാറ്റം വരുത്തിയത്. യു.ജി.സി. മാർഗരേഖകളിലും മാനദണ്ഡങ്ങളിലും മാറ്റം

വരുത്തിക്കൊണ്ട് സംസ്ഥാന സർവകലാശാലകളുടെ അധികാരങ്ങളും അവകാശങ്ങളും സമ്പൂർണ്ണമായി കേന്ദ്ര സർക്കാർ കവരുന്നതിനാവശ്യമായ സമീപനം സ്വീകരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ഫണ്ട് നൽകാതിരിക്കുകയും സംസ്ഥാന സർവകലാശാലകളെ അവഗണിക്കുകയും ചെയ്യുന്ന അതേ സന്ദർഭത്തിൽത്തന്നെ സംസ്ഥാന സർവകലാശാലകളുടെ പരിപൂർണ്ണ അവകാശവും അധികാരവും പിടിച്ചെടുക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ചുരുക്കിപറഞ്ഞാൽ ഫണ്ട് നൽകേണ്ടത് സംസ്ഥാനവും എല്ലാനിലയിലുമുള്ള അധികാരം കൈയാളുന്നത് കേന്ദ്രവുമാണ്. ഉന്നതവിദ്യാഭ്യസ രംഗത്ത് ഈ നിലയിലേക്ക് കാര്യങ്ങൾ എത്തുന്നുവെന്നത് നാം കാണേണ്ട പ്രധാന വസ്തുതയാണ്. സംസ്ഥാനങ്ങളുടെ ഫണ്ട് നൽകി പ്രവർത്തിക്കുന്ന സർവകലാശാലകളുടെ അക്കാദമികപരമായ നിലയിലേക്കുള്ള വലിയ നിയന്ത്രണം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കാൻ ശ്രമിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി രൂപപ്പെട്ടുനിൽക്കുന്ന സന്ദർഭത്തിലും കേരളം ഉന്നതവിദ്യാഭ്യാസ രംഗത്തിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. വൈജ്ഞാനികമായ ഒരു സമ്പദ്ഘടനയുടെ രൂപീകരണത്തിന്റെയും

വികസനത്തിന്റെയും ഫലമായി കേരളത്തിലെ ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ രംഗത്തെ അതീവ പ്രാധാന്യത്തോടുകൂടിയാണ് നോക്കിക്കണ്ടിട്ടുള്ളത്. കഴിഞ്ഞ നാലുവർഷക്കാലത്തിനിടയിൽ ആറായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടുള്ളത്. വൈസ്-ചാൻസലർമാരുടെ നിയമനത്തിന്റെ ഭാഗമായി ഗവർണ്ണർമാരെ ഉപയോഗപ്പെടുത്തി ചാൻസലർ പദവിയെപ്പോലും ദുരുപയോഗപ്പെടുത്തിയാണ് സംസ്ഥാന സർവകലാശാലകളെ വരുതിയിലാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരള സർവകലാശാലകളുടെ സമീപകാല അനുഭവങ്ങളെക്കുറിച്ച് നമുക്കറിയാം. തിരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാർഥി യൂണിയനെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കാൻ അനുവദിക്കാതെ കേരളത്തിലെ ഒരു വൈസ്-ചാൻസലർ നിലപാടെടുത്തിരിക്കുകയാണ്. ജനാധിപത്യ അവകാശ വിനിയോഗത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെടുന്ന വിദ്യാർഥികൾ തിരഞ്ഞെടുക്കുന്ന ഒരു വിദ്യാർഥി യൂണിയനെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുക്കാൻ അനുവദിക്കാത്തതരത്തിലുള്ള ജനാധിപത്യവിരുദ്ധമായ സമീപനം

കേരളത്തിലെ ഒരു വൈസ്-ചാൻസലർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ആർ.എസ്.എസ്. സംഘപരിവാർ രാഷ്ട്രീയം വിഭാവനം ചെയ്യുന്നവിധത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് ശക്തമായ ഇടപെടലുകൾ തെറ്റായനിലയിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ടുതന്നെ ഈ ബില്ലിലെ വ്യവസ്ഥകളുൾപ്പെടെ അതീവപ്രാധാന്യത്തോടുകൂടി സർവകലാശാലകളുടെ സംരക്ഷണത്തിന് അനിവാര്യമാണെന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. വൈസ്-ചാൻസലർമാർ ആർ.എസ്.എസ്. നോമിനികളായിമാറുന്നു. ചാൻസലർമാർ അവരുടെ അധികാരം ദുർവിനിയോഗം ചെയ്ത് വൈസ്-ചാൻസലർ പദവിയിലേക്ക് ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം നൽകുന്ന പേരുകൾ കൊണ്ടുവരാൻ ശ്രമം നടത്തുന്നു. അതിന്റെ ഭാഗമായി ആർ.എസ്.എസ്.-ന്റെ മസ്തിഷ്കംപേറി നടക്കുന്ന വൈസ്-ചാൻസലർമാർ അവരുടെ അജണ്ടകൾ കേരളത്തിലെ സർവകലാശാലകളിൽ നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് വലിയ അപകടമുണ്ടാക്കുന്നുണ്ട്. ഈ പ്രശ്നം സർവകലാശാലകളെ പ്രതികൂലമായി ബാധിക്കുന്നു. സിൻഡിക്കേറ്റ് യോഗങ്ങൾ ചേരാൻ സാധിക്കുന്നില്ല. ഇപ്പോൾ

എം.എൽ.എ.-മാരിൽ പലരും സിൻഡിക്കേറ്റ് അംഗങ്ങളായിരിക്കും. മുമ്പ് വിദ്യാർഥി സംഘടനാ പ്രവർത്തന കാലയളവിലും പൊതുരംഗത്ത് പ്രവർത്തിക്കുന്നതിന്റെയെല്ലാം ഭാഗമായി സർവകലാശാലകളുടെ വിവിധ ഭരണസമിതികളിൽ, സെനറ്റിൽ, സിൻഡിക്കേറ്റിൽ, അക്കാദമിക് കൗൺസിലിൽ, സ്റ്റുഡന്റ്സ് കൗൺസിലിൽ തുടങ്ങി സർവകലാശാലകളുടെ ജനാധിപത്യപരമായ വേദികളിൽ വിവിധഘട്ടങ്ങളിൽ പ്രവർത്തിച്ചവരാണ് ഇവിടെയിരിക്കുന്ന മഹാഭൂരിപക്ഷംവരുന്ന അംഗങ്ങളും. ആ സിൻഡിക്കേറ്റുൾപ്പെടെയുള്ള ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട വേദികൾ ശരിയായ നിലയിൽ പ്രവർത്തിക്കാൻ അനുവദിക്കാത്തവിധത്തിൽ വൈസ്-ചാൻസലർമാർ ഇടപെടുകയാണ്. ഞാൻ സാങ്കേതിക സർവകലാശാലയുടെ സിൻഡിക്കേറ്റ് അംഗംകൂടിയാണ്. കഴിഞ്ഞ സിൻഡിക്കേറ്റ് യോഗം ചേർന്ന് അതിന്റെ അജണ്ട ചർച്ച ചെയ്ത് യോഗം അവസാനിച്ച് പിരിയുന്ന സന്ദർഭത്തിലാണ് പത്രസമ്മേളനം നടത്തി ഈ സിൻഡിക്കേറ്റ് യോഗം അസാധുവാണെന്നും ഇവിടെ എടുത്ത തീരുമാനങ്ങളൊന്നും സാധൂകരിക്കപ്പെടുന്നതല്ലെന്നും വൈസ്-ചാൻസലർ

പറഞ്ഞത്. ഇത്തരത്തിൽ ഏകാധിപതികളെപ്പോലെ സർവകലാശാലകളുടെ ജനാധിപത്യ സ്വാഭാവങ്ങളെ തകർത്ത് ജനാധിപത്യത്തിന്റെയും സർഗാത്മകതയുടെയുമെല്ലാം കേന്ദ്രമായി നാം കണക്കാക്കുന്ന പരിപാവനവും പവിത്രവുമായ സർവകലാശാല എന്ന ഉന്നതനിലവാരത്തിലുള്ള സ്ഥാപനത്തിന്റെ എല്ലാ ഗുണങ്ങളെയും തകർക്കുന്ന വിധത്തിലേക്ക് ആർ.എസ്.എസ്. നോമിനേറ്റ് ചെയ്ത വൈസ്-ചാൻസലർമാർ പ്രവർത്തിക്കുന്ന സന്ദർഭത്തിൽ ഈ ബില്ലിലൂടെ അത്തരം പ്രശ്നങ്ങളെ ശരിയായരീതിയിൽ നിയന്ത്രിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. സംസ്ഥാന സർവകലാശാലകളുടെ വൈസ്-ചാൻസലർമാരുൾപ്പെടെ സിൻഡിക്കേറ്റ് അംഗങ്ങളിലേക്കുള്ള നോമിനേഷനുൾപ്പെടെ സർവകലാശാലകളുടെ എല്ലാ ചട്ടങ്ങളെയും തകർത്തുകൊണ്ട് അവർ ഇടപെട്ട് മുന്നോട്ടുവരികയാണ്. ഈ പ്രശ്നങ്ങൾ ഉയർന്നുനിൽക്കുന്ന സന്ദർഭത്തിലാണ് പ്രതിപക്ഷമുൾപ്പെടെ വിദ്യാഭ്യാസ മേഖലയിലെ കാതലായ പ്രശ്നങ്ങളെ മാറ്റിനിർത്തിക്കൊണ്ട് രാഷ്ട്രീയമായ പ്രശ്നമാക്കി കേവലം രാഷ്ട്രീയ സംവാദത്തിന്റെ ഭാഗമായി ഈ പ്രശ്നത്തെ

കാണുന്നത്. ഏത് സന്ദർഭത്തിലും വിദ്യാഭ്യാസ രംഗത്ത് ഒരു പ്രശ്നംവന്നാൽ പ്രതിപക്ഷ നേതാവാണെങ്കിലും മുൻ പ്രതിപക്ഷ നേതാവാണെങ്കിലും ഇടതുപക്ഷ രാഷ്ട്രീയം ഉയർത്തി പ്രവർത്തിക്കുന്ന സംഘടനകൾക്കുനേരെ കക്ഷി രാഷ്ട്രീയത്തിന്റെ നിലവാരത്തിൽ നിന്നുകൊണ്ടുമാത്രം ഈ പ്രശ്നത്തെ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർഥി സംഘടനകളുടെ പ്രശ്നങ്ങൾ വരുമ്പോൾ സ്വാഭാവികമായും എസ്.എഫ്.ഐ.-ക്കെതിരായുള്ള ഒരു പ്രശ്നം എന്ന നിലയിലേക്ക് ഈ പ്രശ്നത്തെ കാണുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സുപ്രധാനമായി നടക്കുന്ന പ്രശ്നങ്ങളെ ലഘൂകരിച്ച് അതിന്റെ പ്രാധാന്യം മനസ്സിലാക്കി, പ്രസക്തിയെ ഉൾക്കൊണ്ടുകൊണ്ട് ആ പ്രശ്നത്തിനെതിരായി സംസാരിക്കുന്നതിനുപകരം ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഭാഗമായി പ്രവർത്തിക്കുന്ന വിദ്യാർഥി പ്രസ്ഥാനങ്ങളെ നിരോധിക്കണമെന്നും അതിന്റെ പ്രവർത്തനത്തെ ഇല്ലാതാക്കണമെന്നുമുള്ള തരത്തിൽ പ്രതിപക്ഷത്തിന്റെ ഇടപെടലുകൾ വരുന്നുവെന്നുള്ള കാര്യവും ഗൗരവത്തോടുകൂടി കാണേണ്ടതായിട്ടുണ്ട്. ഈ പ്രശ്നത്തെ എന്തുകൊണ്ട് കേരളത്തിലെ യു.ഡി.എഫ്. ഗൗരവമായി കാണുന്നില്ല? വലിയ സമരങ്ങൾ

യൂത്ത് കോൺഗ്രസ്സും കെ.എസ്.യു.-ഉം നടത്തിക്കൊണ്ടിരിക്കുന്നില്ലേ; കേരളത്തിന്റെ സർവകലാശാലകളുടെ എല്ലാവിധത്തിലുമുള്ള പുരോഗതിയെയും തകർക്കുന്ന സംഘപരിവാർ രാഷ്ട്രീയത്തിന്റെ അജണ്ടയെ സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിച്ച് ശരിയായരീതിയിൽ ഈ കാതലായ പ്രശ്നത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു സമരം നടത്താൻ ഇവിടത്തെ യു.ഡി.എഫ്.-ന്റെ ഭാഗമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികളും കെ.എസ്.യു. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകളും സന്നദ്ധമാകുന്നില്ല എന്നത് ഗൗരവതരമായ പ്രശ്നമായി ഇവിടെ ഉന്നയിക്കുകയാണ്. അതിനുപകരം കക്ഷി-രാഷ്ട്രീയ താൽപര്യത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന എസ്.എഫ്.ഐ.-ക്കെതിരായുള്ള നടപടിയാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. അതുപോലെ, ഇന്ന് രാവിലെയും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം നിഷേധിക്കുന്ന സന്ദർഭത്തിൽ വാക്കൗട്ട് പ്രസംഗത്തിനുശേഷം പ്രതിപക്ഷ നേതാവ് നടത്തിയ പത്രസമ്മേളനത്തിൽ, കേരളത്തിലെ പ്രബലമായ വിദ്യാർത്ഥി പ്രസ്ഥാനമായ എസ്.എഫ്.ഐ.

ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾക്കെതിരായി ഒരുകാരണവുമില്ലാതെ, ആധികാരികതയുടെ ഒരംശംപോലുമില്ലാതെ, ഇല്ലാത്തകാര്യങ്ങൾ ശക്തമായരീതിയിൽ അവതരിപ്പിക്കുന്ന നടപടിയാണ് അവർ സ്വീകരിച്ചത്. ഈ രീതിയെ അംഗീകരിക്കാൻ സാധിക്കില്ല; ഇത് ശരിയായ നടപടിയല്ല; ഇവിടത്തെ പ്രശ്നത്തെ എന്തുകൊണ്ട് ചൂണ്ടിക്കാണിക്കുന്നില്ല? ഇവിടെ കെ.എസ്.യു. ഉൾപ്പെടെയുള്ള സംഘടനകൾ പിരിച്ചുവിടണമെന്ന് ഞങ്ങളാരും പറയില്ല. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സംഘടനയെ പിരിച്ചുവിടലും അതോടൊപ്പംതന്നെ ഈ പ്രശ്നത്തെ വിലകുറച്ചുകാണുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്നത് കേരളത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിന് ഭൂഷണമല്ല എന്നുകൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. പി. അനിൽ കുമാർ: സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. രണ്ടാം നമ്പർ ബില്ലാണ് ഇപ്പോൾ

ചർച്ച ചെയ്യുന്നത്. ഒന്നാം നമ്പർ ബില്ലിന് സമാനമായ ബിൽ തന്നെയാണിത്. കേരളത്തിലെ യൂണിവേഴ്സിറ്റികളും കോളേജുകളും ധാരാളം പ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ എന്ത് ഉദ്ദേശത്തിലാണ് ഈയൊരു ബിൽ കൊണ്ടുവന്നത്? സംഘപരിവാറിന്റെ രാഷ്ട്രീയത്തെക്കുറിച്ചാണ് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. കെ. എം. സച്ചിൻദേവ് ഇവിടെ സൂചിപ്പിച്ചത്. സംഘപരിവാറിന്റെ രാഷ്ട്രീയത്തെ എതിർക്കാൻ നമ്മളെല്ലാപേരും ഒരുമിച്ചുനിന്നവരാണ്. ഇതുസംബന്ധിച്ച് ഈ സഭ അംഗീകരിച്ച ഉപക്ഷേപത്തിലെ ഒരു ഭാഗം ഞാൻ വായിക്കാം; "ഭരണഘടനയുടെ അന്തഃസത്തയുൾക്കൊള്ളാതെയുള്ളതും വൈസ്-ചാൻസലർ നിയമനത്തിലടക്കം സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളെ പൂർണ്ണമായും ഒഴിവാക്കുന്നതുമായ 2025-ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യത്തിനും നിരക്കാത്ത ഒന്നാണെന്നതാണ് ഈ സഭയുടെ വ്യക്തമായ അഭിപ്രായം. ഉന്നതവിദ്യാഭ്യാസ രംഗത്തെ ജനാധിപത്യ മൂല്യങ്ങൾ തകർക്കാൻ പ്രസ്തുത മേഖലയിൽ മതവർഗീയ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരെ പിടിയിലൊതുക്കാനുള്ള നീക്കങ്ങളുടെ ഭാഗമായി മാത്രമേ 2025-ലെ കരട്

യു.ജി.സി. മാനദണ്ഡങ്ങളെ കാണാൻ കഴിയൂ". ഇത് ഈ സഭയിലെ പ്രതിപക്ഷവും ഭരണപക്ഷവും ഐക്യകണ്ഠേന അംഗീകരിച്ച ഉപക്ഷേപമാണ്. സംഘപരിവാർ രാഷ്ട്രീയത്തെ എതിർക്കുന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു വിട്ടുവീഴ്ചയുമില്ല. യൂണിവേഴ്സിറ്റികളെ കാവിവൽക്കരിക്കാൻ സംഘപരിവാർ ശ്രമിക്കുമ്പോൾ അതിനെ ശക്തമായി എതിർക്കാൻ നിങ്ങളോടൊപ്പം ഞങ്ങളുമുണ്ട്, പക്ഷേ, അതിനെതിരെ ഒരുമിച്ചുനിന്ന് പോരാടുന്നതിനുപകരം നിങ്ങൾ എന്താണ് ചെയ്യുന്നത്? നിങ്ങൾ യൂണിവേഴ്സിറ്റികളെ ചുവപ്പുവൽക്കരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അവിടെയാണ് ഞങ്ങളുടെ അഭിപ്രായവ്യത്യാസം. നമുക്ക് ഒരുമിച്ചുനിന്ന് കാര്യങ്ങൾ നടത്തുന്നതിനുപകരം ബി.ജെ.പി. ഗവൺമെന്റ് എന്ത് ചെയ്യുന്നു; യു.ജി.സി. എന്ത് ചെയ്യുന്നു; അതിനെതിരായി നിങ്ങളുടേതായ കാര്യങ്ങളിൽ എന്ത് ചെയ്യാൻ കഴിയും എന്നൊക്കെയാണ് നിങ്ങൾ ആലോചിക്കുന്നത്. അങ്ങ് ധാരാളം കാരണങ്ങൾ വായിച്ചു; ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും ധാരാളം സൂചിപ്പിച്ചു. പ്രസ്തുത റിപ്പോർട്ടുകളുടെ പരിശോധനയിൽ, പ്രോ-ചാൻസലറുടെ പ്രാധാന്യം വർധിപ്പിക്കുക, പ്രോ-വൈസ്-ചാൻസലറിൽ ചില അധികാരങ്ങൾ

നിക്ഷിപ്തമാക്കുക എന്നാണ് ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത്. ഇതുകൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്നത് എന്താണ്? വകുപ്പുമന്ത്രിയെന്നുള്ളനിലയ്ക്ക് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നിങ്ങൾക്ക് അധികാരമുണ്ട്. എന്നാൽ അതിനും അപ്പുറത്തേക്ക് മന്ത്രിക്ക് അധികാരം വേണമെന്ന് പറയുകയാണ്. ഇതിനകത്ത് എന്താണോ ബി.ജെ.പി. ആഗ്രഹിക്കുന്നത്? ജനാധിപത്യമൂല്യങ്ങളെയും ഫെഡറൽ സംവിധാനത്തെയും ബി.ജെ.പി. തകർക്കുമ്പോൾ നിങ്ങൾ ജനാധിപത്യ മൂല്യങ്ങളുടെയും ഫെഡറൽ സംവിധാനത്തിന്റെയും കൂടെ യൂണിവേഴ്സിറ്റികളുടെ ഓട്ടോണമിയെയും തകർക്കുകയാണ്. മന്ത്രിക്ക് കൂടുതൽ അധികാരം വേണമെന്നുള്ളതുതന്നെയാണ് പ്രസ്തുത ഭേദഗതി ബില്ലിന്റെ ലക്ഷ്യമെന്നുള്ളത് എല്ലാപേർക്കും ബോധ്യമുള്ള കാര്യമാണ്. അതോടൊപ്പം വൈസ്-ചാൻസലറെ ബൈപ്പാസ് ചെയ്യുന്നതിന് പ്രോ-വൈസ്-ചാൻസലർക്ക് കൂടുതൽ അധികാരം നൽകണമെന്നും രജിസ്ട്രാർക്ക് കൂടുതൽ അധികാരം നൽകണമെന്നുമാണ് നിങ്ങളുടെ ആവശ്യം.

നിങ്ങൾ ഇന്ന് രാഷ്ട്രീയമായി യൂണിവേഴ്സിറ്റിയിൽ നേരിടുന്ന പ്രതിസന്ധികളെയൊക്കെ അതിജീവിക്കാൻ ഒരു ബിൽ കൊണ്ടുവരിക

എന്നുപറഞ്ഞാൽ എന്ത് അർഥമാണുള്ളത്? ഇതിൽ പറയുന്ന കാര്യങ്ങൾ വായിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു; ഒരു യൂണിവേഴ്സിറ്റിയെ എത്ര ലാഘവത്തോടുകൂടിയാണ് നിങ്ങൾ കൈകാര്യം ചെയ്യുന്നത്, ഇങ്ങനെയാണോ കേരളത്തിലെ യൂണിവേഴ്സിറ്റികളെ കാണേണ്ടത്? ഈ ബില്ലിലെ ഖണ്ഡം 2(ബി)(3)-ൽ പറയുന്നത്, "പ്രോ-ചാൻസലർക്ക് സർവകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവകലാശാല പാലിക്കേണ്ടതുമാണ്" എന്നാണ്. ഡിപ്പാർട്ടുമെന്റിൽനിന്ന് ഫയൽ വിളിച്ചുവരുത്താൻ നമുക്ക് അവകാശമുണ്ട്. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട അവകാശങ്ങളും നിലവിലുണ്ടല്ലോ; നിലവിലുള്ള ആ അവകാശങ്ങൾക്കുമപ്പുറത്തേയ്ക്ക് പോകണമെന്ന് ആഗ്രഹിക്കുന്നത് എന്തിനാണ്? ബില്ലിലെ ഖണ്ഡം 2(ബി)(4)-ൽ "പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ

ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്" എന്നാണ് പറയുന്നത്. അതോടൊപ്പം അതിലേറെ ഗൗരവമായി തോന്നിയ കാര്യമാണ് അടുത്ത് വായിക്കാൻ പോകുന്നത്. ഖണ്ഡം 2(ബി)(5)-ൽ "പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അധ്യാപനത്തെയും സർവകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്" എന്നാണ് പറയുന്നത്. അതായത് ഭരണപരമായതും സാമ്പത്തികമായതുമായ

കാര്യങ്ങളിൽ ഇടപെടാൻ കഴിയുമെന്നാണ്. സർവകലാശാലയുടെ ഓട്ടോണമിയെക്കുറിച്ചും സ്വയം വരുമാനമുണ്ടാക്കുന്നതിനെക്കുറിച്ചുമെല്ലാം നമുക്കറിയാം. അതിലെല്ലാം നമുക്ക് ഇടപെടാൻ കഴിയുന്ന സ്ഥിതിയാണ് വരുന്നത്. അതിലേറെ ഇതിൽപ്പറയുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം, ഏതെങ്കിലും കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് നിങ്ങൾക്ക് ഒരാളെ നിർദ്ദേശിക്കാമെന്നാണ്. അതുസംബന്ധിച്ച് എനിക്ക് മനസ്സിലായില്ല; ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. യൂണിവേഴ്സിറ്റിയിൽ ചെന്ന് ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിന് പ്രോ-ചാൻസലർക്ക് ഒരാളെ നിർദ്ദേശിക്കാമെന്ന് ബില്ലിൽ പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. ഈ ബിൽ തയ്യാറാക്കുമ്പോൾ ചർച്ചയെങ്കിലും ചെയ്യണ്ടേ? ഏറ്റവും കുറഞ്ഞത് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിക്ക് മുകളിലുള്ള ഒരാളെ എന്നെങ്കിലും ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതല്ലേ? ഈ ബിൽ പാസായിക്കഴിഞ്ഞാൽ അങ്ങ് ചെയ്തില്ലെങ്കിലും നാളെ വേറൊരു മന്ത്രി വന്നുകഴിഞ്ഞാൽ വേണമെങ്കിൽ നിങ്ങളുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയെപോലും യൂണിവേഴ്സിറ്റിയിൽ ഇത്തരം കാര്യങ്ങൾ അന്വേഷിക്കാൻവേണ്ടി പറഞ്ഞയക്കാനുള്ള അധികാരമാണ് ഈ ബില്ലിലൂടെ

കിട്ടുന്നത്. അങ്ങനെ ഒരു ബില്ലിൽ പറയാമോ; ആരെയെങ്കിലും പറഞ്ഞയക്കാൻ പറ്റുമോ; മന്ത്രിക്ക് അതിന് അധികാരമുണ്ടോ? യൂണിവേഴ്സിറ്റിയെപോലെയുള്ള ഒരു സ്ഥാപനത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും അവിടെ നടക്കുന്ന സാമ്പത്തികമായ കാര്യങ്ങളെക്കുറിച്ചും പരാതികളെക്കുറിച്ചും അന്വേഷിക്കുന്നതിനും ആരെ വേണമെങ്കിലും പറഞ്ഞുവിടാമെന്നാണ് പറയുന്നത്. അങ്ങനെ ഒരു ബിൽ കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ലോക്കൽ കമ്മിറ്റി സെക്രട്ടറിയേയും പറഞ്ഞുവിടാം. (മൈക്ക് ഓഫ്)……

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതെ, ഇങ്ങനെ വന്നാൽ ലോക്കൽ കമ്മിറ്റി സെക്രട്ടറിയേയും പറഞ്ഞുവിടാം.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ലോക്കൽ കമ്മിറ്റി സെക്രട്ടറി അത്ര മോശമല്ല. (മൈക്ക് ഓഫ്)…..

ശ്രീ. എ. പി. അനിൽ കുമാർ: സർ, എൽ.സി. സെക്രട്ടറി നിങ്ങൾക്ക് മോശമായിരിക്കില്ല. പക്ഷേ, യൂണിവേഴ്സിറ്റിയെപ്പോലൊരു സ്ഥാപനത്തിൽ എന്തൊക്കെ അധികാരങ്ങളാണ് അതിൽ കൊണ്ടുവരുന്നത്. ഇതൊരു

ഗൗരവകരമായ കാര്യമല്ലേ; മന്ത്രിക്ക് ഇത്രമാത്രം അധികാരം വേണോ? ഇത് യൂണിവേഴ്സിറ്റിയുടെ ഓട്ടോണമിയെ തകർക്കുകയല്ലേ? യൂണിവേഴ്സിറ്റി എന്ന് പറയുന്നതെന്താണ്; ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഒരു ഡിപ്പാർട്ടുമെന്റാണോ; ബ്രാഞ്ചോ കോർപ്പറേഷനോ ആണോ? അല്ലല്ലോ. യൂണിവേഴ്സിറ്റിക്ക് അതിന്റേതായ സ്വതന്ത്ര അധികാരമുണ്ട്, സ്വന്തമായി ഭരണപരമായ കാര്യങ്ങൾ നടത്താനുള്ള അവകാശമുണ്ട്. അങ്ങനെയുള്ള ഒരു യൂണിവേഴ്സിറ്റിയിൽ വകുപ്പുമന്ത്രി അമിത അധികാരം കൊണ്ടുവരാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞാൽ എന്ത് അർത്ഥമാണുള്ളത്. വൈസ്-ചാൻസലറുടെ അധികാരത്തെക്കുറിച്ച് ശ്രീ. കെ. എം. സച്ചിൻദേവ് ഇവിടെ പറഞ്ഞു. ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെന്നുകരുതി ഇങ്ങനെ ബൈപാസ് ചെയ്യണോ? വൈസ്-ചാൻസലർ പദവിയെ ബൈപാസ് ചെയ്തുകൊണ്ടാണോ പ്രോ-വൈസ്-ചാൻസലർക്ക് അധികാരം കൊടുക്കുന്നത്. മുൻകാലങ്ങളിൽ പ്രോ-വൈസ്-ചാൻസലറെ നിയമിച്ചിരുന്നത് ആരായിരുന്നു? ഇപ്പോൾ നിയമിക്കുന്നത് ആരാണ്; സിൻഡിക്കേറ്റാണ്. സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കുമ്പോൾ യഥാർത്ഥത്തിൽ അതൊരു പൊളിറ്റിക്കൽ

അപോയിന്റ്മെന്റ് അല്ലേ? ആ പ്രോ-വൈസ്-ചാൻസലറെ സംബന്ധിച്ചിടത്തോളം ആ സിൻഡിക്കേറ്റിനപ്പുറത്ത് കാര്യങ്ങൾ നടത്താൻ കഴിയുമോ? നിലവിലുള്ള സാഹചര്യത്തിൽനിന്ന് വ്യത്യസ്തമായി എന്തിനാണ് സിൻഡിക്കേറ്റ് നോമിനേറ്റ് ചെയ്യുന്നൊരു പ്രോ-വൈസ്-ചാൻസലറെ നിങ്ങൾ നിയമിക്കുന്നത്. ഇതിന്റെ ഉദ്ദേശ്യമെന്താണ്; ഞാൻ പറഞ്ഞല്ലോ, നല്ല ഉദ്ദേശ്യത്തോടുകൂടിയാണെങ്കിൽ നമുക്ക് എല്ലാ കാര്യങ്ങളിലും......

ഡോ. കെ. ടി. ജലീൽ: സർ, ഒന്ന് വഴങ്ങാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഒരു കാര്യം കൂടി പറഞ്ഞതിനുശേഷം വഴങ്ങാം. യഥാർത്ഥത്തിൽ നമ്മുടെ യൂണിവേഴ്സിറ്റിയുടെ സ്ഥിതിയെന്താണ്? എല്ലാം ക്ലിയറാണ്, ഒരു പ്രയാസവുമില്ല, യാതൊരു ബുദ്ധിമുട്ടുമില്ല എന്നൊക്കെയാണ് അങ്ങിവിടെ സംസാരിക്കുമ്പോൾ പറയുന്നത്. നമ്മുടെ യൂണിവേഴ്സിറ്റിയിൽ കുട്ടികൾ കുറയുന്നതിനെക്കുറിച്ച് എത്രതവണയായി ഇവിടെ പറയുന്നു; അത് യാഥാർഥ്യമല്ലേ? നമ്മുടെ കോളേജുകളിലെ പല കോഴ്സുകളിലും ഇന്ന് കുട്ടികൾ പഠിക്കാൻ വരാത്ത സാഹചര്യമാണുള്ളത്; പ്രത്യേകിച്ച് സയൻസ് കോഴ്സുകൾ. ഇന്ന് നമ്മുടെ പ്രധാനപ്പെട്ട കോളേജുകൾ

പരിശോധിച്ചാൽ ഫിസിക്സ്, മാത്സ്, കെമിസ്ട്രി എന്നീ കോഴ്സുകളിലെല്ലാം കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നകാര്യം മന്ത്രിക്ക് അറിയാവുന്നതല്ലേ; ഞാൻ പറയേണ്ടതില്ലല്ലോ. അത്തരമൊരു സാഹചര്യത്തിൽ യൂണിവേഴ്സിറ്റികളെ ശക്തിപ്പെടുത്താൻ നമുക്കെന്തുചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കുന്നതിനുപകരം നിങ്ങളെന്താണ് ചെയ്യുന്നത്? ഇത്തരം കാര്യങ്ങളാണോ ചെയ്യേണ്ടത്. എൻറോൾമെന്റ് റേറ്റ് കുറഞ്ഞുവരുന്നത് അങ്ങേക്കറിയില്ലേ. യൂണിവേഴ്സിറ്റികളിലെ അഡ്മിഷൻ കഴിഞ്ഞകാലത്ത് നൂറ് ശതമാനം ഉണ്ടായിരുന്നത് ഇപ്പോൾ 75 ശതമാനമായിയെന്ന് നമുക്കറിയാം. സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിലവിലുള്ള സയൻസ് ഗ്രൂപ്പുകൾ മാറ്റി പുതിയത് അനുവദിക്കണമെന്ന ആവശ്യവുമായി പല കോളേജുകളിൽനിന്നും ഗവൺമെന്റിലേക്ക് അപേക്ഷ വരുന്നില്ലേ? കുട്ടികളെ കിട്ടാനില്ലാത്ത സാഹചര്യം, കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു, കുട്ടികൾക്ക് യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നതിനുള്ള വിശ്വാസം കുറഞ്ഞുവരുന്നു; അപ്പോഴും റാങ്കിങ്ങും വലിയ കണക്കും വിശദീകരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇന്നലെയും സംസാരിച്ചു. ഈ യാഥാർത്ഥ്യംകൂടി കാണണ്ടേ; എന്തുകൊണ്ട് എൻറോൾമെന്റ്

റേറ്റ് കുറയുന്നു; അതുകൊണ്ട് നമ്മുടെ യൂണിവേഴ്സിറ്റികളെ ശക്തിപ്പെടുത്താനുള്ള നടപടിയെടുക്കുകയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമല്ലേ? ഇത്തരം കാര്യങ്ങളൊക്കെ ചെയ്യുന്നതിനുപകരം ഇതിന്റെ അധികാരം പിടിച്ചെടുത്ത് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നത് എങ്ങനെയെന്നതിനെക്കുറിച്ചാണ് നിങ്ങൾ ചിന്തിക്കുന്നത്. ബി.ജെ.പി. കൈകൾ പിടിച്ചും സി.പി.ഐ.(എം) കാലുകൾ പിടിച്ചും വലിച്ചുകഴിഞ്ഞാൽ ഈ കുഞ്ഞിന്റെ സ്ഥിതി എന്താകും? യൂണിവേഴ്സിറ്റി എന്ന കുഞ്ഞ് ഇല്ലാതാകും. ആ സാഹചര്യമാണ് ഉണ്ടാകുന്നത്. അതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പറയുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, ഇത്തരത്തിലുള്ളൊരു ഭേദഗതിക്ക് അനുസൃതമായ സാഹചര്യം നമ്മൾ മറന്നുപോകരുത്. ഇത് ഈ ഗവൺമെന്റിനും ഈ വിദ്യാഭ്യാസ മന്ത്രിക്കും മാത്രം ബാധകമായിട്ടുള്ള കാര്യമല്ല. യു.ഡി.എഫ്. എന്നെങ്കിലും നമ്മുടെ നാട്ടിൽ അധികാരത്തിൽ വരികയാണെന്നുണ്ടെങ്കിൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രിക്കും ബാധകമായിട്ടുള്ള കാര്യമാണ്. ഇപ്പോൾ എന്തിനാണ് ഇത്തരത്തിലുള്ളൊരു ബിൽ കൊണ്ടുവരുന്നത്? ബി.ജെ.പി., ചാൻസലറെ/ഗവർണ്ണറെ ഉപയോഗിച്ച്

നമ്മുടെ സർവകലാശാലകളെ മുഴുവൻ വരുതിയിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ആർ.എസ്.എസ്.-നോട് അനുകൂലിക്കുന്നവരെ വൈസ്-ചാൻസലർ പദവിയിലേക്ക് കൊണ്ടുവരുന്നു. സർക്കാരോ ബന്ധപ്പെട്ടവരോ രണ്ടോ-മൂന്നോ പേരുടെ പാനൽ കൊടുക്കുമ്പോൾ അതിൽനിന്ന് ഭരിക്കുന്ന സർക്കാരിന് ഏറ്റവും യോജ്യനായിട്ടുള്ളതും തൃപ്തിയുള്ളതുമായ ആളുകളെയാണ് കൊണ്ടുവരുന്നത്. ഞാനൊരു കാര്യം കൂടി പറയട്ടെ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എ. പി. അനിൽ കുമാർ അങ്ങ് പ്രസംഗിക്കുന്നുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഒരു മിനിട്ടുകൂടി. ആർ.എസ്.എസ്.വൽക്കരണത്തെ ഞങ്ങൾ ഒരിക്കലും പ്രോത്സാഹിപ്പിക്കില്ല. കാരണം, കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് നിങ്ങൾ നിയമിച്ച രണ്ട് വൈസ്-ചാൻസലർമാർ ഇന്ന് ബി.ജെ.പി.-ക്കാരാണ്; അവരുടെ സ്ഥാനാർത്ഥികളാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. അബ്ദുൾ സലാം. ഓർമയില്ലേ അബ്ദുൾ സലാമിനെ; അദ്ദേഹമിപ്പോൾ എവിടെയാണ്? അതുപോലെ, ശ്രീ. രാധാകൃഷ്ണൻ ഇപ്പോൾ എവിടെയാണ്?

കമ്മ്യൂണിസ്റ്റ്‌വൽക്കരണത്തെയും കാവിവൽക്കരണത്തെയുംകുറിച്ച് നിങ്ങൾ പറഞ്ഞു. ഏതാണ് കൂടുതൽ അപകടകരം; കമ്മ്യൂണിസ്റ്റ് സർക്കാർ നിയോഗിച്ച ഏതെങ്കിലുമൊരു വൈസ്-ചാൻസലർ ബി.ജെ.പി.-യിൽ ചേർന്നിട്ടുണ്ടോ; കാവി പുതച്ചിട്ടുണ്ടോ? പ്രൊഫ. അബ്ദുൾ സലാം ചെയ്തില്ലേ? .....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങൾ ബഹളമുണ്ടാക്കുന്നതെന്തിനാണ്? ശ്രീ. എ. പി. അനിൽ കുമാറാണ് സംസാരിച്ചുകൊണ്ടിരുന്നത്. അദ്ദേഹമല്ലേ വഴങ്ങിയത്. നമുക്ക് ഇനിയും രണ്ട് ബില്ലുകൂടിയുണ്ട്. അങ്ങ് ചുരുക്കി സംസാരിക്കൂ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അദ്ദേഹം ഒരു പ്രസംഗമാണ് നടത്തിയത്, ചോദ്യമല്ല. ആർ.എസ്.എസ്.വൽക്കരണത്തിനെതിരെ എല്ലാ ശക്തിയുമെടുത്ത് ഞങ്ങൾ എതിർക്കാറുണ്ടെന്ന് ഞാൻ ആമുഖമായി പറഞ്ഞല്ലോ. അതുകൊണ്ടാണല്ലോ ഈ ഉപക്ഷേപത്തിനൊപ്പം ചേർന്നത്. പക്ഷേ, ഒരു കാര്യം ഉറപ്പാണ്; കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ കാവിവൽക്കരണവും അതുപോലെ ചുവപ്പുവൽക്കരണവുമല്ല വിദ്യാഭ്യാസവൽക്കരണമാണ് വേണ്ടത്; അതാണ് ഞങ്ങളുടെ അഭിപ്രായം. വിദ്യാഭ്യാസവൽക്കരണത്തിനുപകരം ഒരു

വിഭാഗക്കാർ കാവിവൽക്കരണം നടത്തുന്നു; മറുഭാഗത്തുള്ളവർ ചുവപ്പുവൽക്കരണം നടത്തുന്നു. ഇതിന് പരിഹാരമിതാണോ? ഇത് ആർ.എസ്.എസ്. സംഘപരിവാർ ചെയ്യുന്ന വിദ്യാഭ്യാസ മേഖലയിലെ കടന്നുകയറ്റത്തിനുള്ള പരിഹാരമല്ല; നിങ്ങളുടെ തെറ്റായ ധാരണയാണ്.

രജിസ്ട്രാറുടെ അധികാരത്തെക്കുറിച്ച് നമുക്കറിയാം; കഴിഞ്ഞ കാലങ്ങളിൽ ഇലക്ഷൻ നടത്താനുള്ള അധികാരം വൈസ്-ചാൻസലർക്ക് നേരിട്ട് ആയിരുന്നു. ഇപ്പോൾ സിൻഡിക്കേറ്റ് ഇലക്ഷൻപോലും നടത്താനുള്ള അധികാരം രജിസ്ട്രാർക്ക് കൊടുത്തിരിക്കുകയാണ്. മറ്റെല്ലാ ഇലക്ഷനും രജിസ്ട്രാറാണ് നടത്തുന്നത്. ഈ രീതിയിൽ നിങ്ങൾക്കൊരു ഉദ്ദേശ്യമുണ്ട്. നിങ്ങൾ കുട്ടികളുടെ കാര്യം, ഗവേഷണ കൗൺസിൽ എന്നൊക്കെ ബില്ലിൽ പറയുന്നുണ്ട്. എന്നാൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ, യഥാർത്ഥത്തിൽ മന്ത്രിയുടെ അധികാരങ്ങൾ, ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലേക്ക് യൂണിവേഴ്സിറ്റികളെ കൊണ്ടുവന്ന് ഏതുസമയവും ഫയൽ വിളിച്ചുവരുത്താവുന്ന ആരെവിട്ടും അന്വേഷിക്കാവുന്ന ഏതുരീതിയിലുള്ള ഇടപെടലും നടത്താവുന്ന സ്ഥിതിയാണ് വരുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ ബില്ലിൽ ഞങ്ങൾ എതിർക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, പ്രോ-ചാൻസലറായ വകുപ്പുമന്ത്രിക്ക് അക്കാദമിക് കാര്യങ്ങളിലിടപെടാനുള്ള അവകാശം കൊടുത്തിരിക്കുകയാണ് എന്നതാണ്. മാത്രമല്ല, സർവകലാശാലയുടെ വിശദീകരണം ഏതുകാര്യത്തിലും ആവശ്യപ്പെടാനും ആ വിശദീകരണം കേട്ട് പ്രോ-ചാൻസലറായ മന്ത്രി കൊടുക്കുന്ന നിർദേശങ്ങൾ നടപ്പിലാക്കാൻ യൂണിവേഴ്സിറ്റിക്ക് ബാധ്യതയുള്ള പ്രൊവിഷൻ വയ്ക്കുന്നത് എന്തിനാണ്? നിങ്ങൾക്ക് ഡിക്ലയർ ചെയ്താൽ പോരെ; അതായത്, സർവകലാശാല എന്ന് പറയുന്ന സ്ഥാപനങ്ങൾ അതിന്റെ എല്ലാ ഓട്ടോണമിയും മാറ്റിവച്ച് സംസ്ഥാന സർക്കാരിന്റെ ഡിപ്പാർട്ടുമെന്റാക്കി മാറ്റിയിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചാൽ മതി. അതിന് തത്തുല്യമായ ഭേദഗതികൾ കൊണ്ടുവന്ന് വർഷങ്ങളായി/ദശകങ്ങളായി കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സർവകലാശാലകളെ മുഴുവൻ സർക്കാരിന്റെ ഡിപ്പാർട്ടുമെന്റുകളാക്കി അധഃപതിക്കാനുള്ള വ്യവസ്ഥകളല്ലേ ഈ ഭേദഗതി ബില്ലിലൂടെ വന്നിരിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണിത്. യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ഇത്തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവരാൻ പാടില്ല. മന്ത്രിക്ക് മന്ത്രിയുടേതായ അധികാരങ്ങളുണ്ട്. യൂണിവേഴ്സിറ്റിയുടെ അധികാരങ്ങൾ കവർന്നെടുക്കുന്നത് മന്ത്രിക്കും യൂണിവേഴ്സിറ്റിക്കും ഗുണകരമല്ല. ഞങ്ങൾ അതിനെയാണ് എതിർക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങ് വഴങ്ങുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: നമുക്ക് അങ്ങനെ സമയം നൽകാൻ കഴിയില്ല. കഴിഞ്ഞ ദിവസം ഒരു മന്ത്രി മറുപടി പറഞ്ഞപ്പോൾ നിങ്ങൾ സമയംപോയിയെന്ന് പറഞ്ഞ് സഭ ബഹിഷ്കരിച്ചവരാണ്. ഒരു ബില്ലുകൂടി പരിഗണിക്കേണ്ടതിനാൽ നമുക്ക് കൃത്യസമയം പാലിക്കേണ്ടതുണ്ട്. നിങ്ങൾ ഇത്തരം സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ശ്രീ. എ. പി. അനിൽകുമാർ സംസാരിക്കൂ; അങ്ങനെ സമയം നൽകാൻ സാധിക്കില്ല. സഭയിൽ നമ്മൾ പരസ്പരം അംഗീകരിച്ച് മുന്നോട്ടുപോകുന്നവരാണ്. നിങ്ങൾ മാത്രം അങ്ങനെ സമീപനം സ്വീകരിക്കുന്നത് ശരിയല്ല. അങ്ങനെയാണെങ്കിൽ സഭ

തീരുന്നതുവരെ നിങ്ങൾ ഇവിടെ ക്ഷമയോടെ ഇരിക്കണം. നിങ്ങളുടെ സമീപനം ശരിയല്ല. ഇപ്പോൾ കൂടി അനുവദിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ മന്ത്രിയല്ലെങ്കിൽ നാളെ വേറെയൊരു മന്ത്രി വന്ന് പുതിയ തീരുമാനങ്ങളെടുക്കുമ്പോൾ അത് നിങ്ങൾക്കും ബാധകമല്ലേയെന്നാണ് ഡോ. കെ. ടി. ജലീൽ ചോദിച്ചത്. നമ്മൾ അടുത്തകാലത്തുതന്നെ അധികാരത്തിൽ വരുമെന്ന ഡോ. കെ. ടി. ജലീലിന്റെ കൃത്യമായ മറുപടിയിൽ സന്തോഷമുണ്ട്. ഒരൊറ്റകാര്യമാണ് എനിക്ക് പറയാനുള്ളത്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ യൂണിവേഴ്സിറ്റിയിൽനിന്ന് അനുചിതമായ ഉത്തരവ് വരികയും ആ ഫയൽ വിളിച്ചുവരുത്തി അത് പരിശോധിക്കണമെന്ന് പറഞ്ഞതിനെ എൽ.ഡി.എഫ്.-ലെ അംഗങ്ങളും അധ്യാപക സംഘടനകളും കൃത്യമായും വളരെ ശക്തമായും എതിർത്തിട്ടുമുണ്ട്. വളരെ വലിയ സമരമാണ് അന്ന് നടത്തിയത്. അന്ന് ബഹുമാന്യനായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും കെ. കരുണാകരനും എടുത്ത നിലപാടാണ് യൂണിവേഴ്സിയുടെ അധികാരത്തിൽ

മന്ത്രിക്ക് അധികാരം നൽകാൻ പാടില്ലെന്നുള്ളതാണ്; യൂണിവേഴ്സിറ്റിയുടെ അധികാരത്തിൽ കൈകടത്തേണ്ടതില്ലെന്നാണ്. ബഹുമാന്യനായ ശ്രീ. എ. പി. അനിൽകുമാർ പറഞ്ഞതുപോലെ, വിദ്യാഭ്യാസ നയം ഉദാരവൽക്കരണമാണ് ആഗ്രഹിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാൻ ഇനി എത്ര സമയമാണ് ആവശ്യമായി വരുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അഞ്ച് മിനിട്ട്. ഡിമാന്റ് ഡിസ്കഷൻ സഭയിൽ നടക്കുമ്പോൾ സമയ പരിമിധിയുണ്ട്. മുൻകാലങ്ങളിലെ കീഴ്വഴക്കമനുസരിച്ച് സ്വാഭാവികമായും ബില്ലിലെ ചർച്ചകൾ നടക്കുമ്പോൾ ഇരുപത്തിയഞ്ചും മുപ്പതും മുപ്പത്തിയഞ്ചും മിനിട്ടാണ് സംസാരിക്കുന്നത്. ഇവിടെ സമയത്തിന്റെ പരിമിധി എല്ലാവർക്കും ബോധ്യമുള്ളതുകൊണ്ടാണ് ചെയർ അങ്ങനെയൊരു തീരുമാനമെടുക്കുമ്പോൾ ഞങ്ങൾ അംഗീകരിക്കുന്നത്. ഞങ്ങൾ ബഹിഷ്കരിച്ച് പോയതിനെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. ഇന്നലത്തെ ഡിമാന്റ് ഡിസ്കഷന് 40 മിനിട്ടാണ് അനുവദിച്ചതെങ്കിൽ രണ്ടേകാൽ മണിക്കൂറാണ് മന്ത്രിമാർ മറുപടി പറഞ്ഞത്. അംഗങ്ങൾക്ക്

ഒരുമിനിട്ടുപോലും അധികമായി നൽകിയില്ല. പ്രതിപക്ഷനേതാവിനുപോലും രണ്ട് മിനിട്ട് സമയം കൊടുക്കാൻ ചെയർ തയ്യാറായില്ല. അതുകൊണ്ട് ഞാൻ നേരത്തെ പറഞ്ഞതുപോലെ എല്ലാവരുടെയും അവകാശങ്ങൾ ഒരുപോലെ പാലിക്കേണ്ട ഉത്തരവാദിത്വം ചെയറിനുണ്ടെന്ന് അങ്ങയോട് ഞാൻ സൂചിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം തന്നെയാണ് ഞാനും പറഞ്ഞത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞ ഒരു കാര്യം വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിങ്ങൾ ചെറിയ രീതിയിലുള്ള ഇടപെടലുകൾ നടത്തുമ്പോൾപോലും എതിർത്ത ആളുകളാണ്. എന്തൊക്കെ കാര്യങ്ങളെയാണോ നിങ്ങൾ എതിർത്തിട്ടുള്ളത് ആ കാര്യങ്ങളെല്ലാം അംഗീകരിച്ച് മുന്നോട്ടുപോകുകയെന്നുള്ളതാണ് ഇപ്പോൾ നിങ്ങളുടെ നയം. യു.ഡി.എഫ്. ഭരണകാലത്ത് ഓട്ടോണമസ് പദവി കേരളത്തിലെ കോളേജുകൾക്ക് നൽകാൻ തീരുമാനിച്ചപ്പോൾ എതിർത്തവരാണ് നിങ്ങൾ. ഇവർ അധികാരത്തിൽ വന്നപ്പോൾതന്നെ ഓട്ടോണമസ് കോളേജ് അനുവദിച്ചു. അതാണ് അവരുടെ നിലപാട്. നിങ്ങൾ

ഏത് കാര്യത്തെയും എതിർക്കുകയാണ് ചെയ്യുന്നത്. നമ്മളെ സമ്പന്ധിച്ചടത്തോളം ആ നിലപാടല്ല സ്വീകരിക്കുന്നത്. യൂണിവേഴ്സിറ്റികൾ നന്നായി പ്രവർത്തികണമെന്നാണ് ഞങ്ങളുടെ നിലപാട്. യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് വലിയ പ്രതിസന്ധിയുണ്ട്. കുട്ടികൾ ഇന്ന് മറ്റ് പല സ്ഥലങ്ങളിലേക്കും പഠനത്തിനായി പോകുന്നുണ്ട്. നമ്മുടെ സർവകലാശാലകളിൽ വിദ്യാർഥികളുടെ എണ്ണം കുറഞ്ഞുവരുന്നു. നിലവിലെ കോഴ്സുകൾ പഠിക്കാൻ വിദ്യാർഥികളില്ല. യൂണിവേഴ്സിറ്റികൾ നമുക്ക് എങ്ങനെ സ്ട്രെങ്ത്തൻചെയ്യാൻ സാധിക്കും? അതിനായി ആലോചിച്ച് തീരുമാനമെടുത്ത് പിന്തുണച്ചുകൊണ്ട് മുന്നോട്ടുപോകണം. വിദേശ സർവകലാശാല കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിച്ച സമയത്ത്..... ഞങ്ങൾ ഇവിടെ നിയമം കൊണ്ടുവന്നുവെന്ന് ചില അംഗങ്ങൾ പറഞ്ഞു. ഞങ്ങൾ നിയമമൊന്നും കൊണ്ടുവന്നില്ല. ഞങ്ങളുടെ റിപ്പോർട്ടാണ് അതിന്റെപേരിൽ വന്നത്. സർവകലാശാല കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ഒരു കോൺഫറൻസാണ് മാത്രമേ ഞങ്ങൾ നടത്തിയിട്ടുള്ളു. അന്ന് ഞങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ഒരു ആശയമുണ്ടായിരുന്നു. അന്ന് മുഴുവൻ എയ്ഡ് കോളേജുകളിലുമായി

കുട്ടികൾക്ക് പഠിക്കാൻ സീറ്റ് ലഭിക്കാത്ത സാഹചര്യമുണ്ടായിരുന്നു. ഇന്ന് ചിത്രം മാറിയിരിക്കുകയാണ്. ഇന്ന് വദേശ സർവകലാശാലകൾ നിങ്ങൾ കൊണ്ടുവരികയാണ് ചെയ്തത്. സ്വകാര്യ സർവകലാശാലയെയും സെൽഫ് ഫൈനാൻസിങ് സർവകലാശാലയേയും ഏറ്റവും ശക്തമായി എതിർത്തവരാണ് നിങ്ങൾ. ഇന്ന് നിങ്ങൾക്ക് അതൊക്കെ ആവശ്യമായി വന്നിരിക്കുകയാണ്. ശ്രീ. പി. രാജീവ് ഇപ്പോൾ സഭയിലില്ല. അദ്ദേഹം പറഞ്ഞ ഒരു കാര്യത്തിന് മറുപടി പറയുകയാണ്. സ്വകാര്യ സർവകലാശാലകളെയും സെൽഫ് ഫൈനാൻസിങ് കോളേജുകളെയും നിങ്ങൾ എതിർത്തിട്ടില്ലെന്ന് ശ്രീ. പി. രാജീവ് ഇവിടെ പറഞ്ഞു. പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സമരത്തിൽ കൂത്തുപറമ്പ് വെടിവയ്പ്പുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞപ്പോൾ ശ്രീ. പി. രാജീവ് പറഞ്ഞ ഒരു മറുപടി എന്നെ അത്ഭുതപ്പെടുത്തി. അദ്ദേഹം പറഞ്ഞത്, അത് സ്വകാര്യ വിദ്യാഭ്യാസ മേഖലയ്ക്കോ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ എതിരായിട്ടുള്ള സമരമായിരുന്നില്ലെന്നും കെ. കരുണാകരനും എം. വി. രാഘവനും വ്യക്തിപരമായ ചില അജണ്ടകൾ നടപ്പാക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയുള്ള സമരമായിരുന്നുവെന്നുമാണ്. സ്വകാര്യ

വിദ്യാഭ്യാസ മേഖലയ്ക്കും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എതിരെയുള്ള സമരമല്ല അദ്ദേഹം നടത്തിയതെന്ന് പറഞ്ഞു. ആ സംഭവം നടക്കുമ്പോൾ ഞാൻ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ഭാരവാഹിയായിരുന്നു. പക്ഷെ ആ സമരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്വാശ്രയ കോളേജുകൾക്കുമെതിരെയാണ് നടത്തിയതെന്ന് എന്റെ മനസ്സിൽ നല്ല ഓർമ്മയുണ്ട്. എന്നാൽ ശ്രീ. പി. രാജീവിനെ പോലെ ഒരാൾ ഈ സഭയിൽ അത് പറയുമ്പോൾ, പാർട്ടി ക്ലാസുകളിൽ അദ്ദേഹം പറയുന്ന എല്ലാ കാര്യങ്ങളും വെള്ളംക്കൂട്ടാതെ വിഴുങ്ങുന്ന അളുകളെ പോലുള്ളവരല്ല പ്രതിപക്ഷത്തിരിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കണ്ടേ? എന്നിട്ടും അദ്ദേഹം പറഞ്ഞപ്പോൾ എനിക്കും സംശയമായി. എല്ലാകാര്യങ്ങളും എത്ര മനോഹരമായി പറയാൻ കഴിയുമെന്നത് അദ്ദേഹത്തിനും എനിക്കും ബോധ്യമുണ്ട്. അതുകൊണ്ട് ഞാൻ അന്നത്തെ വെടിവയ്പ്പ് നടന്നതിന്റെ അടുത്ത ദിവസത്തെ ദേശാഭിമാനി പത്രമെടുത്തു. അതാണല്ലോ ഏറ്റവും പ്രധാനപ്പെട്ടത്. ആ പത്രത്തിൽ വളരെ വ്യക്തമായി പറയുന്നത് 'കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലെ അഴിമതി - വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ

വൽക്കരണത്തിൽ പ്രതിഷേധിച്ചാണ് രാഘവനെതിരെ കരിങ്കൊടി കാട്ടിയത്. വിദ്യാഭ്യാസം വിറ്റ് കാശ് മാറുന്ന കരുണാകര ഭരണത്തിനെതിരെ വ്യാപകമായ പ്രക്ഷോഭസമരങ്ങളാണ് കഴിഞ്ഞ ഒരു മാസമായി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. വിദ്യാർഥികൾ മാത്രമല്ല കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് താൽപര്യവും ഉൽകണ്ഠയുമുള്ള മുഴുവൻ ആളുകളും സർക്കാരിന്റെ വിദ്യാഭ്യാസക്കച്ചവടത്തിനെതിരെ സമര രംഗത്താണ്", എന്നാണ്. അതുമായി ബന്ധപ്പെട്ട സമരമാണ് അന്ന് നടന്നത്. ഇപ്പോൾ 25 കോടി രൂപയും 10 ഏക്കറും ലഭിച്ചാൽ നിങ്ങൾക്ക് എന്തും തുടങ്ങാം. 25 കോടി രൂപയും 10 ഏക്കറും ലഭിച്ചാൽ ആർക്കും യൂണിവേഴ്സിറ്റി വരെ ആരംഭിക്കാം. അതിന്റെ ക്വാളിറ്റിയോ നിലവാരമോ ഒന്നും നോക്കേണ്ട കാര്യമില്ല. (....ബഹളം...)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...... പ്ലീസ്.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ആ സമരം അങ്ങനെ നടത്തി അഞ്ചാറ് ആളുകൾ രക്തസാക്ഷികളായിട്ട് ഇപ്പോൾ നിങ്ങൾ പറയുന്നു, നിങ്ങൾ അന്ന് സമരം നടത്തിയത് അതുമായി ബന്ധപ്പെട്ട കാര്യത്തിനല്ലായെന്ന്. ഞാൻ കൂടുതൽ പറയുന്നില്ല. (....ബഹളം...) ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ

സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ രംഗത്ത് അവർ നിലവിലുള്ള യൂണിവേഴ്സിറ്റികളെപ്പോലും പൂർണ്ണമായി തകർക്കുന്ന രീതിയിലുള്ള നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുള്ളത്. (....ബഹളം...) ഈ നിയമം പാസ്സായി കഴിഞ്ഞാൽ ഞാൻ പറഞ്ഞതുപോലെ ഇവിടെ യൂണിവേഴ്സിറ്റിയുടെ ഓട്ടോണമി തകരും , അവിടത്തെ ജനാധിപത്യം തകരും അവിടെ നടക്കുന്ന എല്ലാ കാര്യങ്ങളും....., കോടിക്കണക്കിന് രൂപ അവർ സ്വന്തമായി നേടുന്നുണ്ടെന്ന് നമുക്കറിയാം. യൂണിവേഴ്സിറ്റികളാകെ സ്വന്തമായി ഇൻകം ജനറേറ്റ് ചെയ്യുന്ന വിഭാഗമാണ്. അതിനുള്ളിലെ സാമ്പത്തിക ഇടപാടുകളിൽപോലും ഗവൺമെന്റിന് ഇടപെടാൻ കഴിയും. അങ്ങനെ എല്ലാ രീതിയിലും ഇന്ന് തകർന്നുകൊണ്ടിരിക്കുന്ന, പ്രയാസപ്പെട്ടുക്കൊണ്ടിരിക്കുന്ന നമ്മുടെ യൂണിവേഴ്സിറ്റികളുടെ പതനം പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു ബില്ലായി മാത്രമെ ഇതിനെ കാണാൻ കഴിയുകയുള്ളൂവെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, ഇക്കാര്യത്തിൽ മാസങ്ങൾക്കുശേഷം ഗവേഷണം നടത്തി ഒരു പ്രതികരണം നടത്തിയ ബഹുമാനന്യനായ അംഗത്തിന്റെ

ഗവേഷണ ചാതുരിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ വിഷയം പലതവണ ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് അന്ന് ഞാൻ എന്താണ് പറഞ്ഞതെന്ന് ഓർമ്മയിൽനിന്നും എടുക്കാം. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനും സഹകരണ വകുപ്പുമന്ത്രിയായിരുന്ന എം. വി. രാഘവനും പ്രൈവറ്റ് സ്റ്റാറ്റസിൽ എടുത്ത് ഒരു സൊസൈറ്റി രൂപീകരിച്ചു. ആ സൊസൈറ്റിയിലേക്ക് ഈ സ്വത്തുക്കളാകെ കൈമാറാനുള്ള തീരുമാനമെടുത്തു. ആ തീരുമാനം നടപ്പാക്കുന്നതിന്റെ ഭാഗമായി അവിടെ വന്നപ്പോഴുണ്ടായ പ്രതിഷേധമാണ് പ്രധാനമായും അന്ന് നടന്നത്. ആ സമയം സ്വാശ്രയ വിദ്യാഭ്യാസ മേഖലയ്ക്കെതിരെ സമരം വേറെ നടക്കുന്നുണ്ടായിരുന്നു. അതാണ് ഞാൻ പരാമർശിച്ചത്. അതിൽ ഞാൻ പറഞ്ഞതിന്റെ ആദ്യ ഭാഗം ഒഴിവാക്കിയിട്ടുള്ള ഭാഗമാണ് ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത്. അന്നത്തെ ദേശാഭിമാനി പത്രത്തിൽ അങ്ങ് വായിച്ച പേജിനകത്തുള്ള വിവരങ്ങൾ ഉൾപ്പെടെ വേണമെങ്കിൽ ഞാൻ നൽകാം. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് അന്ന് പറഞ്ഞതാണ് ശരി. അദ്ദേഹം പറഞ്ഞത്, ഞങ്ങളായിരുന്നുവെങ്കിൽ നേരത്തെ പറഞ്ഞതാണ്

സ്വകാര്യവൽക്കരണം. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, വിദ്യാഭ്യാസത്തിനുവേണ്ടി നിങ്ങൾ ഇത്രയും പണം മുടക്കുകയാണല്ലോ ഞങ്ങൾ അന്ന് പറഞ്ഞത് കേട്ടിരുന്നെങ്കിൽ അത് വേണ്ടിയിരുന്നില്ല, സ്വകാര്യ മൂലധനം നിങ്ങൾക്ക് ഉപയോഗിക്കാമായിരുന്നുവെന്ന് അങ്ങ് പറയുകയുണ്ടായി. അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ഞങ്ങൾ ചെയ്യുന്നത് പൊതു വിദ്യാഭ്യാസത്തിനാവശ്യമായ പരമാവധി ഫണ്ട് വർധിപ്പിക്കുകയും അതോടൊപ്പംതന്നെ സ്വകാര്യ മൂലധന സാധ്യതകൾ ഉപയോഗപ്പെടുത്തുകയുമാണ്. അതാണ് നിങ്ങളുടെ നയവും ഞങ്ങളുടെ നയവും തമ്മിലുള്ള വ്യത്യാസം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഈ ബില്ലിൽ എന്താവശ്യമാണുള്ളതെന്ന് ശ്രീ. എ. പി. അനിൽകുമാർ എം.എൽ.എ. ചോദിക്കുകയുണ്ടായി. അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെയും ശക്തമായ മുന്നേറ്റങ്ങളിലൂടെയും കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖല നീങ്ങിക്കൊണ്ടിരിക്കുന്നത് സംബന്ധിച്ച കാര്യങ്ങളെല്ലാം ഇന്നലെ ഞാൻ വിശദീകരിച്ചതാണ്. സമഗ്രവും സമൂലവുമായ പരിവർത്തനങ്ങൾ ആവശ്യമുള്ള

ഒരു ഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇത് വിവരവിസ്ഫോടനത്തിന്റെ യുഗമാണ്. ആ വിജ്ഞാനവിസ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ഓരോ നിമിഷവും വൈജ്ഞാനിക മേഖലകളിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ അതിനനുസരിച്ച് സർവ്വകലാശാലകളും മാറേണ്ടതുണ്ട്. പതിറ്റാണ്ടുകൾക്കുമുമ്പ് എഴുതിവയ്ക്കപ്പെട്ട നിയമങ്ങളെ ആധാരമാക്കി പ്രവർത്തിക്കേണ്ടവയല്ല ഇന്നത്തെ യൂണിവേഴ്സിറ്റികൾ. ഇന്റർനെറ്റ് ഉപയോഗിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനങ്ങളിലൂടെ ക്രെഡിറ്റ് ആർജിക്കാൻ വിദ്യാർഥികൾക്ക് കഴിയുന്നൊരു കാലത്ത് അതിനനുസൃതമായ മാറ്റങ്ങൾ നമ്മുടെ സർവകലാശാല നിയമങ്ങളിലുണ്ടാകേണ്ടതുണ്ട്. നിങ്ങൾ കേന്ദ്രീകരിക്കുന്നത് മുഴുവൻ പ്രോ-ചാൻസലറുടെ അധികാരങ്ങളുടെ ഭാഗത്താണ്. അത് ഈ നിയമത്തിലെ വളരെ ചെറിയൊരു ഭാഗം മാത്രമാണ്. ഇത്രയും പേജുകളുള്ള ഈ നിയമത്തിനകത്ത് വെറും അരപ്പേജ് മാത്രമേ പ്രോ-ചാൻസലറെ സംബന്ധിച്ച് വരുന്നുള്ളൂ. നിങ്ങൾ വേറൊരു ഭാഗവും വായിക്കാതെ ആ ഭാഗം വായിച്ചുകൊണ്ട് അഭിപ്രായം പറയുകയാണ്. Internal Quality Assurance

Cell (IQAC), Research Parks, Section 8 Company എന്നു തുടങ്ങി നൂതനസംവിധാനങ്ങൾ നമ്മുടെ സർവകലാശാലകളിലും കോളേജുകളിലും വരുമ്പോൾ അതിനനുസൃതമായുള്ള മാറ്റങ്ങൾ നിയമങ്ങളിലും വേണ്ടേ? കല്പാന്ത കാലത്തോളം ഡോ. ആർ. ബിന്ദു അല്ല ഇവിടെ ഉന്നതവിദ്യാഭ്യാസ മന്ത്രിയായി ഇരിക്കുക. എല്ലാക്കാലവും ഒരേ കക്ഷിതന്നെയാണ് ഇവിടെ ഭരിക്കുകയെന്ന് നമുക്ക് പറയാൻ കഴിയില്ല. വളരെ സബ്ജക്ടീവായി വർത്തമാനം പറയേണ്ട വേദിയല്ലിത്. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, താങ്കളൊരു ചെറുപ്പക്കാരനായതിനാലും താങ്കൾക്ക് ഈ വിഷയങ്ങളെക്കുറിച്ച് അറിയാത്തതിനാലും, ഇതൊരു ഒബ്ജക്ടീവായി സംസാരിക്കേണ്ട സഭയാണെന്ന് ഓർമ്മിപ്പിക്കുകയാണ്.

മതവർഗ്ഗീയതയുമായി ബന്ധപ്പെട്ട് യു.ജി.സി. റെഗുലേഷനുകൾ സർവകലാശാലകളെ എങ്ങനെയാണ് സാഫ്രോണൈസേഷൻ ചെയ്യാനുപയോഗിക്കുന്നത് എന്നതുസംബന്ധിച്ച് ഉത്തമമായ ബോധ്യമുണ്ടെന്ന് ശ്രീ. എ. പി. അനിൽകുമാറിന്റെ സംസാരത്തിലൂടെ വ്യക്തമായതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രോ-ചാൻസലറിന്റെ

അവകാശങ്ങൾ നിലവിൽ പ്രോ-ചാൻസലർക്കുള്ളതായ അധികാരങ്ങൾ തന്നെയാണെന്ന് ഞാൻ വളരെ വ്യക്തമായി പറയുകയാണ്. പക്ഷേ സർവകലാശാല നിയമങ്ങളിൽ അതിനെ സംബന്ധിച്ച് നേരത്തേ വ്യക്തതവരുത്തിയിരുന്നില്ല എന്നുമാത്രമേയുള്ളൂ. ഇപ്പോൾ ഉള്ളതിൽനിന്നും കൂടുതലായി യാതൊരു അധികാരങ്ങളും ഇതിന്റെ ഭാഗമായി പ്രോ-ചാൻസലർക്ക് ലഭിക്കില്ലെന്ന് ഈ നിയമം പരിശോധിച്ചാൽ മനസ്സിലാകും.

പക്ഷേ, പുതിയ സാഹചര്യത്തിൽ, അഖിലേന്ത്യാതലത്തിൽ യു.ജി.സി.-യെ ഉപയോഗിച്ച് വലിയ രീതിയിലുള്ള കേന്ദ്രീകരണ പരിശ്രമങ്ങൾ നടത്തി ഫണ്ട് ചെലവാക്കുകയും, യൂണിവേഴ്സിറ്റികളുടെ സൂപ്പർവിഷൻ നടത്തുകയും ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകൾക്ക് സർവകലാശാലയിൽ അയിത്തം കൽപ്പിക്കുന്നരീതി തുടരുന്നതിനാലുമാണ് അക്കാര്യത്തിൽ കൃത്യത വരുത്തുന്ന നിലയിൽ ചില മാറ്റങ്ങൾ ഇതിനകത്ത് കൊണ്ടുവരേണ്ടിവന്നത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ ബില്ലിന്റെ കേന്ദ്ര വിഷയം വിശദീകരിച്ചുകഴിഞ്ഞിട്ടും അദ്ദേഹത്തിന് പല കാര്യങ്ങളിലും തെറ്റിദ്ധാരണയുണ്ടെന്ന് ഞാൻ

മനസ്സിലാക്കുന്നു. പ്രോ-വൈസ് ചാൻസലറുടെ നിയമനം സംബന്ധിച്ച് വന്നിട്ടുള്ള മാറ്റം യു.ജി.സി. റെഗുലേഷന് അനുസൃതമായിട്ടുള്ള മാറ്റമാണ്. യു.ജി.സി. നിർദ്ദേശിക്കുന്ന രീതിയാണ് വൈസ് ചാൻസലറുടെ ശിപാർശയിൽ സിൻഡിക്കേറ്റ് നിയമിക്കണമെന്നുള്ളത്. ഇപ്പോഴും പല ചുമതലകളുടെയും നിയമനാധികാരി സിൻഡിക്കേറ്റാണ്.

തിരഞ്ഞെടുപ്പ് നടത്താൻ ചുമതലയുള്ളയാൾ രജിസ്ട്രാറാണെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട അംഗം സംസാരിച്ചു. നിലവിലെ ചട്ടങ്ങളനുസരിച്ചും രജിസ്ട്രാർ തന്നെയാണ് വരണാധികാരി. തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിക്കുകയാണ് വൈസ് ചാൻസലർ ചെയ്യുന്നത്. വിവിധ സർവകലാശാല ബോഡികളിലേക്ക് നടത്തുന്ന തിരഞ്ഞെടുപ്പിൽ വൈസ് ചാൻസലർക്ക് വോട്ടവകാശമുണ്ട്. അപ്പോൾ അദ്ദേഹമാണോ വരണാധികാരിയാകേണ്ടത്? നിലവിൽ തിരഞ്ഞെടുപ്പുകളുടെ വരണാധികാരിയായി സർവകലാശാലകളിൽ പ്രവർത്തിക്കുന്നത് രജിസ്ട്രാർ തന്നെയാണ്. മുമ്പ് സർവകലാശാല ബോഡികളിലൊക്കെ പ്രവർത്തിച്ച അനുഭവം മെമ്പർക്കുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു.

വൈസ് ചാൻസലറെ ബൈപ്പാസ് ചെയ്യുന്നതിനോ അവകാശങ്ങൾ എടുത്തുമാറ്റപ്പെടുന്ന രീതിയിലുള്ള കാര്യങ്ങളോ ഈ ബില്ലിനകത്തില്ല. ഒരേയൊരു കാര്യം മാത്രമേ ഇക്കാര്യത്തിലുള്ളൂ; ഏതെങ്കിലും സമിതികളുടെ തീരുമാനം മുൻകൂറായി പ്രതീക്ഷിച്ചുകൊണ്ട് വൈസ് ചാൻസലർ എടുക്കുന്ന തീരുമാനങ്ങൾക്ക് എഴുത്ത് രൂപേണയുള്ള ഒരു അറിയിപ്പ് ബന്ധപ്പെട്ട ബോഡികൾക്ക് നൽകണമെന്നും, ഇതുസംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള തർക്കം ഈ ബോഡികളും വൈസ് ചാൻസലറും തമ്മിലുണ്ടാകുകയാണെങ്കിൽ അത് പരിഹരിക്കാനായി ഒരു സംവിധാനമുണ്ടാകണമെന്നതും മാത്രമാണ് ഈ മാറ്റങ്ങളുടെ ഭാഗമായി ഉദ്ദേശിച്ചിട്ടുള്ളത്.

ഏതൊരു സമിതിയുടെ തീരുമാനമാണോ മുൻകൂറായി വൈസ് ചാൻസലറുടെ പവർ ഉപയോഗിച്ച് എടുക്കുന്നത് ആ വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിലയിൽ അഭിപ്രായ ഭിന്നതകളുണ്ടാകുന്ന പക്ഷം സർവകലാശാല ട്രിബ്യൂണലിന് ആ വിഷയം വിടണമെന്ന് നിർദ്ദേശിക്കാൻ കാരണം, സമീപകാലത്ത് ആ വിധത്തിലുള്ള വിവാദങ്ങൾ

നമ്മുടെ സർവകലാശാലകളിൽ ഉയർന്നുവരുന്നതുകൊണ്ടാണ്. സർവകലാശാലകളുടെ സ്വയംഭരണത്തെ തകർക്കാനല്ല; മറിച്ച് അതിനെ ശക്തിപ്പെടുത്താനാണ് ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്.

സിൻഡിക്കേറ്റ് വയ്ക്കുന്ന പ്രോ-വൈസ് ചാൻസലർ എന്നൊക്കെ ഇവിടെ അഭിപ്രായപ്പെടുകയുണ്ടായി. സിൻഡിക്കേറ്റാണ് അപ്പോയിന്റിംഗ് അതോറിറ്റിയായി വരുന്നത്. കോളേജുകളിൽ കുട്ടികൾ വരുന്നില്ല, കുട്ടികളുടെ എണ്ണം കുറയുന്നു, എൻറോൾമെന്റ് റേഷ്യോ കുറഞ്ഞുവെന്നൊക്കെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ഇതൊക്കെ വസ്തുതാവിരുദ്ധമായ കാര്യമാണ്. 37 ശതമാനത്തിൽനിന്നും 42 ശതമായി നമ്മുടെ എൻറോൾമെന്റ് റേഷ്യോ ഉയർന്നിരിക്കുകയാണ്. All India Higher Education Survey പരിശോധിച്ചാൽ രാജ്യത്തിന്റെ ആവറേജ് എൻറോൾമെന്റിനെക്കാൾ വളരെക്കൂടുതലാണ് കേരളത്തിന്റെ എൻറോൾമെന്റ് നിരക്ക്. മാത്രവുമല്ല, കുട്ടികളില്ലാതെ വരുന്നുവെന്ന് പറയുന്ന ബഹുമാനപ്പെട്ട മെമ്പർ ഒന്ന് കേൾക്കണം. ഇവിടെ പല കാര്യങ്ങളും പറഞ്ഞുപോയല്ലോ; സംസ്ഥാനത്തെ ഗവൺമെന്റ് കോളേജിലും എയ്ഡഡ് കോളേജിലും കുട്ടികളില്ലാത്ത പ്രശ്നമില്ല.

യു.ഡി.എഫ്. ഭരണകാലത്ത് യാതൊരു അടിസ്ഥാന സൗകര്യവും ക്വാളിറ്റിയും നോക്കാതെ അനുവദിച്ച സ്വാശ്രയകോളേജുകളാണ് കുട്ടികളില്ലാത്തതിനാൽ അടച്ചുപൂട്ടപ്പെടുന്നത്. ഗവൺമെന്റ് കോളേജിലും എയ്ഡഡ് കോളേജിലും എൻറോൾമെന്റ് നമ്പരൊന്നും കുറയുന്നില്ല; അത് ഈ ഗവൺമെന്റിന്റെ കാലത്ത് 5 ശതമാനം വർധിച്ചു. കേരള സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിലെല്ലാം മുഴുവൻ എൻറോൾമെന്റും നടക്കുന്നുണ്ട്. എൻറോൾമെന്റ് നടക്കാതെ കുറഞ്ഞുപോകുന്നത് പ്രധാനമായും സ്വാശ്രയകോളേജുകളുടെ കാര്യത്തിലാണ്. (….ബഹളം….) അതുസംബന്ധിച്ച കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉത്തമ ബോധ്യത്തോടെ തന്നെയാണ് ഞാൻ മറുപടി പറയുന്നത്. കേരളത്തിലെ യൂണിവേഴ്സിറ്റികളും കലാലയങ്ങളും എത്ര മികവാർന്ന പെർഫോർമൻസാണ് കാഴ്ചവയ്ക്കുന്നതെന്ന് അക്കമിട്ട് ഞാൻ ഇന്നലെ പറഞ്ഞതാണ്. ഈ സഭയിൽ ഇനി ഒരു ബില്ലുകൂടി അവതരിപ്പിക്കേണ്ടതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ദേശീയ-അന്തർദേശീയ ഗുണനിലവാര പരിശോധനകളിൽ മിന്നുന്ന പ്രകടനം കാഴ്ചവയ്ക്കാൻ…. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, നിങ്ങൾക്ക്

ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും അതിലൊന്നും യാതൊരു സംശയവും വേണ്ട... (….ബഹളം....)

ചെയർപേഴ്സൺ: മിനിസ്റ്റർ അങ്ങ് പറഞ്ഞ് അവസാനിപ്പിക്കു.....

ഡോ. ആർ. ബിന്ദു: സർവകലാശാലകളെ രാഷ്ട്രീയവൽക്കരിക്കാനാണ് ഈ ബിൽ കൊണ്ടുവന്നതെന്ന് ആക്ഷേപിക്കുന്നതിന് മറുപടിയായി എനിക്ക് പറയാനുള്ളത്, ഡോ. ഖാദർ മാങ്ങാടിനെപ്പോലുള്ള ഡി.സി.സി. പ്രസിഡന്റിനെ വൈസ് ചാൻസലറാക്കാൻ മുൻകൈയെടുത്ത യു.ഡി.എഫ്. ഭരണ സംവിധാനത്തിന് അതേ സാധിക്കൂ. നിങ്ങളെപ്പോലെയല്ല ഞങ്ങൾ. ഈ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ നിയമിച്ച, ഗവൺമെന്റിന്റെ പ്രതിനിധികൾ അംഗങ്ങളായിട്ടുള്ള സമിതികൾ തിരഞ്ഞെടുത്തിട്ടുള്ള വൈസ് ചാൻസലർമാർ എല്ലാവരും അക്കാദമിക്കലി മുന്നിൽനിൽക്കുന്നവരും ദേശീയ-അന്തർദേശീയ പ്രശസ്തിയുള്ളവരുമായിരുന്നുവെന്നത് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. സർവകലാശാലകളെ ശാക്തീകരിക്കുകയെന്നതുതന്നെയാണ് ഈ ബില്ലിന്റെ ഉത്തമമായ ഉദ്ദേശ്യം. സർവകലാശാലകളെ ശാക്തീകരിക്കുകയെന്ന കാര്യത്തിന് ഒന്നാമത് മുൻഗണന

കൊടുത്തൊരു സർക്കാരാണിത്. അത് നന്നായി ഫലം കണ്ടുവെന്നുള്ളതാണ് NAAC അക്രെഡിറ്റേഷനും NIRF റാങ്കിങ്ങുമെല്ലാം സൂചിപ്പിക്കുന്നത്. ആ മുന്നേറ്റം തുടരുന്നതിന് സഹായകരമായ നിലയിലാണ് ഈ ബില്ലിന്റെ ഓരോ പ്രൊവിഷനും തയ്യാറാക്കിയിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ അറിയിച്ചുകൊണ്ട് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എം. സച്ചിൻദേവ്, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VI -ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ)

P 19-03-2025 BL-PR-3 04.20-04.30 ബി.സി.

2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വർത്തമാനകാല സാമൂഹിക സാഹചര്യങ്ങളിൽ നമ്മുടെ വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി വളരെ ശക്തമായൊരു

സംവിധാനമുണ്ടാകണമെന്ന് കണ്ടുകൊണ്ടാണ് വയോജന കമ്മീഷൻ സംബന്ധിച്ച ബിൽ അവതരിപ്പിക്കുന്നത്. സാമൂഹികാരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കേരളം ആർജിച്ചിട്ടുള്ള നേട്ടങ്ങൾ വികസിത രാജ്യങ്ങളോട് കിടപിടിക്കാവുന്ന നിലയിലുള്ളതാണ്. ഉയർന്ന സ്റ്റാൻഡേർഡ് ഓഫ് ലിവിങ് പുലർത്തി മുന്നോട്ടുപോകാൻ സാധിക്കുന്നതുകൊണ്ടുതന്നെ, കേരള ജനതയുടെ ജീവിത നിലവാരത്തിന്റെ ഭാഗമായി ആയുർദൈർഘ്യവും വർധിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ വൃദ്ധജനങ്ങളിൽ ജീവിത കാലയളവ് ദീർഘിക്കുകയും രോഗാതുരത കുറയുകയും ചെയ്ത സ്ഥിതിയാണുള്ളത്. 2011-ലെ സെൻസസ് പ്രകാരം 12.6 ശതമാനം മുതിർന്ന പൗരന്മാരാണ് കേരളത്തിലുണ്ടായിരുന്നത്. പക്ഷെ 2018-ലെ കണക്കുകൾ സൂചിപ്പിക്കുന്നത് 23 ശതമാനത്തോളം പേർ വയോജനങ്ങളായിരിക്കുന്നു എന്നാണ്. 2030 ആകുമ്പോഴേക്കും അത് നമ്മുടെ ജനസംഖ്യയുടെ കാൽഭാഗത്തോളം വരുമെന്നാണ് കണക്കാക്കുന്നത്. ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ, പ്രത്യേകിച്ച് വികസിത മുതലാളിത്തത്തിന്റെ അന്തരീക്ഷത്തിൽ, അപമാനവീകരണത്തിന്റെ സാഹചര്യങ്ങൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഉപയോഗിക്കൂ.. വലിച്ചെറിയൂ.. Use and throw

എന്ന് ആഹ്വാനം ചെയ്യുന്ന കമ്പോള സംസ്കാരത്തിന്റെ ഭാഗമായി ഏറ്റവും അധികം ദുരിതം ഏറ്റുവാങ്ങുന്ന വിഭാഗങ്ങളായിട്ടാണ് വയോജനങ്ങൾ അവരുടെ നിത്യജീവിതം മുന്നോട്ടുകൊണ്ടുപോകുന്നത്. വീടുകളുടെ ഇരുണ്ട മൂലകളിൽ ഏകാന്തതയിൽ കഴിയാൻ വിധിക്കപ്പെടുകയും അവരുടെ ആവശ്യങ്ങൾക്ക് അവഗണന നേരിടുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ, വലിയ രീതിയിലുള്ള പ്രതിസന്ധികളും പ്രതിബന്ധങ്ങളും വയോജനങ്ങളുടെ ജീവിതത്തിൽ വന്നുചേരുന്നുണ്ട്. ഓറഞ്ചിന്റെ ജ്യൂസ് കുടിച്ചശേഷം അതിന്റെ ചണ്ടി ലാഘവത്തോടെ വലിച്ചെറിയുന്ന വിധത്തിലാണ് പുത്തൻ മുതലാളിത്ത സമൂഹത്തിൽ മനുഷ്യരെയും വലിച്ചെറിയുന്നത്. ജീവിതത്തിലെ ഏറ്റവും സജീവവും കർമ്മോന്മുഖവുമായിട്ടുള്ള കാലത്ത് കുടുംബത്തിനും സമൂഹത്തിനുംവേണ്ടി ഊർജവും ആരോഗ്യവും ചെലവഴിച്ച വയോജനങ്ങളെ അവരുടെ കർമ്മശേഷി കുറഞ്ഞുപോകുന്ന ജീവിത സായന്തനത്തിൽ സ്വസ്ഥമായ അന്തരീക്ഷത്തിൽ പരിപാലിക്കേണ്ട ഉത്തരവാദിത്വം കുടുംബാംഗങ്ങൾക്കും സമൂഹത്തിനുമുണ്ട്. പക്ഷെ അപമാനവീകരിക്കപ്പെട്ട വർത്തമാനകാല സാഹചര്യങ്ങളിൽ അങ്ങേയറ്റം അവമതിപ്പും അതിക്രമങ്ങളും

ഏറ്റുവാങ്ങിയാണ് വയോജനങ്ങൾ അവരുടെ ജീവിതം തള്ളിനീക്കുന്നത്. ആ സാഹചര്യത്തിൽ പലപ്പോഴും പല ഗൃഹാന്തർഭാഗങ്ങളിലും സുരക്ഷിതത്വത്തിന്റെ ഇടമെന്ന് കരുതപ്പെടുന്ന സ്ഥലങ്ങളിൽപ്പോലും വലിയ രീതിയിലുള്ള ശാരീരിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന വയോജനങ്ങളുടെ എണ്ണം കൂടി വരിയാണ്. ഈ സാഹചര്യത്തിൽ അനിവാര്യമായ സംവിധാനമെന്ന രീതിയിലാണ് പ്രസ്തുത കമ്മീഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളിലേക്ക് നാം പോകുന്നത്. The Maintenance and Welfare of Parents and Senior Citizens Act, 2007 (MWPSC Act), മുതിർന്ന പൗരന്മാർക്കും രക്ഷിതാക്കൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന വിധത്തിലുള്ള കേന്ദ്ര ആക്റ്റ് നിർദേശിക്കുന്ന പല ഘടകങ്ങളും കൃത്യമായ രീതിയിൽ നടപ്പുവരുത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത് അനിവാര്യതയായി മാറുന്നു. MWPSC Act അനുസരിച്ച് വയോജനങ്ങളെ പരിപാലിക്കുന്നതിന് മക്കൾക്കും പേരക്കുട്ടികൾക്കും നിയമംമൂലം ബാധ്യതയുള്ളതാണ്. പക്ഷെ പല സാഹചര്യങ്ങളിലും ഈ രീതിയിലുള്ള ഉത്തരവാദിത്വബോധം അവർ പ്രദർശിപ്പിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ബന്ധപ്പെട്ടവരുടെ ഉത്തരവാദിത്വം കൃത്യമായി ഓർമ്മിപ്പിച്ചുകൊണ്ട്,

നിയമപരമായ നടപടികളിലേക്ക് നയിക്കാവുന്ന വിധത്തിലും വയോജനങ്ങൾക്കുവേണ്ടി സംരക്ഷണ സംവിധാനങ്ങൾ രൂപീകരിക്കുന്നതിന് സർക്കാരിന് മാർഗനിർദേശം നൽകുന്ന വിധത്തിലും പ്രവർത്തിക്കാൻ കഴിയുന്ന തരത്തിലുമാണ് പ്രസ്തുത വയോജന കമ്മീഷൻ വിഭാവനം ചെയ്യപ്പെടുന്നത്. വയോജനങ്ങളുടെ ശാക്തീകരണവും പുനരധിവാസവും സാധ്യമാക്കാനും അവർക്ക് നിയമ സഹായം ആവശ്യമുള്ളിടത്ത് അത് ലഭ്യമാക്കുന്നതിനും വയോജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റുകൾ കൃത്യമായി തയ്യാറാക്കുന്നതിനും അനുഭവ സമ്പന്നരായ വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയോഗപ്രദമായ വിധത്തിൽ ഏറ്റെടുത്ത് ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താനും കഴിയുന്ന വിധത്തിലാണ് വയോജന കമ്മീഷന്റെ ചുമതലകൾ നിർവചിച്ചിട്ടുള്ളത്. വയോജന സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ ചൂണ്ടിക്കാട്ടി ഗവൺമെന്റ് ഇടപെടലുകൾ ഉറപ്പാക്കി കുറ്റമറ്റ നിലയിലുള്ളതാക്കിത്തീർക്കാനും ഈ കമ്മീഷൻ നിലവിൽ വന്നാൽ നമുക്ക് സാധിക്കുന്നതാണ്. ചെയർപേഴ്സണും മൂന്നിൽ കവിയാത്ത എണ്ണം അംഗങ്ങളും ഉൾപ്പെടുന്ന ഒരു കമ്മീഷനെയാണ് ഈ

നിയമം വിഭാവനം ചെയ്യുന്നത്. ചെയർപേഴ്സൺ ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കേണ്ടതാണെന്നും വയോജനക്ഷേമ മേഖലയിൽ പ്രവർത്തന പരിചയമുള്ള ആളുകളായിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗങ്ങളിൽ ഒരാൾ പട്ടിക ജാതിയിലോ പട്ടിക ഗോത്ര വിഭാഗങ്ങളിലോ ഉൾപ്പെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് പ്രസ്തുത ബില്ലിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട്. നമ്മുടെ വയോജനങ്ങൾ ഈ സമൂഹത്തിന്റെ സമ്പത്താണ്. ഔദ്യോഗിക ജീവിതത്തിലൂടെയും ദൈനംദിന ജീവിതത്തിലൂടെയും സമാഹരിച്ച വിലയേറിയ ഒരുപാട് അനുഭവ സമ്പത്തുള്ള വയോജനങ്ങളുടെ ആ അനുഭവ സമ്പത്തിനെ ക്രിയാത്മകമായി ഉപയോഗിക്കുന്നതിനും തലമുറകൾ തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തി ഊഷ്മളമായ വൈകാരികതയോടെ നിലനിർത്തുന്നതിനും സഹായകരമായ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഈ കമ്മീഷൻ നിലവിൽ വരുന്നതിലൂടെ കഴിയും. കലാ-കായിക-സാംസ്കാരിക പ്ലാറ്റ്ഫോമുകൾ സൃഷ്ടിച്ചുകൊണ്ടും മാനസിക ഉല്ലാസത്തിന് വേദികൾ സൃഷ്ടിച്ചുകൊണ്ടും

അവരുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ ഈ കമ്മീഷനിലൂടെ സാധ്യമാകുന്നതാണ്. സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്ന വയോജനങ്ങൾക്ക് സമ്മാനങ്ങളും പുരസ്കാരങ്ങളും നൽകുന്നതിന് അധികാരമുള്ള ഒരു സംവിധാനമായാണ് ഈ കമ്മീഷനെ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തെ ശക്തിപ്പെടുത്തുന്ന വിധത്തിൽ ശരിയായ രീതിയിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് സഹായകമാകുന്ന വിധത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. വാർധക്യം, പ്രായം, രോഗാവസ്ഥ തുടങ്ങിയ വിവിധ കാരണങ്ങളാൽ ഗൃഹാന്തർഭാഗത്ത് ഒതുങ്ങിപ്പോകേണ്ടി വരുന്ന വയോജനങ്ങൾക്ക് സാമൂഹികമായ ഇടപെടൽ ഉറപ്പാക്കി ജീവിതത്തിലേക്കും സകർമ്മകമായ ദൈനംദിന ഇടപെടലുകളിലേക്കും തിരിച്ചുകൊണ്ടുവരുന്ന ഒരു പ്രക്രിയയാണ് കമ്മീഷൻ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഡിമെൻഷ്യ, സ്മൃതിനാശം എന്നിങ്ങനെയുള്ള അവസ്ഥകളെ വളരെ ഫലപ്രദമായ രീതിയിൽ തരണം ചെയ്യുന്നതിന് വയോജനങ്ങൾക്ക് മാനസിക പിന്തുണയും ധാർമികമായ

പിന്തുണയും നൽകാൻ കഴിയുന്ന വിധത്തിലുള്ള വയോജന കമ്മീഷൻ ബിൽ സഭയുടെ സജീവമായ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ നൽകുന്നതിനും വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിന് ഒരു പ്രത്യേക കമ്മീഷൻ രൂപീകരിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. എന്നാൽ, നിലവിലെ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് പര്യാപ്തമായി കാണുന്നില്ല. മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച 2007-ലെ കേന്ദ്രനിയമം (The Maintenance and Welfare of Parents and Senior Citizens Act, 2007) നിലവിലുണ്ട്. സ്വയം സംരക്ഷിക്കാൻ

പ്രാപ്തിയില്ലാത്ത മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സംരക്ഷണം മക്കളും ബന്ധുക്കളും നൽകണമെന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

കേന്ദ്ര നിയമത്തിന്റെ സെക്ഷൻ 7 പ്രകാരം സംസ്ഥാനങ്ങളിൽ മെയിന്റനൻസ് ട്രിബ്യൂണലുകൾ സ്ഥാപിക്കണമെന്നും സെക്ഷൻ 18 പ്രകാരം ട്രിബ്യൂണലിൽ വയോജനങ്ങളെ പ്രതിനിധീകരിക്കുന്നതിനുവേണ്ടി മെയിന്റനൻസ് ഓഫീസർമാരെ നിയോഗിക്കുന്നതിനും വ്യവസ്ഥയുണ്ട്. മുതിർന്ന പൗരന്മാരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട നടപടികൾ ട്രിബ്യൂണലുകളിലും അപ്പലേറ്റ് ട്രിബ്യൂണലിലും ഏകോപിപ്പിക്കുന്നത് പ്രസ്തുത മെയിന്റനൻസ് ഓഫീസർമാരാണ്. എന്നാൽ ബില്ലിലെ വകുപ്പ് 9-ൽ പരാമർശിക്കുന്ന കമ്മീഷന്റെ ചുമതലകൾ, കേന്ദ്ര നിയമപ്രകാരമുള്ള മെയിന്റനൻസ് ട്രിബ്യൂണലുകളുടെയും മെയിന്റനൻസ് ഓഫീസർമാരുടെയും ചുമതലകൾ സംബന്ധിച്ച വ്യവസ്ഥകളുമായി overlap ചെയ്യുന്ന രീതിയിലാണ്. ഞാൻ ചോദിക്കട്ടെ, ഈ കമ്മീഷന്റെ ഉദ്ദേശ്യം എന്താണ്; എന്ത് അധികാരമാണ് ഈ കമ്മീഷനുള്ളത്; എന്താണ് ഈ കമ്മീഷന്റെ ചുമതല? കമ്മീഷന്റെ ചുമതലകൾ പറയുന്നത് 9-ാം വകുപ്പിലാണ്. അതിൽ പറയുന്നത് 'ഈ ആക്റ്റിലെ

വ്യവസ്ഥകൾക്ക് വിധേയമായി, വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി മാർഗനിർദേശങ്ങൾ നൽകുന്നതും സഹായിക്കുന്നതും അതിന് മറ്റ് ചുമതലകൾ നിർവഹിക്കുന്നതും കമ്മീഷന്റെ കർത്തവ്യമായിരിക്കും. ഒരു നടപടിയും അധികാരവുമില്ല. കമ്മീഷന് അതിന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി താഴെപ്പറയുന്ന ചുമതലകൾ നിർവഹിക്കാവുന്നതാണ്:

(എ) വയോജനക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി ഭാരതത്തിന്റെ ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ ഉള്ള വ്യവസ്ഥകൾ നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധന അല്ലെങ്കിൽ അന്വേഷണം നടത്തി ആവശ്യമായ പരിഹാരമാർഗങ്ങൾ ശിപാർശ ചെയ്യുക.

(ബി) വയോജനക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുവേണ്ടി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുക.

(സി) ഉപേക്ഷിക്കപ്പെടുകയോ അനാഥരാകപ്പെടുകയോ ചെയ്യുന്ന വയോജനങ്ങളെ സംരക്ഷണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

(ഡി) വയോജനക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് സർക്കാരിന് ഉപദേശം നൽകുക.'

ഞാൻ സൂചിപ്പിക്കുന്നത് സെക്ഷൻ 9 അനുസരിച്ച് ഈ ബില്ലിൽ ഒരു ചുമതലയും ഈ കമ്മീഷന് നൽകുന്നില്ല. ഇനി കമ്മീഷന്റെ അധികാരങ്ങളെക്കുറിച്ച് പറയുന്നത് വകുപ്പ് 10-ൽ ആണ്. അതിൽ ഒരധികാരവും പറയുന്നില്ല.

' 10(1) കമ്മീഷന്, അതിന്റെ ചുമതലകൾ നിറവേറ്റുന്ന ആവശ്യത്തിലേക്കായി, (എ) സർക്കാർ അനുമതിയോടുകൂടി ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്റെയോ അല്ലെങ്കിൽ (ബി) സർക്കാർ ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളുടെയോ തദ്ദേശാധികാരസ്ഥാപനങ്ങളുടെയോ അനുമതിയോടും സർക്കാരിന്റെ സമ്മതത്തോടുംകൂടി ബന്ധപ്പെട്ട കോർപ്പറേഷന്റെയോ തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ, സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) കമ്മീഷന്റെ 9-ാം വകുപ്പുപ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്ട്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. അതായത്:

(എ) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജർ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും അധികാരമുണ്ടാകും.' അത് എന്ത് അധികാരമാണ്? അപ്പോൾ ഒരു ചുമതലയുമില്ലാത്ത ഒരു അധികാരവുമില്ലാത്ത ഒരു ബില്ലാണ് വയോജനങ്ങൾക്കുവേണ്ടി അവതരിപ്പിക്കുന്നത്. മാത്രമല്ല അധ്യായം 5-ൽ വകുപ്പ് 19-ൽ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരത്തെക്കുറിച്ചു പറയുന്നു. ' **19(2)** മേൽ പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്. അതായത്:

(എ) ചെയർപേഴ്സണ് നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും അംഗങ്ങൾക്ക് നൽകേണ്ടതായ ഓണറേറിയവും ബത്തകളും അല്ലെങ്കിൽ സിറ്റിങ് ഫീസും;

(ബി) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറി, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ അധികാരങ്ങളും ചുമതലകളും;

(സി) 5-ാം വകുപ്പ് പ്രകാരം കമ്മീഷനിൽ നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും;' അതായത് ചെയർപേഴ്സൺന്റെ അംഗങ്ങളുടെ ഉദ്യോഗസ്ഥന്മാരുടെ ഓണറേറിയം, ശമ്പളം ക്ഷാമബത്ത ഇതിനെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നുണ്ട്. അതായത് exchequer-ൽനിന്നും ഒരുപാട് സംഖ്യ ഇതിനുവേണ്ടി ചെലവ് വരുന്നുണ്ടെന്നാണ്. അതുപോലെതന്നെ പകരം 2007-ലെ (The Maintenance and Welfare of Parents and Senior Citizens Act, 2007) അതനുസരിച്ച് ഒരുപാട് അധികാരങ്ങൾ നൽകുന്നുണ്ട്. ഇവിടെ 150-ഓളം വൃദ്ധസദനങ്ങൾ പരിപാലിക്കുന്നതിന് ഒരുപാട് അധികാരങ്ങൾ

സൂചിപ്പിക്കുന്നു. കൂടാതെ, കേന്ദ്ര നിയമത്തിലെ സെക്ഷൻ 19 പ്രകാരം സംസ്ഥാന സർക്കാരുകൾ എല്ലാ ജില്ലകളിലും പ്രാപ്യമായ സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി ഓൾഡേജ് ഹോം (വയോജന മന്ദിരം) സ്ഥാപിക്കാനും അതുപോലെതന്നെ സംസ്ഥാന ഗവൺമെന്റിന് ആവശ്യമായ സമയത്ത് ഇതിലെ ഏത് വകുപ്പും ഉപയോഗിക്കുവാനുള്ള അധികാരവും ഇതിൽ നൽകുന്നുണ്ട്. അതുകൊണ്ട് ഇങ്ങനെ ഒരു ബില്ലിന്റെ ഒരാവശ്യവും കാണുന്നില്ല. മാത്രമല്ല ഇന്ത്യൻ ഭരണഘടനയുടെ 254-ാം വകുപ്പ് അതിൽ പറയുന്നത് "254(1) If any provision of a law made by the Legislature of a State is repugnant to any provision of a law made by Parliament which Parliament is competent to enact, or to any provision of an existing law with respect to one of the matters enumerated in the Concurrent List, then, subject to the provisions of clause (2), the law made by Parliament, whether passed before or after the law made by the Legislature of such State, or, as the case may be, the existing law, shall prevail and the law made by the Legislature of the State shall, to the extent of the repugnancy, be

void." എല്ലാവർക്കും അറിയാവുന്ന ആർട്ടിക്കിൾ ആണ്. ഇതിൽ വളരെ repugnant ആയിട്ട് പറയുന്നില്ലെങ്കിലും 2007-ൽ പറയുന്ന ആക്റ്റിൽ എല്ലാ അധികാരങ്ങളും ചുമതലകളും നൽകിയ സ്ഥിതിക്ക് കേന്ദ്ര ആക്റ്റിലോ സംസ്ഥാന ആക്റ്റിലോ പറയാത്ത ഒരു കമ്മീഷനെ ഇവിടെ നിയമിക്കുന്നത്... ഞാൻ പറയുന്നത് അധികമാണെന്ന് തോന്നുന്നില്ല, ആരെയോ മുന്നിൽകണ്ട് ആർക്കോ ചെയർമാൻ സ്ഥാനം നൽകുന്നതിനുവേണ്ടി ആർക്കൊക്കെയോ അംഗങ്ങൾ ആകുന്നതിനുവേണ്ടിയാണോ ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതെന്ന് ഞാൻ സംശയിക്കുകയാണ്. അതുകൊണ്ട് യാതൊരു അധികാരവുമില്ലാത്ത ഒരു ചുമതലയും നടപ്പാക്കാൻ സാധിക്കാത്ത ഈ ബിൽ അവതരിപ്പിച്ചതുകൊണ്ട് ഇവിടുത്തെ വയോജനങ്ങൾക്ക്, 60 വയസ്സ് പ്രായമായ പാവപ്പെട്ട വൃദ്ധജനങ്ങൾക്ക് യാതൊരു ഗുണവുമുണ്ടാവുകയില്ല, അതുകൊണ്ട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ

ഭേദഗതി അവതരിപ്പിക്കുന്നു. ഒരു കാലത്ത് കർമ്മോന്മുഖരായിനിന്ന സമൂഹനന്മയ്ക്കായുള്ള യത്നം ആനന്ദമായി കരുതിയ ഒരു വിഭാഗത്തെ നമ്മൾ എല്ലാ അർത്ഥത്തിലും സംരക്ഷിക്കുകയും അവരെ പരിലാളിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഇപ്പോൾ എന്റെ കൈയ്യിൽ 2019-ലെ കേരള വയോജന കമ്മീഷൻ രൂപീകരണ ബില്ലാണുള്ളത്. 2019-ൽ സഭയിൽ ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച ഒരു പ്രൈവറ്റ് ബില്ലാണിത്. 2007-ലെ കേന്ദ്ര നിയമം വയോജന കമ്മീഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ലെന്നാണ് ഈ ബില്ലിന് മറുപടിയായി അന്നത്തെ മന്ത്രി പറഞ്ഞത്. ഈ ആക്റ്റിന്റെ പിൻബലത്തോടെ രൂപീകരിക്കുന്ന കമ്മീഷനുകൾക്കുമാത്രമേ സിവിൽ കോടതികളുടെ അധികാരങ്ങൾ നിക്ഷിപ്തമാക്കാൻ കഴിയുകയുള്ളൂ. നിയമത്തിന്റെ പിൻബലമില്ലാതെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽമാത്രം രൂപീകൃതമാകുന്ന ഒരു കമ്മീഷന് സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകാനോ ഉത്തരവുകൾ നടപ്പാക്കാനോ സാധിക്കുകയില്ല. ഇത്തരം ഒരു സാഹചര്യത്തിൽ പ്രസ്തുത ബിൽ നിയമമായി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ ഈ കമ്മീഷൻ

രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു ബില്ലിന് പ്രസക്തിയില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇപ്പോൾ ഗവൺമെന്റിന്റെ അഭിപ്രായം മാറിയതെന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം, ഈ ബില്ലിൽ പറയുന്നുണ്ട് ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ നിയമിക്കപ്പെടുന്ന എല്ലാ അംഗങ്ങളും വയോജനങ്ങളായിരിക്കേണ്ടതും വയോജന മേഖലയിൽ പ്രവർത്തന പരിചയമുള്ള ആളുകളായിരിക്കേണ്ടതും അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവിഭാഗത്തിലോ ഉൾപെട്ടതും മറ്റൊരാൾ വനിതയും ആയിരിക്കണമെന്നാണ്. കമ്മീഷനിലെ എല്ലാ വ്യക്തികളുടെയും പ്രായം അറുപതായിരിക്കണമെന്നും, ചെയർപേഴ്സൺ ഗവൺമെന്റ് സെക്രട്ടറി പദവിയിലുള്ള ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥനായിരിക്കണമെന്നും, നിർണ്ണയിക്കപ്പെടുന്നപ്രകാരമുള്ള ശമ്പളത്തിനും ക്ഷാമബത്തകൾക്കും അർഹത ഉണ്ടായിരിക്കുമെന്നും വ്യക്തമാക്കുന്നു. അങ്ങനെ വരുമ്പോൾ കമ്മീഷന് നേതൃത്വം കൊടുക്കുന്ന വ്യക്തി ഗവൺമെന്റ് ഉദ്യോഗസ്ഥനാണെങ്കിൽ അദ്ദേഹത്തിന്റെ പ്രായം 60 വയസ്സ്

ആയിരിക്കില്ലല്ലോ; പിന്നെ എങ്ങനെയാണ് കമ്മീഷന്റെ പ്രതിനിധി ഗവൺമെന്റ് ഉദ്യോഗസ്ഥനാകുന്നത്? വയോജന കമ്മീഷന്റെ ചെയർപേഴ്സൺ സർക്കാർ ഉദ്യോഗസ്ഥനായിരിക്കണമെന്നും ടിയാൻ ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥനായിരിക്കണമെന്നും 60 വയസ്സായ ആളുകൾക്ക് മാത്രമേ ഇതിൽ അംഗങ്ങളാകാൻ സാധിക്കുകയുള്ളൂവെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് അഭ്യർഥിക്കുകയാണ്.

"ചെയർപേഴ്സണിനോ അംഗത്തിനോ സർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതി നൽകിയ രാജി കത്തുമുഖേന ഏത് സമയത്തും തന്റെ ഔദ്യോഗിക സ്ഥാനം രാജി വയ്ക്കാവുന്നതാണ്" എന്ന് പറയുന്നുണ്ട്. എന്റെ സംശയം, രാജിക്കത്ത് സ്വന്തം കൈപ്പടയിൽ തന്നെ എഴുതണമോ? അല്ലെങ്കിൽ ഡി.റ്റി.പി.-യിൽ പ്രിന്റ് എടുത്ത് ഒപ്പിട്ട് നൽകുന്ന കത്ത് സ്വീകരിക്കുമോ ഇല്ലയോ എന്നുള്ളതാണ് വിഷയം. ഈ ബില്ലിലെ വ്യവസ്ഥപ്രകാരം അത് സ്വീകരിക്കാൻ പാടില്ല. കൈപ്പടയിൽ തന്നെ രാജിക്കത്ത് എഴുതണമെന്നാണ്.

ആരോഗ്യ, ചികിത്സാ രംഗത്തുണ്ടായ പുരോഗതി നമ്മുടെ ആയുസ്സ് വർധിപ്പിച്ചിരിക്കുകയാണ്. 2030 മുതൽ യുവാക്കളെക്കാൾ വയോധികരുടെ എണ്ണം കൂടുമെന്നാണ് പറയപ്പെടുന്നത്. 1960-ൽ ഇന്ത്യയിലെ മനുഷ്യായുസ്സ് 42 വയസ്സായിരുന്നു. നിലവിലെ ഇന്ത്യയിലെ ആയുർദൈർഘ്യം 68 വയസ്സും കേരളത്തിൽ 74-ഉം മധ്യപ്രദേശിൽ 58 വയസ്സുമാണ്. ലോകജനസംഖ്യയിൽ 8 മുതൽ 12 ശതമാനംവരെയുള്ളവർ വയോധികരാണ്. കേരളത്തിൽ 21 മുതൽ 24 ശതമാനം വരെ ......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറയുന്നത് സംസ്ഥാനം അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ്. വീടുകളിൽ വൃദ്ധരായവരെ നോക്കുന്നതിന് ആളുകളില്ലാതെ പോകുന്നതുമായി ബന്ധപ്പെട്ട വിഷയമാണ്. മധ്യതിരുവിതാംകൂറിലെ പലപ്രദേശങ്ങളിലും വലിയ വീടുകളുണ്ടെങ്കിലും അവിടെ താമസിക്കാൻ പ്രായമെത്തിയ ആളുകൾ മാത്രമാണുള്ളത്. അപ്പോൾ അവരുടെ ജീവിത സുരക്ഷിതത്വം എന്ന വിഷയമുണ്ട്. സ്വഭാവികമായി time pass-നുള്ള അവസരങ്ങളുണ്ടാകില്ല. അതേസമയം അവർക്കുവേണ്ടിയുള്ള 'പകൽ വീട്' പദ്ധതികളുണ്ടെങ്കിലും പലയിടത്തും പ്രാവർത്തികമാകുന്നില്ല. അപ്പോൾ

അവർ ' ആൾക്കൂട്ടത്തിൽ തനിയെ' എന്നതുപോലെ ഒറ്റപ്പെട്ട് ജീവിക്കുന്ന ജീവിത സാഹചര്യമുണ്ട്. ആ സോഷ്യൽ ഫാക്ടർ എങ്ങനെ മറികടക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രയമെന്താണ്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അതും ഞാൻ ഇവിടെ പറയാൻ ആഗ്രഹിച്ചതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, വയോജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത്. ഇത് നേരത്തെ ബോധ്യപ്പെട്ടതുകൊണ്ടാണ് 2019 നവംബർ 15-ന് ഒരു സ്വകാര്യ ബിൽ ഞാൻ കൊണ്ടുവന്നത്. ആ ബിൽ തേടിപ്പിടിച്ച് അവതരണ വേളയിൽ കൊണ്ടുവന്നതിന് ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്നിനോട് നന്ദി പറയുകയാണ്. എനിക്ക് ബഹുമാനപ്പെട്ട ചെയറിനോട് പറയാനുള്ളത്, ഒരു സ്വകാര്യ ബില്ലിനെ സർക്കാർ പിന്നീട് ഔദ്യോഗിക ബില്ലായി കൊണ്ടുവരുമ്പോൾ അത് ഒന്ന് പരാമർശിക്കുന്നത് അംഗങ്ങൾക്ക് സ്വകാര്യ ബിൽ അവതരിപ്പിക്കാൻ പ്രേരണയും പ്രചോദനവും ലഭിക്കും. അക്കാര്യം ചെയർ ശ്രദ്ധിക്കണമെന്ന അഭിപ്രായമുണ്ട്.

മി. സ്പീക്കർ: അക്കാര്യം ശ്രദ്ധിക്കാം. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, 06.30-നാണ് ബാങ്ക് വിളിക്കുന്നത്. തുടർന്ന് ഇഫ്താർ വിരുന്ന് ഒരുക്കിയിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ഞാൻ അധിക സമയമെടുക്കില്ല. ഞാൻ പല കാര്യങ്ങളും സമയക്കുറവുകൊണ്ട് ഒഴിവാക്കണമെന്ന് തീരുമാനിച്ചതായിരുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യം ഞാൻ നേരത്തെ നോട്ട് ചെയ്തുവന്നതാണ്. വയോജനങ്ങളെന്ന് പറയുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് ഓൾഡേജ് ഹോമുകളിൽ താമസിക്കുന്ന ആളുകളെയാണ്; അവർ മാത്രമല്ല വയോജനങ്ങൾ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ വലിയ വീടുണ്ടായിരിക്കും പക്ഷേ അവിടെ ഈ പ്രായമുള്ളയാളുകൾ ഒറ്റയ്ക്കായിരിക്കും താമസിക്കുന്നത്. അതിന് പല കാരണങ്ങളുമുണ്ട്. വൃദ്ധജനങ്ങളെ സ്വന്തം മക്കളാൽപ്പോലും ദൂരെയാക്കപ്പെട്ട ആളുകൾ നമ്മുടെ നാട്ടിലുണ്ടെന്ന് നമുക്കറിയാം, അത് വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വലിയ സമ്പത്തുള്ള വീടുകളിലായിരിക്കും, പക്ഷേ മക്കൾ വലുതായാൽ അവർ സ്വന്തം അച്ഛനെയും അമ്മയെയും പരിലാളിക്കാനോ ശുശ്രൂഷിക്കാനോ മുന്നോട്ടുവരാതെ അങ്ങനെ ദയനീയാവസ്ഥയിൽ കഴിയുന്ന

ഒരുപാട് ആളുകളെക്കുറിച്ച് നമുക്കറിയാം. ഓൾഡേജ് ഹോമിൽ പോകുമ്പോൾ നമ്മുടെ ധാരണ, ആരുമില്ലാതെ ആരും നോക്കാനില്ലാതെ അവഗണിക്കപ്പെട്ട ആളുകളാണ് അവിടെയുള്ളതെന്നാണ്. ഞാൻ എല്ലാ ആഴ്ചയും ഓൾഡേജ് ഹോമിൽ പോകുന്ന ആളാണ്. അവിടെ കാണുന്നതെന്താണ്? സമ്പന്നമായ വീടുകളിലെ ആളുകളാണ് അവിടെയുള്ളത്. സ്വന്തം വീടുകളിൽ അവർക്ക് വേണ്ടത്ര സ്നേഹവും പരിലാളനയും ലഭിക്കുന്നില്ല. അങ്ങനെയുള്ള ആളുകൾ ഓൾഡേജ് ഹോമിലേയ്ക്ക് വരുന്നുണ്ട്. ഈ ബിൽ അത്തരം ആളുകളെ ഉദ്ദേശിച്ചായിരിക്കും എന്ന് കരുതുന്നതുകൊണ്ട് വൈകിയാണെങ്കിലും സർക്കാരിന് വിവേകം ഉദിച്ചതിൽ ഞാൻ അഭിനന്ദിക്കുകയാണ്. ശ്രീ. പി. ഉബൈദുള്ള സ്വകാര്യ ബില്ലായി കൊണ്ടുവന്നപ്പോൾ തന്നെ എടുക്കാമായിരുന്നു. അന്ന് എടുത്തില്ല; it is better late than never എന്ന് പറയാറുണ്ടല്ലോ. അതുകൊണ്ട് സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു.

വയോജനങ്ങൾക്ക് നിലവിൽ 1600/- രൂപയാണ് പെൻഷനായി ലഭിക്കുന്നത്. 1600/- രൂപകൊണ്ട് ജീവിക്കാൻ സാധിക്കില്ലെന്ന് നമുക്ക് എല്ലാവർക്കും അറിയാം. ഒരു മനുഷ്യന്റെ ചെലവ് വെറും ഭക്ഷണത്തിന്

മാത്രമല്ല; ചെറിയ സംഖ്യയുണ്ടെങ്കിലും ഭക്ഷണം വാങ്ങി കഴിക്കാം. രോഗം വരുമ്പോഴാണ് ചെലവ് വരുന്നത്. ഇന്ന് പല രോഗങ്ങളും മനുഷ്യനെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. രോഗം വന്നാൽ ചികിത്സിക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുന്ന ഒരുപാട് ആളുകളുണ്ട്. അത്തരം ആളുകളെ എങ്ങനെ സഹായിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്.

വൃദ്ധസദനത്തിന്റെ പേര് മാറ്റണമെന്നാണ് എന്റെ അഭിപ്രായം. ഇംഗ്ലീഷിൽ ‘ ഹാപ്പി ഹോം’ എന്നതിനെ തർജമചെയ്ത് ‘ ആനന്ദാലയം’ / ‘ ആനന്ദഭവനം’ എന്നാക്കാം. സംസ്ഥാനത്ത് ഹാപ്പി ഹോം/ ആനന്ദാലയത്തിന്റെ കുറവുകളുണ്ട്. ആനന്ദാലയം/ആനന്ദഭവനം എന്തുമായി കൊള്ളട്ടെ; ‘ വൃദ്ധസദനം’ എന്ന വാക്ക് ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മൾ ആരും വൃദ്ധസദനത്തെ ജയിലായി കാണാതെ ഒരു വീടിന്റെ അന്തരീക്ഷം നൽകണം. അതിനാണ് നമ്മുടെ വയോജനങ്ങൾ വൃദ്ധസദനത്തിൽ വരുന്നത്. വൃദ്ധസദനത്തിൽ ദമ്പതികൾക്ക് പ്രത്യേക സൗകര്യമില്ല. ദമ്പതികളായി ആനന്ദാലയത്തിൽ താമസിക്കുന്ന ആളുകൾക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്തണമെന്നാണ് നിർദേശിക്കാനുള്ളത്.

കിടപ്പുരോഗികളെ ചികിത്സിക്കാൻ പലയിടങ്ങളിലും സംവിധാനമില്ല. ഡോക്ടർമാർ ആഴ്ചയിലോ/രണ്ടാഴ്ചയിലോ ഒരിക്കൽ മാത്രം ഹാപ്പി ഹോമിൽ വരുന്ന രീതിയിൽ മാറ്റം വരുത്തണം.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, സമയം എക്സീഡ് ചെയ്തു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ വൈകുന്നേരങ്ങളിൽ വയോജനങ്ങൾക്ക് ഒത്തുചേരാൻ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാനും അവർക്ക് ചിരിക്കാനും പാടാനും തുറന്ന് സംസാരിക്കാനുമുള്ള സംവിധാനങ്ങളുണ്ടാക്കണം. അതുപോലെ വയോജന കമ്മീഷൻ മാത്രം പോരെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ഇതിന് പ്രത്യേക വകുപ്പുതന്നെ വേണമെന്നാണ് എനിക്ക് വിനീതമായി അപേക്ഷിക്കാനുള്ളത്. വയോധികരുടെ ആരോഗ്യം, തൊഴിൽ, നൈപുണ്യ വികസനം എന്നിവ ലക്ഷ്യമാക്കി നിരന്തരമായുള്ള ഇടപെടലുണ്ടാകണം. സമയപരിമിതിമൂലം ബഹു. സ്പീക്കറുടെ നിർദേശം മാനിച്ചുകൊണ്ടും നോമ്പ് തുറക്കാൻ സമയമായെന്ന് അങ്ങ് വീണ്ടും വീണ്ടും

ഓർമ്മിപ്പിച്ചതുകൊണ്ടും അങ്ങയുടെ അഭ്യർഥന മാനിച്ച് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ ഭേദഗതി അവതരിപ്പിച്ചതായി അറിയിക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ സർക്കാരിനെ പ്രത്യേകമായി പ്രശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഒരു പക്ഷേ ഇന്നത്തെ കാലത്ത് നാം ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് ബില്ലിലൂടെ നിർവഹിക്കുന്നത്. വയോജനങ്ങൾ എന്നാൽ രക്ഷകർത്താക്കളാണ്. നാട്ടിലെ പാടത്ത് പണിയെടുക്കുന്ന സാധാരണ മനുഷ്യൻ മുതൽ ഉന്നതമായ ശ്രേണിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സമൂഹത്തിലെ മുതിർന്ന പൗരന്മാർ ഈ നാടിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട അസറ്റ് ആണ്. അവരുടെ ഇന്നത്തെ ആധുനിക ജീവിത സംവിധാനത്തിന്റെ ഭാഗമായി വന്നുചേർന്ന അവസ്ഥയെക്കുറിച്ച്, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. യു.

എ. ലത്തീഫ്, ശ്രീ. എൻ. എ. നെല്ലിക്കുന്ന് എന്നിവർ നടത്തിയ പരാമർശങ്ങളിൽ ആ കാര്യമുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച ചോദ്യത്തിലേക്ക് വിരൽചൂണ്ടുന്നത് ഒട്ടേറെ സാമൂഹിക പ്രശ്നങ്ങൾ വയോജനങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെന്നാണ്. ഇന്ത്യയിലെ പ്രധാനപ്പെട്ട മാഗസിൻ നടത്തിയ പഠനത്തിൽ financial insecurity, health issues, social isolation എന്നീ മൂന്ന് പ്രശ്നങ്ങളാണ് ഇന്ത്യയിലെ വയോജനങ്ങൾ അഭിമുഖീകരിക്കുന്നതെന്നാണ്. ഇത് വയോജനങ്ങൾ അനുഭവിക്കുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമായി കാണുന്നുണ്ട്. ഐക്യരാഷ്ട്രസഭയുടെ വാർഷിക റിപ്പോർട്ടിൽ ലോകം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് വയോജനങ്ങൾ അനുഭവിക്കുന്ന ഒറ്റപ്പെടലുകളാണെന്നുപറയുന്നുണ്ട്. 65 മുതൽ 74 വയസ്സുള്ളവരെ Young old, 75 മുതൽ 84 വയസ്സുള്ളവരെ Middle Old, 85 വയസ്സിനു മുകളിലുള്ളവരെ Old Old എന്നീ മൂന്ന് കാറ്റഗറിയായാണ് ഐക്യരാഷ്ട്രസഭ വയോജനങ്ങളെ നിർവചിച്ചിരിക്കുന്നത്. ഈ മൂന്ന് ഘട്ടങ്ങളിലും വയോജനങ്ങളായവർക്ക് സംഭവിക്കുന്ന മാനസികമായ ധാരാളം പരിണാമങ്ങളുണ്ട്. സൂര്യപ്രകാശമേൽക്കുമ്പോൾപ്പോലും അവരുടെ മനസിലും

ശരീരത്തിലുമുണ്ടാകുന്ന ഭാവങ്ങളും വ്യത്യാസങ്ങളും അവരുടെ സ്വഭാവരീതിയെയും ബാധിക്കുന്നതാണ്. ഓർമ്മക്കുറവ്, അവർ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ ചെയ്യാൻ സാധിക്കാതെ വരുമ്പോഴുണ്ടാകുന്ന വിമ്മിട്ടം, അതിനാവശ്യമായ സഹായങ്ങൾ ലഭിക്കാതെ വരുമ്പോൾ തോന്നുന്ന അനിഷ്ടം എന്നിങ്ങനെയെല്ലാം പല കുടുംബങ്ങളിലും പല രൂപത്തിലുള്ള ധാരാളം പ്രയാസങ്ങളുണ്ടാക്കുന്നതായാണ് പ്രധാനമായും അവരുടെ റിപ്പോർട്ടിൽ പറയുന്നത്. 2022-ൽ ലോകത്താകെയുള്ള വയോജനങ്ങളുടെ എണ്ണത്തിൽ 10 ശതമാനം വർധനവാണുണ്ടായിട്ടുള്ളത്, 2050 ആകുമ്പോൾ അവരുടെ എണ്ണം 16 ശതമാനമാകുമെന്നും പറയുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ ഒരു വയോജന സൗഹൃദ ബജറ്റ് അവതരിപ്പിച്ചപ്പോൾ പ്രായമുള്ളവരുടെ എണ്ണം ഇവിടെ വലിയനിലയിൽ വർധിക്കുകയും ജനനനിരക്ക് വളരെയധികം കുറയുകയും ചെയ്യുന്നുവെന്നാണ് ചൂണ്ടിക്കാണിച്ചത്. കേരളം ഒരു വയോജന സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ് എന്നുമാത്രമല്ല 2025-ൽ കേരളത്തിൽ വയോജനങ്ങളുടെ എണ്ണം 25 ശതമാനത്തിലേക്കെത്തുമെന്നും ബഹുമാനപ്പെട്ട

മന്ത്രി പറയുകയുണ്ടായി. 2030 കഴിയുമ്പോൾ വയോജനങ്ങളുടെ എണ്ണം ഏകദേശം ജനസംഖ്യയ്ക്ക് തുല്യമായ നിലയിലെത്തുകയും ചെയ്യും. സാധാരണഗതിയിൽ ആരാണ് ഏറ്റവും മികച്ച അധ്യാപകനെന്ന ചോദ്യത്തിനുത്തരമായി പറയേണ്ടത് നമ്മളെ പഠിപ്പിച്ച ഏതെങ്കിലും ഒരു അധ്യാപകന്റെ പേരല്ല; മറിച്ച് 'Experience is the best teacher, അനുഭവമാണ് ഏറ്റവും പ്രധാനപ്പെട്ട അധ്യാപകനെന്നാണ്. 65 വയസ്സോ 70 വയസ്സോ 80 വയസ്സോ കഴിഞ്ഞയാൾ 100 PhD. (Doctor of Philosophy) നേടിയ ഒരാൾക്കുതുല്യമാണ്. ഒരുപാട് അറിവും ജീവിതാനുഭവങ്ങളുമുള്ള വളരെ പ്രധാനപ്പെട്ട വ്യക്തികളാണവർ. ഒരു കുടുംബത്തിൽ രാവിലെ മുതൽ രാത്രിവരെ അച്ഛനും അമ്മയും ചേർന്നുനടത്തുന്ന ശ്രമങ്ങൾ, കുഞ്ഞുങ്ങളെ വളർത്തിവലുതാക്കി അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ മാതാപിതാക്കൾ എടുക്കുന്ന റിസ്കും സ്ട്രെയിനും വളരെ വലുതാണ്. കേരളം പോലെയുള്ള സംസ്ഥാനത്തും വേദനയുണ്ടാക്കുന്ന വാർത്തകൾ നാം കാണുന്നുണ്ട്. മാന്നാറിൽ വൃദ്ധദമ്പതികളെ പൂട്ടിയിട്ട് കത്തിക്കുകയാണ് ചെയ്തത്. കണ്ണൂരിൽ പ്രായമായ അമ്മ ഏതോ ആവശ്യത്തിനായി വാശിപിടിച്ചപ്പോൾ

അവരെ ചൂലുകൊണ്ട് അടിക്കുന്ന കാഴ്ചയായിരുന്നു ഏഷ്യാനെറ്റ് പോലെയുള്ള പ്രമുഖ ചാനൽ പുറത്തുവിട്ട മറ്റൊരുവാർത്ത. വയോജനങ്ങൾ അനുഭവിക്കുന്ന ഇത്തരത്തിലുള്ള ഒറ്റപ്പെട്ട ചില സംഭവങ്ങൾ നമ്മുടെ നാട്ടിലുണ്ടാകുകയും അതിന്റെ എണ്ണം നല്ല നിലയിൽ വർധിച്ചുവരികയും ചെയ്യുന്നുണ്ട്. മാതാപിതാക്കൾ അവരുടെ എല്ലാ ആഗ്രഹങ്ങളും മാറ്റിവച്ച് കുഞ്ഞായിരിക്കുന്ന അവരുടെ മക്കളെ വളർത്തി ജീവിതത്തിന്റെ ഒരു പ്രധാനപ്പെട്ട ഘട്ടത്തിലേക്ക് കൈപിടിച്ചുയർത്തുമ്പോൾ, സ്വത്തിന്റെ പേരിൽ മാതാപിതാക്കളെ വീട്ടിനുള്ളിൽ പൂട്ടിയിട്ട് കത്തിക്കാൻ എങ്ങനെയാണ് നമ്മുടെ നാട്ടിലെ പുതിയ തലമുറയിലെ അഭ്യസ്തവിദ്യരായവരും മാതാപിതാക്കളെക്കാൾ വിദ്യാഭ്യാസയോഗത്യയുള്ളവരുമായ മക്കൾക്ക് കഴിയുന്നത്. സ്നേഹത്തിന്റെയും ആർദ്രതയുടെയും കരുണയുടെയും പരസ്പരസംരക്ഷണത്തിന്റെയും ഒരുതലം നഷ്ടപ്പെട്ടുപോകുന്നതും സ്വത്ത് വീതം വയ്ക്കുകയും ചെയ്യുന്നതുമാണ് നമ്മൾ കാണുന്നത്. മാതാപിതാക്കൾ അവരുടെ ആഗ്രഹങ്ങൾ മാറ്റി വച്ചും ഇഷ്ടങ്ങളെ അവഗണിച്ചുകൊണ്ടുമാണ് നമ്മളെ വളർത്തിയെടുത്തത്. അവസാനം അവരുണ്ടാക്കിയ സ്വത്ത് വീതം വയ്ക്കുമ്പോൾ അവരെത്തന്നെ അതിന്റെ

ഭാഗമായി പീഡിപ്പിക്കുന്ന സാഹചര്യം നമ്മുടെ നാട്ടിലെ കുറച്ച് കുടുംബങ്ങളിലെങ്കിലും ഉണ്ടാകുന്നുണ്ട്. സോഷ്യൽ ഐസൊലേഷൻ എന്നത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമായി ചൂണ്ടിക്കാണിക്കുകയാണ്. വയോജനങ്ങൾക്കായി ധാരാളം പരിപാടികളും പരിഷ്കാരങ്ങളും നമ്മുടെ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. Elder Line പദ്ധതിയിലൂടെ വയോജനങ്ങൾക്ക് ഇങ്ങനെയുള്ള പ്രശ്നങ്ങൾക്കുള്ള സഹായങ്ങൾക്കായി വിളിക്കാവുന്നതാണ്; കൂടാതെ അവർക്ക് നേരെയുള്ള അക്രമങ്ങൾക്കെതിരെ സഹായത്തിനുള്ള സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതിയാണ് വയോരക്ഷ. അതുപോലെ വയോ വെബ് പോർട്ടൽ എന്ന പദ്ധതിയും ചികിത്സാമേഖലയിൽ വയോമിത്രം എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി; പകൽവീടുകളെക്കുറിച്ചുള്ള വിഷയത്തിൽ 'പകൽവീടുകൾ' എന്ന പേര് പ്രശ്നമില്ല എന്നാൽ വൃദ്ധസദനമെന്ന പേര് വേണമോയെന്നുള്ള ഒരു പുനഃരാലോചന നടത്തേണ്ടതാണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അഴീക്കോട് മണ്ഡലത്തിലെ കണ്ണൂർ ബ്ലോക്ക്

പഞ്ചായത്തിന്റെ കീഴിലുള്ള ഒരു വൃദ്ധസദനത്തിൽ ഇടയ്ക്കിടയ്ക്ക് ഞങ്ങൾ സന്ദർശനം നടത്താറുണ്ട്. ഇതിനുമുമ്പ് അവിടെ Hindustan latex Limited- ന്റെ CSR (Corporate Social Responsibility) ഫണ്ടിന്റെ ഭാഗമായി സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതിയുണ്ടായിരുന്നുവെങ്കിലും ഇടക്കാലത്ത് ഈ പദ്ധതി നിർത്തലാക്കിയിരുന്നു. വൃദ്ധസദനത്തിലുള്ള അന്തേവാസികളെ കാണുന്നതിനായി അവിടെയെത്തുമ്പോൾത്തന്നെ ഭൂരിപക്ഷം ആളുകളും കരയാൻ തുടങ്ങും, കാരണം അവരുടെ മാനസികാവസ്ഥ അതാണ്. അവരെ അവിടെയെത്തിച്ചവരിൽ ഭൂരിപക്ഷം ആളുകളും തിരിഞ്ഞുനോക്കുന്നില്ലെന്ന നിലയിലേക്കും എത്തിയിരിക്കുന്നു. വൃദ്ധസദനങ്ങളിൽ താമസിക്കുന്നവരുടെ ജീവിതവും അന്തരീക്ഷവും നമ്മൾ കാണുന്നതിലും എത്രയോ പ്രയാസകരമാണ്. എന്തെങ്കിലും പ്രത്യേക പരിപാടികളുടെ ഭാഗമായി നമ്മൾ അവരെപ്പോയി കാണുകയും സംസാരിക്കുകയും ചെയ്യുന്നതിലൂടെ കുറഞ്ഞത് ആറ് മാസമെങ്കിലും കൂടുതലായി ജീവിച്ചിരിക്കാൻ അവർക്ക് സഹായകരമാണെന്നാണ് എനിക്ക് തോന്നുന്നത്. Old age എന്ന പേര് പുനഃരാലോചിക്കണമെന്ന് ഞാൻ പറഞ്ഞത് ബില്ലിന്റെ ഭാഗമായിട്ടല്ലെങ്കിലും അതിന് മറ്റെന്തെങ്കിലും പേര്

നൽകാൻ കഴിയുമോയെന്ന നിർദേശത്തെ നാം പരിഗണിക്കേണ്ടതാണ്. പ്രായമുള്ളവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെയും ഒറ്റപ്പെടലിനെയും അതിജീവിക്കാൻ സാധിക്കുന്ന വയോ അമൃതം, മന്ദഹാസം, വയോനിധി, ഓർമ്മത്തോണി എന്നിങ്ങനെയുള്ള ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

അൽഷിമേഴ്സ് പോലെയുള്ള രോഗങ്ങളും പ്രായത്തിന്റെ ഭാഗമായ ഓർമ്മക്കുറവും പലർക്കും സംഭവിക്കുന്നുണ്ട്. പ്രായമാകുന്നത് ഒരു കുറ്റമല്ല. Living together എന്നതും കുട്ടികൾ വേണ്ടയെന്നുമുള്ള പുതിയൊരു പ്രവണത വർധിച്ചുവരുന്നതായി ശ്രീ. ഇ. കെ. വിജയനുമായി സംസാരിച്ചപ്പോൾ പറയുകയുണ്ടായി. അതിനെ ഞാൻ എതിർക്കുകയല്ല, ഇവിടെ എന്താണ് സംഭവിക്കുക? മുമ്പ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ വലിയ വീടാണ്, കുട്ടികളെല്ലാം പുറത്തുപോയി പഠിക്കുകയാണ്, അവിടെ പ്രായമായ മാതാപിതാക്കൾ മരിച്ചാൽപ്പോലും മക്കൾ അറിയുന്നില്ല. നമ്മുടേതുപോലെ സാമൂഹ്യമായ ഇന്ററാക്ഷൻ നടക്കുന്ന സംസ്ഥാനത്തുപോലും രോഗബാധിതരായി വീട്ടിൽ ഒറ്റയ്ക്കാകുന്ന മാതാപിതാക്കൾ മരിച്ചാൽപ്പോലും അറിയാൻ സാധിക്കാത്ത ഒറ്റപ്പെട്ട സംഭവങ്ങൾ കാണുന്നുണ്ട്. Living together

എന്ന കൾച്ചറിലേക്കും കുട്ടികൾ വേണ്ടെന്നുള്ള പുതിയ ജീവിത ശൈലിയിലേക്കും പോകുന്നത് സാമൂഹ്യമായ ധാരാളം പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. ബില്ലിന്റെ ഭാഗമായി ഇത്തരം കാര്യങ്ങളിലേക്ക് വിശദമായിപോകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. വയോജനങ്ങളുടെ പെരുമാറ്റത്തിലുണ്ടാകുന്ന വ്യതിയാനം സയന്റിഫിക്കാണ്, ഐക്യരാഷ്ട്രസഭ പറയുന്നതനുസരിച്ച് ഓരോ age group-നും Young Old-ലും Middle Old-ലും Old old-ലും വ്യത്യസ്തമായ സ്വഭാവരീതികളായിരിക്കും അവർ പ്രകടിപ്പിക്കുന്നത്. എന്നെ വളർത്തിയ അച്ഛനെയും അമ്മയെയും എനിക്ക് സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ ഞാൻ എം.എൽ.എ. ആയാലും മന്ത്രിയായാലും ഏതുസ്ഥാനത്തിരിക്കുന്ന ആളായാലും എന്റെ യോഗ്യതയെന്നുപറയുന്നത് കാലിന്റെ അടിയിലുള്ള ഒരു കടലാസിന്റെ വില പോലുമില്ലാത്തതാണെന്ന ബോധ്യത്തിലുള്ള ഒരു മെസേജ് ഈ സമൂഹത്തിലേക്ക് നൽകാൻ ഇത് ഉപകരിക്കുന്നതാണ്. ഇതിലൊരു പ്രത്യേകമായ കൾച്ചർ നമുക്ക് രൂപപ്പെടുത്തിയെടുക്കേണ്ടതാണ്. എത്ര

വരുമാനമുണ്ടായാലും എവിടെപ്പോയി തൊഴിലെടുത്താലും നമ്മുടെ ഏത് ഉയർച്ചയിലും.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം വഴങ്ങുന്നുണ്ടോ? ചോദ്യങ്ങൾ ചുരുക്കി ഉന്നയിക്കണം.

ശ്രീ. അൻവർ സാദത്ത് : സർ, വയോജനങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. വയോജനങ്ങളെയോ അല്ലെങ്കിൽ മാതാപിതാക്കളെയോ പരിരക്ഷിക്കാതെയും, പ്രായമായ ആളുകൾക്ക് നൽകേണ്ട സ്നേഹവും പരിഗണനയും ആനുകൂല്യവും കൊടുക്കാത്തവർക്കെതിരെ അതായത് മക്കളോ അതല്ലെങ്കിൽ അവരിൽ ഉത്തരവാദിത്വമുള്ളവർക്കോ എതിരെ നിയമപരമായ രീതിയിൽ നേരിടാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇത്തരത്തിലുള്ളവർക്കെതിരെ ഒരു കർശനനിയമം സഭയിൽ കൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. കെ. വി. സുമേഷ്: സർ, നിയമപരമായ സാധ്യത ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയും സർക്കാരും ആലോചിക്കേണ്ട കാര്യമാണ്. ഒരു കാര്യം വളരെ വ്യക്തമാണ്, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ലഹരി വിഷയം

ചർച്ച ചെയ്യുന്നതുപോലെതന്നെ വയോജനങ്ങളുടെ വിഷയവും കുറച്ചുകൂടി സീരിയസായി എടുക്കേണ്ടതാണ്. ഇവിടെ ഉത്തരവാദിത്വത്തിൽനിന്നും അവർ ഒളിച്ചോടുകയാണ്. എന്നെ വളർത്തിയ മാതാപിതാക്കളെ ഏതുഘട്ടത്തിലും സംരക്ഷിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഞാൻ മകളാണ് അല്ലെങ്കിൽ മകനാണ് എന്നുപറയുന്നതിന്റെ അർഥവും യുക്തിയുമെന്താണ്? കേരളം പോലെയൊരു സംസ്ഥാനത്ത് മെച്ചപ്പെട്ട സാമൂഹ്യജീവിതാന്തരീക്ഷത്തിൽ ഇത് വളരെ അനിവാര്യമാണ്, അവർ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുകയാണ്, ഇത് ഗൗരവമുള്ള ഒരു വിഷയവുമാണ്. ഈ ബില്ലിനെ സൂക്ഷമായി പരിശോധിച്ചാൽ ഇതിനൊരു സിവിൽ പാർട്ടിന്റെയോ അർഥജ്ജുഡീഷ്യൽ സംവിധാനത്തിന്റെ അധികാരങ്ങളുണ്ടോയെന്ന തർക്കത്തിലേക്ക് നമ്മൾ പോകരുത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ സാമൂഹ്യ വികസന ജീവിതാന്തരീക്ഷത്തിൽ കേരളത്തിലെ വർധിച്ചുവരുന്ന ജനസംഖ്യാനുപാതത്തിലെ മാറ്റം പ്രധാനപ്പെട്ട ഒരു വിഷയമായി വരാൻ പോകുകയാണ്. ഈ വിഷയത്തെ അഡ്രസ് ചെയ്യാതെ നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. വയോജനങ്ങൾ

സംരക്ഷിക്കപ്പെടേണ്ടതാണ്, ജീവിതത്തിന്റെ ഭാഗമായി വയോജനങ്ങൾ അനുഭവിക്കുന്ന മാനസികവും ശാരീരികവുമായ പ്രയാസങ്ങളെ അഡ്രസ് ചെയ്യാൻ ഒരു കമ്മീഷൻ വേണമെന്നുള്ളത് അനിവാര്യമായുള്ള ഒരു തലത്തിലേക്ക് മാറിയിരിക്കുകയാണ്. നമ്മുടെ സാമൂഹ്യനീതി വകുപ്പ് സാമൂഹ്യപ്രതിബദ്ധതയുള്ള മന്ദഹാസം, ഓർമ്മത്തോണി തുടങ്ങിയ പതിനഞ്ചിലേറെ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. അതോടൊപ്പം കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് ഈ കമ്മീഷന്റെ വരവോടുകൂടി മെച്ചപ്പെട്ട ഒരു വയോജന സൗഹൃദ അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ സഹായിക്കും. ഇവിടെ ജനനനിരക്കിലുണ്ടായ കുറവ് നമ്മൾ പ്രധാനമായി കാണണം. ഇത്തവണത്തെ ഒന്നാം ക്ലാസിലേക്കുള്ള കുട്ടികളുടെ പ്രവേശനത്തിന്റെ എണ്ണം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി, വലിയൊരു മാറ്റത്തിലേക്ക് കേരളത്തിന്റെ സാമൂഹിക ജീവിതാന്തരീക്ഷം മാറിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഇത്തരത്തിലൊരു കമ്മീഷൻ എന്നത് അനിവാര്യമായ കാര്യമാണ്. വയോജനങ്ങൾ സമൂഹത്തിന്റെ രക്ഷകർത്താക്കളാണ്, നമ്മൾ എത്ര ഉയരത്തിലെത്തിയാലും

അതുപോലെ എത്ര താഴെയെത്തിയാലും ഒരേ മനസോടെ നമ്മളെ ചേർത്തുപിടിക്കുന്നത് നമ്മുടെ സ്വന്തം മാതാപിതാക്കൾ മാത്രമാണെന്നുള്ളതാണ് ലോകത്തെ ഇതപര്യന്തമുള്ള യാഥാർഥ്യമെന്ന് നാം മനസിലാക്കണം. അച്ഛനും അമ്മയുമെന്ന് നാം പറയുന്നത് ഒരു പർവതനിരയേക്കാൾ ഉയരമുള്ള സ്നേഹത്തിന്റെയും ആർദ്രതയുടെയും സൗഹൃദത്തിന്റെയും തലോടലിന്റെയും വാചകങ്ങളാണ്. അവർക്ക് പകരം വയ്ക്കാൻ നമുക്ക് മറ്റൊരു വാചകമില്ല. നിശ്ചയമായും ഈ രക്ഷകർത്താക്കളുടെ സംരക്ഷണത്തിനും പരിരക്ഷയ്ക്കും അവരുടെ സാമൂഹ്യമായ ശ്രദ്ധയ്ക്കുംവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു അവതരിപ്പിക്കപ്പെടുന്ന ഈ വയോജന കമ്മീഷൻ ബിൽ കേരളത്തിലെ വയോജനസൗഹൃദ അന്തരീക്ഷത്തിലെ ഒരു ചരിത്ര നിമിഷമായി മാറുമെന്ന കാര്യത്തിൽ തർക്കമില്ല. എല്ലാ അർഥത്തിലും ഇതിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വളരെ പരിപക്വമായ വ്യക്തിത്വവും നിയമജ്ഞനുമായിട്ടുള്ള ശ്രീ. യു. എ. ലത്തീഫ് വയോജന കമ്മീഷന്റെ ആവശ്യമെന്താണെന്ന് സഭയിൽ ചോദിക്കുകയുണ്ടായി. അത് കേട്ടപ്പോൾ വളരെയധികം വേദന തോന്നി. തൊട്ടടുത്തിരിക്കുന്ന ശ്രീ. പി. ഉബൈദുള്ളയ്ക്ക് 2019-ൽ കമ്മീഷൻ വേണമെന്ന ബോധ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹിതനാണല്ലോ; സീനിയർ സിറ്റിസണായിട്ടുള്ള നിയമജ്ഞനായ അദ്ദേഹം കേന്ദ്ര നിയമമുള്ളതുകൊണ്ട് ഒരു കമ്മീഷന്റെ ആവശ്യമില്ലെന്നാണ് പറയുന്നത്. ഏട്ടിലെ പശു പുല്ല് തിന്നില്ല. നിയമമുള്ളതുകൊണ്ട് ഇവിടെ സംരക്ഷണ സംവിധാനങ്ങളോ മറ്റ് നീതിനിർവഹണ സംവിധാനങ്ങളോ വേണ്ടെന്ന് നമുക്ക് പറയാൻ കഴിയുമോ; ബലാൽസംഗത്തിനെതിരെ നിയമമില്ലേ; എന്നിട്ടും ഈ രാജ്യത്ത് അത് നടക്കുന്നില്ലേ; സ്ത്രീകളുടെ സംരക്ഷണാർത്ഥം കേന്ദ്ര-സംസ്ഥാന നിയമങ്ങളുണ്ട്. എന്നിട്ടും വനിതാ കമ്മീഷൻ പ്രവർത്തിക്കുന്നില്ലേ; ഇവിടെ കുറ്റകൃത്യങ്ങൾ കൂടിക്കൊണ്ടിരിക്കുന്ന ഒരു അന്തരീക്ഷം കൂടിയാണ്. 2019-ൽ വേണ്ടെന്ന് പറഞ്ഞ കാര്യം ഇപ്പോൾ എങ്ങനെ വന്നു എന്ന് ചോദിച്ചു. ഓരോ ദിവസം

കുടുംതോറും അവസ്ഥ മോശമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം നിങ്ങൾതന്നെ ഏറ്റവും ഗംഭീരമായ നിലയിൽ ഉദ്ഘാടനം ചെയ്ത ആഗോളവൽക്കരണ നയങ്ങൾ കൂടിയാണ്. ഉപയോഗിക്കു വലിച്ചെറിയൂ അഥവാ യൂസ് ആൻഡ് ത്രോ നയം. ചായ കുടിക്കുക ഗ്ലാസ് വലിച്ചെറിയുക, വെള്ളം കുടിക്കുക കുപ്പി വലിച്ചെറിയുക. ഈ ഡിസ്പോസിബിൾ സംസ്കാരത്തിന്റെ ഭാഗമായിട്ടാണ് ഇന്ന് വയോജനങ്ങൾ യാതന അനുഭവിക്കേണ്ടിവരുന്നത്. സ്വന്തം മക്കൾ തന്നെ അമ്മയെയും അമ്മൂമ്മയെയും തലയ്ക്കടിച്ചുകൊല്ലുന്ന ഒരു അവസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം കമ്പോളാധിഷ്ഠിതമായിട്ടുള്ള മൂല്യങ്ങൾ ശക്തിപ്പെടുന്നതുകൊണ്ടാണ്. കമ്പോള കേന്ദ്രീകൃതമായിട്ടുള്ള ഒരു വ്യവസ്ഥയ്ക്കാണ് ആ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ആ വ്യവസ്ഥയ്ക്കകത്ത് മർദ്ദകമായ രീതിയിലുള്ള ഹിംസാത്മകത വലിയരീതിയിൽ വർധിച്ചുവരുമ്പോൾ നമ്മുടെ വയോജനങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ടതുണ്ട്. അതുകൊണ്ട് ഈ കാലത്ത് വയോജന കമ്മീഷൻ ഒരു അനിവാര്യതയാണ്. ബഹുമാനപ്പെട്ട അംഗത്തിനുശേഷം സംസാരിച്ച ശ്രീ. എൻ. എ. നെല്ലിക്കുന്ന് വളരെ

പോസിറ്റീവായി ഈ ബില്ലിനെ കാണുകയും മനോഹരമായ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ആ നിർദേശങ്ങളൊക്കെ പരിഗണിക്കുന്നതാണ് എന്നുകൂടി ഞാനീ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

വിയോജനക്കുറിപ്പിന്റെ ഭാഗമായി M.W.P.S.C. (Maintenance and Welfare of Parents and Senior Citizens Act, 2007)ആക്റ്റുമായി വൈരുദ്ധ്യമുള്ള യാതൊരംശവും ഇപ്പോൾ അവതരിപ്പിച്ച ബില്ലിൽ ഇല്ലെന്നുകൂടി അറിയിക്കുന്നു. മാത്രമല്ല ഈ ആക്റ്റ് നിഷ്കർഷിക്കുന്ന വിധത്തിലുള്ള കാര്യങ്ങൾ ഫലപ്രാപ്തിയിൽ കൊണ്ടുവരുന്നതിന് നല്ലരീതിയിൽ ഇടപെടാൻ കഴിയുന്നവിധത്തിലാണ് വയോജന കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ളത്. പൂർണ്ണമായും വയോജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ കഴിയുന്ന ഒരു സംവിധാനമായി നമുക്കതിനെ നിലനിർത്തണമെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. വയോജന കമ്മീഷന്റെ ചെയർപേഴ്സണിന് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയായിരിക്കും എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്, മറിച്ച് ഗവൺമെന്റ് സെക്രട്ടറിയാണ് ചെയർമാൻ ആയിരിക്കുക എന്നല്ല. അതുകൊണ്ടുതന്നെ കമ്മീഷന്റെ ചെയർപേഴ്സൺ

വിരമിച്ച വ്യക്തിയാണോ എന്നുള്ള ചോദ്യത്തിന് പ്രസക്തിയില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ സർക്കാർ വൃദ്ധസദനങ്ങളുടെ പേര് 'സ്നേഹാലയം' എന്നാക്കി മാറ്റിയിട്ടുണ്ടെന്ന വസ്തുത ഞാനിവിടെ അറിയിക്കുകയാണ്. ഈ ബില്ലിൽ 'വൃദ്ധസദനം' എന്ന വാക്കുപയോഗിക്കാൻ പ്രധാന കാരണം 'സംരക്ഷണകേന്ദ്രം' എന്നതിന്റെ നിർവചനത്തിൽ 'വൃദ്ധസദനങ്ങൾ' എന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതുപോലെ ആക്റ്റിലെ വ്യവസ്ഥകൾ വയോജനങ്ങളെ സംരക്ഷിക്കുന്ന ഏത് കേന്ദ്രത്തെയും ഉൾപ്പെടുന്ന വിധത്തിലാണ് എന്നുള്ളതുകൊണ്ടുകൂടിയാണ് 'വൃദ്ധസദനങ്ങൾ' എന്നുതന്നെ ഉപയോഗിച്ചത്. സ്വന്തം കൈപ്പടയിൽ എഴുതുന്നത് സംബന്ധിച്ച് ഒരു സംശയം ഇവിടെ ഉയർന്നുവന്നു. അതിന് എന്ത് മാർഗ്ഗങ്ങളാണോ നിലവിൽ സ്വീകരിക്കുന്നത് അതിൽനിന്ന് വ്യത്യസ്തമായി എല്ലാവരും കൈകൊണ്ട് എഴുതിക്കൊടുക്കണമെന്നല്ല. സ്വമനസ്സാലെ ഒപ്പിട്ട് നൽകണമെന്നുതന്നെയാണ് അതിന്റെ ആശയം. ഒരു നിയമം കൊണ്ടുവരണമെന്ന് ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചു. നിലവിലുള്ള കേന്ദ്ര നിയമത്തിൽ പിഴയും തടവും നിഷ്കർഷിക്കുന്നുണ്ട്. വളരെ ശക്തമായ ഒരു നിയമം തന്നെയാണ് M.W.P.S.C.

Act. അതിന്റെ ഇംപ്ലിമെന്റേഷൻ കൃത്യമായി നടക്കണമെന്നാണ് നാം ലക്ഷ്യം വയ്ക്കുന്നത്. ഇന്നത്തെ അരക്ഷിതമായ സാഹചര്യത്തിലും അത് കൂടുതൽ തീവ്രമായിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലും വയോജനങ്ങൾക്കുനേരെ ശാരീരികവും മാനസികവുമായിട്ടുള്ള അതിക്രമങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിലും ഇത്തരത്തിൽ ഒരു വയോജന കമ്മീഷൻ അനിവാര്യമായിട്ടുവരികയാണ്. സംസ്ഥാനത്ത് വനിതാ കമ്മീഷനും യുവജന കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും ഭിന്നശേഷിക്കാർക്കുള്ള കമ്മീഷനുമുണ്ട്. ഭിന്നശേഷിയുമായി ബന്ധപ്പെട്ടും കേന്ദ്രനിയമം നിലവിലുണ്ട്. പക്ഷേ വയോജന കമ്മീഷൻ അത്തരം നിയമങ്ങളൊക്കെ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി വിജിലന്റായി പ്രവർത്തിക്കാൻ വേണ്ടികൂടിയാണ്. കേന്ദ്ര വയോജന നയത്തിൽ ഇത്തരത്തിൽ വയോജന കമ്മീഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിർദേശവും മുന്നോട്ടുവയ്ക്കുന്നുണ്ട്. യാതൊരുവിധത്തിലും കേന്ദ്രനിയമവുമായി വൈരുദ്ധ്യമുള്ള ഒരു നിയമമല്ല ഇത് എന്നുമാത്രമല്ല, ഇന്നത്തെ കാലത്ത് അനിവാര്യമായ ഒരു സംവിധാനമായിട്ടുകൂടി അത് മാറുകയാണ്. മുൻകാലത്തെപ്പോലെ വയോജനങ്ങളെ

കേന്ദ്രീകരിച്ചുനിൽക്കുന്ന കുടുംബവ്യവസ്ഥയല്ല ഇന്ന് നമുക്കുള്ളത്. കൂട്ടുകുടുംബത്തിന്റെ അവസാനം കുറിച്ചുകൊണ്ട് അണുകുടുംബത്തിലേക്ക് സമൂഹമാകെ വഴിമാറിയപ്പോൾ ഏറ്റവും പ്രയാസമനുഭവിക്കുന്ന ഒരു ജനതയാണ് നമ്മുടെ വയോജനങ്ങൾ. ഒരുപക്ഷേ സാമ്പത്തികമായി ശേഷിയുള്ളവരെക്കാളും വളരെ വളരെ ശോചനീയാവസ്ഥയാണ് മരുന്നുപോലും കൃത്യസമയത്ത് ലഭിക്കാനില്ലാത്ത സാധാരണക്കാരായ വയോജനങ്ങൾ. അവരിലേക്കൊക്കെ സഹായഹസ്തം എത്താൻ കഴിയുന്നവിധത്തിലാണ് വയോജന കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ളത്. സമൂഹത്തിന്റെ ഏത് തലത്തിലുള്ളവരായിക്കോട്ടെ സമ്പന്നരായിക്കോട്ടെ ദരിദ്രരായിക്കോട്ടെ വയോജനങ്ങൾ ഇന്ന് പലരീതിയിലുള്ള സങ്കടങ്ങളും നിവൃത്തികേടും ഏറ്റുവാങ്ങിക്കൊണ്ടാണ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ ഈ വയോജന കമ്മീഷൻ അതിന്റെ കൃത്യമായ അധികാരങ്ങളും ചുമതലകളും നിർവഹിക്കുമ്പോൾ അത് വലിയൊരളവിൽ ഈ ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകും എന്ന് കണ്ടുകൊണ്ടുതന്നെ പ്രസ്തുത ബിൽ സംബന്ധിച്ചുള്ള സബ്ജക്ട് കമ്മിറ്റി

പരിഗണിച്ച എല്ലാ കാര്യങ്ങളും സഭ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കേട്ടതിൽ വളരെ സന്തോഷം. പക്ഷേ ഞാൻ പറഞ്ഞത് ഈ ബില്ലിൽ വയോജനങ്ങളെ സഹായിക്കുന്ന ഒരു വകുപ്പുമില്ല എന്നാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 9, 10 വകുപ്പുകളിൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള എന്തെങ്കിലും അധികാരമോ നടപടിയോ ഇല്ല. അവരെ സഹായിക്കണം.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പ് തിരിച്ചുള്ള പരിഗണന**

**രണ്ടാം വകുപ്പ്**

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

225. ഖണ്ഡം 2-ൽ "മറ്റ്" എന്നതിനുപകരം "മറ്റുള്ള" എന്ന് ചേർക്കുക.

227. ഖണ്ഡം 2(എ)-ൽ "സംരക്ഷിക്കുന്നതിനുള്ള" എന്നതിനുപകരം "സംരക്ഷിക്കാനുള്ള" എന്ന് ചേർക്കുക.

270. ഖണ്ഡം 2(സി)-ൽ "പ്രകാരം" എന്നതിനുപകരം "പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

228. ഖണ്ഡം 2(എ)-ൽ "സർക്കാർ വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ" എന്നതിനുപകരം "സർക്കാരിന്റെയോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെയോ" എന്ന് ചേർക്കുക.

246. ഖണ്ഡം 2(എ)-ൽ "വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിനുപകരം "നിയന്ത്രണത്തിലുള്ള വയോജന കേന്ദ്രങ്ങളോ, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള വയോജന കേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

275. ഖണ്ഡം 2 (ഡി)-ൽ "പൂർത്തിയായിട്ടുള്ള ഒരാൾ" എന്നതിനുപകരം "പൂർത്തിയായവർ മുതലുള്ള വ്യക്തികൾ" എന്ന് ചേർക്കുക.

299. ഖണ്ഡം 2(എച്ച്) ഒഴിവാക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

231. ഖണ്ഡം 2(എ)-ൽ "സർക്കാർ വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിനുപകരം "സർക്കാരിന്റെ

നിയന്ത്രണത്തിലുള്ള വയോജന കേന്ദ്രങ്ങളോ, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന വയോജനകേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

260. ഖണ്ഡം 2 (എ)-ൽ "വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിനുപകരം "വയോജനകേന്ദ്രങ്ങളോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനുള്ള വയോജനകേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

234. ഖണ്ഡം 2(എ)-ൽ "സർക്കാർ" എന്നതിന് ശേഷം "നടത്തുന്ന" എന്ന് ചേർക്കുക.

305. ഖണ്ഡം 2(എച്ച്)-ൽ "വയോജനങ്ങളെ പാർപ്പിക്കുന്നതോ സംരക്ഷിക്കുന്നതോ ആയ" എന്നതിനുപകരം "സംരക്ഷണം നൽകുന്ന" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

238. ഖണ്ഡം 2(എ)-ൽ "സർക്കാർ" എന്നതിന് ശേഷം "നിയന്ത്രണത്തിലുള്ള" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

249. ഖണ്ഡം 2(എ)-ൽ "വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിനുപകരം " വയോജന കേന്ദ്രങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വയോജന കേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

301. ഖണ്ഡം 2(എച്ച്)-ൽ "വൃദ്ധസദനം" എന്നതിനുപകരം "വയോജന കേന്ദ്രം" എന്ന് ചേർക്കുക.

325. ഖണ്ഡം 2(ഐ)-ൽ "നിർണ്ണയിക്കപ്പെട്ട" എന്ന വാക്കു വരുന്നിടത്തെല്ലാം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

252. ഖണ്ഡം 2 (എ)-ൽ "വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിനുപകരം "നിയന്ത്രണത്തിലുള്ളതോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള അംഗീകൃത വയോജന കേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

295. ഖണ്ഡം 2 (ജി)-ൽ "എന്നാൽ" എന്നതിന് ശേഷം "സർക്കാർ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 2(എ)-ൽ "അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിനു ശേഷം "മറ്റ് സർക്കാർ അംഗീകാരത്തോടെയോ സർക്കാർ സഹായത്തോടെയോ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളോ" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

264. ഖണ്ഡം 2(എ)-ൽ "അംഗീകാരമുള്ള" എന്നതിന് ശേഷം "സ്വകാര്യ" എന്ന് ചേർക്കുക.

321. ഖണ്ഡം 2 (എച്ച്)-ൽ "ആയ" എന്നതിനുപകരം "ആയതും നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ച് പോരുന്നതുമായ" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

269. ഖണ്ഡം 2(സി)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

278. ഖണ്ഡം 2 (ഡി)-ൽ "പൂർത്തിയായിട്ടുള്ള ഒരാൾ"എന്നതിനുപകരം "പൂർത്തിയായിട്ടുള്ളവരും അതിന് മുകളിൽ പ്രായമുള്ളവരും" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 2 (ഡി)-ൽ, "ഒരാൾ" എന്നതിനുപകരം "ഒരു ഇൻഡ്യൻ പൗരൻ" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

289. ഖണ്ഡം 2 (എഫ്)-ൽ, "എന്നാൽ" എന്നതിന് ശേഷം "വയോജന" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

303. ഖണ്ഡം 2(എച്ച്)-ൽ "എന്നാൽ" എന്നതിന് ശേഷം "സ്വന്തം വീട്ടിലോ ബന്ധു വീടുകളിലോ അല്ലാതെ" എന്ന് ചേർക്കുക.

322. ഖണ്ഡം 2(എച്ച്)-ൽ "ആയ" എന്നതിനുപകരം "ആയി പ്രത്യേകമായി നടത്തപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 2(എച്ച്)-ൽ "പാർപ്പിക്കുന്നതോ" എന്നതിനുപകരം "താമസിപ്പിക്കുന്നതോ" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 2(എച്ച്)-ൽ "പാർപ്പിക്കുന്നതോ സംരക്ഷിക്കുന്നതോ" എന്നതിനുപകരം "താമസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അംഗീകൃത വയോജന കേന്ദ്രം" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം 2(ഐ)-ൽ "ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട" എന്നതിനുപകരം "ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 229, 230 എന്നീ നമ്പർ ഭേദഗതികൾ 228-ാം നമ്പർ ഭേദഗതിക്കും 232, 233 എന്നീ നമ്പർ ഭേദഗതികൾ 231-ാം നമ്പർ ഭേദഗതിക്കും 235 മുതൽ 237 വരെയുള്ള ഭേദഗതികൾ 234-ാം നമ്പർ ഭേദഗതിക്കും 242 മുതൽ 245 വരെയുള്ള ഭേദഗതികളും 247, 248 എന്നീ നമ്പർ ഭേദഗതികളും 246-ാം നമ്പർ ഭേദഗതിക്കും 250, 251 എന്നീ നമ്പർ ഭേദഗതികൾ 249-ാം നമ്പർ ഭേദഗതിക്കും 253 മുതൽ 256 വരെയുള്ള ഭേദഗതികൾ 252-ാം നമ്പർ ഭേദഗതിക്കും 257 മുതൽ 259 വരെയുള്ള ഭേദഗതികൾ 260-ാം നമ്പർ ഭേദഗതിക്കും 276, 277 എന്നീ നമ്പർ ഭേദഗതികൾ 275-ാം നമ്പർ ഭേദഗതിക്കും 279, 280 എന്നീ നമ്പർ ഭേദഗതികൾ 278-ാം നമ്പർ ഭേദഗതിക്കും 286 മുതൽ 288 വരെയുള്ള ഭേദഗതികൾ 285-ാം നമ്പർ ഭേദഗതിക്കും 290, 291 എന്നീ നമ്പർ ഭേദഗതികൾ 289-ാം നമ്പർ ഭേദഗതിക്കും 294, 296 എന്നീ നമ്പർ ഭേദഗതികൾ 295-ാം നമ്പർ

ഭേദഗതിക്കും 297, 298 എന്നീ നമ്പർ ഭേദഗതികൾ 299-ാം നമ്പർ ഭേദഗതിക്കും 300, 302 എന്നീ നമ്പർ ഭേദഗതികൾ 301-ാം നമ്പർ ഭേദഗതിക്കും 304, 306, 307 എന്നീ നമ്പർ ഭേദഗതികൾ 305-ാം നമ്പർ ഭേദഗതിക്കും 309, 310 എന്നീ നമ്പർ ഭേദഗതികൾ 308-ാം നമ്പർ ഭേദഗതിക്കും 312, 313 എന്നീ നമ്പർ ഭേദഗതികൾ 311-ാം നമ്പർ ഭേദഗതിക്കും 326, 327 എന്നീ നമ്പർ ഭേദഗതികൾ 325-ാം നമ്പർ ഭേദഗതിക്കും 330-ാം നമ്പർ ഭേദഗതി 329-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 225, 227, 270 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 228, 246, 275, 299 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 231, 260 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 234, 305 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 249, 301, 325 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 252, 295 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 264, 321 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 303, 322 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

339. ഖണ്ഡം 3(1)-ൽ "സർക്കാർ," എന്നത് ഒഴിവാക്കുക.

377. ഖണ്ഡം 3 (1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) ഈ നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം കഴിയുന്നത്രവേഗം ഈ നിയമത്തിൻകീഴിലുള്ള വയോജന കമ്മീഷനിലേക്ക് എത്തിച്ചേർന്നിട്ടുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് വേണ്ടി സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന, 'കേരള സംസ്ഥാന വയോജന സംരക്ഷണ കമ്മീഷൻ ' എന്ന പേരിൽ ഒരു ആസ്ഥാനം രൂപീകരിക്കേണ്ടതാണ്. "

428. ഖണ്ഡം 3(3)-ൽ "വയോജനങ്ങൾ ആയിരിക്കേണ്ടതും" എന്നത് ഒഴിവാക്കുക.

474. ഖണ്ഡം 3(4)-ൽ "നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ" എന്നതിനുപകരം "നിയമ ബിരുദധാരി കൂടിയായ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

342. ഖണ്ഡം 3(1)-ൽ "സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കു" എന്നതിനുപകരം " ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിന് " എന്നത് ചേർക്കുക.

355. ഖണ്ഡം 3(1)-ൽ "പ്രാരംഭ തീയതിക്കു" എന്നതിനുപകരം "പ്രാബല്യത്തിൽ വന്നതിന്" എന്ന് ചേർക്കുക.

415. ഖണ്ഡം 3(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) സർക്കാർ നാമനിർദ്ദേശം വഴി നിയമിക്കുന്ന ഒരു ചെയർപേഴ്സനും, ആറ് അംഗങ്ങളിൽ കവിയാത്ത എണ്ണം അംഗങ്ങളും ചേർന്നതാണ് വയോജന കമ്മീഷൻ."

455. ഖണ്ഡം 3(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ സർക്കാർ നാമനി**ർദ്ദേശം** നൽകുന്ന അംഗങ്ങളിൽ 50% വയോജനങ്ങളിൽ നിന്നുള്ളവരും വയോജന ക്ഷേമ മേഖലകളിൽ പ്രവർത്തന പരിചയമുള്ളവരോ, പൊതുരംഗത്ത് പ്രവർത്തിപരിചയ മുള്ളവരോ ആയിരിക്കേണ്ടതും, അംഗങ്ങളിൽ ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവരും മറ്റൊരാൾ വനിതയുമായിരിക്കേണ്ടതുമാണ്".

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 3(1)-ൽ "സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കു ശേഷം കഴിയുന്നത്ര വേഗം" എന്നതിനുപകരം " ഈ നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം എത്രയും വേഗം " എന്ന് ചേർക്കുക.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

348. ഖണ്ഡം 3 (1)-ൽ "ആക്റ്റിന്റെ പ്രാരംഭ" എന്നതിനുപകരം "ആക്റ്റ് പ്രാബല്യത്തിൽ വന്ന" എന്ന് ചേർക്കുക.

402. ഖണ്ഡം 3(2)-ൽ "നാലിൽ" എന്നതിനുപകരം "അഞ്ചിൽ" എന്ന് ചേർക്കുക.

466. ഖണ്ഡം 3(4)-ൽ, "സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിനുപകരം "സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പിലെ ഗസറ്റഡ് റാങ്കിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

351. ഖണ്ഡം 3(1)-ൽ "ആക്റ്റിന്റെ പ്രാരംഭ" എന്നതിനുപകരം "ആക്റ്റ് നിലവിൽ വന്ന" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

369. ഖണ്ഡം 3(1) താഴെപ്പറയും പ്രകാരം മാറ്റുക.
"(1) ഈ നിയമം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക്, ഈ നിയമത്തിൻ കീഴിൽ വയോജന കമ്മീഷന് നൽകിയിട്ടുള്ള അധികാരാവകാശങ്ങൾ വിനിയോഗിക്കുന്നതിനും, ചുമതലകൾ നിർവ്വഹിക്കുന്നതിനും, സർക്കാർ ഒരു ഗസറ്റ് വിജ്ഞാപനത്തിലൂടെ, 'കേരള സംസ്ഥാന വയോജന കമ്മീഷൻ' എന്ന പേരിൽ ഒരു ആസ്ഥാനം രൂപീകരിക്കേണ്ടതാണ്."

475. ഖണ്ഡം 3(4)-ൽ "സർക്കാർ ധനകാര്യ വകുപ്പ് " എന്നതിനുപകരം "സംസ്ഥാന സർക്കാർ വകുപ്പിലെ" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 3 (2)-ൽ "കമ്മീഷനിൽ " എന്നതിന് മുമ്പായി "വയോജന" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

384. ഖണ്ഡം 3(2)-ൽ "സർക്കാർ" എന്നതിന് ശേഷം "ഗസറ്റ്" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

386. ഖണ്ഡം 3(2)-ൽ "വിജ്ഞാപനം വഴി" എന്നതിനുപകരം "നാമനിർദ്ദേശം നൽകുന്ന"എന്ന് ചേർക്കുക.

389. ഖണ്ഡം 3(2)-ൽ "നിയമിക്കുന്ന" എന്നതിനുപകരം "നിയമിക്കപ്പെടുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

395. ഖണ്ഡം 3(2)-ൽ "നാലിൽ" എന്നതിനുപകരം "മൂന്നിൽ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

409. ഖണ്ഡം 3(2)-ൽ "നാലിൽ കവിയാത്ത" എന്നതിനുപകരം "6-ൽ കുറയാത്ത" എന്ന് ചേർക്കുക.

441. ഖണ്ഡം 3(3)-ൽ "മേഖലയിൽ" എന്നതിനുപകരം "മേഖലയിലോ അനുബന്ധ മേഖലകളിലോ" എന്ന് ചേർക്കുക.

471. ഖണ്ഡം 3(4)-ൽ "സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിനുപകരം "സംസ്ഥാന സർക്കാർ സാമൂഹ്യക്ഷേമവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

490. ഖണ്ഡം 3(5)-ൽ "നിർണ്ണയിക്കപ്പെടുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

413. ഖണ്ഡം 3(2)-ൽ "കവിയാത്ത എണ്ണം" എന്നതിനുപകരം "കവിയാത്ത മറ്റ്" എന്ന് ചേർക്കുക.

423. ഖണ്ഡം 3(3)-ൽ "ഉൾപ്പെടെ" എന്നതിന് ശേഷം "(2)-ാം ഉപവകുപ്പ് പ്രകാരം" എന്ന വാക്കുകളും അക്കവും ചിഹ്നവും ചേർക്കുക.

452. ഖണ്ഡം 3(3) ൽ "പട്ടികജാതികളിലോ പട്ടിക ഗോത്രവർഗ്ഗങ്ങളിലോ" എന്നതിനുപകരം "പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ " എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

417. ഖണ്ഡം 3(2) താഴെപ്പറയും പ്രകാരം മാറ്റുക.
"(2) വയോജന കമ്മീഷനിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സണും, ആറിൽ കുറയാത്ത അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്."

459. ഖണ്ഡം 3(3) താഴെപ്പറയും പ്രകാരം മാറ്റുക.
"(3) വയോജന കമ്മീഷനിൽ സർക്കാർ നാമനിർദ്ദേശം നൽകുന്ന അംഗങ്ങളിൽ അൻപത് ശതമാനത്തിൽ കുറയാത്ത

വയോജനങ്ങളുണ്ടാകേണ്ടതും, ചെയർപേഴ്സൺ അടക്കമുള്ള അംഗങ്ങൾ വയോജനക്ഷേമ മേഖലയിലോ, മറ്റു പൊതുരംഗങ്ങളിലോ സേവനപരിചയമുള്ളവരോ ആയിരിക്കേണ്ടതും, അംഗങ്ങളിൽ ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ മേഖലയെ പ്രതിനിധീകരിക്കുന്നവരും മറ്റൊരാൾ വനിതയുമായിരിക്കേണ്ടതുമാണ്".

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

427. ഖണ്ഡം 3(3)-ൽ "അംഗങ്ങളും" എന്നതിനുശേഷം "കേരളത്തിൽ ജനിച്ച് വളർന്ന് " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

431. ഖണ്ഡം 3(3)-ൽ "വയോജനങ്ങൾ ആയിരിക്കേണ്ടതും" എന്നതിനുപകരം "അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളവരും" എന്ന് ചേർക്കുക.

451. ഖണ്ഡം 3(3) ൽ "പരിചയമുള്ള ആളുകളായിരിക്കേണ്ടതും " എന്നതിനുപകരം " പരിചയമുള്ളവരും ആയിരിക്കേണ്ടതും " എന്ന് ചേർക്കുക.

465. ഖണ്ഡം 3(4)-ൽ, "അഡീഷണൽ" എന്ന വാക്കിന് മുന്നിലുള്ള "സർക്കാർ" എന്നതിനുപകരം "ഗവൺമെന്റ്" എന്ന് ചേർക്കുക.

491. ഖണ്ഡം 3(6)-ൽ "തിരുവനന്തപുരത്ത്" എന്നതിനുപകരം "തിരുവനന്തപുരം"എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

432. ഖണ്ഡം 3(3)-ൽ "വയോജനക്ഷേമ" എന്നതിനുപകരം "സാമൂഹ്യക്ഷേമ" എന്ന് ചേർക്കുക.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

433. ഖണ്ഡം 3(3)-ൽ "വയോജനക്ഷേമ മേഖലയിൽ" എന്നതിനുപകരം"വയോജനക്ഷേമത്തിലോ അനുബന്ധ മേഖലകളിലോ" എന്ന് ചേർക്കുക.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

436. ഖണ്ഡം 3(3)-ൽ "മേഖലയിൽ" എന്നതിനുപകരം "മേഖലയിലോ, പൊതുരംഗത്തോ" എന്ന് ചേർക്കുക.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

442. ഖണ്ഡം 3(3)-ൽ "മേഖലയിൽ പ്രവർത്തന" എന്നതിനുപകരം "പ്രവർത്തനങ്ങളിൽ" എന്ന് ചേർക്കുക.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

449. ഖണ്ഡം 3 (3) ൽ "മേഖലയിൽ" എന്നതിന് ശേഷം " കുറഞ്ഞത് 15 വർഷത്തെ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 3(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) വയോജന കമ്മീഷനിൽ സർക്കാർ **നാമനിർദ്ദേശം** ചെയ്യുന്ന അംഗങ്ങളിൽ അൻപത് ശതമാനം പേരും വയോജനങ്ങളാകേണ്ടതും, എല്ലാ അംഗങ്ങളും വയോജന ക്ഷേമം, മറ്റ് സാമൂഹ്യ പ്രവർത്തനങ്ങളിലും പരിചയമുള്ളവരും അവരിൽ ഒരംഗം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും, മറ്റൊരാൾ വനിതയുമായിരിക്കേണ്ടതുമാണ്".

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

469. ഖണ്ഡം 3(4)-ൽ, "സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിനുപകരം "സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

479. ഖണ്ഡം 3(4)-ൽ "ഫിനാൻസ് ഓഫീസറായും "എന്നതിന് ശേഷം "ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

493. ഖണ്ഡം 3(6)-ൽ "തിരുവനന്തപുരത്ത്" എന്നതിനുപകരം "എറണാകുളത്ത് "എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 3(4) താഴെപ്പറയും പ്രകാരം മാറ്റുക.
"(4)സംസ്ഥാന സർക്കാർ സാമൂഹ്യനീതിവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ജീവനക്കാരനെ കമ്മീഷന്റെ സെക്രട്ടറിയായും, സർക്കാർ സർവ്വീസിലുള്ളതും നിയമ ബിരുദധാരിയും ഗസറ്റഡ് ഉദ്യോഗസ്ഥനുമായ ഒരു ജീവനക്കാരനെ രജിസ്ട്രാറായും, ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു സർക്കാർ ജീവനക്കാരനെ കമ്മീഷന്റെ ഫിനാൻസ് ഓഫീസറായും സർക്കാർ നിയമിക്കേണ്ടതാണ്."

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

485. ഖണ്ഡം 3(5)-ൽ "ഉദ്യോഗസ്ഥർക്ക്"എന്നതിനുപകരം "ഏതൊരു ഉദ്യോഗസ്ഥർക്കും" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

495. ഖണ്ഡം 3(6) താഴെപ്പറയും പ്രകാരം മാറ്റുക.
"(6)കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള വയോജനങ്ങൾ ഒരുപോലെ വന്നു പോകുന്നതിന് സൗകര്യപ്രദവുമായ സ്ഥലമെന്ന നിലയിൽ തൃശ്ശൂർ ജില്ലയിൽ ആയിരിക്കേണ്ടതാണ്."

<u>മി. സ്പീക്കർ</u>: 333 മുതൽ 338 വരെയുള്ള ഭേദഗതികൾ ശീർഷകത്തിലാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 340, 341 എന്നീ നമ്പർ ഭേദഗതികൾ 339-ാം നമ്പർ ഭേദഗതിക്കും 343, 344 എന്നീ നമ്പർ ഭേദഗതികൾ 342-ാം നമ്പർ ഭേദഗതിക്കും 346, 347 എന്നീ നമ്പർ

ഭേദഗതികൾ 345-ാം നമ്പർ ഭേദഗതിക്കും 349, 350 എന്നീ നമ്പർ ഭേദഗതികൾ 348-ാം നമ്പർ ഭേദഗതിക്കും 352, 353 എന്നീ നമ്പർ ഭേദഗതികൾ 351-ാം നമ്പർ ഭേദഗതിക്കും 354, 356 എന്നീ നമ്പർ ഭേദഗതികൾ 355-ാം നമ്പർ ഭേദഗതിക്കും 370, 371 എന്നീ നമ്പർ ഭേദഗതികൾ 369-ാം നമ്പർ ഭേദഗതിക്കും 375, 376, 378, 379, 380 എന്നീ നമ്പർ ഭേദഗതികൾ 377-ാം നമ്പർ ഭേദഗതിയിൽ അടങ്ങിയിരിക്കുന്നതിനാലും 382, 383 എന്നീ നമ്പർ ഭേദഗതികൾ 381-ാം നമ്പർ ഭേദഗതിക്കും 385-ാം നമ്പർ ഭേദഗതി 384-ാം നമ്പർ ഭേദഗതിക്കും 387, 388 എന്നീ നമ്പർ ഭേദഗതികൾ 386-ാം നമ്പർ ഭേദഗതിക്കും 390, 391 എന്നീ നമ്പർ ഭേദഗതികൾ 389-ാം നമ്പർ ഭേദഗതിക്കും 394-ാം നമ്പർ ഭേദഗതി 393-ാം നമ്പർ ഭേദഗതിക്കും 396 മുതൽ 399 വരെയുള്ള ഭേദഗതികൾ 395-ാം നമ്പർ ഭേദഗതിക്കും 400, 401, 403 മുതൽ 408 വരെയുള്ള ഭേദഗതികൾ 402-ാം നമ്പർ ഭേദഗതിക്കും 410, 411 എന്നീ നമ്പർ

ഭേദഗതികൾ 409-ാം നമ്പർ ഭേദഗതിക്കും 414, 416 എന്നീ നമ്പർ ഭേദഗതികൾ 415-ാം നമ്പർ ഭേദഗതിക്കും 418, 419 എന്നീ നമ്പർ ഭേദഗതികൾ 417-ാം നമ്പർ ഭേദഗതിക്കും 429, 430 എന്നീ നമ്പർ ഭേദഗതികൾ 428-ാം നമ്പർ ഭേദഗതിക്കും 434, 435 എന്നീ നമ്പർ ഭേദഗതികൾ 433-ാം നമ്പർ ഭേദഗതിക്കും 437, 438 എന്നീ നമ്പർ ഭേദഗതികൾ 436-ാം നമ്പർ ഭേദഗതിക്കും 439, 440 എന്നീ നമ്പർ ഭേദഗതികൾ 441-ാം നമ്പർ ഭേദഗതിക്കും 443 മുതൽ 445 വരെയുള്ള ഭേദഗതികൾ 442-ാം നമ്പർ ഭേദഗതിക്കും 448-ാം നമ്പർ ഭേദഗതി 447-ാം നമ്പർ ഭേദഗതിക്കും 450-ാം നമ്പർ ഭേദഗതി 449-ാം നമ്പർ ഭേദഗതിക്കും 454, 456 എന്നീ നമ്പർ ഭേദഗതികൾ 455-ാം നമ്പർ ഭേദഗതിക്കും 457, 458 എന്നീ നമ്പർ ഭേദഗതികൾ 459-ാം നമ്പർ ഭേദഗതിക്കും 461, 462 എന്നീ നമ്പർ

ഭേദഗതികൾ 460-ാം നമ്പർ ഭേദഗതിക്കും 467, 468 എന്നീ നമ്പർ ഭേദഗതികൾ 466-ാം നമ്പർ ഭേദഗതിക്കും 470-ാം നമ്പർ ഭേദഗതി 469-ാം നമ്പർ ഭേദഗതിക്കും 472, 473 എന്നീ നമ്പർ ഭേദഗതികൾ 474-ാം നമ്പർ ഭേദഗതിക്കും 476, 477 എന്നീ നമ്പർ ഭേദഗതികൾ 475-ാം നമ്പർ ഭേദഗതിക്കും 480-ാം നമ്പർ ഭേദഗതി 479-ാം നമ്പർ ഭേദഗതിക്കും 482, 483 എന്നീ നമ്പർ ഭേദഗതികൾ 481-ാം നമ്പർ ഭേദഗതിക്കും 486, 487 എന്നീ നമ്പർ ഭേദഗതികൾ 485-ാം നമ്പർ ഭേദഗതിക്കും 488, 489 എന്നീ നമ്പർ ഭേദഗതികൾ 490-ാം നമ്പർ ഭേദഗതിക്കും 496, 497 എന്നീ നമ്പർ ഭേദഗതികൾ 495-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 339, 377, 428, 474 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 342, 355, 415, 455 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 348, 402, 466 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 369, 475 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 386, 389 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 409, 441, 471, 490 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 413, 423, 452 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 417, 459 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 431, 451, 465, 491 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 433-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 442-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 449-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 469-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 479, 493 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിക്കുന്നു.

(i) (6)-ാം ഉപഖണ്ഡത്തിന്റെ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കണം

"എന്നാൽ (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നിയമിക്കപ്പെടുന്നതും ഒരു വർഷമോ അതിൽ കുറവോ കാലയളവിലേക്ക് മാത്രം ഔദ്യോഗികസ്ഥാനം വഹിക്കുന്നതുമായ ഒരാളുടെ സംഗതിയിൽ, പ്രസ്തുത കാലയളവ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കാലാവധിയായി കണക്കാക്കാൻ പാടില്ലാത്തതാകുന്നു".

(ii) (8)-ാം ഉപഖണ്ഡത്തിൽ "ഉദ്യോഗസ്ഥനായിരിക്കുന്നതും" എന്ന വാക്കിനു പകരം "ഓഫീസർ ആയിരിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കണം.

(iii) (9)-ാം ഉപഖണ്ഡത്തിൽ, "ബത്തകൾക്കോ അല്ലെങ്കിൽ സിറ്റിംഗ് ഫീസിനോ" എന്നീ വാക്കുകൾക്കു പകരം "ബത്തകൾക്കും അല്ലെങ്കിൽ സിറ്റിംഗ് ഫീസിനും" എന്നീ വാക്കുകൾ ചേർക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സ്വാഭാവികമായും ഭേദഗതികൾ സർക്കുലേറ്റ് ചെയ്യുണമെന്നതാണ് വ്യവസ്ഥ. അങ്ങനെ സർക്കുലേറ്റ് ചെയ്താൽമാത്രമേ ഞങ്ങൾക്ക് അതിന്മേൽ എന്തെങ്കിലും ഭേദഗതിയുണ്ടെങ്കിൽ നിർദേശിക്കാനുള്ള സന്ദർഭം ലഭിക്കും. ഔദ്യോഗിക ഭേദഗതിയെന്ന് ഫ്ലോറിൽ വന്ന് പറയുമ്പോഴല്ലാതെ നമുക്ക് അതുസംബന്ധിച്ച് നേരത്തെ അറിയാൻ കഴിയുന്നില്ല. ഇന്ന് ഇത്തരത്തിൽ

നടന്നുപോയത് പോകട്ടെ. പക്ഷേ, ഈ ഒബ്ജക്ഷൻ അങ്ങ് രേഖപ്പെടുത്തിയതിനുശേഷം ഭാവിയിൽ ഇത്തരത്തിൽ ഔദ്യോഗിക ഭേദഗതി വന്നാൽ സർക്കുലേറ്റ് ചെയ്യണമെന്ന് നിർദേശിക്കുകയാണ്.

മി. സ്പീക്കർ: ഭാവിയിൽ ആവശ്യമായ തിരുത്തലുകൾ വരുത്താം.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

498. ഖണ്ഡം 4 (1)-ൽ "ഏറ്റെടുത്ത തീയതി മുതൽ " എന്നതിനുപകരം "ഏറ്റെടുക്കുന്ന തീയതി മുതൽ പരമാവധി " എന്ന് ചേർക്കുക.

645. ഖണ്ഡം 4(5)-ൽ "തത്സ്ഥാനത്ത്" എന്നതിനുപകരം "തൽസ്ഥാനത്ത്" എന്ന് ചേർക്കുക.

669. ഖണ്ഡം 4(6)-ൽ "രണ്ടിൽ കൂടുതൽ തവണ" എന്നതിന് ശേഷം "തുടർച്ചയായി"എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

510. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " എന്നാൽ " എന്നതിന് ശേഷം ", "എന്ന ചിഹ്നം ചേർക്കുക.

536. ഖണ്ഡം 4(3)-ൽ "ഒഴിവ് ഉണ്ടാകുന്ന പക്ഷം" എന്നതിന് ശേഷം "പരമാവധി രണ്ടാഴ്ച കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

517. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "തന്റെ പിൻഗാമി 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുകയും അദ്ദേഹം തന്റെ "എന്നതിനുപകരം "3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം തന്റെ പിൻഗാമിയായി നിയമിക്കപ്പെടുന്നയാൾ"എന്ന് ചേർക്കുക.

548. ഖണ്ഡം 4(3)-ൽ "ആരുടെ" എന്നതിനുപകരം "ഏതു" എന്ന് ചേർക്കുക.

662. ഖണ്ഡം 4(6)-ൽ "ഒരംഗത്തിനോ" എന്നതിനുപകരം "അംഗങ്ങൾക്കോ" എന്ന് ചേർക്കുക.

707. ഖണ്ഡം 4(8)-ൽ "അർഹത" എന്നതിന് മുമ്പിൽ "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

520. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിയമിക്കപ്പെടുകയും" എന്നതിനുപകരം "സർക്കാർ **നാമനിർദ്ദേശിക്കുകയും**" എന്ന് ചേർക്കുക.

527. ഖണ്ഡം 4(2)-ൽ "ചെയർപേഴ്സണിനോ" എന്നതിനുപകരം "ചെയർപേഴ്സണോ" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

524. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധന ചുവടെപ്പറയും പ്രകാരം മാറ്റുക "എന്നാൽ ചെയർപേഴ്സണ്, 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം തന്റെ പിൻഗാമിയായി നിയമിക്കപ്പെടുന്നയാൾ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നതുവരെയോ അല്ലെങ്കിൽ ആറുമാസത്തേക്കോ, ഏതാണോ ആദ്യം അതുവരെ, ഔദ്യോഗിക സ്ഥാനത്ത് തുടരാവുന്നതാണ്."

571. ഖണ്ഡം 4(3)-ൽ "അവകാശം ഉണ്ടായിരിക്കുന്നതുമാണ്" എന്നതിനുപകരം "കഴിയുന്നതുമാണ്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

531. ഖണ്ഡം 4(2)-ൽ "ചെയർപേഴ്സണിനോ" എന്നതിന് ശേഷം "ഏതൊരു" എന്ന് ചേർക്കുക.

534. ഖണ്ഡം 4(3)-ൽ "ചെയർപേഴ്സന്റെയോ" എന്നതിന് ശേഷം "ഏതൊരു" എന്ന് ചേർക്കുക.

721. ഖണ്ഡം 4(9)-ൽ "അർഹതയുണ്ടായിരിക്കുന്നതാണ്" എന്നതിനുപകരം "അർഹതയുണ്ടായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

537. ഖണ്ഡം 4(3)-ൽ "ഒഴിവ് ഉണ്ടാകുന്ന പക്ഷം" എന്നതിന് ശേഷം "പരമാവധി ഒരു മാസക്കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

629. ഖണ്ഡം 4(4)ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

539. ഖണ്ഡം 4(3)-ൽ "ഉണ്ടാകുന്ന പക്ഷം" എന്നതിന് ശേഷം "സർക്കാർ എത്രയും വേഗം" എന്ന് ചേർക്കുക.

581. ഖണ്ഡം 4(4)(ബി)-യിൽ "തടവു" എന്നത് ഒഴിവാക്കുക.

697. ഖണ്ഡം 4(8)-ൽ "ഉദ്യോഗസ്ഥനായിരിക്കുന്നതും" എന്നതിനുപകരം "ഉദ്യോഗസ്ഥയായിരിക്കുന്നതും" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

540. ഖണ്ഡം 4(3)-ൽ "അവ" എന്ന വാക്കിന് മുമ്പ് "സർക്കാർ" എന്ന് ചേർക്കുക.

698. ഖണ്ഡം 4(8)-ൽ "നിർണ്ണയിക്കപ്പെടുന്ന" എന്നതിന് മുമ്പിൽ "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

543. ഖണ്ഡം 4(3)-ൽ "നിയമിക്കപ്പെടുന്ന വ്യക്തിക്ക്" എന്നതിനുപകരം "സർക്കാർ **നാമനിർദ്ദേശം** നൽകുന്ന വ്യക്തിക്ക്" എന്ന് ചേർക്കുക.

553. ഖണ്ഡം 4(3)-ൽ "അദ്ദേഹത്തെ" എന്നതിനുപകരം "അദ്ദേഹം" എന്ന് ചേർക്കുക.

623. ഖണ്ഡം 4(4)(എഫ്)-ൽ "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

549. ഖണ്ഡം 4(3)-ൽ "സ്ഥാനത്തേക്കാണോ" എന്നതിനുപകരം "ഒഴിവിലേക്കാണോ" എന്ന് ചേർക്കുക.

593. ഖണ്ഡം 4(4)(സി) താഴെപ്പറയും പ്രകാരം മാറ്റുക
"(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ;"

605. ഖണ്ഡം 4(4) (ഡി)-ൽ "വാങ്ങാതെ" എന്നതിന് ശേഷം "കമ്മീഷന്റെ" എന്ന് ചേർക്കുക.

681. ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആദ്യ നിയമനമായി" എന്നതിനുപകരം "ഒരു തവണയായി" എന്ന് ചേർക്കുക.

704. ഖണ്ഡം 4(8)-ൽ "പ്രകാരമുള്ള" എന്നതിന് ശേഷം "അങ്ങനെയുള്ള" എന്ന് ചേർക്കുക.

716. ഖണ്ഡം 4(9)-ൽ "യോഗങ്ങളിൽ" എന്നതിന് മുമ്പിൽ "കമ്മീഷന്റെ' എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

556. ഖണ്ഡം 4(3)-ൽ "നിയമിക്കപ്പെടുന്നത്" എന്നതിനുപകരം "നാമനിർദ്ദേശം ചെയ്യപ്പെട്ടത് " എന്ന് ചേർക്കുക.

636. ഖണ്ഡം 4(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "യാതൊരാളെയും" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

562. ഖണ്ഡം 4 (3)-ൽ "ഉദ്യോഗം" എന്നതിനുപകരം "ചുമതല" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

575. ഖണ്ഡം 4(3) താഴെപ്പറയും പ്രകാരം മാറ്റുക.
"(3) രാജി, മരണം, നീക്കം ചെയ്യൽ അല്ലെങ്കിൽ അതുപോലെയുള്ള മറ്റെന്തെങ്കിലും കാരണങ്ങളാൽ ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ആകസ്മിക ഒഴിവ് ഉണ്ടാകുന്നപക്ഷം അവ നികത്തേണ്ടതും, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിക്ക് ആരുടെ സ്ഥാനത്തേയ്ക്കാണോ അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്തിട്ടുള്ളത് ആ അംഗത്തിന്റെ ഔദ്യോഗിക കാലയളവിലേക്ക് മാത്രം ചുമതല വഹിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതുമാണ്."

600. ഖണ്ഡം 4(4)(ഡി)-ൽ "കമ്മീഷന്റെ" എന്നതിനുപകരം "അതതുസംഗതിപോലെ സർക്കാരിന്റെയോ കമ്മീഷന്റെയോ" എന്ന് ചേർക്കുക.

610. ഖണ്ഡം 4(4) (ഇ)-ൽ "താല്പര്യത്തിനോ " എന്നതിനുപകരം "കമ്മീഷന്റെ താൽപര്യങ്ങൾക്കോ" എന്നത് ചേർക്കുക.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

582. ഖണ്ഡം 4(4)(സി)-യിൽ "ഇല്ലാത്ത" എന്നതിനുപകരം "നഷ്ടപ്പെട്ട" എന്ന് ചേർക്കുക.

592. ഖണ്ഡം 4(4)(സി) താഴെപ്പറയും പ്രകാരം മാറ്റുക
"(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയോ ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിച്ചിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിലോ;"

606. ഖണ്ഡം 4(4) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക.

"(ഡി) സർക്കാരിന്റെ അനുവാദം വാങ്ങാതെ ചെയർപേഴ്സണോ, ചെയർപേഴ്സന്റെ അനുവാദം വാങ്ങാതെ അംഗങ്ങളോ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ; " .

632. ഖണ്ഡം 4(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "യാതൊരാളെയും"എന്നതിനുപകരം "ഏതൊരു അംഗത്തിനും" എന്ന് ചേർക്കുക.

680. ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഒരാളുടെ സംഗതിയിൽ" എന്നതിനുപകരം "ഒരു അംഗത്തിന്റെ കാര്യത്തിൽ" എന്ന് ചേർക്കുക.

684. ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഔദ്യോഗികസ്ഥാനം വഹിക്കാൻ" എന്നതിന് മുമ്പായി "കൂടി" എന്ന് ചേർക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

594. ഖണ്ഡം 4(4)(ഡി)-ൽ "കമ്മീഷന്റെ" എന്നത് ഒഴിവാക്കുക.

653. ഖണ്ഡം 4(5)-ൽ "വ്യാപൃതനാകാൻ" എന്നതിനുപകരം "ഏർപ്പെടാൻ " എന്ന് ചേർക്കുക.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

601. ഖണ്ഡം 4(4) (ഡി)-ൽ "കമ്മീഷന്റെ" എന്നതിനുപകരം "സർക്കാരിന്റെയോ കമ്മീഷന്റെയോ " എന്ന് ചേർക്കുക.

627. ഖണ്ഡം 4(4)(ജി)-ൽ "പ്രവർത്തിക്കാൻ കഴിവില്ലാതായിത്തീരുകയോ" എന്നതിനുപകരം "പ്രവർത്തനശേഷി നഷ്ടപ്പെടുകയോ" എന്ന് ചേർക്കുക.

660. ഖണ്ഡം 4 (5) താഴെപ്പറയും പ്രകാരം മാറ്റുക.
"(5) ചെയർപേഴ്സൺ, തൽസ്ഥാനത്ത് തുടരുന്ന കാലത്തോളം സർക്കാർ വേതനം പറ്റുന്ന മറ്റു ജോലികളിലോ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലോ മറ്റ് പ്രവൃത്തികളിൽ വ്യാപൃതനാകാൻ പാടില്ലാത്തതാകുന്നു."

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

604. ഖണ്ഡം 4(4) (ഡി)-ൽ "കമ്മീഷന്റെ " എന്നതിന് ശേഷം "മുൻകൂർ" എന്ന് ചേർക്കുക.

666. ഖണ്ഡം 4(6)-ൽ "രണ്ടിൽ" എന്നതിന് മുൻപായി "തുടർച്ചയായി"എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

612. ഖണ്ഡം 4(4)(ഇ)-ൽ, "താല്പര്യത്തിനോ പൊതുതാല്പര്യത്തിനോ" എന്നതിനുപകരം "താൽപര്യത്തിന്" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

621. ഖണ്ഡം 4(4)(എഫ്)-ൽ "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 4(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "ന്യായമായ ഒരു അവസരം" എന്നതിനുപകരം "രേഖാപരമായ അറിയിപ്പ്" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

643. ഖണ്ഡം 4(5)-ൽ "തത്സ്ഥാനത്ത്" എന്നതിനുപകരം "തൽസ്ഥാനത്ത്" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

675. ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "കാലയളവിലേയ്ക്ക്" എന്നതിനുപകരം "കാലയളവിലേക്ക്" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

686. ഖണ്ഡം 4(6)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.
"എന്നിരുന്നാലും ചെയർപേഴ്സണോ അംഗത്തിനോ സ്ഥാനം ഒഴിഞ്ഞശേഷം കമ്മീഷന്റെ നിർണ്ണയിക്കപ്പെട്ട രണ്ട് ഘട്ട ഔദ്യോഗിക കാലാവധിക്കുശേഷം വീണ്ടും ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിന് അർഹത ഉണ്ടായിരിക്കും."

708. ഖണ്ഡം 4(8) താഴെപ്പറയും പ്രകാരം മാറ്റുക.
"(8) ചെയർപേഴ്സൺ ഒരു പൂർണസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും ഗവൺമെന്റ് സെക്രട്ടറിയുടെ പദവി അനുസരിച്ച് നിർണയിക്കപ്പെടുന്ന പ്രകാരമുള്ള ശമ്പളത്തിനും ബത്തകൾക്കും അർഹത ഉണ്ടായിരിക്കുന്നതുമാണ്. "

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

701. ഖണ്ഡം 4(8)-ൽ "നിർണ്ണയിക്കപ്പെടുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. ഐ. ബി. സതീ</u>ഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

705. ഖണ്ഡം 4(8)-ൽ "അർഹത" എന്നതിനുമുമ്പിൽ "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 499, 500 എന്നീ നമ്പർ ഭേദഗതികൾ 498-ാം നമ്പർ ഭേദഗതിക്കും 511-ാം നമ്പർ ഭേദഗതി 510-ാം നമ്പർ ഭേദഗതിക്കും 518, 519 എന്നീ നമ്പർ ഭേദഗതികൾ 517-ാം നമ്പർ ഭേദഗതിക്കും 521, 522 എന്നീ നമ്പർ ഭേദഗതികൾ 520-ാം നമ്പർ ഭേദഗതിക്കും 525, 526 എന്നീ നമ്പർ ഭേദഗതികൾ 524-ാം നമ്പർ ഭേദഗതിക്കും 528 മുതൽ 530 വരെയുള്ള ഭേദഗതികൾ 527-ാംനമ്പർ ഭേദഗതിക്കും 535-ാം നമ്പർ ഭേദഗതി 536-ാംനമ്പർ ഭേദഗതിക്കും 538-ാം നമ്പർ ഭേദഗതി 537-ാംനമ്പർ ഭേദഗതിക്കും 541, 542 എന്നീ നമ്പർ ഭേദഗതികൾ 540-ാം നമ്പർ ഭേദഗതിക്കും 544, 545 എന്നീ നമ്പർ ഭേദഗതികൾ 543-ാം നമ്പർ ഭേദഗതിക്കും 546, 547 എന്നീ നമ്പർ ഭേദഗതികൾ 548-ാം നമ്പർ ഭേദഗതിക്കും 550 മുതൽ 552 വരെയുള്ള ഭേദഗതികൾ 549-ാം നമ്പർ ഭേദഗതിക്കും 554, 555 എന്നീ നമ്പർ

ഭേദഗതികൾ 553-ാം നമ്പർ ഭേദഗതിക്കും 557, 558 എന്നീ നമ്പർ ഭേദഗതികൾ 556-ാം നമ്പർ ഭേദഗതിക്കും 563, 564 എന്നീ നമ്പർ ഭേദഗതികൾ 562-ാം നമ്പർ ഭേദഗതിക്കും 569, 570 എന്നീ നമ്പർ ഭേദഗതികൾ 571-ാം നമ്പർ ഭേദഗതിക്കും 576, 577 എന്നീ നമ്പർ ഭേദഗതികൾ 575-ാം നമ്പർ ഭേദഗതിക്കും 583, 584 എന്നീ നമ്പർ ഭേദഗതികൾ 582-ാം നമ്പർ ഭേദഗതിക്കും 590, 591 എന്നീ നമ്പർ ഭേദഗതികൾ 592-ാം നമ്പർ ഭേദഗതിക്കും 595 മുതൽ 597 വരെയുള്ള ഭേദഗതികൾ 594-ാം നമ്പർ ഭേദഗതിക്കും 598, 599 എന്നീ നമ്പർ ഭേദഗതികൾ 600-ാം നമ്പർ ഭേദഗതിക്കും 602, 603 എന്നീ നമ്പർ ഭേദഗതികൾ 601-ാം നമ്പർ ഭേദഗതിക്കും 607, 608 എന്നീ നമ്പർ ഭേദഗതികൾ 606-ാം നമ്പർ ഭേദഗതിക്കും 609, 611 എന്നീ നമ്പർ ഭേദഗതികൾ 610-ാം നമ്പർ ഭേദഗതിക്കും 613 മുതൽ 615 വരെയുള്ള ഭേദഗതികൾ 612-ാം

നമ്പർ ഭേദഗതിക്കും 622-ാം നമ്പർ ഭേദഗതി 623-ാം നമ്പർ ഭേദഗതിക്കും 626, 628 എന്നീ നമ്പർ ഭേദഗതികൾ 627-ാം നമ്പർ ഭേദഗതിക്കും 630-ാം നമ്പർ ഭേദഗതി 629-ാം നമ്പർ ഭേദഗതിക്കും 631, 633 എന്നീ നമ്പർ ഭേദഗതികൾ 632-ാം നമ്പർ ഭേദഗതിക്കും 634, 635 എന്നീ നമ്പർ ഭേദഗതികൾ 636-ാം നമ്പർ ഭേദഗതിക്കും 644-ാം നമ്പർ ഭേദഗതി 645-ാം നമ്പർ ഭേദഗതിക്കും 652-ാം നമ്പർ ഭേദഗതി 653-ാം നമ്പർ ഭേദഗതിക്കും 659, 661 എന്നീ നമ്പർ ഭേദഗതികൾ 660-ാം നമ്പർ ഭേദഗതിക്കും 663, 664 എന്നീ നമ്പർ ഭേദഗതികൾ 662-ാം നമ്പർ ഭേദഗതിക്കും 667, 668 എന്നീ നമ്പർ ഭേദഗതികൾ 666-ാം നമ്പർ ഭേദഗതിക്കും 676, 677 എന്നീ നമ്പർ ഭേദഗതികൾ 675-ാം നമ്പർ ഭേദഗതിക്കും 678, 679 എന്നീ നമ്പർ ഭേദഗതികൾ 680-ാം നമ്പർ ഭേദഗതിക്കും 683, 685 എന്നീ നമ്പർ

ഭേദഗതികൾ 684-ാം നമ്പർ ഭേദഗതിക്കും 699, 700 എന്നീ നമ്പർ ഭേദഗതികൾ 698-ാം നമ്പർ ഭേദഗതിക്കും 702, 703 എന്നീ നമ്പർ ഭേദഗതികൾ 701-ാം നമ്പർ ഭേദഗതിക്കും 706-ാം നമ്പർ ഭേദഗതി 707-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 527-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിജിൻ അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ആൻസലൻ

അവതരിപ്പിച്ച 643-ാം നമ്പർ ഭേദഗതിയും ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 705-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 527, 540, 553, 621, 643, 705 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 498, 645, 669 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 510, 536 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 517, 548, 662, 707 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 520-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 524, 571 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 531, 534, 721 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ.കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 537, 629 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 539, 581, 697 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 698-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 543, 623 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 549, 593, 605, 681, 704, 716 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 556, 636 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 562-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 575, 600, 610 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 582, 592, 606, 632, 680, 684 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 594, 653 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 601, 627, 660 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 604, 666 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 675-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 686, 708 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 701-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(അഞ്ചാം വകുപ്പ്)

P.19-03-2025-5.30-5.40-GS/AU (3)

## അഞ്ചാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

723. ഖണ്ഡം 5(1)-ൽ "ജീവനക്കാരെയും" എന്നതിനുശേഷം "ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

724. ഖണ്ഡം 5(1)-ൽ "സർക്കാർ" എന്നതിനുശേഷം "അന്യത്രസേവന വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

732. ഖണ്ഡം 5(2)-ൽ "മുതലായവ" എന്നതിനുശേഷം "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

736. ഖണ്ഡം 5(2)-ൽ "നിർണ്ണയിക്കപ്പെടുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

മി.സ്പീക്കർ: 728-ാം നമ്പർ ഭേദഗതി 727-ാം നമ്പർ ഭേദഗതിക്കും 733 മുതൽ 735 വരെയുള്ള ഭേദഗതികൾ 732-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 727-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

727. ഖണ്ഡം 5(1)-ൽ "ലഭ്യമാക്കേണ്ടതാണ്" എന്നതിനുപകരം "നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 723-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 724-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 732-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 736-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ആറാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

740. ഖണ്ഡം 6-ൽ "പരാമർശിച്ചിട്ടുള്ള" എന്നതിന് മുമ്പിൽ "8-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിലും" എന്ന് ചേർക്കുക.

741. ഖണ്ഡം 6-ൽ "ജീവനക്കാരുടെയും" എന്നതിനുശേഷം "ക്ഷണിതാക്കളുടെയും" എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

742. ഖണ്ഡം 6-ൽ "ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള" എന്നതിനുശേഷം "സർക്കാരിൽ നിന്നുള്ള" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 743 മുതൽ 745 വരെയുള്ള ഭേദഗതികൾ 742-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 739-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

739. ഖണ്ഡം 6-ൽ "ഓണറേറിയവും ബത്തകളും" എന്നതിനുശേഷം "സിറ്റിംഗ് ഫീസും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 740, 741 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 742-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

(അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 753-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

753. ഖണ്ഡം 7-ൽ " പ്രവൃത്തികളും" എന്നതിനുപകരം " പ്രവൃത്തിയും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിക്കുന്നു.

(2)-ാം ഉപഖണ്ഡത്തിൽ "ഉദ്യോഗസ്ഥന്റെയോ" എന്ന വാക്കിനു പകരം "ഓഫീസറുടെയോ" എന്ന വാക്ക് ചേർക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

760. ഖണ്ഡം 8(1)-ൽ, " അങ്ങനെയുള്ള" എന്നത് വരുന്നിടത്തെല്ലാം അവ ഒഴിവാക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

768. ഖണ്ഡം 8(2)-ൽ, " സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന" എന്നതിനുപകരം " ഇതിലേക്ക് ചെയർപേഴ്സൺ അധികാരപ്പെടുത്തുന്ന മറ്റേതൊരു" എന്ന് ചേർക്കുക.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

769. ഖണ്ഡം 8(3)-ൽ, " പ്രത്യേക വിഷയം പരിഗണിക്കുന്നതിലേക്കായോ" എന്നതിനുശേഷം " നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

772. ഖണ്ഡം 8(3)-ൽ "എണ്ണം ആളുകളെ" എന്നതിനുപകരം "വ്യക്തികളെ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

773. ഖണ്ഡം 8(3)-ൽ "എണ്ണം ആളുകളെ" എന്നതിനുപകരം "വിശിഷ്ട വ്യക്തികളെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

777. ഖണ്ഡം 8(3)-ൽ "വിളിക്കാവുന്നതും" എന്നതിനുശേഷം "യോഗങ്ങളിൽ പങ്കെടുപ്പിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

മി.സ്പീക്കർ: 761 മുതൽ 763 വരെയുള്ള ഭേദഗതികൾ 760-ാം നമ്പർ ഭേദഗതിക്കും 770-ാം നമ്പർ ഭേദഗതി 769-ാം നമ്പർ ഭേദഗതിക്കും 774 മുതൽ 776 വരെയുള്ള ഭേദഗതികൾ 773-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 777-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

777. ഖണ്ഡം 8(3)-ൽ "വിളിക്കാവുന്നതും" എന്നതിനുശേഷം "യോഗങ്ങളിൽ പങ്കെടുപ്പിക്കാവുന്നതും " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 777-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 760-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 768-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 773-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിക്കുന്നു.

(2)-ാം ഉപഖണ്ഡത്തിൽ "കമ്മീഷന്" എന്ന വാക്കിനുപകരം "കമ്മീഷൻ" എന്ന വാക്ക് ചേർക്കണം.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

779. ഖണ്ഡം 9(1)-ൽ "സംരക്ഷണത്തിനുമായി" എന്നതിന് മുമ്പിൽ "അവകാശ" എന്ന് ചേർക്കുക.

786. ഖണ്ഡം 9(1)-ൽ "കഴിവുകൾ" എന്നതിനുപകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

798. ഖണ്ഡം 9(2)-ൽ "നിർവ്വഹിക്കാവുന്നതാണ്" എന്നതിനുപകരം "നിർവ്വഹിക്കേണ്ടതാണ്" എന്ന് ചേർക്കുക.

799. ഖണ്ഡം 9(2)(എ)-ൽ "സംരക്ഷണത്തിനും" എന്നതിന് മുമ്പായി "അവകാശ" എന്ന് ചേർക്കുക.

806. ഖണ്ഡം 9(2)(സി)-ൽ "ഉപേക്ഷിക്കപ്പെടുകയോ" എന്നതിന് മുമ്പിൽ "കുടുംബാംഗങ്ങളാലോ ബന്ധുക്കളാലോ " എന്ന് ചേർക്കുക.

808. ഖണ്ഡം 9(2)(സി)-ൽ "അനാഥരാകപ്പെടുകയോ" എന്നതിനുപകരം "അനാഥരാക്കപ്പെടുകയോ " എന്ന് ചേർക്കുക.

828. ഖണ്ഡം 9(2)(ഇ)-ൽ "റിപ്പോർട്ട് തയ്യാറാക്കി" എന്നതിനുശേഷം "കഴിവതും വേഗം" എന്ന് ചേർക്കുക.

841. ഖണ്ഡം 9(2)(ജി)-ൽ "തയ്യാറാക്കുക" എന്നതിനുപകരം "തയ്യാറാക്കി പ്രസിദ്ധീകരിക്കുക" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

782. ഖണ്ഡം 9(1)-ൽ "സാദ്ധ്യമാക്കുന്നതും" എന്നതിനുപകരം "സാധ്യമാക്കുന്നതും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

787. ഖണ്ഡം 9(1)-ൽ "കഴിവുകൾ" എന്നതിനുശേഷം "പരിപോഷിപ്പിച്ച്" എന്ന് ചേർക്കുക.

813. ഖണ്ഡം 9(2)(സി)-ൽ "എത്തിക്കുന്നതിന്" എന്നതിനുപകരം "എത്തിക്കുകയും ഉപേക്ഷിക്കുകയോ അനാഥമാക്കുകയോ ചെയ്തവർക്കെതിരെ അന്വേഷണം നടത്തി നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുന്നതിന്" എന്നുചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

793. ഖണ്ഡം 9(1)-ൽ "നടത്തുന്നതും" എന്നതിനുശേഷം " വയോജനങ്ങളുടെ അവകാശ സംരക്ഷണം ഉറപ്പാക്കുന്നതും" എന്ന് ചേർക്കുക.

805. ഖണ്ഡം 9(2)(ബി)-ൽ "വയോജനക്ഷേമവും" എന്നതിനുപകരം "വയോജനങ്ങളുടെ ക്ഷേമവും " എന്ന് ചേർക്കുക.

842. ഖണ്ഡം 9(2)(ജി)-ക്കു ശേഷം താഴെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്ന ഇനം പുനരക്ഷരം ചെയ്യുകയും ചെയ്യുക.
" (എച്ച്) വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക;"

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

794. ഖണ്ഡം 9(1)-ൽ "അങ്ങനെയുള്ള" എന്നത് ഒഴിവാക്കുക.

824. ഖണ്ഡം 9(2)(ഡി)-ൽ "ഉപദേശം" എന്നതിനുപകരം "നിർദ്ദേശം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

807. ഖണ്ഡം 9(2)(സി)-ൽ "അനാഥരാകപ്പെടുകയോ" എന്നതിനുപകരം "അനാഥരാകുകയോ " എന്ന് ചേർക്കുക.

830. ഖണ്ഡം 9(2)(എഫ്)-ൽ "എന്നിവയിൽ നിന്നും" എന്നതിനുപകരം "എന്നിവിടങ്ങളിൽ നിന്നും" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

814. ഖണ്ഡം 9(2)(സി)-ൽ "പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക" എന്നതിനുപകരം "നടപടികൾ സ്വീകരിക്കുക" എന്ന് ചേർക്കുക.

മി. സ്പീക്കർ: 783-ാം നമ്പർ ഭേദഗതി 782-ാം നമ്പർ ഭേദഗതിക്കും 795 മുതൽ 797 വരെയുള്ള ഭേദഗതികൾ 794-ാം നമ്പർ ഭേദഗതിക്കും 815-ാം നമ്പർ ഭേദഗതി 814-ാം നമ്പർ ഭേദഗതിക്കും 821 മുതൽ 823 വരെയുള്ള ഭേദഗതികൾ 824-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ശ്രീ. എം. കെ. മുനീറിന്റെ 788-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

788. ഖണ്ഡം 9(1)-ൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിനുപകരം "പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 782-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 786, 798, 828, 841 എന്നീ നമ്പർ ഭേദഗതികളും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 807, 830 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 782, 786, 798, 807, 828, 830, 841 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 779, 799, 806, 808 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 787, 813 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 793, 805, 842 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 794, 824 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 814-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പത്താം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(1)-ാം ഉപഖണ്ഡത്തിലെ (ബി) ഇനത്തിൽ "ഉദ്യോഗസ്ഥന്റെയോ" എന്ന വാക്കിനുപകരം "ഓഫീസറുടെയോ" എന്ന വാക്ക് ചേർക്കണം.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

844. ഖണ്ഡം 10 (1)-ൽ "നിറവേറ്റുന്ന" എന്നതിനുപകരം "നിറവേറ്റുന്നതിന് ഏതെങ്കിലും പ്രത്യേക" എന്ന് ചേർക്കുക.

845. ഖണ്ഡം 10(1)(എ)-ൽ "അനുമതിയോടുകൂടി" എന്നതിനുശേഷം "നിശ്ചിത കാലയളവിലേക്ക്" എന്ന് ചേർക്കുക.

854. ഖണ്ഡം 10(1)(ബി)-ൽ "സേവനങ്ങൾ" എന്നതിനുശേഷം "നിശ്ചിത കാലയളവിലേക്ക്" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

846. ഖണ്ഡം 10(1)(ബി)-ൽ "ഉടമസ്ഥതയിലുള്ള" എന്നതിനുപകരം "നിയന്ത്രണത്തിലുള്ള" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

849. ഖണ്ഡം 10(1)(ബി)-ൽ "ഉടമസ്ഥതയിലുള്ള" എന്നതിനുപകരം "കീഴിലുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

852. ഖണ്ഡം 10(1)(ബി)-ൽ "കോർപ്പറേഷനുകളുടെയോ" എന്നതിനുശേഷം "ബോർഡുകളുടേയോ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

855. ഖണ്ഡം 10(2)(എ)-ൽ "ഹാജർ" എന്നതിനുപകരം "ഹാജരാക്കൽ" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

859. ഖണ്ഡം 10(2)(ഡി)-ൽ "മറ്റ് സ്ഥാപനത്തിൽ നിന്നോ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

863. ഖണ്ഡം 10(3)-ൽ "കമ്മീഷൻ" എന്ന വാക്കിനുശേഷം വരുന്ന "ഒരു" എന്നത് ഒഴിവാക്കുക.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

864. ഖണ്ഡം 10(3)-ൽ "നേരിട്ടോ" എന്നതിനുപകരം "സ്വമേധയായോ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

867. ഖണ്ഡം 10(3)-ൽ "അല്ലെങ്കിൽ" എന്നതിനുശേഷം "ഒരു അഭിഭാഷകൻ മുഖേനയോ അല്ലെങ്കിൽ" എന്ന് ചേർക്കുക.

868. ഖണ്ഡം 10(4)-ൽ "പരിഹാരത്തിനായോ" എന്നതിനുശേഷം "അന്വേഷണം പൂർത്തിയാക്കി മൂന്ന് മാസങ്ങൾക്കകം" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 847, 848 എന്നീ നമ്പർ ഭേദഗതികൾ 846-ാം നമ്പർ ഭേദഗതിക്കും 850, 851 എന്നീ നമ്പർ ഭേദഗതികൾ 849-ാം നമ്പർ ഭേദഗതിക്കും

856, 857 എന്നീ നമ്പർ ഭേദഗതികൾ 855-ാം നമ്പർ ഭേദഗതിക്കും 860, 861 എന്നീ നമ്പർ ഭേദഗതികൾ 859-ാം നമ്പർ ഭേദഗതിക്കും 865, 866 എന്നീ നമ്പർ ഭേദഗതികൾ 864-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 852-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 868-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

868. ഖണ്ഡം 10(4)-ൽ "പരിഹാരത്തിനായോ" എന്നതിനുശേഷം "അന്വേഷണം പൂർത്തിയാക്കി ഒരു മാസത്തിനകം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 852, 868 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 844, 845, 854 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 846-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 849-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 855-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 859-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 863-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 864-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 867-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

871. ഖണ്ഡം 11-ൽ "വിവിധ തരത്തിലുള്ള സാഹിത്യവും സാംസ്കാരികവും കായികവും ആയ" എന്നതിന് പകരം "സാഹിത്യവും സാംസ്കാരികവും കായികവും ആയ വിവിധ തരത്തിലുള്ള" എന്ന് ചേർക്കുക.

873. ഖണ്ഡം 11-ൽ "പ്രവൃത്തികളിൽ" എന്നതിന് പകരം "കർമ്മപരിപാടികൾ" എന്ന് ചേർക്കുക.

878. ഖണ്ഡം 11-ൽ "പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി" എന്നതിന് പകരം "പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി" എന്ന് ചേർക്കുക.

887. ഖണ്ഡം 11-ൽ "വ്യക്തിയിൽ നിന്നോ" എന്നതിന് ശേഷം "കമ്പനിയിൽ നിന്നോ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

879. ഖണ്ഡം 11-ൽ "പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി" എന്നതിന് ശേഷം "നിർണയിക്കപ്പെടാവുന്ന പ്രകാരം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

881. ഖണ്ഡം 11-ൽ "സമ്മാനങ്ങൾ" എന്നതിനു പകരം "പുരസ്കാരങ്ങൾ" എന്നത് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

884. ഖണ്ഡം 11-ൽ "സമ്മാനങ്ങൾ നൽകുന്നതിനും" എന്നതിന് ശേഷം "സർക്കാർ അംഗീകരിച്ചതും, എന്നാൽ രാജ്യത്തിനകത്തുള്ളതുമായ" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

885. ഖണ്ഡം 11-ൽ "നൽകുന്നതിനും" എന്നതിന് ശേഷം "ആയതിലേക്ക്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

893. ഖണ്ഡം 11-ൽ "മറ്റേതെങ്കിലും പേരിലോ" എന്നതിന് ശേഷം "അംഗീകൃത ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെയോ ബാങ്ക് അക്കൗണ്ട് മുഖേനയോ മാത്രം " എന്നത് ചേർക്കുക.

മി. സ്പീക്കർ: 880-ാം നമ്പർ ഭേദഗതി 879-ാം നമ്പർ ഭേദഗതിക്കും 882, 883 എന്നീ നമ്പർ ഭേദഗതികൾ 881-ാം നമ്പർ ഭേദഗതിക്കും 886-ാം നമ്പർ

ഭേദഗതി 885-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 881-ാം ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

881. ഖണ്ഡം 11-ൽ "സമ്മാനങ്ങളോ" എന്നതിനു പകരം "പുരസ്കാരങ്ങളോ" എന്നത് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 885-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. സ്വീകരിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 881, 885 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 871, 873, 878, 887 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 879-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 884-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 893-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

895. ഖണ്ഡം 12(1)-ൽ "ഈ ആക്റ്റിന്റെ ആവശ്യത്തിലേക്ക്" എന്നതിന് പകരം "കേരള സംസ്ഥാന വയോജന കമ്മീഷന്റെ " എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

902. ഖണ്ഡം 12(1)-ൽ "ഗ്രാന്റായി" എന്നതിന് മുമ്പിൽ "പ്രതിവർഷം" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

907. ഖണ്ഡം 12(2)-ൽ "ഗ്രാന്റിൽ നിന്ന്" എന്നതിന് മുമ്പിൽ "സർക്കാർ ബജറ്റിൽ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 896-ാം നമ്പർ ഭേദഗതി മുതൽ 898-ാം നമ്പർ ഭേദഗതി വരെ 895-ാം നമ്പർ ഭേദഗതിക്കും 908, 909 എന്നീ നമ്പർ ഭേദഗതികൾ 907-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 895-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 902-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 907-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിമൂന്നാം വകുപ്പ്</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

913. ഖണ്ഡം 13(1)-ൽ, "കണക്കുകളും" എന്നതിനു പകരം "അക്കൗണ്ടുകളും" എന്ന് ചേർക്കുക.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

916. ഖണ്ഡം 13(1)-ൽ, "പ്രസക്ത" എന്നതിനു പകരം "പ്രസക്തമായ" എന്ന് ചേർക്കുക.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

919. ഖണ്ഡം 13(1)-ൽ, "വച്ചുപോരേണ്ടതും" എന്നതിനു പകരം "സൂക്ഷിക്കേണ്ടതും" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

922. ഖണ്ഡം 13(2)-ൽ "അക്കൗണ്ടുകൾ" എന്നതിന് പകരം "കണക്കുകൾ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

925. ഖണ്ഡം 13(2)-ൽ "അക്കൗണ്ടന്റ് ജനറലിന് കമ്മീഷൻ" എന്നതിന് പകരം "കമ്മീഷൻ അക്കൗണ്ടന്റ് ജനറലിന് " എന്ന് ചേർക്കുക.

938. ഖണ്ഡം 13(4)-ൽ "ആറുമാസക്കാലത്തിനകം" എന്നതിന് ശേഷം വരുന്ന "ആഡിറ്റ് റിപ്പോർട്ട്" എന്നത് ഒഴിവാക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

927. ഖണ്ഡം 13(3)-ൽ "ആഫീസും" എന്നതിന് ശേഷം" ആവശ്യപ്പെടുന്ന അവസരത്തിൽ" എന്ന് ചേർക്കുക.

936. ഖണ്ഡം 13(4)-ൽ "ആറുമാസക്കാലത്തിനകം" എന്നതിന് പകരം "തൊട്ടടുത്ത സമ്മേളന കാലയളവിൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

928. ഖണ്ഡം 13(4)-ൽ "സാമ്പത്തിക വർഷവും" എന്നതിന് ശേഷം "കഴിവതും വേഗം" എന്ന് ചേർക്കുക.

935. ഖണ്ഡം 13(4)-ൽ "ആറുമാസക്കാലത്തിനകം" എന്നതിന് പകരം "ആറുമാസക്കാലത്തിനകമോ തൊട്ടടുത്ത നിയമസഭാ സമ്മേളനമോ ഏതാണോ ആദ്യം" എന്ന് ചേർക്കുക.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

929. ഖണ്ഡം 13(4)-ൽ "അത് ലഭിച്ച തീയതി മുതൽ ആറുമാസക്കാലത്തിനകം" എന്നതിന് പകരം "അടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 914, 915 എന്നീ നമ്പർ ഭേദഗതികൾ 913-ാം നമ്പർ ഭേദഗതിക്കും 917, 918 എന്നീ നമ്പർ ഭേദഗതികൾ 916-ാം നമ്പർ ഭേദഗതിക്കും 920, 921 എന്നീ നമ്പർ ഭേദഗതികൾ 919-ാം നമ്പർ ഭേദഗതിക്കും 923, 924 എന്നീ നമ്പർ ഭേദഗതികൾ 922-ാം നമ്പർ ഭേദഗതിക്കും 930-ാം നമ്പർ ഭേദഗതി 929-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 913-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 916-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 919-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 922-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 925, 938 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 927, 936 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 928, 935 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 929-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

939. ഖണ്ഡം 14(1)-ൽ "മൂന്ന്" എന്നതിന് പകരം "ആറ്" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

943. ഖണ്ഡം 14(1)-ൽ "തീയതിയിലും" എന്നതിന് പകരം "രീതിയിലും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

949. ഖണ്ഡം 14(1)-ൽ "വാർഷിക റിപ്പോർട്ട്" എന്നതിന് ശേഷം "വയോജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ" എന്ന് ചേർക്കുക.

953. ഖണ്ഡം 14(2)-ൽ "അത് ലഭിച്ചതിനു ശേഷം ആറു മാസത്തിനകം സർക്കാർ," എന്നതിന് പകരം "സർക്കാരിന് അത് ലഭിച്ചതിനു ശേഷം ആറു മാസത്തിനകം" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

950. ഖണ്ഡം 14(2)-ൽ "റിപ്പോർട്ടിന്റെ ഒരു പകർപ്പ് " എന്നതിന് പകരം "റിപ്പോർട്ട് " എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

954. ഖണ്ഡം 14(2)-ൽ "ആറു മാസത്തിനകം" എന്നതിന് പകരം "അടുത്ത സമ്മേളനത്തിൽ "എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

956. ഖണ്ഡം 14(2)-ൽ "ആറുമാസത്തിനകം" എന്നതിന് പകരം "അടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

958. ഖണ്ഡം 14(2)-ൽ "ആറുമാസത്തിനകം" എന്നതിന് പകരം "ആറുമാസത്തിനകമോ തൊട്ടടുത്ത നിയമസഭാ സമ്മേളനമോ ഏതാണോ ആദ്യം" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

959. ഖണ്ഡം 14(2)-ൽ "ആറുമാസത്തിനകം സർക്കാർ, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്" എന്നതിന് പകരം "അടുത്ത നിയമസഭാ സമ്മേളനത്തിൽ തന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 940, 941 എന്നീ നമ്പർ ഭേദഗതികൾ 939-ാം നമ്പർ ഭേദഗതിക്കും 944-ാം നമ്പർ ഭേദഗതി 943-ാം നമ്പർ ഭേദഗതിക്കും 951, 952 എന്നീ നമ്പർ ഭേദഗതികൾ 950-ാം നമ്പർ ഭേദഗതിക്കും 957-ാം നമ്പർ ഭേദഗതി 956-ാം നമ്പർ ഭേദഗതിക്കും 960-ാം നമ്പർ ഭേദഗതി മുതൽ 962-ാം

നമ്പർ ഭേദഗതി വരെ 959-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 943-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 943-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 939-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 949, 953 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 950-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 954-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 956-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 958-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 959-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

963. ഖണ്ഡം 15-ൽ "ആക്റ്റിൻ കീഴിൽ" എന്നതിന് പകരം "ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമോ അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ ഉത്തരവുകൾ പ്രകാരമോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 964, 965 എന്നീ നമ്പർ ഭേദഗതികൾ 963-ാം നമ്പർ ഭേദഗതക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ ഞാൻ അവതരിപ്പിക്കുന്നു.

“ മറ്റൊരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ എന്നീ വാക്കുകൾക്ക് പകരം "മറ്റ് ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ" എന്നീ വാക്കുകൾ

ചേർക്കണം. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി വാക്കാൽ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 963-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനാറാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

<u>മി. സ്പീക്കർ</u>: പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനേഴാം വകുപ്പ്</u>

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

972. ഖണ്ഡം 17-ൽ, "തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിന്" എന്നതിന് പകരം "2007-ലെ മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരെന്റ്സ് ആന്റ് സീനിയർ സിറ്റിസൻസ് ആക്റ്റിലോ (കേന്ദ്ര ആക്റ്റ് 2007-ലെ 56) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ" എന്ന് ചേർക്കുക.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

973. ഖണ്ഡം 17-ൽ, "നിയമത്തിന്" എന്നതിന് പകരം "നിയമത്തിനോ അതിന്മേൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 974-ാം നമ്പർ ഭേദഗതി 973-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 972-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 973-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

976. ഖണ്ഡം 18 (1)-ൽ "വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്" എന്നതിന് പകരം "വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

977. ഖണ്ഡം 18(1)-ൽ "വിരുദ്ധമല്ലാത്തതുമായ" എന്നതിന് പകരം "അസംഗതമല്ലാത്തതുമായ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

979. ഖണ്ഡം 18(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

982. ഖണ്ഡം 18(2)-ൽ "ഏതൊരു" എന്നതിന് പകരം "ഓരോ" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

984. ഖണ്ഡം 18(2)-ൽ "കഴിയുന്നത്രവേഗം" എന്നതിന് പകരം "അടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 980-ാം നമ്പർ ഭേദഗതി 979-ാം നമ്പർ ഭേദഗതിക്കും 985-ാം നമ്പർ ഭേദഗതി 984-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 976-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 977-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 979-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 982-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 984-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

990. ഖണ്ഡം 19(1)-ൽ "ഗസറ്റ് വിജ്ഞാപനം വഴി" എന്നതിന് പകരം "ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

991. ഖണ്ഡം 19(1)-ൽ "നടപ്പാക്കുന്നതിനായി" എന്നതിന് പകരം "പ്രഭാവത്തിൽ കൊണ്ടുവരുന്നതിനു വേണ്ടി" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

992. ഖണ്ഡം 19(1)-ൽ "ഉണ്ടാക്കാവുന്നതാണ്" എന്നതിന് പകരം "രൂപീകരിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

993. ഖണ്ഡം 19(2)-ൽ"മേൽപ്പറഞ്ഞ" എന്നതിന് പകരം "മുൻപറഞ്ഞ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

994. ഖണ്ഡം 19(2)-ൽ "അപ്രകാരമുള്ള" എന്നതിന് പകരം "അങ്ങനെയുള്ള" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

995. ഖണ്ഡം 19(2)-ൽ "ഏതെങ്കിലുമോ" എന്നതിന് മുമ്പിൽ "അല്ലെങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

996. ഖണ്ഡം 19(2)-ൽ "കാര്യങ്ങൾക്കായി" എന്നതിന് പകരം "സംഗതികൾക്കോ വേണ്ടി' എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

997. ഖണ്ഡം 19(2)(എ)-ൽ "സേവനം" എന്നതിന് മുമ്പിൽ "നിയമനം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

999. ഖണ്ഡം 19(2)(എ)-ൽ "ഓണറേറിയവും" എന്നതിന് പകരം "ഹോണറേറിയവും" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1001. ഖണ്ഡം 19(2)(എ)-ൽ "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1002. ഖണ്ഡം 19(2)(ഡി)-ൽ "യോഗം" എന്നതിന് മുമ്പിൽ "യോഗത്തിന്റെ ക്വോറവും" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1006. ഖണ്ഡം 19(2)(ഇ)-ൽ "ക്ഷണിതാക്കൾക്ക് നൽകേണ്ടതായ ബത്തകളും" എന്നതിന് പകരം "ക്ഷണിതാക്കളുടെ യോഗ്യതയും (4)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ ബത്തകളും" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1013. ഖണ്ഡം 19(3)-ൽ "പതിനാല്" എന്നതിന് പകരം "മുപ്പത് " എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1014. ഖണ്ഡം 19(3)-ൽ "പ്രാബല്യമുണ്ടായിരിക്കുകയോ" എന്നതിന് പകരം "പ്രഭാവം ഉണ്ടായിരിക്കുകയോ " എന്ന് ചേർക്കുക.

മി. സ്പീക്കർ: 1000-ാം നമ്പർ ഭേദഗതി 999-ാം നമ്പർ ഭേദഗതിക്കും 1007-ാം നമ്പർ ഭേദഗതി 1006-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 991-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 992-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 993-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 994-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 995-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 996-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 997-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 999-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 1001-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 1002-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 1006-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 1013-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 1014-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1016. ഖണ്ഡം 20 താഴെപ്പറയും പ്രകാരം മാറ്റുക.

"20. സാധൂകരണം.—2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസിന്റെ (2024-ലെ 3) (ഇതിനുശേഷം പ്രസ്തുത

ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിയ്ക്ക് മുമ്പും ചെയ്ത ഏതൊരു കാര്യവും എടുത്ത ഏതൊരു നടപടിയും പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യാമായിരുന്ന അഥവാ എടുക്കാമായിരുന്ന എങ്കിൽ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്."

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ " ക്ഷേമവും" എന്നതിന് ശേഷം " അവകാശങ്ങളും" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ " സംരക്ഷണവുമായി" എന്നതിന് പകരം " സംരക്ഷണവും ഉറപ്പുവരുത്തുന്നതുമായി" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ "സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും" എന്നതിന് പകരം "സംരക്ഷണം ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

165. പീഠികയിൽ " സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും" എന്നതിന് പകരം" സംരക്ഷണം ഉറപ്പാക്കുന്നതിനും " എന്ന് ചേർക്കുക.

224. ഖണ്ഡം 1(2)-ൽ " കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ദീർഘശീർഷകത്തിൽ "ബന്ധപ്പെട്ട്" എന്നതിനു ശേഷം "നടപ്പിലാക്കേണ്ട" എന്ന് ചേർക്കുക.

170. പീഠികയിൽ " ബന്ധപ്പെട്ട്" എന്നതിന് ശേഷം " നടപ്പാക്കേണ്ട" എന്നും " കഴിവുകൾ" എന്നതിന് ശേഷം " പരിപോഷിപ്പിക്കുന്നതിനും" എന്നും ചേർക്കുക.

215. ഖണ്ഡം 1(1)-ൽ "വയോജന" എന്നതിന് ശേഷം "ക്ഷേമവും സംരക്ഷണവും" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ദീർഘശീർഷകത്തിൽ "മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും" എന്നതിന് പകരം "നടപടികൾ സ്വീകരിക്കുന്നതിനും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ദീർഘശീർഷകത്തിൽ "പുനരധിവാസം" എന്നതിന് ശേഷം "ആവശ്യമാകുന്നിടത്ത്" എന്ന് ചേർക്കുക.

127. ദീർഘശീർഷകത്തിൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

140. ദീർഘശീർഷകത്തിൽ " പ്രവർത്തനങ്ങൾ" എന്നതിന് പകരം " പദ്ധതികളും പ്രവർത്തനങ്ങളും" എന്ന് ചേർക്കുക.

147. ദീർഘശീർഷകത്തിൽ " നടത്തുന്നതിനും" എന്നതിന് ശേഷം " അവർക്ക്" എന്ന് ചേർക്കുക.

175. പീഠികയിൽ " പുനരധിവാസം" എന്നതിന് ശേഷം " ആവശ്യമാകുന്നിടത്ത്" എന്ന് ചേർക്കുക.

186. പീഠികയിൽ " കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

203. പീഠികയിൽ " പ്രവർത്തനങ്ങൾ " എന്നതിന് പകരം " പദ്ധതികളും പ്രവർത്തനങ്ങളും " എന്ന് ചേർക്കുക.

204. പീഠികയിൽ " നടത്തുന്നതിനും " എന്നതിന് ശേഷം " അവർക്ക് " എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ദീർഘശീർഷകത്തിൽ "സാധ്യമാക്കുന്നതിനും" എന്നതിന് ശേഷം "ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിനും" എന്ന് ചേർക്കുക.

145. ദീർഘശീർഷകത്തിൽ " ഏറ്റെടുത്ത് നടത്തുന്നതിനും" എന്നതിന് ശേഷം " നിയമ സഹായം നൽകുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

126. ദീർഘശീർഷകത്തിൽ "അവരുടെ" എന്നതിന് പകരം "വയോജനങ്ങളുടെ" എന്ന് ചേർക്കുക.

169. പീഠികയിൽ " ബന്ധപ്പെട്ട്" എന്നതിന് പകരം " ബന്ധപ്പെട്ടുള്ള" എന്ന് ചേർക്കുക.

216. ഖണ്ഡം 1(2)-ൽ "ഇത്" എന്നതിന് പകരം "ഈ ആക്റ്റ്" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

128. ദീർഘശീർഷകത്തിൽ "പൊതുസമൂഹത്തിന്" എന്നതിന് പകരം "പൊതുസമൂഹത്തിനായി" എന്ന് ചേർക്കുക.

173. പീഠികയിൽ " നൽകുന്നതിനും" എന്നതിനു ശേഷം വരുന്ന " വയോജനങ്ങളുടെ" എന്നതിന് പകരം " വയോജനങ്ങൾക്ക് ഉചിതമായ" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

131. ദീർഘശീർഷകത്തിൽ " ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം " ഉപയോഗപ്രദമായ" എന്ന് ചേർക്കുക.

139. ദീർഘശീർഷകത്തിൽ " ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം " ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

196. പീഠികയിൽ " ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം " പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

134. ദീർഘശീർഷകത്തിൽ " ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം " പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

182. പീഠികയിൽ " അവരുടെ" എന്നതിന് പകരം "വയോജനങ്ങളുടെ വ്യത്യസ്തങ്ങളായ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

141. ദീർഘശീർഷകത്തിൽ " ഏറ്റെടുത്ത് നടത്തുന്നതിനും" എന്നതിന് ശേഷം " പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും" എന്ന് ചേർക്കുക.

207. പീഠികയിൽ " ഏറ്റെടുത്ത് നടത്തുന്നതിനും" എന്നതിന് ശേഷം " പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ദീർഘശീർഷകത്തിൽ " അവകാശ സംരക്ഷണം" എന്നതിന് പകരം " അവകാശവും സംരക്ഷണവും" എന്ന് ചേർക്കുക.

176. പീഠികയിൽ " സാധ്യമാക്കുന്നതിനും" എന്നതിന് പകരം " ഒരുക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ദീർഘശീർഷകത്തിൽ " ഒരു വയോജന കമ്മീഷൻ" എന്നതിന് പകരം " ഒരു വയോജന സംരക്ഷണ കമ്മീഷൻ" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. പീഠികയിൽ " ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട്" എന്നതിന് പകരം "ക്ഷേമവും സംരക്ഷണവും അവകാശവുമായി ബന്ധപ്പെട്ട്" എന്ന് ചേർക്കുക.

159. പീഠികയിൽ " സംരക്ഷണവുമായി" എന്നതിന് പകരം "സംരക്ഷണം ഉറപ്പുവരുത്തുന്നതുമായി" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. പീഠികയിൽ "മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും" എന്നതിന് പകരം "നടപടികൾ സ്വീകരിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. പീഠികയിൽ "സാധ്യമാക്കുന്നതിനും" എന്നതിന് ശേഷം "ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിനും" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

183. പീഠികയിൽ "അവരുടെ" എന്നതിന് ശേഷം "വ്യത്യസ്തങ്ങളായ" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. പീഠികയിൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം "ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. പീഠികയിൽ "അവകാശ സംരക്ഷണം" എന്നതിന് പകരം "അവകാശവും സംരക്ഷണവും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 106-ാം നമ്പർ ഭേദഗതി മുതൽ 111-ാം നമ്പർ ഭേദഗതി വരെ ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ല. 113, 114 എന്നീ നമ്പർ ഭേദഗതികൾ 112-ാം നമ്പർ ഭേദഗതിക്കും 116, 117 എന്നീ നമ്പർ ഭേദഗതികൾ 115-ാം നമ്പർ ഭേദഗതിക്കും 119-ാം നമ്പർ ഭേദഗതി മുതൽ 121-ാം നമ്പർ ഭേദഗതി വരെ 118-ാം നമ്പർ ഭേദഗതിക്കും 132, 133 എന്നീ നമ്പർ

ഭേദഗതികൾ 131-ാം നമ്പർ ഭേദഗതിക്കും 135, 136 എന്നീ നമ്പർ ഭേദഗതികൾ 134-ാം നമ്പർ ഭേദഗതിക്കും 137, 138 എന്നീ നമ്പർ ഭേദഗതികൾ 139-ാം നമ്പർ ഭേദഗതിക്കും 142-ാം നമ്പർ ഭേദഗതി മുതൽ 144-ാം നമ്പർ ഭേദഗതി വരെ 141-ാം നമ്പർ ഭേദഗതിക്കും 146-ാം നമ്പർ ഭേദഗതി 145-ാം നമ്പർ ഭേദഗതിക്കും 149, 150 എന്നീ നമ്പർ ഭേദഗതികൾ 148-ാം നമ്പർ ഭേദഗതിക്കും 153, 154 എന്നീ നമ്പർ ഭേദഗതികൾ 152-ാം നമ്പർ ഭേദഗതിക്കും 156, 157 എന്നീ നമ്പർ ഭേദഗതികൾ 155-ാം നമ്പർ ഭേദഗതിക്കും 158, 160 എന്നീ നമ്പർ ഭേദഗതികൾ 159-ാം നമ്പർ ഭേദഗതിക്കും 166-ാം നമ്പർ ഭേദഗതി മുതൽ 168-ാം നമ്പർ ഭേദഗതി വരെ 165-ാം നമ്പർ ഭേദഗതിക്കും 172, 174 എന്നീ നമ്പർ ഭേദഗതികൾ 173-ാം നമ്പർ ഭേദഗതിക്കും 177, 178 എന്നീ നമ്പർ ഭേദഗതികൾ 176-ാം നമ്പർ ഭേദഗതിക്കും 180, 181 എന്നീ നമ്പർ ഭേദഗതികൾ 182-ാം നമ്പർ

ഭേദഗതിക്കും 184, 185 എന്നീ നമ്പർ ഭേദഗതികൾ 183-ാം നമ്പർ ഭേദഗതിക്കും 191-ാം നമ്പർ ഭേദഗതി മുതൽ 195-ാം നമ്പർ ഭേദഗതി വരെ 190-ാം നമ്പർ ഭേദഗതിക്കും 197, 198 എന്നീ നമ്പർ ഭേദഗതികൾ 196-ാം നമ്പർ ഭേദഗതിക്കും 205, 206, 208 എന്നീ നമ്പർ ഭേദഗതികൾ 207-ാം നമ്പർ ഭേദഗതിക്കും 209, 210, 212 എന്നീ നമ്പർ ഭേദഗതികൾ 211-ാം നമ്പർ ഭേദഗതിക്കും 221-ാം നമ്പർ ഭേദഗതി മുതൽ 223-ാം നമ്പർ ഭേദഗതി വരെ 224-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ശ്രീ. പി. സി. വിഷ്ണുനാഥിന്റെ 151-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

151. ദീർഘശീർഷകത്തിൽ " ഉറപ്പവരുത്തുന്നതിനുമായി" എന്നതിന് പകരം " ഉറപ്പുവരുത്തുന്നതിനുമായി" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 127, 140, 186, 203 എന്നീ നമ്പർ ഭേദഗതികളും ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതിയും ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 127, 134, 140, 186, 196, 203 എന്നീ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 118, 165, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 112, 170, 215 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 124, 147, 175, 204 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 125, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 126, 169, 216 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 128, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 131, 139 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 141, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 148, 176 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 155, 159 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ കുഞ്ഞമ്പു അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വായന</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ:</u> 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ .....................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും 20-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.50-ന് പിരിഞ്ഞു.)

* * * * * * * * *